# രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 682 311**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 70

●



All rights reserved with the publisher

# ആമുഖം

നോർമന്റ് വിൻസെന്റ് പീൽ, 'Treasury of courage and confidence' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.

'I once sat with Madame Chiang Kai-Shek and listened in fascination as she recounted the dangers of her life in China. Marvelling at her undefeatable spirit, I asked how she managed to retain composure and hope throughout such a difficult life. She said it is the time I spend each morning with Lord. I asked her how much time daily she spent in prayer. She told me it seemed to be from one to two hours every day.'

പ്രാർത്ഥനയുടെ ശക്തിയും ധൈര്യവും പ്രാഗത്ഭ്യവും ആ മഹതിക്ക് ഉണ്ടായിരുന്നു. തന്മൂലം പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള കരുത്ത് അവർക്ക് ലഭിച്ചിരുന്നു.

മനുഷ്യൻ എക്കാലത്തും യാതനകളും വേദനകളും അനുഭവിക്കുന്നവനാണ്. 'Every human being is a walking volcano' എന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്. ഉള്ളിൽ ലോഹങ്ങളും ധാതുക്കളും ലവണങ്ങളും, തിളച്ചു മറിയുന്ന അഗ്നിപർവ്വതങ്ങൾ ഏതു സമയത്തും സ്ഫോടനം ഉളവാക്കുന്നവയാണ്. അതുപോലെ മനുഷ്യഹൃദയം തീവ്രമായ കഷ്ടതയിലും ദുരിതത്തിലും പെട്ട് ചുഴലിക്കാറ്റേറ്റ് ആടി ഉലയുന്ന അനുഭവത്തിൽ വലയുകയാണ്.

മനുഷ്യന് അനർത്ഥങ്ങളുടെ കോളിളക്കത്തിൽ ഉറച്ച് നിൽക്കാൻ സാധിക്കുന്നത് യേശുക്രിസ്തുവിലുള്ള ആശ്രയം

കൊണ്ട് മാത്രമാണ്.

ഈ ലോകത്തെ പ്രശ്നങ്ങളിലും ആകുലങ്ങളിലും വലഞ്ഞ് ഉലഞ്ഞ് പോകുന്ന മനുഷ്യൻ ക്രിസ്തുവിൽ രക്ഷാസങ്കേതം കണ്ടെത്തുകയാണ്. രക്ഷ ഇഹത്തിലും പര ത്തിലും നമുക്ക് ലഭിച്ചേ പററൂ. ഈ ഭൂമിയിൽ ആകുല സങ്കുല മായ മനസ്സോടെ ജീവിതത്തിന്റെ സങ്കീർണ്ണതകളിലേക്ക് കണ്ണുംനട്ട് നിരാശനായിരിക്കുന്ന മനുഷ്യന് വ്യക്തിപരമായി രക്ഷ അത്യന്താപേക്ഷിതമാണ്. അതോടൊപ്പം നിത്യസ്വർഗ്ഗ വാസം എന്ന ആത്മാവിന്റെ രക്ഷയുടെ പ്രത്യാശ ഉണ്ടെങ്കിൽ മാത്രമേ നിത്യശാന്തി പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ.

ഭൗതികജീവിതകാലത്ത് നിത്യരക്ഷ അഥവാ നിത്യജീ വൻ ക്രിസ്തു പ്രദാനം ചെയ്യുന്നു എന്നനുഭവിക്കുന്നവരാണ് സാക്ഷാൽ ഭാഗ്യശാലികൾ. അവരുടെ ഹൃദയത്തിൽ ക്രിസ്തു വിനിടം കിട്ടുമ്പോൾ സ്വർഗ്ഗം ഹൃദയത്തിൽ ആരംഭിക്കുകയാ ണ്. ഈ ഭൂമിയിൽ വച്ച് സ്വർഗ്ഗസമാധാനം അനുഭവിക്കുന്നില്ലെ ങ്കിൽ മരണാനന്തരം നിത്യസ്വർഗ്ഗം ലഭിക്കുകയില്ല. യേശു ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിൽ, “നിന്റെ രാജ്യം വരണമേ” എന്ന് കാണുന്നു. ദൈവരാജ്യം ഹൃദയ ത്തിൽ വന്നാൽ മാത്രമേ മരണവാതിലിനപ്പുറം നിത്യസ്വർഗ്ഗം പ്രാപിക്കാൻ കഴിയൂ. ഹൃദയത്തിൽ തുടങ്ങുന്ന സ്വർഗ്ഗം വീട്ടിൽ ആരംഭിക്കുന്നു; കുടുംബത്തിൽ പുലരുന്നു; അങ്ങനെ ദേശത്ത് എല്ലാടവും വ്യാപിക്കുന്നു. അപ്പോഴാണ് സ്വർഗ്ഗത്തിന്റെ സമാധാനവും ശാന്തിയും നിരന്തരം വ്യാപിക്കുന്നത്.

മനുഷ്യന്റെ മുമ്പിൽ രണ്ട് വഴികൾ ഉണ്ട്: ഒന്ന് ജീവന്റെ വഴി, രണ്ട് മരണത്തിന്റെ വഴി. ബഹുഭൂരിപക്ഷം പേരും മരണത്തിന്റെ വഴിയിൽക്കൂടി സഞ്ചരിച്ച് നിത്യനരകഭീകരത യിലേക്ക് ചെന്നുചേരുന്നു. എന്നാൽ ജീവന്റെ വഴിയിൽക്കൂടി പോകുന്ന ഒരു ന്യൂനപക്ഷം മാത്രം നിത്യസ്വർഗ്ഗമാകുന്ന നിത്യ ജീവനിൽ എത്തിച്ചേരുന്നു.

*“ഇതാ, ഞാൻ ജീവനും ഗുണവും, മരണവും*

*ദോഷവും നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു. എങ്ങനെയെന്നാൽ നീ ജീവിച്ചിരുന്നു പെരുകുകയും നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കയും ചെയ്യേണ്ടതിന്ന് നിന്റെ ദൈവമായ യഹോവയെ സ്നേഹിപ്പാനും അവന്റെ വഴികളിൽ നടപ്പാനും അവന്റെ കല്പനകളും ചട്ടങ്ങളും വിധികളും പ്രമാണിപ്പാനും ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്നു. എന്നാൽ നീ അനുസരിക്കാതെ നിന്റെ ഹൃദയം മറികയും നീ വശീകരിക്കപ്പെട്ട് അന്യദൈവങ്ങളെ നമസ്ക്കരിച്ച് സേവിക്കയും ചെയ്താൽ നീ യോർദ്ദാൻ കടന്ന് കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് ദീർഘായുസ്സോടിരിക്കാതെ നിശ്ചയമായിട്ടു നശിച്ചുപോകും എന്നു ഞാൻ ഇന്നു നിങ്ങളെ അറിയിക്കുന്നു. ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിന്ന് ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷിവെക്കുന്നു."*

*ആവർത്തനപുസ്തകം 30 : 15 – 19*

*"ഇതാ, ഞാൻ ഇന്ന് അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു."*

*ആവർത്തനപുസ്തകം 11 : 26*

യിരെമ്യാ പ്രവാചകനും ഇതു തന്നെ പറയുന്നു.

*"ഇതാ, ഞാൻ ജീവന്റെ വഴിയും മരണത്തിന്റെ വഴിയും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു."*

*യിരെമ്യാവ് 21 : 8*

ജീവന്റെ വഴി ക്രിസ്തു കാണിച്ചുതന്ന ക്രൂശിന്റെ പാതയാണ്. ക്രിസ്തുവിനായി ജീവിതം സമ്പൂർണ്ണമായി

സമർപ്പിച്ച് വിശുദ്ധജീവിതം നയിക്കുന്നവർക്ക് മാത്രമേ സ്വർഗ്ഗതീരത്തെത്തുവാൻ സാധിക്കുകയുള്ളൂ.

ഈ ചിന്തകൾ ഉള്ളിൽ നീറിനീറി പിടിച്ച് അകക്കാമ്പിൽ ഊറിഊറി തെളിഞ്ഞ ആശയങ്ങളാണ് "രക്ഷ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യേണം" എന്ന ഈ ഗ്രന്ഥത്തിന്റെ രചനയുടെ നിദാനം. ക്രിസ്തു ഒരുക്കിയിരിക്കുന്ന സൗജന്യരക്ഷ എന്റെ അനുവാചകർ ഏവരും അനുഭവിക്കണമെന്ന് ഞാൻ അത്യന്തം ആഗ്രഹിക്കുന്നു.

ഈ ഗ്രന്ഥം വെളിച്ചം കാണുന്നതിന് എന്നെ സഹായിച്ച അനേകം ആത്മീയ സഹോദരരുണ്ട്. തലമുറകളിലേക്ക് കൈമാറാനുള്ള ഈ പുസ്തകത്തിലെ സന്ദേശത്തെ രൂപപ്പെടുത്തുവാൻ ഉദ്യമിച്ച എല്ലാ സഹോദരങ്ങളോടും എനിക്കുള്ള ആത്മാർത്ഥമായ കൃതജ്ഞത ഇവിടെ പ്രകാശിപ്പി ക്കുന്നു.

ഈ പുസ്തകം അനുശീലനം ചെയ്യുന്ന ഓരോരുത്തരും യേശുക്രിസ്തുവിന്റെ സമാധാനവും നിത്യരക്ഷയും പ്രാപിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ ഈ ആമുഖ ക്കുറിപ്പുകൾക്ക് വിരാമം കുറിക്കട്ടെ.

എന്ന്, നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*"ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ എന്നു പറഞ്ഞു."* *ലൂക്കൊസ് 2 : 30, 31*

രക്ഷ നാലു വിധത്തിലുണ്ട്.

1. വ്യക്തിക്ക് രക്ഷ.
2. വീടിന് രക്ഷ
3. കുടുംബത്തിന് രക്ഷ
4. ദേശത്തിന് രക്ഷ (നാടിന് രക്ഷ)

ഇതു നാം ചിന്തിക്കുമ്പോൾ ഭൗതികജീവിതത്തിലെ യാതനകൾ, രോഗങ്ങൾ, കഷ്ടപ്പാടുകൾ, മക്കളുടെ സ്വഭാവ ദൂഷ്യം, അവരുടെ ഭാവിയെക്കുറിച്ചുള്ള ആവലാതികൾ എന്നിവയെല്ലാറ്റിൽ നിന്നുമുള്ള ഒരു കരകയറ്റമാണ് ആഗ്രഹിക്കുന്നത്. പലരും പറയാറുണ്ട്, "എനിക്ക് ഒരു രക്ഷയുമില്ല. വഴികളെല്ലാം അടഞ്ഞു. പല പരീക്ഷകൾ എഴുതി; രക്ഷയില്ല. പലയിടത്തും അപേക്ഷ അയച്ചു; രക്ഷയില്ല."

വീടിന് രക്ഷയില്ലാത്ത അവസ്ഥയുണ്ട്. ഈ വീട് ഒരു നശിച്ച വീട്, മുടിഞ്ഞ വീട് എന്നെല്ലാം ചിലർ പറയും. എന്തെല്ലാം കിട്ടിയാലും സ്വൈര്യമില്ല; സമാധാനമില്ല. വീടിന് രക്ഷയില്ലെന്ന് പറഞ്ഞാൽ വീടിന് സമാധാനമില്ല. പുറമേ നിന്ന്

നോക്കിയാൽ നല്ല വീട്; നല്ല ശില്പസൗന്ദര്യം. ഭാര്യയ്ക്കും ഭർത്താവിനും ജോലി, കുട്ടികൾ നല്ലതുപോലെ പഠിക്കുന്നു, ഒന്നിനും കുറവില്ല. പക്ഷേ, വീട്ടിൽ ഐശ്വര്യമില്ല. അതായത് വീടിന് രക്ഷയില്ല. ഒരു ഗതിയുമില്ല; മുന്നേറ്റമില്ല.

കുടുംബം എന്നത് ഒരുമിച്ച് ഇമ്പമായി കഴിയേണ്ടതാണ്. എന്നാൽ അവിടെയൊരു ഇമ്പവുമില്ല. എന്നും പോര്, സംശയം, അഭിപ്രായവ്യത്യാസം, ധിക്കാരവാക്കുകൾ, അപ്പനും മക്കളും തമ്മിൽ വഴക്ക്. കുടുംബത്തിൽ ഐശ്വര്യമോ സ്നേഹമോ ഇല്ല. ഒന്നുമാറി ഒന്നുമാറി പ്രതിസന്ധികൾ, പ്രശ്നങ്ങൾ, ഒറ്റപ്പെട്ടുപോകുന്ന അനുഭവങ്ങൾ; അനേകർദുരിതങ്ങളിൽക്കൂടി കടന്നുപോകുന്നു.

ഇതെല്ലാം നമ്മുടെ ഭൗതികജീവിതത്തിൽ വരുന്ന പ്രശ്നങ്ങളാണ്. എന്നാൽ നമുക്ക് ഒരു ഐശ്വര്യം വേണം. ഇന്നത്തേക്കാൾ നല്ല നാളെയെയാണ് നാമെല്ലാവരും ആഗ്രഹിക്കുന്നത്. ഇന്ന് നമ്മുടെ വ്യക്തിപരമായ അവസ്ഥയിലും വീടിന്റെ അവസ്ഥയിലും നാടിന്റെ അവസ്ഥയിലും നാം തൃപ്തരാണോ? അല്ല. എവിടെയോ ചില ശൂന്യതകൾ! എവിടെയോ ചില ആവശ്യങ്ങൾ! എവിടെയോ ചില പ്രയാസങ്ങൾ! അറിയാതെ നാം മൂകരായിപ്പോകുന്ന സമയങ്ങൾ. ചിലപ്പോൾ നിശ്ശബ്ദരായി വാടിയ മുഖത്തോടെ ഇരിക്കും.

എന്നാൽ ഈ സ്ഥിതിയിലിരിക്കുന്ന വ്യക്തിക്കും വീടിനും കുടുംബത്തിനും നാടിനും രക്ഷ തരാൻ യേശുക്രിസ്തു ജീവിക്കുന്നു. യേശുക്രിസ്തു പ്രവർത്തിക്കുന്നു. യേശുക്രിസ്തുവിന് ജീവിതം ഭരമേല്പിച്ച് കഴിയുമ്പോൾ ക്രിസ്തു നമ്മുടെ കാര്യങ്ങൾ ഏറ്റെടുക്കും; കർത്താവ് നമ്മെ അത്ഭുതകരമായി നടത്തിക്കൊണ്ടുപോകും. അതുകൊണ്ട് പ്രശ്നങ്ങളൊന്നുമില്ലെന്നല്ല. ഉണ്ട്, എല്ലാത്തിനും ഒരു നീക്കുപോക്ക് കിട്ടുന്നു. കടന്നുപോകാൻ ഒരു ചെറിയ പഴുത് കിട്ടുന്നു. വഴിയിൽ മുള്ളാണ്. കല്ലും മുള്ളും നിറഞ്ഞ വഴിയാണ്. നോക്കിയാൽ എങ്ങനെ

ഈ വഴിയിൽക്കൂടെ പോകുമെന്ന് തോന്നും. പക്ഷേ, അപ്പോഴപ്പോൾ കാലെടുത്ത് വയ്ക്കാൻ ഒരു പഴുത് കിട്ടുന്നു; ഒരു പോക്കുവഴി കിട്ടുന്നു.

നാം ക്രിസ്തുവിനുവേണ്ടി ജീവിതം കൊടുത്താൽ കർത്താവ് നമ്മെ അത്ഭുതകരമായി നടത്തിക്കൊണ്ടുപോകും. പള്ളിയിലുള്ളവരും സമുദായത്തിലുള്ളവരും സമൂഹത്തിലുള്ളവരുമെല്ലാം നമ്മെ തെറ്റിദ്ധരിച്ചാലും ക്രിസ്തു എല്ലാം ശരിയായി കാണുന്നു. നമ്മെ സ്നേഹിക്കുന്ന ക്രിസ്തുവിനെ നാം അനുഭവിക്കുന്നില്ലെങ്കിൽ നഷ്ടമാണ്.

> *"ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകലജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ എന്നു പറഞ്ഞു."* *ലൂക്കൊസ് 2 : 30, 31*

സകലജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷ എന്റെ കണ്ണ് കണ്ടുവല്ലോ എന്നാണ് ഇവിടെ പ്രസ്താവിക്കുന്നത്.

1. വ്യക്തിക്കുള്ള രക്ഷ.

വ്യക്തിയ്ക്കുള്ള രക്ഷ ആ വ്യക്തി സ്വന്തമായി അനുഭവിക്കുന്ന രക്ഷയാണ്. ദൈവമേ, നീ ഒരുക്കിവച്ച രക്ഷ കാണാൻ എനിക്ക് കൃപ ലഭിച്ചല്ലോ എന്നാണ് വയോവൃദ്ധനായ, എഴുന്നൂറ്റമ്പത് വയസ്സിലേറെ പ്രായമുള്ള ശിമയോൻ പറയുന്നത്. യേശുക്രിസ്തു ജനിയ്ക്കുന്നതിന് എഴുന്നൂറ് വർഷം മുമ്പ് ജീവിച്ചിരുന്ന യെശയ്യാപ്രവാചകന്റെ എഴുത്തുകാരനായിരുന്നു ശിമയോൻ. യെശയ്യാപ്രവാചകൻ പ്രവചിച്ചുകൊണ്ടിരിക്കും, ശിമയോൻ എഴുതിക്കൊണ്ടിരിക്കും.

യെശയ്യാപ്രവാചകൻ പ്രവചിച്ചു, കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്ന്. ഇത് കേട്ടപ്പോൾ ശിമയോൻ

എഴുത്ത് നിർത്തി. യെശയ്യാപ്രവാചകൻ ചോദിച്ചു: എന്താണ് നീ എഴുത്തു നിർത്തിയത്? ശിമയോൻ പറഞ്ഞു: കന്യക ഗർഭിണിയാകുന്നു! പുരുഷസ്പർശമേൽക്കാത്ത സ്ത്രീ പ്രസവിക്കുന്നു! അങ്ങനെ സാധിക്കുമോ? പ്രവാചകൻ പറഞ്ഞു: നീ പരിശുദ്ധാത്മാവിനെ തിരിച്ചറിഞ്ഞിട്ടില്ല. ഈ പറഞ്ഞതെല്ലാം ഞാൻ പറഞ്ഞതാണെന്നാണ് നീ വിചാരിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വരാൻ പോകുന്ന കാര്യം വെളിപ്പെടുത്തിത്തരുന്നതാണിതെന്ന് നീ വിശ്വസിക്കുന്നില്ല.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽനിന്ന് അയച്ചുതരുന്നത് അതേപടി നീ എഴുതിയാൽ മതി. ഞാൻ പറഞ്ഞത് നീ വിശ്വസിക്കായ്കകൊണ്ട്, പരിശുദ്ധാത്മാവിനെ അവിശ്വസിച്ചതുകൊണ്ട് ഈ സംഭവം നേരിട്ട് കാണാതെ ഈ ഭൂമിയിൽനിന്ന് നിത്യതയിലേക്ക് മാറ്റപ്പെടുകയില്ല.

കാലങ്ങളും വർഷങ്ങളും മുന്നോട്ടുപോയി. പിന്നീട് വന്ന പ്രവാചകന്മാരും രാജാക്കന്മാരും മരിച്ചു. ശിമയോന് വാർദ്ധക്യമായി. 700-ലേറെ വർഷം കഴിഞ്ഞു. ഒരു ദിവസം ശിമയോന് പരിശുദ്ധാത്മാവിന്റെ നിയോഗമുണ്ടായി: “നീ ദൈവാലയത്തിലേക്ക് ചെല്ലുക.” ശിമയോൻ കാത്തുകാത്തിരുന്ന ദിവസം! അന്ന് ദൈവാലയത്തിലേക്ക് ചെല്ലുമ്പോൾ കന്യക ഗർഭിണിയായി പ്രസവിച്ച യേശുക്കുഞ്ഞിനേയും കരതലത്തിലേന്തിക്കൊണ്ട് കന്യകമാതാവും യൗസേപ്പ് പിതാവും ദൈവാലയത്തിൽ വഴിപാട് കഴിക്കാൻ വരുന്നു!

യഹൂദന്മാരുടെ ന്യായപ്രമാണനിയമമനുസരിച്ച് 41-ാം ദിവസം ദൈവാലയത്തിലേക്ക് ശിശുവിനേയുംകൊണ്ട് വരികയായിരുന്നു. എഴുന്നൂറു വർഷം മുൻപ് യെശയ്യാവ് പ്രവചിച്ച ആ ശിശു ഇതാണെന്ന് പരിശുദ്ധാത്മനിയോഗത്തിലൂടെ ശിമയോന് മനസ്സിലായി.

ആ കുഞ്ഞിനെ തന്റെ കൈകളിൽ ഏന്തി ശിമയോൻ ദൈവത്തെ പുകഴ്ത്തി. നാല്പത്തിയൊന്നു ദിവസം പ്രായ

മുള്ള യേശുക്കുഞ്ഞിനെ കരതലത്തിലേന്തിക്കൊണ്ട് ശിമയോൻ പ്രാർത്ഥിക്കുകയാണ്.

> *"ഇപ്പോൾ നാഥാ! തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ എന്നു പറഞ്ഞു."* *ലൂക്കോസ് 2 : 29 – 31*

ഇനി എനിക്ക് സമാധാനത്തോടെ മരിക്കാം. ഇത്രയും കാലം ശിമയോൻ ആ നിയോഗത്തിനായി കാത്തുകാത്തിരുന്നു. അന്ന് പരിശുദ്ധാത്മാവിന്റെ വചനം വിശ്വസിക്കാതെ തെല്ല് സംശയിച്ചു. അതിനുള്ള ശിക്ഷ ലഭിക്കുകയും ചെയ്തു. ഇപ്പോൾ നാഥാ, എന്നെ സമാധാനത്തോടെ പറഞ്ഞയക്കുക.

സ്നേഹിതരേ, യേശുക്കുഞ്ഞിനെ കരതലത്തിലേന്തിക്കൊണ്ട് ശിമയോൻ പറഞ്ഞ വാക്കുകൾ വളരെ അർത്ഥവ്യാപ്തിയുള്ളതാണ്. ഇപ്പോൾ ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഈ രക്ഷ നമുക്കു സമ്പാദിക്കാം. യേശുക്കുഞ്ഞിനെ, ഉണ്ണിയേശുവിനെ കരതലത്തിലേയ്ക്ക് ഏറ്റുവാങ്ങാം.

ഇന്ന് നിങ്ങൾക്ക് രക്ഷ വേണമെങ്കിൽ, ഇപ്പോൾ നിങ്ങളുടെ അരികത്തു വന്നിരിക്കുന്ന യേശുവിനെ ഇരുകൈയും നീട്ടി എതിരേൽക്കാം. ഇരുകരവും നീട്ടി നിങ്ങൾക്ക് അവനെ സ്വീകരിക്കാം. നിങ്ങളുടെ മാറോട് ചേർത്തണയ്ക്കാം. നിങ്ങളുടെ ഹൃദയത്തോട് അവൻ ഒട്ടി നിൽക്കും. ജീവിതത്തിലെ പരുപരുത്ത വശങ്ങളിലേക്ക് അവൻ സ്നേഹവും സമാധാനവും പകരും. നിങ്ങളുടെ വരണ്ടുണങ്ങിയ ഹൃദയത്തിലേക്ക്, സ്നേഹിക്കാൻ അറിയില്ലാത്ത ജീവിതത്തിലേക്ക് സ്നേഹം പകരും.

തിന്മ മാത്രം ചെയ്തവരുടെ ജീവിതത്തിലേക്ക് അവൻ നന്മ പകരും. അശുദ്ധി മാത്രം ചെയ്യാൻ ശീലിച്ച നിങ്ങളുടെ ജീവിതത്തിലേക്ക് അവൻ വിശുദ്ധി പകരും. എന്നും നിരാശപ്പെട്ടു കരഞ്ഞ്, മരിച്ചാൽ മതിയെന്ന് പറഞ്ഞ് സ്വയം പ്രാകിക്കൊണ്ടിരുന്ന നിങ്ങളുടെ ജീവിതത്തിലേക്ക് യേശു ചേർന്ന് വരും. നിങ്ങളുടെ ഹൃദയത്തിലേക്ക് യേശുവിനെ നിങ്ങൾക്ക് ചേർത്തണയ്ക്കാം.

യേശു ഇതാ നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നു. നിങ്ങൾ വിശ്വസിക്കൂ, നിങ്ങളുടെ സമീപത്തുകൂടെ നെടുകെയും കുറുകെയും യേശു സഞ്ചരിക്കുകയാണ്.

അത്യാവശ്യക്കാരെവിടെയെങ്കിലുമുണ്ടോയെന്ന്, എന്നെ വിളിച്ചപേക്ഷിക്കുന്നവർ ആരെങ്കിലുമുണ്ടോയെന്ന് യേശു നോക്കുന്നു. എന്നെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുമെന്ന് പറഞ്ഞുകൊണ്ട് നിങ്ങളുടെ വരണ്ടുണങ്ങിയ ജീവിതത്തിലേക്ക് സ്നേഹം പകരാൻ, കുളിർമ്മ പകരാൻ അവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. യേശുവിനെ നിങ്ങൾക്ക് ഏറ്റുവാങ്ങാം.

കർത്താവേ, നിന്റെ മുറിവേറ്റ ശരീരം, നിന്റെ ആണിപ്പാടുള്ള ശരീരം, ചോരപുരണ്ട ഈ ശരീരം എന്റെ മാർവ്വോടു ഞാൻ ചേർത്തണച്ചുകൊള്ളട്ടെ. എന്റെ മാർവ്വിൽ ഒട്ടേറെ അഴുക്കുകളുണ്ട്. ഒട്ടേറെ ദുഷ്ടതകളുണ്ട്. ഏറ്റവും മോശമായ സ്വഭാവമുണ്ട്. പുറത്തുപറഞ്ഞാൽ ആരും കാർക്കിച്ചു തുപ്പുന്ന സ്വഭാവങ്ങൾ എന്റെ ജീവിതത്തിലുണ്ട്.

ഞാൻ മഹാ അഹങ്കാരിയാണ്. ഞാൻ ആർക്കും വഴങ്ങാത്തവനാണ്; ആരേയും ചോദ്യം ചെയ്യുന്ന പ്രകൃതമുള്ളവനാണ്; ആർക്കും കീഴ്വഴങ്ങാത്ത സ്വഭാവമുള്ളവനാണ്; ഭർത്താവിന് ഞാൻ ഒരിക്കലും വഴങ്ങിയിട്ടില്ല. കീഴ്പ്പെട്ടിട്ടില്ല. എന്നും വീട്ടിൽ കലഹമായിരുന്നു. എന്റെ ഭാര്യയെ ഞാൻ ഒരിക്കലും സ്നേഹിച്ചില്ല. ആ പാവം സ്ത്രീയെ ഞാൻ മർദ്ദിച്ചി

ട്ടുണ്ട്. അവളെ എന്റെ വാക്കുകൾകൊണ്ട് കുത്തിമുറിവേല്പി ച്ചിട്ടുണ്ട്. മാതാപിതാക്കന്മാർക്ക് ഞാൻ വിനയപ്പെട്ടിട്ടില്ല; മാതാ പിതാക്കന്മാർക്ക് താണിരിക്കാൻ എനിക്ക് തോന്നിയിട്ടില്ല. കർത്താവേ, ഈ ഹീനമനുഷ്യനോട് മനസ്സലിയണമേ. ഞാനിതാ എന്നെ നിന്റെ കരങ്ങളിലേയ്ക്ക് തരികയാണ്.

അരിമത്യാക്കാരൻ യൗസേപ്പിന്റെ മാർവ്വിലേയ്ക്ക് ചാരിയ ആ സ്വർഗ്ഗീയ തിരുശരീരം ഏറ്റുവാങ്ങാൻ താത്പര്യമുണ്ടെ ങ്കിൽ ഇപ്പോൾ നിങ്ങൾ ദൈവത്തോട് പറയൂ: യേശുവേ, ഈ ജീവിതം നിന്റേതാണ്. ഈ ജീവിതം നിനക്കുവേണ്ടി മാത്രമു ള്ളതാണ്. നീയാണ് എന്നെ വീണ്ടെടുത്തത്. നീയാണ് പാപ ത്തിന്റെ ചെളിക്കുണ്ടിൽ നിന്ന് എന്നെ കരകയറ്റിയത്. നീയാണ് എനിക്ക് address തന്നത്.

വിലകെട്ടവനായ എനിക്ക് നീ വില തന്നു. വിദ്യാഭ്യാസ ത്തിന് യോഗ്യതയില്ലാത്ത എനിക്ക് വിദ്യാഭ്യാസം തന്നു. വരു മാനമാർഗ്ഗമില്ലാതിരുന്ന എനിക്ക് വരുമാനമാർഗ്ഗം തന്നു. എന്നും രോഗിയായ എനിക്ക് നിന്റെ കൃപ തന്നു.

ശിമയോൻ യേശുക്കുഞ്ഞിനെ കരതലത്തിലേന്തി ആ കുഞ്ഞിന്റെ മുഖത്തേക്ക് നോക്കി. തേജസ്സുള്ള തിരുമുഖം! ഉണ്ണിയേശുവിന്റെ സ്നേഹം വഴിഞ്ഞൊഴുകുന്ന മുഖം! സ്നേഹത്തിന്റെ നിറകുടം! കൃപയുടെ നിറവ്! ആ മുഖ ത്തേക്ക് നോക്കി ശിമയോൻ പറഞ്ഞു: ഇപ്പോൾ നാഥാ, നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ഞാൻ രക്ഷ കണ്ടെത്തി!

നിത്യജീവൻ കിട്ടാതെ, എന്റെ ആത്മാവിന് വീണ്ടെടുപ്പ് കിട്ടാതെ ഈ ഭൂമിയിൽ നിന്ന് എന്നെ വിളിക്കല്ലേയെന്ന് നിങ്ങൾ പ്രാർത്ഥിക്കണം. ഈ ശരീരത്തിൽനിന്ന് പ്രാണൻ പോകുംമുമ്പ് ആത്മാവിന്റെ രക്ഷ അനുഭവിക്കണം. നിത്യജീ വൻ, നിത്യസ്വർഗ്ഗം അനുഭവിക്കണം. ഈ ഭൂമിയിൽ ജീവിച്ചി രിക്കുമ്പോൾത്തന്നെ സകല പാപവും കഴുകിക്കിട്ടണം. ഊന

മില്ലാത്ത കുഞ്ഞാടാകുന്ന കർത്താവായ യേശുവിന്റെ തിരുരക്തം എന്നെ കഴുകുന്ന ഭാഗ്യാനുഭവം എനിക്ക് ലഭിക്കണം.

*"ഇപ്പോൾ നാഥാ തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു."*
*ലൂക്കൊസ് 2 : 29*

*"Sovereign Lord, as you have promised you now dismissed your servant in peace."* *Luke 2 : 29*

സമാധാനത്തോടെ പോകാൻ കാരണം നിന്റെ രക്ഷയെ എന്റെ കണ്ണുകണ്ടതാണ്. Personal Salvation! വ്യക്തിപരമായ രക്ഷ! സഹോദരങ്ങളേ, നിങ്ങൾക്ക് ഈ യേശുക്കുഞ്ഞിനെ കരതലങ്ങളിൽ ഏന്താൻ കഴിഞ്ഞിട്ടുണ്ടോ? ജീവനുള്ള ക്രിസ്തുവിനെ നിങ്ങളുടെ കരങ്ങളിൽ കിട്ടിയിട്ടുണ്ടോ? ഹൃദയത്തിന്റെ ആഴങ്ങളിൽ യേശുവിനെ വഹിക്കുന്ന മഹാഭാഗ്യം! യേശുവിനേയും വഹിച്ചുകൊണ്ട് ഈ ലോകത്തിലൂടെ നടക്കുന്ന മഹാഭാഗ്യം! ഈ ലോകത്തിലൂടെ യേശുവിനെ പേറിക്കൊണ്ട് ഒരു നിന്ദാവിഷയമായി നടക്കുന്ന ഭാഗ്യാനുഭവം!

ശിമയോൻ തന്റെ കരങ്ങളിൽ ഏറ്റുവാങ്ങിയ യേശു, മുപ്പത്തിമൂന്നര കൊല്ലം ഈ ഭൂമിയിൽ നിന്ദകൾ സഹിച്ചും ആക്ഷേപങ്ങൾ സഹിച്ചും അപമാനമേറ്റും സകലരാലും ഒറ്റപ്പെടുത്തപ്പെട്ടും ജീവിച്ചു. തന്റെ സ്വന്തപള്ളിയിൽ നിന്നും നിഷ്കരുണം നിഷ്കാസനം ചെയ്യപ്പെട്ടു. യേശു കുരിശും ചുമന്നുകൊണ്ട് കാൽവറിക്കുന്ന് കയറുമ്പോൾ ചിലർ കൂകിവിളിച്ചു

കുരുടന് കാഴ്ചകൊടുത്തു എന്ന് പറഞ്ഞതെല്ലാം തട്ടിപ്പായിരുന്നു എന്ന് വേറെ ചിലർ പറഞ്ഞു. കണ്ടില്ലേ, മരിച്ചവരെ ഉയിർപ്പിച്ചുവെന്ന് പറഞ്ഞത് എന്തോ ചില സൂത്രപ്പണികളായിരുന്നു എന്ന് മറ്റു ചിലർ പറഞ്ഞു. അടികൊണ്ട് തിണർത്ത പാടുകളിൽ വേദനയുണ്ടെങ്കിലും ഈ വാക്കുകളായിരുന്നു

കൂടുതൽ വേദന ഉളവാക്കിയത്.

എന്നാൽ ആരും തിരിച്ചറിഞ്ഞില്ല, ആരാണ് മുപ്പത്തിമൂന്ന രവർഷക്കാലം ആ ദേശത്തുകൂടെ നടന്നതെന്ന്. ആരാണ് കുരിശുംപേറി പോകുന്നതെന്ന് അന്നത്തെ ലോകം അറിഞ്ഞില്ല. യെരൂശലേം ദൈവാലയത്തിലെ മതമേലാളന്മാർ അറിഞ്ഞില്ല; മഹാപുരോഹിതന്മാർ അറിഞ്ഞില്ല. കാരണം, അവരുടെ കണ്ണ് കുരുടായിരുന്നു. അവർ കുരുടന്മാരായ വഴികാട്ടികളാണെന്ന് യേശു അവരോട് പറഞ്ഞത് അവർക്കിഷ്ടപ്പെട്ടില്ല. കുരുടൻ കുരുടന് വഴികാട്ടുന്നു; കുരുടനായ പരീശനേയെന്ന് വിളിച്ചു; നിങ്ങൾക്ക് അയ്യോ! കഷ്ടമെന്ന് പറഞ്ഞു. സർപ്പസന്തതികളേയെന്ന് പറഞ്ഞ് കർത്താവ് മുഖംനോക്കാതെ അവരുടെ അവസ്ഥ ചൂണ്ടിക്കാണിച്ചു. അതൊന്നും അവർക്ക് ഇഷ്ടപ്പെട്ടില്ല.

> *"ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും."*
>
> *എബ്രായർ 2 : 4*

ദൈവമക്കളേ, മുടങ്ങാതെ കൂട്ടായ്മയ്ക്ക് വന്നാലും രക്ഷപ്പെടുകയില്ല. യേശുവാണ് രക്ഷകൻ. പരിശുദ്ധന്മാരാരും രക്ഷകരല്ല. ശുദ്ധിമതിയായ കന്യകമാതാവും രക്ഷകയല്ല. രക്ഷകൻ ഒരാളേയുള്ളു. അത് കർത്താവായ യേശുക്രിസ്തു മാത്രം. യേശുക്രിസ്തുവാണ് രക്ഷ തരുന്നത്. പരിശുദ്ധന്മാരെ സന്ദർശിച്ചാലോ തീർത്ഥയാത്രകൾ നടത്തിയാലോ നിങ്ങൾ രക്ഷപ്പെടുകയില്ല. പുണ്യസ്ഥലങ്ങൾ സന്ദർശിച്ചാലും രക്ഷപ്പെടുകയില്ല. യേശുക്രിസ്തുവിനെ കരതലത്തിലേന്തി മാറോടു ചേർത്ത് ഹൃദയത്തിൽ പ്രതിഷ്ഠിച്ചാൽ മാത്രമേ രക്ഷ കിട്ടുകയുള്ളു. ആ യേശുവിനെ നിങ്ങൾ കരതലത്തിലേന്തുക. ശിമയോൻ യേശുവിനെ കരതലത്തിലേന്തി.

രക്ഷ കിട്ടുകയെന്നത് ആന്തരിക കണ്ണ് തുറന്നു കിട്ടുന്ന ഒരനുഭവമാണ്. കർത്താവ് ചോദിക്കുന്നു: മോനേ, എന്റെ

ശരീരം വിണ്ടുകീറിയിരിക്കുന്നത് നീ കാണുന്നില്ലേ? മോളേ, എന്റെ മുഖത്ത് തുപ്പലേറ്റത് നീ കാണുന്നില്ലേ? നിനക്ക് വേണ്ടി യാണ് ഞാൻ തുപ്പലേറ്റത്. നിനക്കുവേണ്ടിയാണ് മുറിവേറ്റത്. നിന്റെ നിരൂപണങ്ങളിലുള്ള പാപങ്ങൾ മൂലമാണ് ഞാൻ തല യിൽ മുൾമുടിയേറ്റത്. മക്കളേ, ഇതു കാണുന്നില്ലേ? നിന്റെ പാപത്തിന്റെ ശിക്ഷ ഞാൻ ഏറ്റെടുത്തിരിക്കുന്നു. നിനക്കിന്ന് രക്ഷ വേണമോ? എന്നെ നീ കൈക്കൊള്ളൂ. യേശുക്രിസ്തു വിന്റെ രക്തം സകല പാപവും പോക്കി നമ്മെ രക്ഷിക്കും.

നമുക്ക് പ്രാർത്ഥിക്കാം, കർത്താവേ, സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, യേശുവിനെ എന്റെ രക്ഷകനായി സ്വീകരി ക്കുന്നു. യേശുവേ, ഞാൻ ഇന്നുമുതൽ നിന്റെ വക.

# രണ്ട്

*“ഇപ്പോൾ നാഥാ തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ” എന്നു പറഞ്ഞു.* *ലൂക്കോസ് 2 : 29 – 31*

*“Sovereign Lord, as you have promised, you now dismiss your servant in peace. For my eyes have seen your salvation, which you have prepared in the sight of all people, a light for revelation to the Gentiles and for glory to your people Israel."* *Luke 2 : 29 – 31*

സഹോദരങ്ങളേ, നിങ്ങൾക്കും ഈ Personal Salvation നേടാം. വ്യക്തിപരമായ രക്ഷ നേടാം. യേശു ഇതാ നടന്നു പോകുന്നു. അവനോട് ചേർന്നു നിങ്ങൾക്ക് നടക്കാം. ആ നിന്ദ ഏറ്റുവാങ്ങാം. കർത്താവേ, എന്റെ കുരിശു ചുമന്നുകൊണ്ട് ഞാനും വരുന്നു. യാതൊരു മടിയുമില്ലാതെ, യാതൊരു വ്യസനവുമില്ലാതെ, യാതൊരു ലജ്ജയുമില്ലാതെ, യാതൊരു അപമാനഭീതിയുമില്ലാതെ ഞാനും എന്റെ കുരിശ് എടുക്കുകയാണ്. നിന്ദയുടെ സ്കീപ്പാ വഹിച്ചുകൊണ്ട് നിന്റെ പിന്നാലെ ഞാനും വരികയാണ്.

പലരും എന്നെ ആക്ഷേപിക്കുന്നു. പലരുമെന്നെ അധി

ക്ഷേപിക്കുന്നു. പരിഹസിക്കുന്നു. കർത്താവേ, ഞാനും നിന്റെ പിന്നാലെയുണ്ട്. നീപോയ കുരിശിന്റെ പാതയിലൂടെ ഞാനും വരുന്നുവെന്ന് പറഞ്ഞുകൊണ്ട് പോകാൻ സാധിക്കുന്ന ചുരുക്കം പേർ; അവരാണ് Personal Salvation അനുഭവിക്കുന്നത്.

നിങ്ങൾക്ക് ഈ വ്യക്തിപരമായ രക്ഷ ആവശ്യമുണ്ടോ? ഈ ഭൂമിയിൽവച്ച് നേടേണ്ട രക്ഷ നേടാതെ കടന്നുപോയാൽ നിത്യ അന്ധകാരത്തിന്റെ ഭയാനകമായ നരകദണ്ഡനത്തിലേക്ക് കടന്നുപോകുമല്ലോയെന്ന് തിരിച്ചറിയുന്നവൻ ഭാഗ്യവാനാണ്. ഇവിടെവച്ച് വ്യക്തിപരമായ രക്ഷ നേടണം. അത് കൂട്ടായ്മയായുള്ള രക്ഷയല്ല. വ്യക്തിപരമായി അവനവൻ സമ്പാദിക്കണം. ഈ രക്ഷയ്ക്കുവേണ്ടി ദൈവം ചെയ്യുന്നത് എന്താണ്? ഇതാ, ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു. കൂട്ടത്തോടെയല്ല മുട്ടുന്നത്. ഒറ്റയ്ക്ക്, ഒരാളുടെ അടുക്കൽ വന്ന് യേശു മുട്ടുകയാണ്. തൂക്കിപ്പിടിച്ച റാന്തലുമായി യേശു ക്ഷീണിച്ച് ഈ സത്രത്തിന്റെ വാതിലിൽ മുട്ടുന്നു. മനുഷ്യഹൃദയത്തിന്റെ വാതിൽക്കൽ മുട്ടുന്നു.

മനുഷ്യഹൃദയത്തിന്റെ വാതിൽക്കൽ യേശു അഭയം തേടി വരികയാണ്. എനിക്ക് അന്തിയുറങ്ങണം. ഈ രാത്രി കഴിച്ച് കൂട്ടണം. നിന്റെ ഹൃദയം എനിക്ക് തരാമോ? ഞാൻ അകത്തേക്ക് വരട്ടേ? യേശു മുട്ടുകയാണ്. എന്നാൽ അകത്ത് കുറ്റിയിട്ടിരിക്കുന്നു. അകത്തുനിന്നാണ് വാതിൽ തുറക്കേണ്ടത്. യേശു തള്ളിത്തുറക്കുകയില്ല. തള്ളിയാലും തുറക്കാൻ പോകുന്നില്ല. കാരണം, അകത്തു നിന്ന് കുറ്റിയിട്ടിരിക്കുകയാണ്. യേശു ഒരു റാന്തലും പിടിച്ചുകൊണ്ട് ഹൃദയവാതിൽക്കൽ മുട്ടിക്കൊണ്ടിരിക്കുന്ന ഒരു ചിത്രമുണ്ട്. ഹോൾമൻ ഹണ്ട് എന്ന് പറയുന്ന വിശ്രുത ചിത്രകാരൻ വരച്ച ചിത്രം. യേശു രാത്രിയിൽ തണുപ്പത്ത് ഹൃദയവാതില്ക്കൽ മുട്ടിക്കൊണ്ട് നിൽക്കുന്നു!

സ്നേഹിതരേ, നിങ്ങളുടെ ഹൃദയത്തിലും യേശു ഇപ്പോൾ മുട്ടുന്നുണ്ട്. ഇപ്പോൾ സജീവമായ ചില യാഥാർത്ഥ്യ ങ്ങൾ നിങ്ങൾ അനുഭവിക്കാൻ പോകുകയാണ്. നിങ്ങളുടെ ജീവിതത്തിലേക്ക് യേശു കടന്നുവരാൻ പോകുന്നു. യേശു ഹൃദയത്തിൽ പ്രവേശിക്കാൻ പോകുന്നു. നിങ്ങളുടെ ഭീതി കൾ മാറാൻ പോകുന്നു. ഭയപ്പാടുകൾ മാറാൻ പോകുന്നു. നിങ്ങളുടെ ആശങ്കകളും നിരാശകളും മാറാൻ പോകുന്നു. ജീവിതത്തിൽ നിങ്ങൾ നേരിടുന്ന ചില ദുർഘടങ്ങൾ നീങ്ങാൻ പോകുന്നു.

പ്രയാസങ്ങൾ മാറുകയാണ്. നിങ്ങളെ അലട്ടുന്ന പ്രശ്ന ങ്ങൾക്ക് ഒരു പൊറുതി കിട്ടാൻ പോകുകയാണ്. സ്വർഗ്ഗരാജ്യം നിങ്ങളുടെ ഹൃദയത്തിലേക്ക് ഇറങ്ങി വരികയാണ്. സ്വർഗ്ഗീയ രാജാധിരാജൻ നിങ്ങളുടെ ഹൃദയത്തിലേക്കിറങ്ങി വന്ന് നിങ്ങളെ അനുഗ്രഹിക്കാൻ പോകുകയാണ്. ആ മഹാഭാഗ്യം നിങ്ങൾക്ക് ലഭിക്കുകയാണ്. ഞാൻ ഇതാ വാതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും – if any body – എനിക്കുവേണ്ടി ഹൃദയം തുറന്നാൽ, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറ ന്നാൽ ഞാൻ അവന്റെ അടുക്കൽ ചെല്ലും.

എന്റെ ശബ്ദം, വചനം കേൾക്കണം. വചനം കേട്ടാലേ വാതിൽ തുറക്കാൻ തോന്നുകയുള്ളു. വചനശുശ്രൂഷയി ലേക്ക് നിങ്ങളെ നിരന്തരം ക്ഷണിക്കുന്നത് അതിനുവേണ്ടിയാ ണ്. വചനശുശ്രൂഷകൾ ക്രമീകരിച്ചിരിക്കുന്നതും അതിനുവേ ണ്ടിയാണ്. ചില ദൈവമക്കൾ സ്വന്തം കൈയിൽനിന്ന് പണം മുടക്കി ചിലരെ വണ്ടി വിളിച്ച് കൂട്ടിക്കൊണ്ട് വരുന്നത് അവ രുടെ ഉള്ളിൽ ദൈവസ്നേഹം കത്തുന്നതുകൊണ്ടാണ്. അനേ കരെ ഈ രക്ഷയുടെ വചനം കേൾപ്പിക്കണം. വചനം കേട്ടാലേ രക്ഷപ്പെടൂ.

അങ്ങനെയുള്ള അനുഗൃഹീതരായ ചില ദൈവമക്കൾ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ ഇന്നുണ്ട്. അവർ

അദ്ധ്വാനിക്കുന്നു. പൈസമുടക്കുന്നു, അനേകരെ കൂട്ടിക്കൊണ്ടുവരുന്നു. ഭൗതികമായ ഒരു ലാഭവും ഈ അദ്ധ്വാനത്തിന് പിറകിലില്ല. വാതിൽക്കൽ നിന്ന് മുട്ടുന്ന ക്രിസ്തുവിന്റെ സ്വരം കേൾക്കാൻ വരികയാണ്. വാതിൽ തുറന്നാൽ യേശു അകത്തു കടന്നുവന്ന് അത്താഴത്തിന് ഇരിക്കും. ഈ നിസ്സാരനായ മനുഷ്യനോടുകൂടെ ഭക്ഷണം കഴിക്കും.

പാപം മാത്രം ചെയ്വാൻ അറിയുന്ന, പാപം മാത്രം ശീലിച്ച എന്റെ അടുക്കൽ ഇരിക്കാമെന്ന് പറയുന്ന ഈ സ്വർഗ്ഗീയസ്നേഹം എനിക്ക് മനസ്സിലാകുന്നില്ല. കർത്താവേ, അതിന്റെ ആഴം എനിക്ക് പിടികിട്ടുന്നില്ല. നാളുകളായി പാപത്തിന്റെ ശീലങ്ങളും പ്രവണതകളും മാത്രമുള്ള എന്നെ നിനക്ക് എങ്ങനെ സ്നേഹിക്കാൻ തോന്നി! ഈ നിത്യമഹാസ്നേഹം എന്നെ വന്ന് പിടിച്ചല്ലോ!

"ഇതാ വാതില്ക്കൽ നിന്ന് മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം!" ഉത്തമഗീതങ്ങളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. വാതില്ക്കൽ നിന്ന് മുട്ടുന്ന പ്രിയന്റെ സ്വരം കേട്ട് ആ കന്യക എഴുന്നേറ്റു. അവൾ ജീവിതത്തിൽ ഒരു തീരുമാനം എടുത്തവളാണ്. ഉത്തമഗീതത്തിലെ ശലോമി അവളുടെ ബാല്യത്തിൽത്തന്നെ ഇടയനോട് വാക്ക് പറഞ്ഞവളാണ്. ഇടയനുമായി വ്യക്തിപരമായ ഒരു തീരുമാനം പറഞ്ഞുറപ്പിച്ചതാണ്. അവളുടെ ജീവിതം ഇടയന് കൈമാറിയതാണ്.

പക്ഷേ, ഇപ്പോൾ അവൾ ശലോമോന്റെ കൊട്ടാരത്തിൽ ബന്ധിതയായി കിടക്കുകയാണ്. അനേകർ അങ്ങനെയാണ്. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹാതമ്പുരാനെ നിന്നെ ഞാൻ സ്വീകരിക്കുന്നുവെന്ന് മാമോദീസായിൽവച്ച് നിങ്ങൾ ഓരോരുത്തരും വാക്കുപറഞ്ഞതാണ്. അങ്ങനെ നാം പ്രിയനുവേണ്ടി ഹൃദയം കൊടുത്തവരാണ്. ശലോമി ഇപ്പോൾ കൊട്ടാരത്തിലാണ്, ആഡംബരത്തിന്റെയും സുഖലോലുപതയുടെയും നടുവിലാണ്. പക്ഷേ, ബന്ധനത്തിലാണ്.

യെരൂശലേം പുത്രിമാർ ചുറ്റും നിന്നുകൊണ്ട് ശലോമിയോട് ഇപ്രകാരം പറയുന്നു: അല്ലയോ ശലോമീ, നീ ഭാഗ്യവതിയാണ്. ശലോമോൻരാജാവിനെയാണ് നിനക്ക് ഭർത്താവായി കിട്ടാൻ പോകുന്നത്. നീ വെറും ഒരു ഗ്രാമീണകന്യകയല്ലേ? നീ വിലകെട്ടവളായിരുന്നില്ലേ? എന്നാൽ അനേകം ഭാര്യമാരുള്ള ശലോമോൻ നിന്നെയാണ് രാജ്ഞിയായി സ്വീകരിക്കാൻ പോകുന്നത്.

ശലോമോൻ ആയിരങ്ങളിലും പതിനായിരങ്ങളിലും സുന്ദരനാണ്. പരാക്രമശാലിയാണ്. അവൻ ജ്ഞാനികളിൽ ജ്ഞാനിയാണ്. സുന്ദരീ, നീ വേഗം അവന്റെ ഭാര്യയായിക്കൊള്ളുക. ശലോമോനെ വേണ്ടായെന്ന് വയ്ക്കരുത്. പക്ഷേ, ശലോമിക്ക് വ്യക്തമായ മറുപടിയുണ്ട്. ഇല്ല, എനിക്കു ശലോമോനെ വേണ്ട. ഞാൻ എന്റെ ഇടയന് ഒരു വാക്ക് കൊടുത്തതാണ്. എന്റെ ജീവിതത്തിന്റെ ബാല്യകാലത്തുതന്നേ ഞാൻ ഇടയന് വാക്ക് കൊടുത്തതാണ്. ഇനി ഞാൻ അതിൽനിന്ന് മാറുകയില്ല.

യേരുശലേം പുത്രിമാരെൻ ചുറ്റും നിന്നുരാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ

സുന്ദരനാം മനോഹരാ ! നിന്നെപ്പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വൽസലാ!
മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ–ഈ –2

ലോകസുഖ സൗകര്യങ്ങളാകുന്ന പ്രതാപങ്ങൾ
മോടിയോടു കൂടിയെന്നെ മാടിവിളിച്ചാൽ

സുന്ദ.........

വെള്ളത്തിൽ കുമിളപോലെ മിന്നി വിളങ്ങീടുന്ന
ജഡിക സുഖങ്ങളെന്നെ എതിരേൽക്കുകിൽ

സുന്ദ.........

യെരൂശലേം പുത്രിമാരേ, നിങ്ങൾ എത്ര പ്രലോഭിപ്പിച്ചാലും

എന്റെ ഹൃദയം എന്റെ ഇടയനെ വിട്ട് മാറുകയില്ല. ഞാൻ ഇടയനോട് വാക്ക് പറഞ്ഞുപോയി. മശിഹായെ ഞാൻ സ്വീകരിക്കുന്നു എന്ന തീരുമാനം ഞാൻ പറഞ്ഞതാണ്. എനിക്കുവേണ്ടി തലതൊട്ടപ്പൻ അല്ലെങ്കിൽ തലതൊട്ടമ്മ പറഞ്ഞു. പക്ഷേ, അത് എന്റെ തീരുമാനമാണ്. പ്രായമായപ്പോൾ എന്റെ തലതൊട്ടപ്പൻ അല്ലെങ്കിൽ തലതൊട്ടമ്മ പറഞ്ഞുതന്നു: മോനേ, മോളേ, നീ സാത്താനെ ഉപേക്ഷിച്ചതാണ്. മശിഹായെ സ്വീകരിച്ചതാണ്. അതിനനുസരിച്ച് ജീവിക്കണം. അതുകൊണ്ട് ഞാനും സാത്താനെ ഉപേക്ഷിച്ചിരിക്കുകയാണ്. ഇല്ല, ഇനി പഴയതിലേക്കില്ല. എനിക്ക് ആ ഇടയൻ തന്നെ മതി.

ഈ കന്യക ശലോമോന്റെ കൊട്ടാരത്തിൽ ഒരു രാത്രി പാതി ഉറക്കത്തിലായിരിക്കുമ്പോൾ കേൾക്കാം, വാതില്ക്കൽ മുട്ടുന്ന ഒരു ശബ്ദം. ശലോമി കാതോർത്തു. ആരാണാവോ ഈ രാത്രിയിൽ വാതിൽക്കൽ മുട്ടുന്നത്? അപ്പോൾ കേൾക്കാം ഒരു സ്വരം: "എന്റെ പ്രിയേ, എന്റെ സുന്ദരീ, എന്റെ പ്രാവേ, എന്റെ നിഷ്കളങ്കേ തുറക്കുക."

ഇത് എനിക്ക് പരിചയമുള്ള സ്വരമാണല്ലോ. എന്റെ പ്രിയന്റെ സ്വരമാണല്ലോ. എന്റെ പ്രിയൻ കാട്ടിലൂടെ ഓടിയും കുന്നുകളിന്മേൽ ചാടിയും കുറുനിരകൾ മഞ്ഞുകൊണ്ട് നനഞ്ഞും എന്നെത്തേടി വരുന്നല്ലോ. എന്നെ രക്ഷിക്കാൻ, എന്നെ മോചിപ്പിക്കാൻ വരുന്നല്ലോ. ശലോമിക്ക് വലിയ സന്തോഷമായി.

പക്ഷേ, അവൾ ഓർക്കുകയാണ്. പാതി ഉറക്കത്തിലായ ഞാൻ ഇപ്പോൾ എഴുന്നേൽക്കുന്നതെങ്ങനെ? കാലെല്ലാം കഴുകിക്കിടക്കുകയാണ്. ഇനി ഇപ്പോൾ ഞാൻ കട്ടിലിൽ നിന്ന് ഇറങ്ങിയാൽ പൊടി പറ്റില്ലേ? ഇപ്പോൾത്തന്നെ എഴുന്നേല്ക്കണമോ? അല്പംകൂടി കഴിഞ്ഞിട്ട് തുറന്നാൽ പോരേ? മാത്രമല്ല, ഞാൻ ഈ ഉറക്കറയിലേക്കുള്ള വസ്ത്രങ്ങൾ മാത്രമേ ധരിച്ചിട്ടുള്ളൂ. ഈ സ്ഥിതിയിൽ ഞാൻ എങ്ങനെയാണ് എഴുന്നേറ്റ്

ചെല്ലുന്നത്?

*"എന്റെ സഹോദരീ, എന്റെ കാന്തേ, ഞാൻ എന്റെ തോട്ടത്തിൽ വന്നിരിക്കുന്നു; ഞാൻ എന്റെ മൂറും സുഗന്ധവർഗ്ഗവും പെറുക്കി; ഞാൻ എന്റെ തേൻകട്ട തേനോടുകൂടെ തിന്നും എന്റെ വീഞ്ഞു പാലോടുകൂടെ കുടിച്ചും ഇരിക്കുന്നു; സ്നേഹിതന്മാരേ തിന്നുവിൻ; പ്രിയരേ, കുടിച്ചു മത്തരാകുവിൻ! ഞാൻ ഉറങ്ങുന്നു എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു. വാതില്ക്കൽ മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം: എന്റെ സഹോദരീ, എന്റെ പ്രിയേ, എന്റെ പ്രാവേ, എന്റെ നിഷ്ക്കളങ്കേ, തുറക്കുക; എന്റെ ശിരസ്സു മഞ്ഞുകൊണ്ടും കുറുനിരകൾ രാത്രിയിൽ പെയ്യുന്ന തുള്ളികൊണ്ടും നനഞ്ഞിരിക്കുന്നു. എന്റെ അങ്കി ഞാൻ ഊരിയിരിക്കുന്നു; അതു വീണ്ടും ധരിക്കുന്നത് എങ്ങനെ? ഞാൻ കാലുകളെ കഴുകിയിരിക്കുന്നു; അവയെ മലിനമാക്കുന്നത് എങ്ങനെ? എന്റെ പ്രിയൻ ദ്വാരത്തിൽക്കൂടി കൈനീട്ടി; എന്റെ ഉള്ളം അവനെച്ചൊല്ലി ഉരുകിപ്പോയി."* ഉത്തമഗീതം 5 : 1 – 4

*"I have come into my garden, my sister, my bride: I have gathered my myrrh with my spice. I have eaten my honeycomb and my honey; I have drunk my wine and my milk. Eat, O friends, and drink, drink your fill, O love. I slept but my heart was awake; listen! My lover is knocking. "Open to me my sister my darling, my dove, my flawless one. My head is drenched with dew, my hair with the dampness of the night. I have taken off my robe-must I put it on again. I have washed my feet-must I soil them again. My lover*

*thrust his hand through the latch opening. My heart began to pound for him."          Song of Songs 5 : 1 – 4*

ആ വാതിൽപ്പഴുതിലൂടെ പ്രിയന്റെ സ്നേഹത്തിന്റെ കരം നീട്ടിയപ്പോൾ ആ കൈ മുറിഞ്ഞുപോയി. ആ രക്തം അവിടെ വാതിലിൽ പറ്റിപ്പിടിച്ച് നിന്നു. ആ കരം കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. എന്റെ പ്രിയന്റെ മുറിവാർന്ന കരം! എന്നെ തേടിപ്പിടിക്കുന്ന കരം! മയങ്ങിക്കിടക്കുന്ന എന്നെ ഉണർത്തുവാൻ വേണ്ടി അദ്ധ്വാനിക്കുന്ന കരം! ആ കരത്തിൽ മുറിവേറ്റത് കണ്ടപ്പോൾ എനിക്ക് സഹിച്ചില്ല. ഞാൻ നിദ്രവിട്ട് ചാടിയെഴുന്നേറ്റു. എന്റെ പ്രിയനുവേണ്ടി ഞാൻ വാതിൽ തുറന്നു.

*"ഞാൻ എന്റെ പ്രിയനുവേണ്ടി തുറന്നു, എന്റെ പ്രിയനോ പൊയ്ക്കളഞ്ഞിരുന്നു."*

*ഉത്തമഗീതം 5 : 6*

*I opened for my lover, but my lover had left, he was gone.*

ഞാൻ തുറന്നപ്പോഴേക്കും എന്റെ പ്രിയൻ പൊയ്ക്കളഞ്ഞിരിക്കുന്നു. കുറേനേരം കാത്തുനിന്നിട്ട് അവൻ പോയി. കുറെനേരം എനിക്കുവേണ്ടി വാതില്ക്കൽ മുട്ടിക്കൊണ്ടു നിന്നു. ആദ്യം മുട്ടി, പിന്നെ വിളിച്ചു. പിന്നെ കൈ വാതിൽപ്പഴുതിലൂടെ ഇട്ടു. അവന്റെ കൈ മുറിഞ്ഞു. എന്റെ പ്രിയനോ പൊയ്ക്കളഞ്ഞിരിക്കുന്നു.

സഹോദരങ്ങളേ, തുറക്കാൻ വൈകരുത്. എഴുന്നേല്ക്കാൻ വൈകരുത്. ന്യായങ്ങൾ പറഞ്ഞുകൊണ്ട് സമയം പാഴാക്കരുത്. ഇനിയും താമസിക്കരുതേ. ഇനിയും വൈകരുതേ. ഇപ്പോൾ നല്ല പ്രായമല്ലേ, കുറച്ചുംകൂടി കഴിയട്ടെ എന്നു പറയരുത്. പിന്നെയാകട്ടെ, എല്ലാമൊന്ന് ശരിയാക്കിയിട്ടാകാമെന്ന് പറയരുതേ. നിനക്ക് നാളത്തെ ദിവസം ഉണ്ടോയെന്ന് ആരറിഞ്ഞു? ഇന്ന് രാത്രി തീരുംമുമ്പ് നീ കടന്നുപോവുകയില്ലയെന്ന്

ആരറിയുന്നു?

മരണദൂതൻ അരികത്തു തന്നെയാണോയെന്ന് ആരറിഞ്ഞു? പ്രിയരേ, ഓരോ ദിവസവും കണ്ണ് തുറക്കുന്നതും കൈയും കാലും അനക്കുന്നതുമെല്ലാം ഒരത്ഭുതം! ഓരോ പ്രഭാതത്തിലും പ്രാർത്ഥനാമുറിയിലേക്കു വരുന്നതും അത്ഭുതം! ജീവിതം ക്ഷണികമാണ്. ജീവിതം നശ്വരമാണ്. ഇപ്പോൾ നിങ്ങൾ പറയണം, കർത്താവേ, ഇനി ഞാൻ ഒട്ടും വൈകുന്നില്ല. ഇപ്പോൾത്തന്നെ എന്റെ പ്രിയനുവേണ്ടി ഹൃദയം തുറക്കുന്നു.

ഒരു ഉദാഹരണകഥ ഇപ്രകാരം കേട്ടിട്ടുണ്ട്. സാത്താൻ തന്റെ കിങ്കരന്മാരെയെല്ലാം വിളിച്ചുവരുത്തി. എല്ലാവരും വന്നപ്പോൾ സാത്താൻ ചോദിച്ചു: ഈ മനുഷ്യരെ തെറ്റിക്കാൻ നിങ്ങൾക്ക് പുതിയ തന്ത്രം വല്ലതുമുണ്ടോ? പലരും നമ്മുടെകൂടെ വരുന്നില്ല. അവർ യേശുവിന്റെ വചനം കേട്ട് മാനസാന്തരപ്പെടുന്നു; രക്ഷപ്പെടുന്നു. പുതിയ എന്തെങ്കിലും പരിപാടിയുണ്ടോ നിങ്ങൾക്ക്?

കിങ്കരന്മാർ കൂടിയാലോചിച്ചു. അവരിലൊരാൾ പറഞ്ഞു: ഞാൻ നല്ല ബുദ്ധികൂർമ്മതയുള്ള പ്രസംഗവിഷയങ്ങൾ അവതരിപ്പിച്ച് അവരെ വശീകരിക്കാം. തിരുവചനത്തിൽ നിന്നും ഞാൻ തന്നെ സുവിശേഷപ്രസംഗം നടത്താം. വേദപുസ്തകത്തിൽ പറയുന്ന കാര്യങ്ങൾ അസത്യമെന്നും അതിൽ പറയുന്ന കാര്യങ്ങൾ ഒന്നും ശരിയായ രീതിയല്ലെന്നും മറിച്ച്, ശരിയായ വഴി സാത്താന്യസേവയാണെന്നും അതിൽക്കൂടി മാത്രമേ നിങ്ങൾ രക്ഷപ്പെടുകയുള്ളൂ, ഇത് സന്തോഷിക്കേണ്ട പ്രായമാണ് എന്നെല്ലാം പറഞ്ഞ് ഞാൻ അവരെ ആകർഷിക്കാം.

അപ്പോൾ സാത്താൻ ചിരിച്ചുകൊണ്ട് പറഞ്ഞു: നിന്നെക്കൊണ്ട് സാധിക്കുകയില്ല. ഇതൊന്നും കേട്ടാൽ മനുഷ്യൻ തെറ്റിപ്പോകില്ല. രണ്ടാമത്തവൻ പറഞ്ഞു: യജമാനനേ, ഞാൻ നല്ലൊരു പദ്ധതി കണ്ടുപിടിച്ചിട്ടുണ്ട്. എന്താണത്? ഈ വേദപു

സ്തകം മുഴുവൻ സത്യമാണെന്ന് ഞാൻ പറയും. അതുകേട്ട് കൂട്ടത്തിലുള്ളവർ എല്ലാം ചിരിച്ചു. രണ്ടാമൻ തുടർന്നു പറഞ്ഞു: എന്നാൽ അത് വിശ്വസിക്കരുത് എന്നു ഞാൻ പറയും. കുറച്ചുപേരെങ്കിലും അത് സത്യമെന്നറിഞ്ഞിട്ടും വിശ്വസിക്കാതിരിക്കും. സാത്താൻ അവനേയും മാറ്റിനിർത്തി. നിന്നെക്കൊണ്ടും പറ്റുകയില്ല.

വേറെ ആരുണ്ട്? അപ്പോൾ മൂന്നാമത്തവൻ വന്ന് പറഞ്ഞു: ഞാനും പറയും വേദപുസ്തകം സത്യമാണെന്നും വിശ്വസിക്കണമെന്നും. എന്നാൽ അവസാനം പറയും, എങ്കിലുമത് ഇപ്പോൾ വേണ്ട, അല്പംകൂടിക്കഴിഞ്ഞ് മതി. ഇപ്പോൾ enjoy ചെയ്യേണ്ട കാലമാണ്, കുറച്ചുകൂടി കഴിഞ്ഞിട്ടു മതി. ഇപ്പോൾ wait ചെയ്യുക. ഇത് കേട്ട സാത്താൻ സന്തോഷം കൊണ്ട് നിറഞ്ഞു: അതേ. നീ ജയിക്കും; നിന്നെ വിടാൻ പറ്റിയവൻ.

ഇത് ഒരു ചെറിയ കഥയുടെ ഭാഗമാണ്. എന്നാൽ പ്രായോഗികജീവിതത്തിൽ നമുക്ക് മനസ്സിലാകും, വചനം കേൾക്കുമ്പോൾ എല്ലാം ശരിയാണെന്ന് തോന്നുന്നുണ്ട്. മാനസാന്തരപ്പെടുകയും വേണം. എന്നാൽ ഇപ്പോൾ സമയമായിട്ടില്ല. ഇതല്ല പറ്റിയ സമയം; ഒരല്പംകൂടെ കഴിഞ്ഞോട്ടെ. ഇനിയുമുണ്ടല്ലോ കാലങ്ങൾ. എന്നാൽ സഹോദരങ്ങളേ, തിരിച്ചറിഞ്ഞുകൊൾക, കാലമില്ല. ഇന്ന് വാതില്ക്കൽ നിന്ന് മുട്ടുന്ന പ്രിയന്റെ സ്വരം കേൾക്കുക. വ്യക്തിപരമായ രക്ഷ ഇന്ന് നിങ്ങൾ സ്വന്തമാക്കുക.

യേശുക്രിസ്തുവിനെ ഇന്ന് നിങ്ങൾ സ്വന്തമായി സ്വീകരിക്കുക. യേശുവേ, നീയാണ് എന്റെ രക്ഷകൻ. നിന്റെ കൈ മുറിഞ്ഞിരിക്കുന്നു. നിന്റെ കൈയിലെ തിരുരക്തം വാതിൽപ്പടിമേൽ പകർന്നിരിക്കുന്നു. കർത്താവേ, നീ എനിക്കുവേണ്ടി മുറിവേറ്റിരിക്കുന്നു.

ഇന്നനേകം കടങ്ങൾ നമുക്കുണ്ട്. ഒട്ടേറെ കടങ്ങൾ

നമുക്ക് വീട്ടാനുണ്ട്. എന്തെല്ലാമാണ് കടങ്ങൾ? ഭാര്യയെ സ്നേഹിക്കേണ്ടതുപോലെ സ്നേഹിച്ചില്ല. അവളങ്ങ് കടന്നു പോയി. ഇനി എന്നാണ് സ്നേഹിച്ച് തീർക്കുന്നത്? അപ്പനെ കരുതേണ്ടതുപോലെ കരുതിയില്ല. മാനിക്കേണ്ടതുപോലെ മാനിച്ചില്ല. കടമായിപ്പോയി. ആൾ അക്കരയ്ക്ക് പോയിരിക്കുന്നു. അയ്യോ, ഇനി എന്തു ചെയ്യും? ഈ കടം ഞാൻ എങ്ങനെ തീർക്കും?

അമ്മയെ വേണ്ടതുപോലെ മാനിച്ചില്ല. സ്നേഹിച്ചില്ല. അയ്യോ, അതും കടമായി കിടക്കുകയാണ്. മാതാപിതാക്കളെ അനുസരിച്ചില്ല. അദ്ധ്യാപകരെ ബഹുമാനിച്ചില്ല. അവരോട് ഒരു നല്ല വാക്ക്, ഒരു നന്ദി വാക്ക് പറയാമായിരുന്നു. അവരെ ക്കുറിച്ച് മറ്റുള്ളവർ കുറ്റം പറഞ്ഞപ്പോൾ രസിച്ചുപോയല്ലോ. എന്റെ കർത്താവേ, ഈ കടം എന്ന് തീർക്കും? ഓരോരു ത്തർക്കും ജീവിതത്തിൽ കടങ്ങളുണ്ട്.

> *"അവൻ നിന്നോട് വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിട്ടുകൊൾക. പൗലോസ് എന്ന ഞാൻ സ്വന്ത കൈയാൽ എഴുതിയിരിക്കുന്നു; ഞാൻ തന്നു തീർക്കാം." ഫിലെമോൻ 18, 19*

ധനികനായ ഫിലെമോൻ ഒരു വശത്ത്. ഫിലെമോന്റെ അടിമയായ ഒനേസിമോസ് മറുവശത്ത്. അവരുടെ രണ്ടുപേരു ടേയും ഇടയ്ക്ക് നിന്നുകൊണ്ട് പൗലോസ് അപ്പൊസ്തലൻ പറയുകയാണ്. നിന്റെ അടിമയായ ഈ ഒനേസിമോസ് നിനക്ക് അന്യായം ചെയ്തു. അവൻ മോഷണം ചെയ്തു. അവൻ കൊള്ളരുതാത്തവനായി ജീവിച്ചു. അവൻ ഇനിയും നിനക്ക് പണം തിരികെ തരുവാനുണ്ട്. എന്നാൽ അത് ഇപ്പോൾ എന്റെ പേരിൽ കണക്കിട്ടുകൊൾക, ഞാൻ തന്ന് തീർക്കാം.

സഹോദരാ, അതാണ് യേശുവിന്റെ കൈയിലെ മുറിവ്. നമുക്കുവേണ്ടി കടങ്ങൾ ഏറ്റെടുത്ത മുറിവ്. നമ്മുടെ കടങ്ങ

ളെല്ലാം, നമ്മുടെ പാപങ്ങളെല്ലാം ഏറ്റെടുത്തു. ഭർത്താവിനോട് മത്സരിച്ചത്, ഭാര്യയെ ഉപദ്രവിച്ചത്, തല്ലിയത്, ഭാര്യയെ വാക്കുകൾകൊണ്ട് മുറിവേൽപ്പിച്ചത്, മാതാപിതാക്കളെ അനുസരിക്കാതെ പോയത്, പഠിത്തം ഉഴപ്പിക്കളഞ്ഞത്, ചുമതലാബോധമില്ലാതെ ജീവിച്ചത്, ആത്മാർത്ഥതയില്ലാതെ ജോലി ചെയ്തത്, ജോലിസ്ഥലത്ത് ഭിന്നതയുണ്ടാക്കി ഗ്രൂപ്പ് കളിച്ചത്, എന്റെ കർത്താവേ, എന്തെല്ലാം തെറ്റുകൾ! കടങ്ങളും പാപങ്ങളും ഏറെ.

എന്റെ സഹോദരങ്ങളേ, നിങ്ങളുടെ പേരിൽ തീർത്താൽ തീരാത്ത കടങ്ങളില്ലേ? ഇതെല്ലാം എന്ന് തീർക്കുമെന്നാണ് നിങ്ങൾ കരുതിയത്? എന്നാൽ കടം മുഴുവൻ തീർക്കാൻ കർത്താവ് നിങ്ങൾക്ക് ഇന്ന് ഒരവസരം തരുന്നു. “അവൻ നിന്നോട് വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അത് എന്റെപേരിൽ കണക്കിട്ടുകൊൾക, ഞാൻ തന്നു തീർക്കാം” എന്നു പറഞ്ഞുകൊണ്ട് യേശുക്രിസ്തു ഇതാ മദ്ധ്യസ്ഥത വഹിക്കുന്നു.

പിതാവായ ദൈവത്തിന്റേയും പാപിയായ മനുഷ്യന്റേയും ഇടയിൽ ക്രൂശിക്കപ്പെട്ടുകൊണ്ട്, ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ ഉയർത്തപ്പെട്ടുകൊണ്ട്, പാപിയായ മനുഷ്യന്റേയും നിത്യനായ ദൈവത്തിന്റേയും ഇടയിൽ നിന്നുകൊണ്ട് യേശു പറയുന്നു: പിതാവേ, ഈ മനുഷ്യൻ അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിട്ടുകൊൾക, ഞാൻ തന്നുതീർക്കാം. അവൻ ഏൽക്കേണ്ട ശിക്ഷയെല്ലാം ഞാനേറ്റുകൊള്ളാം. പിതാവേ, ഇവനോട് ക്ഷമിക്കണമേ.

സഹോദരാ, ഇപ്പോൾ നിന്റെ അരികിൽ നിൽക്കുന്ന യേശുവിനോട് പറയാമോ: കർത്താവേ, എനിക്ക് കടങ്ങൾ ഏറെയുണ്ട്. പാപങ്ങൾ ഏറെയുണ്ട്. ഓർക്കുമ്പോൾ എനിക്ക് സങ്കടം തോന്നുന്നു. ഹൃദയം തകരുന്നു. എന്റെ കണ്ണീർ ഒരു

സമുദ്രമായി തീർന്നാലും ഈ കടം തീരുകയില്ല. ഇതു മുഴു വൻ തീർക്കാൻ എനിക്ക് കഴിവില്ല. കർത്താവേ, “രാവും പകലും കരയേണ്ടതിന് എന്റെ തല വെള്ളവും എന്റെ കണ്ണ് കണ്ണുനീരുറവും ആയിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.” എന്നോട് ക്ഷമിക്കണമേ.

ഞാനിപ്പോൾ അനുതാപത്തോടെ തിരുമുമ്പാകെ വരുന്നു. എന്റെ പാപം ക്ഷമിക്കണമേ. എനിക്ക് വ്യക്തിപരമായ രക്ഷ തരണമേ. നരകശിക്ഷയിൽ നിന്ന് എന്നെ വിടുവിക്കണമേ. നര കഭീതിയിൽ നിന്ന് എന്നെ വിടുവിക്കണമേ. ഘോരശിക്ഷയിൽ നിന്ന് എനിക്ക് മോചനം തരണമേ. നാഥാ! ഇന്ന് വ്യക്തിപര മായി ഈ രക്ഷ അനുഭവിച്ചുകൊണ്ട് തിരുസന്നിധിയിലേയ്ക്ക് വരുവാൻ എന്നെ യോഗ്യനാക്കി തീർക്കണമേ. വ്യക്തിപര മായ രക്ഷ എനിക്ക് നഷ്ടപ്പെടല്ലേ കർത്താവേ. ഈ രക്ഷ കൈമോശം വരാതെ നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യ നാക്കിത്തീർക്കണമേ.

കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ വ്യക്തിപരമായ രക്ഷ നമുക്ക് അനുഭവിക്കാം. ശിമയോൻ പറഞ്ഞു: നാഥാ! ഇപ്പോൾ നീ സമാധാനത്തോടെ അടിയനെ വിട്ടയക്കുന്നു. ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജന മായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളു ടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ. ആ കുഞ്ഞിനെ കരതലത്തിലേന്തി ശിമ യോൻ ദൈവത്തെ സ്തുതിച്ചു. ഇന്ന് ഈ യേശുവിനെ നിങ്ങൾക്ക് സ്വീകരിക്കാം.

ഹൃദയവാതില്ക്കൽ മുട്ടിക്കൊണ്ട് നിൽക്കുന്ന യേശു വിനെ ഏറ്റുവാങ്ങിക്കൊണ്ട് നിങ്ങൾക്കും സ്തുതിക്കാം. നിങ്ങ ളുടെ കൊച്ചുഹൃദയത്തിൽ ഒതുങ്ങിക്കഴിയാൻ അവന് മന സ്സാണ്. അവൻ വിരുന്നുകാരനായി, അതിഥിയായി വന്നുവെ ങ്കിലും വീട്ടുകാരനായി മാറാൻ അവന് സമ്മതമാണ്. നിന്റെ

ജീവിതം നിയന്ത്രിക്കാൻ മനസ്സാണ്. കടങ്ങൾ വീട്ടാൻ മനസ്സാണ്. എല്ലാ പാപവും ക്ഷമിക്കാൻ മനസ്സാണ്. അവന്റെ മുറിഞ്ഞ കരത്തിലേക്ക് ശ്രദ്ധിച്ച് നോക്കുവിൻ.

കർത്താവേ, എന്റെ പാപം വഹിച്ച കരം, രോഗം വഹിച്ച കരം, എനിക്ക് സൗഖ്യം തരുവാൻ ആണിപ്പഴുതേറ്റ കരം. ആ കരത്തിലേക്ക് ഞാൻ നോക്കുന്നു. "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല." അത് ഞാനിപ്പോൾ വിശ്വസിക്കുന്നു. കർത്താവേ, എന്റെ ഈ ചെറിയ ആയുസ്സ് ആ തൃക്കരത്തിലേക്ക്, ആണിയടിച്ച് തകർന്ന കരത്തിലേക്ക് ഞാനിതാ, വച്ചുതരുന്നു. എന്റെ ഭാവി വച്ചു തരുന്നു. ഇന്നുമുതൽ പാപമില്ലാത്ത ജീവിതം, യേശുവിനെ ഭയത്തോടെ സേവിക്കുന്ന ഒരു ജീവിതം ഞാൻ നയിക്കും. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

# മൂന്ന്

*"യേശു അവനോട്: ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീടിനു രക്ഷ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് എന്നു പറഞ്ഞു."*

*ലൂക്കൊസ് 19 : 9*

യേശു വന്ന് രാപാർത്താൽ വീടിന് രക്ഷ വരും. ഇന്ന് പലരുടേയും ഭവനങ്ങൾ രക്ഷയില്ലാത്ത ഭവനങ്ങളാണ്. സമാധാനമില്ലാത്ത ഭവനങ്ങളാണ്. എല്ലാമുണ്ട് പക്ഷേ, സമാധാനമില്ല. എന്തിനാണ് കുറവ് എന്ന് ചോദിച്ചാൽ കുറവൊന്നുമില്ലാത്തവർ. പക്ഷേ, ആ വീട്ടിൽ സ്വസ്ഥതയില്ല, സമാധാനമില്ല, ഐക്യമില്ല. വീട്ടിൽ പരസ്പരം ഉൾപ്പോര്.

രണ്ടോ മൂന്നോ അല്ലെങ്കിൽ നാലോ അഞ്ചോ ഇങ്ങനെ ഏതാനുംപേർ മാത്രമുള്ള വീട്ടിൽ പരസ്പരം ഉള്ളുതുറന്ന് മിണ്ടുന്നില്ല. സംസാരമില്ലേ? തീർച്ചയായുമുണ്ട്. ഭക്ഷണമില്ലേ? ഉണ്ട്. നല്ല സജ്ജീകരണങ്ങളുള്ള വീട്. ധാരാളം ഉപകരണങ്ങൾ! നല്ല ഫർണിച്ചർ! നല്ല വിശ്രമമുറികൾ! കിടപ്പുമുറികൾ! നല്ല സ്വീകരണമുറികൾ! നോക്കിയാൽ ഒന്നിനും കുറവില്ല. പക്ഷേ, പരസ്പരം ഉള്ള് തുറന്ന് മിണ്ടാൻ പറ്റുന്നില്ല. എന്തോ ചില ഉൾതിക്കലുകൾ ആ കുടുംബത്തെ ബാധിച്ചിരിക്കുന്നു.

അത് ഒരു പൈശാചികബാധയാണ്. പരസ്പരമുള്ള ഇണക്കം പോകുന്നു. പരസ്പരമുള്ള സ്നേഹം പോകുന്നു. പരസ്പരമുള്ള വിശ്വാസം പോകുന്നു. ഒരുപക്ഷേ ഭർത്താവിന് ഭാര്യയിലുള്ള വിശ്വാസം പോകുന്നു. ഭാര്യയ്ക്ക് ഭർത്താവി

ലുള്ള വിശ്വാസം പോകുന്നു. അപ്പന് മക്കളിലുള്ള വിശ്വാസം പോകുന്നു. മക്കൾക്ക് അപ്പനിലുള്ള വിശ്വാസം പോകുന്നു. അസ്വസ്ഥത നിറഞ്ഞ കുടുംബം. ഇതാണ് പല ഭവനങ്ങളുടെയും സ്ഥിതി!

നമ്മുടെ കുടുംബങ്ങളിൽ സ്വസ്ഥത വേണം. കുടുംബം സ്വർഗ്ഗമായി തീരണം. ഈ ഭൂമിയിൽ സ്വർഗ്ഗം തുടങ്ങാൻ ഒക്കുന്നില്ലെങ്കിൽ മരിച്ചതിനുശേഷം സ്വർഗ്ഗം ലഭിക്കുമെന്ന് ചിന്തിക്കരുത്. ഭൂമിയിൽ സ്വർഗ്ഗത്തിന്റെ ഐക്യം, സ്വർഗ്ഗസമാധാനം തുടങ്ങാൻ പറ്റണം. ഇല്ലെങ്കിൽ മരിച്ച് കടന്ന് ചെല്ലുമ്പോൾ ദൈവരാജ്യത്തിൽ എത്തുകയില്ല.

പലരുടേയും ഹൃദയം വീർപ്പുമുട്ടുന്നുണ്ട്. ഭവനങ്ങളിൽ പുകപടലങ്ങൾ പടരുകയാണ്! നിരാശയുടെ പുകപടലങ്ങൾ! ദു:ഖത്തിന്റെ പുകപടലങ്ങൾ! അസ്വസ്ഥതയുടെ പുകപടലങ്ങൾ! പരസ്പരമുള്ള വൈരുദ്ധ്യത്തിന്റേയും നീരസത്തിന്റേയും ഇഷ്ടക്കുറവിന്റേയും പുകപടലങ്ങൾ! കുടുംബത്തിന്റെ അന്തരീക്ഷം സ്നേഹമല്ല.

എന്നാൽ ദൈവം നമുക്ക് തരാൻ ആഗ്രഹിക്കുന്ന കാര്യം നമ്മുടെ വീടുകൾ സ്വർഗ്ഗമാക്കിത്തീർക്കുകയെന്നുള്ളതാണ്. നമ്മുടെ കുടുംബങ്ങൾ കൊച്ചു കൊച്ചു സ്വർഗ്ഗമാക്കി തീർക്കുക!

*"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."*

*മത്തായി 5 : 9*

ഞാൻ എന്റെ വീട്ടിൽ സമാധാനമുണ്ടാക്കുന്നവനാണോ? ഏതെല്ലാം തരത്തിലുള്ള ടെൻഷനാണ് നമ്മുടെ ഓരോരുത്തരുടേയും വീടുകളിൽ! പിരിമുറുക്കങ്ങൾ! മനസ്സ് പുകയുകയാണ്. ഉള്ളിൽ ചൂടുള്ള വായു തിങ്ങി വീർപ്പുമുട്ടുന്നതുപോലുള്ള അനുഭവം വരികയാണ്. ഇടയ്ക്കിടയ്ക്ക് നെടുവീർപ്പുകൾ! കണ്ണുനീരുകൾ! സ്വസ്ഥതയില്ലാതെ മൗനമായിരിക്കുന്ന മുഖം.

എന്നാൽ നാം ഓർക്കുക. നമ്മുടെ പൗരോഹിത്യസഭകളിലെല്ലാം ഭവനകൂദാശയുണ്ട്. നമ്മുടെ വീട്ടിൽ പുരോഹിതൻ വന്ന് കൂദാശ നടത്തി എന്നതുകൊണ്ടുമാത്രം ഒരു കാര്യവുമില്ല. അവിടെയുള്ള അസ്വസ്ഥതകൾ നാം എടുത്ത് കളയണം. വീട്ടിൽ പല കുഴപ്പങ്ങളുണ്ട്. നൈരാശ്യങ്ങളും ചില വാട്ടങ്ങളും മ്ലാനതകളുമുണ്ട് വീട്ടിൽ. പരസ്പരം അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഇതെല്ലാം നോക്കിയിട്ട് ഞാൻ മൂലം വന്നിരിക്കുന്ന പ്രശ്നം ഞാൻ മാറ്റും എന്നു തീരുമാനിക്കുക. അങ്ങനെ ഒരാൾ തിരുത്തിയാൽ വീടിന് രക്ഷ വരും.

വാസ്തവത്തിൽ നിറഞ്ഞ സ്വസ്ഥതയുണ്ടോ നിങ്ങളുടെ ഭവനത്തിൽ? മറ്റുള്ളവർ കാണുമ്പോൾ സ്വസ്ഥത കണ്ടു എന്നു വരും. പക്ഷേ, ഉള്ളിൽ എങ്ങനെയാണ്? നിങ്ങളുടെ വീട്ടിൽ ഉള്ളുതുറന്ന് സംസാരിക്കാവുന്ന സമാധാനമുണ്ടോ? ചിലപ്പോഴെങ്കിലും മുഖം വാടാറില്ലേ? ചിലപ്പോഴെങ്കിലും ഇഷ്ടക്കുറവ് വരാറില്ലേ? ചിലപ്പോഴെങ്കിലും മുഷിച്ചിൽ വരാറില്ലേ? മിക്കവാറും എല്ലാ വീടുകളിലും ഇതാണ് സ്ഥിതി.

എന്നാൽ നിങ്ങളുടെ ഓരോരുത്തരുടേയും വീട്ടിൽ യഥാർത്ഥമായ സ്വസ്ഥത തരാൻ കർത്താവ് ആഗ്രഹിക്കുന്നു. ഇന്ന് അസ്വസ്ഥതയോടെ, മനസ്സമാധാനമില്ലാതെ കഴിയുന്നവർ, വീട്ടിൽ ചില പ്രശ്നങ്ങളുമായി മനസ്സുലഞ്ഞിരിക്കുന്നവർ വിശ്വസിക്കൂ, എന്റെ ജീവിതത്തിൽ അനുഗ്രഹം കർത്താവ് തരും. എന്റെ വീടിന് കർത്താവ് രക്ഷ തരും.

നിങ്ങൾക്ക് രക്ഷ കിട്ടിയാൽ നിങ്ങളുടെ വീടിന് രക്ഷ വരും. ഒരാൾ രക്ഷ അനുഭവിക്കുക. രക്ഷ എന്നത് യേശുക്രിസ്തുവാണ്. നിങ്ങളുടെ പ്രശ്നം ക്രിസ്തു നിങ്ങളുടെ ഉള്ളിൽ ഇല്ല എന്നുള്ളതാണ്. ക്രിസ്തു പരിസരങ്ങളിലുണ്ട്, ക്രിസ്തു പ്രാർത്ഥനകളിലുണ്ട്, നമസ്ക്കാരങ്ങളിലുണ്ട്, പ്രാർത്ഥനായോഗങ്ങളിലുണ്ട്. എന്നാൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിലില്ല. ഇതൊന്ന് അംഗീകരിച്ച് കിട്ടിയാൽ ഭാഗ്യമാണ്.

ആത്മാവ് മരിച്ചിരിക്കുന്നു. മരിച്ച ആത്മാവിന് വേണ്ടത് ജീവനാണ്. ജീവനായ ക്രിസ്തുവിനെ ലഭിച്ചാൽ ആത്മാവിൽ ജീവൻ ലഭിക്കും. എന്റെ ജീവിതത്തിൽ പാപമുള്ളേടത്തോളം കാലം എന്റെ ആത്മാവ് മരിച്ചിരിക്കുന്നു. മരിച്ച ആത്മാവും മൗനതയിലിരിക്കുന്നവരും ദൈവത്തെ സ്തുതിക്കുന്നില്ല. ഞാൻ ആത്മാവിൽ മരിച്ച അവസ്ഥയിലാണെങ്കിൽ എന്റെ സ്തുതി ജഡത്തിന്റെ സ്തുതിയാണ്. ദൈവസന്നിധിയിലേക്ക് ഉയരുന്ന സ്തുതിയല്ല. എന്റെ പ്രസംഗം ജഡത്തിന്റെ പ്രസംഗ മാണ്. എന്റെ ബൈബിൾക്ലാസ്സ് ജഡത്തിന്റെ ബൈബിൾ ക്ലാസ്സാണ്. എന്റെ പ്രാർത്ഥനകൾ പഴയ മനുഷ്യന്റെ പ്രാർത്ഥന കളാണ്. ആത്മാവിന്റെ മരിച്ച അവസ്ഥയിലാണ് ഞാൻ നിൽക്കുന്നത്. എന്റെ പ്രാർത്ഥന, മേലുള്ള ഊർശ്ലേം വാതി ലുകൾക്കുള്ളിലുള്ള സ്വർഗ്ഗീയസിംഹാസനം അണയുന്നില്ല.

ആദാം പാപം ചെയ്തപ്പോൾ ആത്മാവ് മരിച്ചു. പക്ഷേ, ആദാം പിന്നെ തോട്ടത്തിൽക്കൂടി നടക്കുന്നു. വൃക്ഷങ്ങളുടെ യിടയിൽ ഒളിക്കുന്നു. അത്തിയില കൂട്ടിത്തുന്നി വസ്ത്രം ഉടു ക്കുന്നു. ആദാം ആത്മാവിൽ മരിച്ചു. എന്നാൽ ശരീരം മരിച്ചില്ല. ദൈവത്തിന്റെ തേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോയി. ദൈവ ത്തിന്റെ സാദൃശ്യമുണ്ടായിരുന്നു. എന്നാൽ പാപം വന്നപ്പോൾ സാദൃശ്യവും സ്വരൂപവും നഷ്ടപ്പെട്ടു.

നിങ്ങളിൽ പലരുടേയും ആത്മാവിന്റെ വസ്ത്രം ഉരി ഞ്ഞുപോയിരിക്കുന്നു. മഹിമാവിൻ നീരാളം അഴിഞ്ഞുപോയി. നമസ്ക്കാരങ്ങൾ ചൊല്ലുന്നുണ്ട്. കുമ്പസാരമുണ്ട്. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് മെഴുകുതിരി കത്തിച്ചുപിടിച്ചു നില്ക്കുന്നുണ്ട്. പ്രാർത്ഥനകളെല്ലാമുണ്ട്. പക്ഷേ, ആത്മാവ് മരിച്ചിരിക്കയാണ്. ഒന്നും നിങ്ങളുടെ തലയ്ക്കുമീതെ മുകളിലേക്ക് ഉയരുന്നില്ല. ഇത് ആദ്യം വിശ്വസിക്കണം. വിശ്വസിച്ച് കഴിഞ്ഞാൽ, കർത്താവേ, എന്റെ ആത്മാവ് മരിച്ചിരിക്കയാണെന്ന് ഞാൻ വിശ്വസിക്കുന്നു, എനിക്ക് ജീവൻ തരണമേയെന്ന് പ്രാർത്ഥിക്കാം.

എന്റെ ആളത്വം പാപം നിറഞ്ഞതാണെന്നും എന്റെ

ആത്മാവ് മരിച്ചിരിക്കയാണെന്നും പതിനേഴാമത്തെ വയസ്സിൽ വചനം കേട്ടപ്പോൾ എനിക്കു മനസ്സിലായി. അങ്ങനെ ഞാൻ മാനസാന്തരപ്പെട്ടു. ഞാൻ മനസ്സറിഞ്ഞ് അരുതാത്ത ഒരു കാര്യവും ചെയ്തിട്ടില്ല. മനസ്സറിഞ്ഞ് രഹസ്യജീവിതത്തിൽപ്പോലും അരുതാത്ത ഒരു കാര്യത്തിലേക്ക് നീങ്ങാൻ ഇടയായില്ല. നമസ്ക്കാരങ്ങളുണ്ട്, പള്ളിയിൽ മുടങ്ങാതെ പങ്കെടുക്കും. മദ്ബഹായിൽ കയറാതെ തന്നെ ശുശ്രൂഷയിൽ പങ്കെടുക്കും. ഇതെല്ലാം ഉള്ളതുകൊണ്ട് ഞാൻ അഹങ്കരിച്ചും അഭിമാനിച്ചുമിരുന്നു. അതു പാപമാണെന്ന് മനസ്സിലാക്കിയിരുന്നില്ല.

എന്റെ അമ്മയും പെങ്ങളുമാണ് എന്നെ വളർത്തിയിരുന്നത്. ആരോടും അനുസരണക്കേടില്ല. ശാന്തമായ കുടുംബം. പുറമെയൊന്നും കുഴപ്പമില്ല. പക്ഷേ, പതിനേഴാമത്തെ വയസ്സിൽ തിരുവചനം കേട്ടപ്പോൾ മനസ്സിലായി എന്റെ ആത്മാവ് മരിച്ചിരിക്കയാണെന്ന്. അത് ദൈവം തന്ന ഒരു ഉൾക്കാഴ്ചയായിരുന്നു; ദൈവം തന്ന കൃപയായിരുന്നു.

പുറമെ പാപമില്ലെങ്കിലും എന്റെ ഹൃദയത്തിൽനിന്ന് കോപം മാറിയിട്ടില്ല. എന്റെ മനസ്സിൽ നിന്ന് നിരാശ മാറിയിട്ടില്ല. സ്ഥാനമോഹം മാറിയിട്ടില്ല. അസൂയ മാറിയിട്ടില്ല. എന്നെത്തന്നെ ഉയർത്തണമെന്നുള്ള ആഗ്രഹം മാറിയിട്ടില്ല. മനുഷ്യന്റെ പ്രശംസയ്ക്കുവേണ്ടിയുള്ള ആശ മാറിയിട്ടില്ല. മനുഷ്യർ എന്നെ മാനിക്കണമെന്നുള്ള ആഗ്രഹം മാറിയിട്ടില്ല. പ്രകടമായ പാപമൊന്നും ഇല്ലെങ്കിലും എനിക്ക് സ്വന്തം ചില അഭിപ്രായങ്ങളിൽ കടുംപിടുത്തങ്ങളുണ്ട്. എന്റെ കോപപ്രകൃതി എന്റെ പിന്നാലെയുണ്ട്.

ഞാൻ ഒരു പാപവുമില്ല എന്ന് പറയുമ്പോഴും അകത്ത് എല്ലാ പാപവുമുണ്ട്. അകത്ത് എല്ലാ അശുദ്ധിയും ഉണ്ട്. ദൈവം എനിക്ക് എളിമപ്പെടാൻ കൃപ തന്നു.

ഇന്ന് നിങ്ങൾ ദൈവത്തോട് വാക്ക് പറയണം. എന്റെ ആത്മാവ് മരിച്ചിരിക്കയാണ്. ഇന്നത്തെ സ്ഥിതിയിൽ പോയാൽ

ഞാൻ ദൈവരാജ്യത്തിൽ പോവുകയില്ല. ഞാൻ എത്ര പ്രസംഗിച്ചാലും സാക്ഷ്യം പറഞ്ഞാലും ഞാൻ എത്ര പാട്ടുപാടിയാലും സാധുക്കളെ സഹായിച്ചാലും ഇന്നത്തെ സ്ഥിതിയിൽ കടന്നുപോയാൽ എനിക്കുവേണ്ടി കർത്താവ് ഒരുക്കിയ സ്ഥലത്ത് എത്തുകയില്ല. കർത്താവേ, ഞാൻ ഇതു മനസ്സിലാക്കുന്നു. ഞാൻ നിന്നോട് യാചിക്കുന്നു. നീ എനിക്കുവേണ്ടി കുരിശിൽ മരിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപം വഹിച്ചുവെന്ന് വിശ്വസിക്കുന്നു. എനിക്കുവേണ്ടി നീ പാപവും ശാപവും ഏറ്റതാണെങ്കിൽ ഇനി ഞാൻ എനിക്കുവേണ്ടി ജീവിക്കുന്നില്ല, നിനക്കുവേണ്ടി ജീവിക്കും.

ഇനിയുള്ള ഓരോ നിമിഷവും നിനക്കുമാത്രം. പാപത്തിന്റെ കണിക എന്നെ തൊടുകയില്ല. പാപം എന്നെ സ്പർശിക്കയില്ല. യേശുവേ, എന്റെ കുടുംബം ഒരു സ്വർഗ്ഗമാക്കിത്തരണമേ. എന്റെ കുടുംബത്തിൽ സമാധാനം ഒഴുക്കിത്തരണമേ. ഞാൻ മൂലം അനേകർ അനുഗ്രഹിക്കപ്പെടണം. അനേകരുടെ ശാപം മാറണം, അനേകരുടെ ബാധകൾ മാറണം. ഞാൻ ഒരാൾ മൂലം നിനക്ക് ആശ്വാസം ലഭിക്കണം. യേശുവേ, ഞാൻ എന്നെത്തന്നെ നിനക്ക് തരുന്നു. തിരുരക്തത്താൽ നീ എന്നെ ഒന്ന് കഴുകണമേ. തിരുരക്തത്താൽ എന്നെ വീണ്ടെടുക്കണമേ. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ അടിമ.

# നാല്

*“ഇവനും അബ്രാഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നിരിക്കുന്നു.”*

കർത്താവ് സക്കായിയുടെ ഭവനത്തിലേക്ക് പോകുകയാണ്. ഒരു വലിയ ഘോഷയാത്ര! ഘോഷയാത്രയിൽ ആളുകൾ കൂടി വന്നിട്ടുണ്ട്. കാരണം, കുറച്ച് മുമ്പ് അതേ തെരുവിൽ, യെരീഹോവിന്റെ തെരുവിൽ ഒരു സംഭവം നടന്നു. ബർത്തിമായി എന്ന കണ്ണുകുരുടന് കാഴ്ച കിട്ടി!

എത്രയോ നാളുകളായി അവിടെയുള്ള ആളുകൾ കാണുന്നു ബർത്തിമായി അവിടെ ഇരിക്കുന്നത്. അവൻ ഒരു പുതപ്പു വിരിച്ച് ഭിക്ഷയാചിച്ചുകൊണ്ട്, കിട്ടുന്ന നാണയത്തുട്ടുകൾ ശേഖരിക്കുന്നത് അവിടെയുള്ള ജനങ്ങൾ കണ്ടുകൊണ്ടിരുന്നതാണ്. ഇപ്പോഴിതാ അവൻ തന്റെ പുതപ്പ് കുടഞ്ഞ് എടുത്തുകൊണ്ട് യേശുവിന്റെ പിന്നാലെ പോയി. അവന് കണ്ണ് കാഴ്ച കിട്ടി!

അന്നത്തെകാലത്ത് ഏറ്റവും ജനത്തിരക്കുള്ള ഒരു പട്ടണമാണ് യെരീഹോ. ആ തിരക്കേറിയ പട്ടണത്തിലൂടെ യേശുക്രിസ്തു നടന്നു വന്നപ്പോഴാണ് സക്കായിക്ക് യേശുക്രിസ്തുവിനെ ഒന്നു കാണണമെന്ന് തോന്നിയത്. നാട്ടിൽക്കൂടി യേശു പോകുന്ന സമയത്ത് കിട്ടിയ ഒരവസരം എന്നു മാത്രമേ സക്കായി വിചാരിച്ചുള്ളൂ. അത്ര വലിയ താത്പര്യത്തോടുകൂടിയല്ല സക്കായി യേശുവിനെ കാണാൻ ആഗ്രഹിച്ചത്. എന്നാൽ പലരും പലതും അഭിപ്രായം പറയുന്നുണ്ട്; യേശു വെള്ളം

വീണ്ടാക്കി എന്ന് കേൾക്കുന്നുണ്ട്. യേശു തളർവാതരോഗിയെ എഴുന്നേൽപ്പിച്ച് നടത്തി എന്ന് കേൾക്കുന്നുണ്ട്; യേശു ഭൂതഗ്രസ്തന് സൗഖ്യംകൊടുത്തു എന്ന് കേൾക്കുന്നുണ്ട്. അങ്ങനെ പലതും കേൾക്കുന്നതുകൊണ്ട് സക്കായിയുടെ ഹൃദയത്തിൽ യേശുവിനെ കാണണമെന്ന് ഒരു ദാഹം തോന്നി.

ഈ ദാഹം തരുന്നത് യേശുവിന്റെ സ്നേഹമാണ്. ദൈവസ്നേഹത്തിന്റെ ഒരു പദ്ധതിയാണ്. യേശുവിനെ കാണണമെന്നുള്ള ദാഹം ദൈവം സക്കായിക്ക് കൊടുത്തു. എങ്കിലും സക്കായിക്ക് യേശുവിനെ കാണാൻ പറ്റിയില്ല. കാരണം, സക്കായി പൊക്കം കുറഞ്ഞവനാണ്. പക്ഷേ, അവൻ നിരാശനായില്ല. അവൻ വേഗം മുമ്പോട്ട് ഓടി.

സക്കായിയുടെ ഹൃദയത്തിൽ ഒറ്റയ്ക്കൊരുദ്ദേശമേ ഉള്ളൂ. എങ്ങനെയും യേശുവിനെ കാണണം. ആ ആഗ്രഹത്തോടെ അത്തിയിൽ കയറി ഇരിക്കുമ്പോഴാണ് യേശു നടന്നു വരുന്നത്. അവിടെ വന്നപ്പോൾ യേശു മുകളിലേക്ക് നോക്കി. സക്കായി കൗതുകത്തോടെ, ആ ഇലത്തലപ്പുകൾക്കിടയിലൂടെ താഴോട്ടുനോക്കി. തന്നെ ആരും കാണരുതേ എന്നു വിചാരിച്ചാണ് സക്കായി അവിടെ ഇരുന്നത്.

പക്ഷേ, സ്വർഗ്ഗത്തിലെ ദൈവം സക്കായിയെ കണ്ടുകൊണ്ടിരുന്നു. സക്കായി ചുങ്കംപിരിവ് തുടങ്ങുന്നതിന് മുൻപേ യേശു സക്കായിയെ കണ്ടു. നാം ഈ ഭൂമിയിൽ ജനിക്കുന്നതിന് മുൻപേ യേശുക്രിസ്തു നമ്മെ കണ്ടു. അമ്മയുടെ ഗർഭപാത്രത്തിൽ ഇരിക്കുമ്പോൾത്തന്നെ അവൻ നമ്മുടെ പേര് നിശ്ചയിച്ചു, അവൻ നമ്മെ തിരഞ്ഞെടുത്തു. അവൻ തന്റെ വേല നമ്മെ ഭരമേൽപ്പിക്കാൻ തീരുമാനിച്ചു.

യേശുക്രിസ്തു കാണുന്നു. യേശുക്രിസ്തു കരുതുന്നു. ആയിരംവർഷം കർത്താവിന് ഒരു ദിവസംപോലെയാണ്. ഇന്നലെ കഴിഞ്ഞുപോയ ഒരു ദിവസംപോലെ. “നീ തലമുറതല

മുറയായി ഞങ്ങളുടെ സങ്കേതമാകുന്നു.” മോശ 90-ാം സങ്കീർത്തനത്തിൽ പറയുന്നു. (മോശ അഹരോന്റെ ശവസംസ്ക്കാര ചടങ്ങിൽ പാടിയ പാട്ടാണ് 90-ാം സങ്കീർത്തനം).

*“കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു. നീ മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു. ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു.” സങ്കീർത്തനങ്ങൾ 90 : 1 – 4*

കാലങ്ങൾ കഴിഞ്ഞുപോകും. നാമും ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും. മരണം എന്ന വാതിലിൽക്കൂടി നാം അപ്പുറത്തേയ്ക്ക് കടക്കും, മാറ്റമില്ല. എന്നാൽ അതെല്ലാം ഇന്നലെ കഴിഞ്ഞുപോയ ഒരു ദിവസംപോലെ മാത്രം! തലമുറകൾ കഴിഞ്ഞുപോകും. എല്ലാം മാറിമറയും. മനുഷ്യൻ അവന്റെ ശാശ്വത ഭവനത്തിലേക്ക് പോകും.

സക്കായി അവിടെ വന്നുചേരുന്നതിന് മുൻപുതന്നെ സ്വർഗ്ഗത്തിലെ ദൈവം അവനെ കണ്ടിരുന്നു. അവൻ അവിടെ ഒളിച്ചിരിക്കുന്നു എന്ന് യേശുവിനറിയാം. സക്കായിയുടെ വീടിന്ന് അന്ന് രക്ഷവരുമെന്ന് കർത്താവിനറിയാം. യെരീഹോവിന്റെ തെരുവിൽകൂടി നടന്നുപോകുമ്പോൾ യേശുക്രിസ്തുവിനറിയാം ഇന്ന് ഒരു ബർത്തിമായിക്ക് കണ്ണിന് സൗഖ്യം കിട്ടുമെന്ന്. ഒരു സക്കായി മാനസാന്തരപ്പെട്ട് വീടിന് രക്ഷ കിട്ടുമെന്ന്. സഹോദരങ്ങളേ, നിങ്ങൾ എത്ര കുതറിമാറാൻ നോക്കിയാലും കർത്താവ് നിങ്ങളെ വിടുകയില്ല.

മോനേ, അവൻ നിന്റെ പിന്നാലെ നിൽക്കുകയാണ്. കുതറിമാറാൻ നീ നോക്കും. തീരുമാനമെടുക്കാൻ മടിക്കും. സമർപ്പണമെടുക്കാൻ മടിക്കും. പക്ഷേ, ദൈവം നിന്നെ കണ്ടതാണ്. ദൈവം നിന്നെ ഓടിച്ചു പിടിക്കും. എവിടെ ഒളിക്കാൻ നോക്കിയാലും കർത്താവ് നിന്നെ വിടില്ല. ഈ കൂട്ടത്തിൽ നിന്ന് മാറി നിൽക്കണമെന്ന് നിനക്കാഗ്രഹമുണ്ട്. പക്ഷേ, കർത്താവ് നിന്നെ വിടില്ല.

പിന്നാലെ നിൽക്കുന്ന ദൈവസ്നേഹം! പിന്നാലെ ഓടിവരുന്ന ദൈവസ്നേഹം! 'സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി' എന്നൊരു കവിതയുണ്ട്. 'The Hound of Heaven!' ഇതിൽ പറയുന്നത്, സ്വർഗ്ഗത്തിലെ ദൈവം ഒരു വേട്ടനായയെപ്പോലെ എന്നെ പിൻതുടരുകയാണ് എന്നാണ്. ഞാൻ എവിടെപ്പോയാലും കർത്താവ് എന്നെ വിടുന്നില്ല. എനിക്ക് യേശുവിന്റെ കൈയിൽ നിന്ന് രക്ഷപ്പെട്ട് വഴുതിപ്പോകണമെന്നുണ്ട്. ഞാൻ മാറിമാറി പോകുന്നുണ്ട്. പക്ഷേ, കർത്താവ് എന്നെ വിടുന്നില്ല. 'സ്വർഗ്ഗത്തിലെ വേട്ടനായ.' ഒരു വേട്ടനായ് ഒരു മുയലിനെ പിടിക്കാൻ പിന്നാലെ പാഞ്ഞുവരുന്നതുപോലെ, ഞാൻ ഓടുന്തോറും ഓടുന്തോറും എന്നെ ഓടിച്ചിട്ട് പിടിക്കാൻ കർത്താവ് പിന്നാലെ വരികയാണ്.

സ്നേഹിതരേ, നിങ്ങളിലാരെങ്കിലും വഴുതിമാറാൻ ശ്രമിച്ചവരുണ്ടോ? വേണ്ട, എനിക്കീ ആത്മീയം വേണ്ട എന്നുവച്ച് മാറിയവരുണ്ടോ? ഇതൊന്നും വിശ്വസിക്കാൻ എന്നെ കിട്ടില്ല എന്നു പറഞ്ഞ് മാറിനിന്നവരുണ്ടോ? പള്ളിയിലും നാട്ടിലും സ്ഥാനമില്ലാതെ, മാനമില്ലാതെ ഞാൻ വിലകെട്ടുപോകുമെന്ന് വിചാരിച്ച് മാറിയവരുണ്ടോ? കർത്താവ് നിങ്ങളുടെ പിന്നാലെ നിൽക്കുകയാണ്. ഇന്നാണോ യേശു നിങ്ങളെ പിടിക്കുന്ന ദിവസം! നിങ്ങളെ വിളിക്കുന്ന ദിവസം!

"സക്കായിയേ, വേഗം ഇറങ്ങി വാ." സക്കായി ഞെട്ടിപ്പോയി. യേശു എങ്ങനെയാണ് എന്റെ പേരറിഞ്ഞത്? യേശു

എങ്ങനെയാണ് ഞാനീ കാട്ടത്തിമേൽ കയറി ഇരിക്കുന്നതറിഞ്ഞത്?

സ്നേഹിതാ, നിന്റെ ജീവിതത്തിൽ നീ അറിയാതെ തന്നെ യേശു നിന്നെ അറിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. നിന്റെ വിദ്യാഭ്യാസകാലം, നീ ഔദ്യോഗികജീവിതം ആരംഭിച്ചത്, നീ ബിസിനസ്സ് ആരംഭിച്ചത്. ഇതെല്ലാം യേശു അറിഞ്ഞ കാലങ്ങളായിരുന്നു. നിനക്ക് ഒരത്ഭുതംപോലെ തോന്നും. ചിന്തിച്ചു നോക്കിയാൽ ഇതുവരെ നടന്നതെല്ലാം യേശുവിന്റെ നിർദ്ദേശപ്രകാരമാണ്.

മറഞ്ഞിരിക്കുന്ന സക്കായി യേശുവിന്റെ ശബ്ദംകേട്ട് ബദ്ധപ്പെട്ട് താഴെ ഇറങ്ങി വന്നു. യേശു സക്കായിയോട് ഒന്നും ചോദിക്കുന്നില്ല. നീ ദ്രവ്യാഗ്രഹിയല്ലേ? നീ മനുഷ്യരുടെ രൂപ കവർന്നെടുക്കുന്നവനല്ലേ? നീ അന്യായമായി സമ്പാദിച്ചവനാണെന്ന് നിനക്കറിയാമോ? കർത്താവ് ഒന്നും ചോദിക്കുന്നില്ല.

ഒന്നും ചോദിക്കാതെ നിങ്ങളെ കയറിപ്പിടിച്ച യേശുവിനെ നിങ്ങൾക്ക് പരിചയമുണ്ടോ? നിങ്ങൾ പൂർണ്ണമായി വിട്ടുകൊടുത്തിട്ടുണ്ടോ? അവന്റെ വചനം നിങ്ങളെ കയറിപ്പിടിച്ചു. അവന്റെ വചനം സ്നേഹത്തോടെ നിങ്ങളെ സമീപിച്ചു. ആ വചനം നിങ്ങളുടെ ഹൃദയത്തിൽ വീണു. വചനം നിങ്ങളെ ഉണർത്തി. നിങ്ങളുടെ ഹൃദയത്തെ പിളർന്നു, നിങ്ങളുടെ കണ്ണുനീര് മാറ്റി, കുടുംബത്തിൽ സമാധാനം തന്നു. മക്കളെ തന്നു, ഭാര്യയെ തന്നു, ഭർത്താവിനെ തന്നു.

എന്തിനാണ് കുറവ് വരുത്തിയത്? ചിന്തിച്ചുനോക്കൂ. സത്യവചനം കേട്ടതിനുശേഷം, ഒരു വിശുദ്ധജീവിതം ആരംഭിച്ചതിനുശേഷം എന്തെങ്കിലും കുറവുണ്ടായോ? എന്തെല്ലാം കാര്യങ്ങളിലാണ് അഭിവൃദ്ധി വന്നത്? തൊട്ടത് തൊട്ടത് കരേറ്റമല്ലായിരുന്നോ? എല്ലായിടത്തും അനുഗ്രഹം! സമൃദ്ധിയായ അനുഗ്രഹം കർത്താവ് തന്നുകൊണ്ടിരുന്നു. ഒന്നിനും കുറവില്ലാതെ കർത്താവ് കാത്തുകൊണ്ടിരുന്നു.

സക്കായി ബദ്ധപ്പെട്ട് ഇറങ്ങിവന്നു. കർത്താവ് ഒന്നും ചോദിക്കാതെ മുമ്പോട്ട് നടക്കുകയാണ്. അപ്പോൾ ആളുകൾ തമ്മിൽ ഒരു കുശുകുശുപ്പ്: യേശു ഈ ചുങ്കക്കാരന്റെ കൂടെ അവന്റെ വീട്ടിലേയ്ക്കാണ് പോകുന്നതെങ്കിൽ ഞങ്ങളില്ല. സക്കായി ഇതു കണ്ടു. വലിയൊരു പുരുഷാരം യേശുവിന്റെ കൂടെ ഉണ്ടായിരുന്നു. പക്ഷേ, ആളെണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നു. സക്കായി ചിന്തിച്ചു: ഞാനാണ് ഇതിനെല്ലാം കാരണം.

സക്കായി ചിന്തിച്ചു: ഞാൻ യേശുവിന്റെ കൂടെ വന്നപ്പോഴേക്കും ആളുകൾ പിരിഞ്ഞ് പോകുന്നല്ലോ. കാരണം, എനിക്ക് ഒരു നല്ല സാക്ഷ്യമില്ല. ഞാൻ ദ്രവ്യാഗ്രഹിയാണ്. അന്യായമായി സമ്പാദിച്ചവനാണ്. ഞാൻ കഠിനമായും ക്രൂരമായും ആളുകളോട് ഇടപെട്ട് രൂപ സമ്പാദിച്ചു, ശരിയാണ്. പക്ഷേ, ഇപ്പോൾ ഞാൻ കാരണം യേശുവിന്റെ കൂടെയുണ്ടായിരുന്ന ആളുകൾ പിരിഞ്ഞു പോകുന്നു.

സക്കായി അല്പം വേഗത്തിൽ നടന്ന് യേശുവിന്റെ മുൻപിൽ നിന്നു. യേശുവും നിന്നു. സക്കായി പറഞ്ഞു: കർത്താവേ, ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഞാൻ നിന്റെ കൂട്ടത്തിൽ കൂടിയതുകൊണ്ട് അനേകർ അങ്ങയെ ദുഷിച്ചുകൊണ്ട് പിരിഞ്ഞുപോകുന്നു. കർത്താവേ, അവർ പോയതിൽ തെറ്റില്ല. കാരണം, ഞാനൊരു കൊള്ളരുതാത്തവനാണ്. അന്യായമായി ഒരുപാട് സമ്പാദിച്ചു.

എന്നാൽ ഞാനിപ്പോൾ എന്റെ സ്വത്തിൽ പകുതി ദരിദ്രർക്ക് കൊടുക്കുവാൻ തീരുമാനിച്ചു. ആരോടാണ് വാങ്ങിയതെന്ന് ഓർമ്മയുള്ളവർക്കെല്ലാം നാലിരട്ടി പകരം കൊടുക്കാനും ഞാൻ തീരുമാനിച്ചു. കർത്താവ് ഒന്നും പറഞ്ഞില്ല. പക്ഷേ, കർത്താവിന്റെ ഉള്ളം തെളിഞ്ഞു. പറയാതെ തന്നെ ചില നീക്കുപോക്കുകൾ വരുത്തുന്നു. കർത്താവ് ചൂണ്ടിക്കാണിക്കാതെതന്നെ ജീവിതത്തിൽ ചില തീരുമാനങ്ങൾ എടുക്കുന്നു.

കർത്താവ് വീണ്ടും മുമ്പോട്ട് നടന്നു. സക്കായിയും കൂടെ നടന്നു. അവർ വീട്ടിൽ ചെന്നു. വീട്ടിൽ ചെന്നു കയറിയ ഉടനെ സക്കായി കർത്താവിന്റെ കാൽക്കൽ വീണു. സക്കായി യുടെ ഹൃദയം നന്ദികൊണ്ട് നിറഞ്ഞു. ഹൃദയം നന്ദികൊണ്ട് നിറഞ്ഞപ്പോൾ അറിയാതെ സ്തുതി പൊങ്ങി. ഇത് എന്റെ ഭാവ നയാണ്. സ്തുതിയോടുകൂടെ കരച്ചിലും. സങ്കടത്തിന്റെ കര ച്ചിലല്ല, സന്തോഷത്തിന്റെ, നന്ദിയുടെ കരച്ചിൽ. സക്കായി, ജീവിതത്തിൽ വലിയൊരു ശാന്തിയും സമാധാനവും അനുഭ വിക്കുകയാണ്.

ആരാണ് എന്റെ വീട്ടിൽ വന്നു കയറിയിരിക്കുന്നത്? ഈ അധമപാപിയായ എന്റെ വീട്ടിലേക്ക് മഹാപരിശുദ്ധനായ ദൈവപുത്രൻ കടന്നുവരുന്നു. എന്തൊരു ഭാഗ്യം! എന്തൊര ത്ഭുതം! എനിക്കിതിന് എന്താണ് യോഗ്യത? സക്കായി യേശു വിന്റെ കാൽക്കൽ വീണു. യേശു സക്കായിയെ പിടിച്ചെഴു ന്നേൽപ്പിച്ചിട്ട് തലയിൽ കൈവച്ച് പറഞ്ഞു: “ഇവനും അബ്രാ ഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നു.”

കാണാതെ പോയതിനെ തിരഞ്ഞ് രക്ഷിപ്പാനല്ലോ മനു ഷ്യപുത്രൻ വന്നത്. യേശുക്രിസ്തു കയറി വന്നാൽ വീടിന് രക്ഷ വരും. യേശുക്രിസ്തു കയറിവന്നാൽ വീടിന്റെ ശാപ ങ്ങൾ മാറും. വീടിന്റെ ബന്ധനങ്ങൾ അഴിയും. അനേകം വീടു കൾ ഇന്നു ബന്ധനത്തിലാണ്. അനേകം വീടുകൾ ഇന്ന് ശാപ ത്തിലാണ്. തലമുറതലമുറയായി വരുന്ന ചില ശാപങ്ങൾ. ഒരു പക്ഷേ മനോരോഗം, തീരാവ്യാധികൾ, ജന്മനാ ഉള്ള ശാരീരിക വൈകല്യങ്ങൾ, കഷ്ടങ്ങൾ, നഷ്ടങ്ങൾ, ബന്ധനങ്ങൾ കുടും ബത്തിന്മേൽ വരുന്നു. ജീവിതത്തിൽ ശാപങ്ങൾ ഏറ്റു വല യുന്ന ജനങ്ങളുണ്ട്. സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഏറ്റ ശാപങ്ങൾ എന്തെല്ലാമാണ്?

കുറച്ചു നാളുകൾക്കുമുമ്പ് ഒരു കുടുംബം എന്നെ കാണാൻ വന്നു. അവരോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ

ചില ശാപങ്ങൾ ആ വീട്ടിലുണ്ട് എന്ന് കർത്താവ് കാണിച്ചു തന്നു. എന്നെങ്കിലും കൊലപാതകമോ ആത്മഹത്യയോ നട ന്നിട്ടുണ്ടോ എന്ന് ഞാനവരോട് ചോദിച്ചു. അവർ പറഞ്ഞു: ഞങ്ങളുടെ ഓർമ്മയിലില്ല. കാരണവന്മാരുടെ കാലത്ത് കൊല പാതകവും ആത്മഹത്യയും നടന്നിട്ടുണ്ട് എന്നു കേട്ടിട്ടുണ്ട്. അവർ ഓരോ കാര്യങ്ങൾ പറയുമ്പോഴും പരിശുദ്ധാത്മാവ് അവരെ തൊടുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ കൃപ യിൽ ശരണപ്പെട്ടുകൊണ്ട് ഞാൻ പറഞ്ഞു: ഈ ശാപങ്ങൾ മാറണ്ടേ? നിങ്ങളുടെ ആളത്വത്തിന്മേലുള്ള ബന്ധനങ്ങൾ മാറ ണ്ടേ?

ഈ ശാപങ്ങൾ വച്ചുകൊണ്ട് നിങ്ങൾ മുന്നോട്ടുപോ യാൽ അത് മക്കൾക്ക് നാശമായിത്തീരും. നിങ്ങളുടെ കുടുംബ ത്തിൽനിന്ന് രോഗങ്ങൾ വിട്ടുമാറാതെ നിൽക്കും. പാവങ്ങൾ, അവർ ഇതിനെക്കുറിച്ചൊന്നും ചിന്തിച്ചിട്ടില്ല. അവർ ക്കതൊന്നും അറിയാൻ പാടില്ല. പറഞ്ഞുകൊടുക്കാൻ ആരും ഉണ്ടായിരുന്നില്ല.

എന്റെ ദൈവമേ, ഇതെല്ലാം പള്ളികൾ ചെയ്യേണ്ട കാര്യ മല്ലേ? പള്ളിയിലെ അച്ചന്മാർ ചെയ്യേണ്ട കാര്യമല്ലേ? സഭ നിർവ്വ ഹിക്കേണ്ട കാര്യമല്ലേ? പള്ളി എന്തിനാണ്? സഭ എന്തിനാണ്? പാവപ്പെട്ട മനുഷ്യൻ എരിപൊരി കൊള്ളുമ്പോൾ അവനെ താങ്ങാൻ! പാവപ്പെട്ട മനുഷ്യൻ യേശുവില്ലാതെ നശിക്കു മ്പോൾ അവനെ യേശുവിലേക്ക് ആനയിക്കാൻ! വ്യക്തിക്ക് രക്ഷകൊടുക്കാൻ! മാത്രമല്ല, വീടിന് രക്ഷ കൊടുക്കാൻ! അതിന് നേതൃത്വം കൊടുക്കേണ്ടത് പള്ളിയാണ്; സഭയിലെ മേലധികാരികളാണ്.

പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടപ്പോൾ എന്റെ ഉള്ളിൽ പൊന്തിയ ചിന്തയാണ്, എന്റെ കർത്താവേ, ഈ വചനം ഓടിനടന്ന് പറയണമല്ലോ; അനേകർ സത്യം കേൾക്ക ണമല്ലോ; അനേകർ സത്യം അറിയണമല്ലോ; അനേകർ രക്ഷ

പ്പെടണമല്ലോ. ഹൃദയത്തിൽ വലിയ ദാഹമായിരുന്നു. ദൈവവേല ചെയ്യണമെന്നുള്ള ദാഹം! ഉപജീവനത്തിനുവേണ്ടി ഞാൻ സ്കൂളിലും കോളേജിലും പഠിപ്പിച്ചു, കൃഷി ചെയ്തു. പക്ഷേ, എന്റെ കർത്താവിന്റെ വേലയായിരുന്നു ഒന്നാമത്. യേശുക്രിസ്തുവിന്റെ വേല!

കോളേജിൽ ജോലിക്ക് കയറുമ്പോൾ ഞാൻ പറഞ്ഞു: കർത്താവേ, ഒന്നാമത് നിന്റെ വേല, രണ്ടാമത് ഞാൻ കോളേജ് അദ്ധ്യാപകൻ. പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്ന ദിവസം രാവിലെയും ഞാൻ പ്രാർത്ഥിച്ചു: കർത്താവേ, ഒന്നാമത് ഞാനൊരു സുവിശേഷകൻ, രണ്ടാമത് കോളേജിന്റെ പ്രിൻസിപ്പൽ. കർത്താവിന്റെ വേല എനിക്ക് പ്രമോദമായിരുന്നു. എനിക്ക് സമാധാനമായിരുന്നു.

ഞാനിന്ന് ഇത്രയും ആരോഗ്യത്തോടെ ഇരിക്കുന്നത് കർത്താവിന്റെ വേല ചെയ്യുന്നതുകൊണ്ടാണ്. കർത്താവിന്റെ വേല ചെയ്യുന്നതുകൊണ്ട് ആരോഗ്യം കിട്ടുകയാണ്. എന്റെ കുറവുകൾ ഓർക്കാതെ, ബലഹീനതകൾ ഓർക്കാതെ, പോരായ്മകൾ ഓർക്കാതെ കർത്താവ് എനിക്ക് കൃപ തന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യം തന്നുകൊണ്ടിരിക്കുകയാണ്.

ഇന്നു നിങ്ങൾ യേശുക്രിസ്തുവുമായി ഒരു ബന്ധത്തിലേക്ക് വരണം. സക്കായിയുടെ ഭവനത്തിലേക്ക് രണ്ടായിരം വർഷം മുമ്പ് എഴുന്നള്ളിവന്ന ക്രിസ്തു ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണം. യേശുക്രിസ്തു ഹൃദയത്തിലേക്ക് വരാൻ നിങ്ങൾ ഹൃദയം തുറക്കണം. നിങ്ങൾ ഒന്നു മാത്രം പറഞ്ഞാൽമതി: കർത്താവേ, എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്നാൽ ഇപ്പോൾ നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ അന്ധകാരംനിറഞ്ഞ ഹൃദയത്തിലേക്ക് സത്യപ്രകാശമായി കടന്നുവരണമേ.

അന്ധവിശ്വാസമുള്ള ഹൃദയം, അനേകം ശാപങ്ങളുള്ള ഹൃദയം, അനേകം തിന്മകൾ ചെയ്തുപോയ ഹൃദയം!

കർത്താവേ, എന്തെല്ലാം ദുരാഗ്രഹങ്ങളാണ്, ഏതെല്ലാം മ്ലേച്ഛ മായ മോഹങ്ങളാണ് ഈ ഹൃദയത്തിൽ ഉണ്ടായിരുന്നത്? ഏതെല്ലാം അരുതാത്ത വഴികളിൽക്കൂടെയാണ് ഞാൻ നട ന്നത്? ഇന്ന് ഞാൻ ലജ്ജിച്ചുപോകുന്നു. അയ്യോ! ഞാൻ എത്ര ഹീനമായി ജീവിച്ച മനുഷ്യനാണ്.

ഞാൻ എന്തെല്ലാം വൃത്തികേടുകളാണ് ചെയ്തുപോ യത്? എന്നാൽ ഇന്ന് എന്റെ പാപങ്ങളെല്ലാം ഉപേക്ഷിച്ചു കൊണ്ട് കർത്താവേ, നിന്റെ ക്രൂശുമരണത്തിൽ വിശ്വസിച്ചു കൊണ്ട് ഞാനിതാ നിന്റെ കാൽക്കൽ വീഴുന്നു. നിങ്ങൾക്ക് യേശുവിനോട് പറയാം: സക്കായി യേശുവിനെ കൈക്കൊണ്ട തുപോലെ ഞാനിതാ യേശുവിനെ കൈക്കൊള്ളുന്നു. യേശു സൗജന്യസ്നേഹംകൊടുത്ത് സക്കായിയുടെ ഭവനത്തിലേക്ക് ചെന്നതുപോലെ നീ എന്റെ ഭവനത്തിലേക്ക് വരണമേ. എന്റെ ഹൃദയത്തിലേക്ക് വരണമേ.

സഹോദരങ്ങളേ, നിങ്ങൾ പ്രാർത്ഥിച്ചു ചോദിച്ച് വാങ്ങി ക്കണം. നിങ്ങൾ ഇത് നേരിട്ടനുഭവിക്കണം. ഒരു മഹാസത്യം നിങ്ങളുടെ അരികിലേയ്ക്ക് വന്നിരിക്കുകയാണ്. ഇപ്പോൾ ഇരി ക്കുന്ന ഇരിപ്പിൽ കർത്താവിനോട് പറയണം: നീ എന്റെ ഹൃദയ ത്തിലേക്ക് എഴുന്നള്ളി വരണമേ. കർത്താവേ, നീ എനിക്ക് ദാഹം തന്നതാണ്. അതുകൊണ്ടാണ് ഞാനിത് വായിക്കുന്നത്. എനിക്ക് നിന്നോടൊരു സ്നേഹം തന്നത് കൃപയാണ്.

കർത്താവേ, വചനം വായിക്കാൻ ഇടയായത് നിന്റെ ഒരു മഹാവലിയ സ്നേഹമാണ്, കൃപയാണ്. യേശുവേ, ഞാനിതാ നിന്റെ വചനത്തിനു മുൻപാകെ താഴുന്നു. യേശുവേ, ഞാനിതാ തിരുമുമ്പാകെ വന്നിരിക്കുന്നു. ഒറ്റയ്ക്കൊരാഗ്രഹം മാത്രം. നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. ചോദിക്കാൻ യോഗ്യതയില്ല. പ്രാർത്ഥിക്കാൻ അർഹതയില്ല. നിന്റെ നാമം ഉച്ചരിക്കാൻപോലും ഞാൻ യോഗ്യനല്ല. നീ മഹാ പരിശുദ്ധനാണ്! നീ അഖിലാണ്ഡത്തിന്റെ ഉടയവനാണ്!

സർവ്വപ്രപഞ്ചത്തിന്റേയും സ്രഷ്ടാവാണ്! ആകാശഗോളങ്ങൾക്കപ്പുറം എല്ലാ സൃഷ്ടികളെയും നിർമ്മിച്ചവൻ! ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും നക്ഷത്രരാശിയെയും നിർമ്മിച്ചവൻ!

ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവമേ, അവിടുന്നിപ്പോൾ എന്റെ ചെറിയ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ അശുദ്ധമായ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ സ്വാർത്ഥതയുള്ള ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. അനേകം തിന്മകൾ സംഭവിച്ചുപോയ ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമേ. പുറമേ പാപത്തിന്റെ പ്രവൃത്തി വരാത്തപ്പോഴും ചിന്തയിൽ പാപമുള്ള ഈ ദുഷ്ടമനുഷ്യന്റെ ഹൃദയത്തിലേക്ക് വരണമേ.

സ്നേഹിതരേ, നിങ്ങൾ പ്രാർത്ഥിക്കൂ. എങ്കിൽ കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ നിങ്ങൾക്ക് പ്രയോജനം ലഭിക്കും. ഇന്ന് സമർപ്പിക്കുമെങ്കിൽ, ജീവിതം കർത്താവിന് കൊടുക്കുമെങ്കിൽ, യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങൾ ജീവിതം ഭരമേൽപ്പിക്കുമെങ്കിൽ, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നിങ്ങൾ പറക്കും. രൂപാന്തരപ്പെടും. ആത്മശരീരമായിത്തീരും.

“ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു.” യേശുവേ, നീ ഇപ്പോൾ ഈ നിസ്സാരമനുഷ്യന്റെ ഹൃദയത്തിലേക്ക് കടന്നുവരണമേ. ഇത്രയുംകാലം ഞാൻ ചുമന്നുകൊണ്ട് നടന്ന പാപങ്ങൾ ഞാനിതാ ഉപേക്ഷിക്കുകയാണ്. ഇത്രയുംകാലം എന്നെ ഭരിച്ചിരുന്ന പാപസ്വഭാവങ്ങളോട് ഇന്ന് ഞാൻ യാത്രപറയുകയാണ്. അരുതാത്ത സ്നേഹബന്ധങ്ങൾ, ഹീനമായ കൂട്ടുകെട്ടുകൾ, എല്ലാം ഞാൻ വിടുന്നു. വെറിക്കൂത്തുകളെല്ലാം വിടുന്നു. ചീത്തപടങ്ങൾ വിടുന്നു. എന്റെ സ്വാർത്ഥതാത്പര്യങ്ങൾ എല്ലാം വിടുന്നു.

കർത്താവേ, നീ ഇപ്പോൾതന്നെ എന്റെ ഹൃദയത്തിലേക്ക്

നടന്നു വരണമേ. സക്കായിയുടെ ഭവനത്തിലേക്ക് വന്ന് സക്കായിയെ അനുഗ്രഹിച്ച് “ഇവനും അബ്രാഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നു” എന്നു പറഞ്ഞ യേശുവിന്റെ ശബ്ദം എന്റെ ഹൃദയത്തിൽ മുഴങ്ങണമേ. എനിക്ക് രക്ഷ തരണമേ. എന്റെ വീടിന് രക്ഷ തരണമേ. നിത്യജീവന്റെ ഉറപ്പ് തരണമേ.

നീ ഇന്ന് എന്റെ ഹൃദയത്തിലേക്ക് വന്ന് എന്നെ പുതിയ സൃഷ്ടിയാക്കി മാറ്റണമേ. ഇന്നുമുതൽ ഞാൻ നിന്റെ വകയായി ജീവിക്കുമെന്ന് ഞാൻ നിന്നോടു വാക്കുപറയുന്നു. ഈ നിസ്സാരജീവിതം നിങ്ങൾ യേശുവിന്റെ കൈകളിലേക്ക് കൊടുക്കുമോ? യേശു ഇതാ നിങ്ങളുടെ അരികത്ത് വന്നു നിൽക്കുന്നു. യേശുവിന്റെ കണ്ണ് ആർദ്രമാണ്. വാത്സല്യംകൊണ്ട് ആർദ്രമായ കണ്ണ്. വാത്സല്യത്തിന്റെ നറുമുത്തുകൾപോലെ ഇതാ കണ്ണുനീര് ഒഴുകിക്കൊണ്ടിരിക്കുന്നു.

യേശുവിന്റെ കവിളത്തുനിന്ന് രോമങ്ങൾ പിഴുതെടുത്തതുകൊണ്ട് രക്തം ഒലിച്ചിറങ്ങുന്ന മുഖം. മുൾമുടി വച്ചതുകൊണ്ട് ശിരസ്സിൽ നിന്ന് രക്തം ഒഴുകിക്കൊണ്ടിരിക്കുന്ന മുഖം. രക്തവും വിയർപ്പും കൂടിച്ചേർന്ന് ഒഴുകുന്നു. കർത്താവിന്റെ കൈയിൽനിന്നും കാലുകളിൽ നിന്നും തിരുരക്തം ഒഴുകുന്നു. കർത്താവിന്റെ ചങ്കിൽ കുന്തംകൊണ്ട് കുത്തിയതുകൊണ്ട് തിരുരക്തം ഒലിച്ചൊലിച്ച് വരുന്നു. ഇപ്പോൾ നിങ്ങൾ കർത്താവായ യേശുവിന്റെ പാദപീഠത്തിലാണ്. ഇപ്പോൾ നിങ്ങൾ പറയണം, കർത്താവേ, ശിരസ്സിൽക്കൂടി ഒലിച്ചിറങ്ങുന്ന ആ രക്തം ഇപ്പോൾ എന്റെ തലമേൽ വന്നുവീഴണമേ. യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു. രക്താംബരംപോലെ ചുവപ്പായ എന്റെ ജീവിതം ഹിമംപോലെ വെണ്മയുള്ളതാക്കിത്തീർക്കണമേ.

കർത്താവേ, നീ എന്നെ കഴുകണമേ. ഇപ്പോൾ തന്നെ എന്റെ കഴിഞ്ഞകാലപാപങ്ങളെല്ലാം ക്ഷമിച്ചുതരണമേ, എല്ലാം

മായിച്ചു തരണമേ. എല്ലാം മറച്ചു തരണമേ. നിന്റെ തിരുരക്ത ത്താൽ എന്നെ നീ പൊതിയണമേ. തിരുരക്തത്താൽ എന്നെ ആവരണം ചെയ്യണമേ. തിരുരക്തത്താലുള്ള ആവരണം തന്ന് എന്നെ ശത്രുവിന്റെ കൈയിൽ നിന്ന് വിടുവിക്കണമേ. നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിക്കൂ. കർത്താവിനോടു വാക്ക് പറയൂ:

എന്റെ യേശുവേ, ഞാൻ എന്നെത്തന്നെ നിന്റെ കരങ്ങളി ലേക്ക് തരുന്നു. യേശുവേ, ഞാനിതാ വരുന്നു, എന്നെ സ്വീകരി ക്കണമേ. എനിക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകാ, എനിക്കു വേണ്ടി ജീവൻ വെടിഞ്ഞ രക്ഷകാ, എനിക്കുവേണ്ടി തിരു രക്തം ചിന്തിയ രക്ഷകാ, ഞാനിതാ വരുന്നു, എന്നെ സ്വീകരി ക്കണമേ.

# അഞ്ച്

*"യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്ന് ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്ന് അവർ പറഞ്ഞു."*

*അപ്പൊ. പ്രവൃത്തികൾ 16 : 30, 31*

നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. ദൈവവചനം സ്വീകരിക്കുമ്പോൾ രക്ഷ പ്രാപിക്കാം. ദൈവവചനം കൈക്കൊള്ളുമ്പോൾ രക്ഷ പ്രാപിക്കാം. ദൈവവചനം കേട്ട് രക്ഷ പ്രാപിക്കാം. എനിക്ക് രക്ഷയില്ലെന്ന് പറയുന്നയാളുകളുണ്ട്. ചെല്ലുന്നിടത്തെല്ലാം തോൽവി. എല്ലായിടത്തും പരാജയം. അനുകൂലമായി ആരുമില്ല. എന്നെ സ്നേഹിക്കാനാരുമില്ല. എന്റെ പ്രശ്നം കാണാനാരുമില്ല. എന്റെ പ്രശ്നങ്ങൾ തുറന്നു പറയാൻ എനിക്കാരുമില്ല. ഇങ്ങനെ ആവലാതിപ്പെടുന്ന അനേകരില്ലേ?

എങ്ങനെ കഷ്ടപ്പെട്ടാലും മുന്നോട്ട് ഒരു ഗതി കിട്ടുന്നില്ല. ഞാൻ എത്ര അദ്ധ്വാനിച്ചതാണ്? ഏതെല്ലാം പടിവാതിലിൽ മുട്ടിനോക്കി. ഒരു ജോലി കിട്ടുന്നില്ല. എങ്ങനെ ഈ കുടുംബത്തിൽ ഞാൻ ജീവിക്കും? നിരന്തരം തല്ലുന്ന ഒരു ഭർത്താവ്. എന്നും കോപിച്ച് അട്ടഹസിക്കുന്ന മനുഷ്യൻ. കുഞ്ഞുങ്ങൾക്ക് പഠിക്കാൻപോലും സമയം കൊടുക്കുന്നില്ല. സന്ധ്യയായാൽ ഒച്ചപ്പാടും ബഹളവും. അയൽപക്കത്തുള്ളവർക്കുപോലും ഇതു പരിചയമായിരിക്കുന്നു. ശബ്ദകോലാഹലങ്ങൾ കേൾക്കുമ്പോൾ എല്ലാവർക്കും മനസ്സിലാവും, ഗൃഹനാഥൻ വന്നു

എന്ന്. ഒരു രക്ഷയുമില്ല. ഇനിയുണ്ടോ എനിക്കൊരു നല്ലകാലം?

ഇതെല്ലാം ഭൗതികമായ കാര്യങ്ങളാണ്. പഠിത്തം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തവർ, കടംകയറി വിഷമിക്കുന്നവർ; പലിശ കൊടുത്ത് മുടിഞ്ഞവർ. ഇങ്ങനെ വലയുന്ന ആളുകൾ. ഒരു അത്യാവശ്യം വന്നപ്പോഴാണ് ഒരാൾക്ക് കടം കൊടുത്തത്. ഇതാ ഇപ്പോൾ മകളുടെ വിവാഹം വന്നിരിക്കുന്നു. തിരികെ ചോദിച്ചപ്പോൾ പണം കിട്ടുന്നില്ല. എന്തു ചെയ്യും? ഒരു രക്ഷയുമില്ല.

കുടുംബമായി അഭിവൃദ്ധി കിട്ടാൻ, കുടുംബമായി രക്ഷ കിട്ടാൻ, ഒരു ഉന്നമനം പ്രാപിക്കുവാനുള്ള ഏക മാർഗ്ഗം ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുകയാണ്. ക്രിസ്തു നിങ്ങളുടെ ഭവനത്തിലേയ്ക്ക് വരട്ടെ. ക്രിസ്തു നിങ്ങളുടെ അരികത്തേക്ക് വരട്ടെ. ക്രിസ്തു വന്നാൽ നിങ്ങൾക്ക് അഭിവൃദ്ധിയായിരിക്കും. മന:പൂർവ്വം പാപം ചെയ്യുന്നവർക്കൊഴികെ എല്ലാവർക്കും ഒരു ഉന്നമനം അല്ലെങ്കിൽ വളർച്ച ലഭിക്കും. വചനത്തെ തുച്ഛീകരിക്കുന്നവർക്കോ എതിർക്കുന്നവർക്കോ അഭിവൃദ്ധി ലഭിക്കുകയില്ല.

നിങ്ങൾ പ്രാർത്ഥിക്കൂ, കർത്താവേ, ഇന്നുമുതൽ എനിക്ക് രക്ഷ കിട്ടുന്ന ഒരു നല്ലകാലം നീ തരണമേ. ഇന്നുമുതൽ ഒരു വ്യത്യസ്തമായ ജീവിതം, ഇന്നലത്തേക്കാൾ ഭേദപ്പെട്ട ഒരു ജീവിതം എനിക്കു തരണമേ. കർത്താവേ, നീ എല്ലാം കാണുന്നല്ലോ, കേൾക്കുന്നല്ലോ. എന്റെ കുഞ്ഞിന്റെ രോഗത്തിൽ നിന്റെ കരം ഒന്ന് വയ്ക്കണമേ. എന്റെ മോന്റെ പഠിത്തത്തിൽ നിന്റെ കരമൊന്ന് വയ്ക്കണമേ. എന്റെ മകളുടെ വിവാഹകാര്യത്തിൽ, എന്റെ ബാങ്കിലെ കടത്തിന്റെ കാര്യത്തിൽ കർത്താവേ, നിന്റെ കരമൊന്ന് വയ്ക്കണമേ. പിരിമുറുക്കം കൊണ്ട് നീറിപ്പിടയുന്ന എന്റെ ഹൃദയത്തിൽ നിന്റെ കരമൊന്ന് വയ്ക്കണമേ.

വിശ്വസിക്കൂ, നിങ്ങളും യേശുവും മാത്രം. യേശുവിനോട് നിങ്ങൾ പറയുകയാണ്, കർത്താവേ, എനിക്ക് അഭിവൃദ്ധി തരണം.

കർത്താവേ, എനിക്ക് രക്ഷ തരണം. ഈ ഭൗതികജീവിതത്തിൽ എനിക്കൊരു മുന്നേറ്റം തരണം. എനിക്ക് സമാധാനം തരണം. എന്റെ കുടുംബത്തിന് രക്ഷയില്ല. ഭാര്യയും ഭർത്താവും തമ്മിൽ ഇഷ്ടക്കേട്, മുഷിച്ചിൽ; മാതാപിതാക്കളും മക്കളും തമ്മിൽ ഇഷ്ടക്കുറവ്; പരിഭവവും പരാതിയും. ഏക ഹൃദയം കിട്ടുന്നില്ല. പലപ്പോഴും അഭിപ്രായവ്യത്യാസം. അങ്ങനെ കലങ്ങി പ്പോയ കുടുംബം. ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം മനസ്സ് നൊന്തിരിക്കുന്ന അനേകരുണ്ട്. കർത്താവിനോട് പറയണം: കർത്താവേ, എനിക്ക് ഒരു രക്ഷ തരണമേ.

ഞാനും ഒരു രക്ഷയുമില്ലല്ലോയെന്ന് പറഞ്ഞ മനുഷ്യ നാണ്. എന്റെ അമ്മയും പറഞ്ഞിട്ടുണ്ട് ഒരു രക്ഷയുമില്ലല്ലോ യെന്ന്. നിരാശയിലാണ്ടുപോയ ജീവിതമായിരുന്നു. മാറിമാറി കരഞ്ഞിട്ടുണ്ട്. നിരാശയോടെ അമ്മ ഓരോ ജോലികൾ ചെയ്യു ന്നത് ഞാൻ കണ്ടിട്ടുണ്ട്. മുപ്പതാമത്തെ വയസ്സിൽ വിധവയാ യിത്തീർന്ന എന്റെ അമ്മയ്ക്ക് ഭാവിയെപ്പറ്റി എന്ത് സന്തോഷ മാണുള്ളത്? ആകെ, ഞങ്ങൾ മക്കൾ വളർന്നുവരുന്നത് കാണുവാനുള്ള സന്തോഷം.

ഞങ്ങളുടെ വളർച്ച കാണുവാൻ അമ്മ കഷ്ടപ്പെട്ടു. രുചി കരമായ ഭക്ഷണം ഉണ്ടാക്കിത്തന്നു. എന്നാലും ആ കാലങ്ങൾ കരഞ്ഞ കാലങ്ങളാണ്. അനാഥമായ കാലങ്ങളാണ്. വലഞ്ഞു പോയ കാലങ്ങളാണ്. അപ്പന്റെ ജ്യേഷ്ഠനും അനുജന്മാരു മെല്ലാം സഹായിച്ചു. പല കാര്യങ്ങളും ചെയ്തുതന്നു. അവരോ ടെല്ലാം എനിക്ക് എന്നും നന്ദിയുണ്ട്. എന്നാൽ അപ്പൻ നഷ്ട പ്പെട്ടല്ലോ എന്നുള്ളത് മാറാത്ത സങ്കടമായിരുന്നു.

എന്റെ പ്രിയപ്പെട്ടവരോട് ഒരു വാക്ക് പറയാതെ വയ്യ. അനാഥരായി ആരെങ്കിലുമുണ്ടോ? ആരുമില്ലായെന്ന് കരുതു ന്നവരുണ്ടോ? ഭാരപ്പെടുന്നവരുണ്ടോ? ഞാൻ പറയട്ടെ സഹോ ദരാ, നിങ്ങളെ കാണുന്ന ഒരു ദൈവമുണ്ട്.

മുപ്പത്തെട്ട് വർഷം തളർവാതം പിടിച്ച് ദയനീയമായി കിടക്കുന്ന ഒരു മനുഷ്യൻ. ബേഥെസ്ദാ കുളക്കരയിൽ ആ

മനുഷ്യന്റെ അടുത്തേക്ക് യേശുക്രിസ്തു ചെന്നു. നിനക്ക് സൗഖ്യമാകുവാൻ, പൂർണ്ണനാകുവാൻ മനസ്സുണ്ടോ? “Do you want to be whole?” അവൻ പറയുകയാണ്. എനിക്കാരുമില്ല, എന്നെ സഹായിപ്പാനാരുമില്ല. കുളത്തിലെ വെള്ളം കലങ്ങു മ്പോൾ എന്നെ സഹായിപ്പാൻ എനിക്കാരുമില്ല.

എനിക്കാരുമില്ല എന്നുപറഞ്ഞ് കരയുന്നവരോട് നിനക്ക് ഞാനുണ്ട് എന്ന് പറയുന്നവനാണ് ക്രിസ്തു. നിന്നെ സഹായി പ്പാൻ ഞാനുണ്ട്. അതിനാണ് മകനേ, ഞാൻ ഈ കുളക്കരയി ലേക്ക് വന്നത്. നിനക്ക് ആരുമില്ലായെന്ന് പറഞ്ഞ് നീ കരഞ്ഞു കൊണ്ടിരിക്കുകയായിരുന്നില്ലേ? നിന്നെ സഹായിപ്പാൻ ഞാനുണ്ട്. എനിക്ക് രക്ഷയില്ലായെന്ന് പറഞ്ഞ് കരയുന്നവ രോട് നിനക്ക് അപ്പനായി ഞാനുണ്ട് എന്ന് യേശു പറയുന്നു. മോളേ, ഭർത്താവ് നഷ്ടപ്പെട്ട് വിതുമ്പി നീറുന്ന, ആശ്രയമാരു മില്ലാത്ത നിനക്ക് നാഥനായി, യജമാനനായി ഞാനുണ്ട്.

ഒരു സംഭവം പറയാം. ആ മോൻ വിതുമ്പിക്കരയുകയാണ്. അവന്റെ അപ്പന്റെ അമ്മ അവനെ ചേർത്തുപിടിച്ചിരിക്കുന്നു. മോനേ, സാരമില്ല; ഈ ഭൂമിയിലെ അപ്പൻ മരിച്ചുപോയി ശരി യാണ്. അമ്മയും നിന്നെ വിട്ടുപോയി വേറെ വിവാഹം കഴിച്ചി രിക്കുന്നു. ഈ മകനെ പിന്നെ അപ്പന്റെ അമ്മയാണ് വളർത്തു ന്നത്. എത്ര ശ്രമിച്ചിട്ടും മോന് സങ്കടം അടക്കാൻ പറ്റുന്നില്ല. അപ്പനുമായി അത്രയ്ക്ക് നല്ല അടുപ്പമായിരുന്നു. സ്നേഹമാ യിരുന്നു.

അപ്പൻ മരിച്ചതിനുശേഷം അവൻ പലപ്പോഴും ഒറ്റയ്ക്കി രുന്ന് കരയും. അവന്റെ വല്യമ്മ അവനെ ചേർത്തുപിടിച്ച് നിറു കയിൽ ഉമ്മ കൊടുത്തിട്ട് പറയും. മകനേ, നീ അനാഥനല്ല. നിനക്കൊരു അപ്പനുണ്ട്. പക്ഷേ, അവന് അത് മനസ്സിലാവില്ല. വീണ്ടും പറയും. മകനേ, സ്വർഗ്ഗത്തിലെ ദൈവം നിന്റെ അപ്പ നാണ്. മോൻ തന്നെ അതൊന്നു പറഞ്ഞേ. “God is my Father” അവൻ പറയും “God is my Father.” ദൈവം എന്റെ അപ്പനാണ്.

വീണ്ടും വീണ്ടും വല്യമ്മ അവനെക്കൊണ്ട് ഏറ്റുപറയി

ക്കും. അങ്ങനെ പറഞ്ഞുപറഞ്ഞ് ആ മോൻ വളർന്നു. ഇരുപത്തിനാല് വയസ്സായി. അങ്ങനെ ഇരുപത്തിനാലാം വയസ്സിൽ 'Law of Gravity' കണ്ടുപിടിച്ച സർ ഐസക്ന്യൂട്ടൻ. ബാല്യത്തിൽ അപ്പനില്ലായെന്ന് പറഞ്ഞ് കരഞ്ഞവൻ പിന്നീട് ലോകംകണ്ട പ്രശസ്ത ശാസ്ത്രജ്ഞനായി മാറി.

നിങ്ങൾ വിശ്വസിക്കൂ, നിങ്ങളെ കരുതാനൊരാളുണ്ട്. നിങ്ങൾക്ക് ആശ്രയിക്കാൻ കൊള്ളാവുന്ന ഒരാളുണ്ട്. ഏതു കൊടിയ പ്രശ്നമാണെങ്കിലും നിങ്ങൾ ആ വിഷയം കർത്താവിനെ ഏല്പ്പിക്കൂ. എത്ര രൂക്ഷമാണെങ്കിലും ഏല്പിച്ചു കൊടുത്തു നോക്കൂ. പ്രിയപ്പെട്ടവനേ, നീയും യേശുവും മാത്രം. മറ്റാരുമറിയാത്ത, മറ്റാരും കാണാത്ത പ്രശ്നങ്ങൾ ഇപ്പോൾ യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ. കർത്താവ് ചുമലിലേയ്ക്ക് എടുത്തുകൊള്ളും. എത്ര ഭാരമേറിയ ചുമടും യേശു എടുത്തുകൊള്ളും.

നിങ്ങളുടെ ഭാരങ്ങൾ യേശു ഏറ്റെടുക്കുമ്പോൾ നിങ്ങൾ ചുമട് ഒഴിഞ്ഞവരായി യേശുക്രിസ്തുവിനെ സ്തുതിക്കും. ആ ഒരു വിശ്വാസം നിങ്ങൾക്ക് വരട്ടെ. എന്റെ പ്രശ്നങ്ങൾ ഞാൻ യേശുവിനെ ഏൽപ്പിച്ചു കഴിഞ്ഞിരിക്കുന്നു. പറയേണ്ടവനോട് പറഞ്ഞു കഴിഞ്ഞിരിക്കുന്നു. മറ്റാർക്കും മനസ്സിലാകാത്ത പ്രശ്നം ഞാനിതാ യേശുവിനോട് പറഞ്ഞിരിക്കുന്നു. യേശു എന്റെ ഭാരം ചുമക്കുവാൻ വന്നവനാണ്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."

"കർത്താവായ യേശുവിൽ വിശ്വസിക്ക നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." നീ രക്ഷ പ്രാപിക്കും. നിന്റെ കുടുംബം രക്ഷ പ്രാപിക്കും. അപ്പൊസ്തലനായ പൗലോസും ശീലാസും ഏഷ്യാമൈനറിൽ വേല ചെയ്യുകയായിരുന്നു. ആസ്യയിലേക്ക് പോയി വേല ചെയ്യാനുള്ള അവരുടെ ആലോചനയെ പരിശുദ്ധാത്മാവ് വിലക്കി. എന്നാൽ ബിഥുന്യയ്ക്ക് പോകാമെന്ന് അവർ ചിന്തിച്ചു. എന്നാൽ അവിടെയും വചനം

പറയാൻ പരിശുദ്ധാത്മാവ് വിലക്കി.

> *“അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു, മുസ്യയിൽ എത്തി ബിഥുന്യെക്കു പോകുവാൻ ശ്രമിച്ചു; യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല.”*
>
> *അപ്പൊ. പ്രവൃത്തികൾ 16 : 6, 7*

ആസ്യയിലും ബിഥുന്യയിലും വചനം സംസാരിക്കരുതെന്ന് യേശുവിന്റെ ആത്മാവ് പറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്? നിങ്ങൾ ഭൂമിയുടെ അറ്റത്തോളം പോയി സുവിശേഷം അറിയിക്കാനാണ് യേശു പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവ് ആസ്യയിലേക്കും ബിഥുന്യയിലേക്കും കടന്നുപോകാതെ വിലക്കുന്നു! പരിശുദ്ധാത്മാവാണ് സംസാരിക്കുന്നത് എന്ന് എങ്ങനെ തിരിച്ചറിയാം? “സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമാണ് പരിശുദ്ധറൂഹാ.”

ഈ പരിശുദ്ധാത്മാവ് പുരാതനകാലത്ത് മേഘസ്തംഭത്തിലും അഗ്നിത്തൂണിലുമുണ്ടായിരുന്നു. പിന്നീട് ദൈവാലയത്തിലേക്കിറങ്ങി വന്നു. പിന്നീട് ഈ ദൈവതേജസ്സ് മനുഷ്യനിലേക്കിറങ്ങി വന്ന് മനുഷ്യരോട് സംസാരിച്ചുകൊണ്ടിരുന്നു. അതേ പരിശുദ്ധാത്മാവ് ഇന്നും തന്റെ വിശുദ്ധന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും സംസാരിച്ചുകൊണ്ടിരിക്കുന്നു.

പൗലോസും ശീലാസും കൂടിയാലോചിച്ചു. ഇനി എന്താണ് ചെയ്യേണ്ടത്? ആസ്യയിലേക്ക് കടന്നുപോകാൻ പരിശുദ്ധാത്മാവ് സമ്മതിക്കുന്നില്ല. ബിഥുന്യയിലേക്ക് പോകാനും വിലക്കുന്നു. എന്നാൽ ഒരു രാത്രി, ദർശനത്തിൽ ഒരു മനുഷ്യൻ കൈകാട്ടി വിളിക്കുന്നത് പൗലോസ് കണ്ടു. “കടന്നു വന്ന് ഞങ്ങളെ സഹായിക്കുക.” അപ്പൊസ്തലൻ ചോദിച്ചു:

നീയാരാണ്? ഞാൻ മാസിഡോണിയയിൽ നിന്നാണ്. മാസിഡോണിയ അല്ലെങ്കിൽ മക്കദോന്യ, ഗ്രീസിലാണ്. ഗ്രീസ് യൂറോപ്പിലുമാണ്. ഏഷ്യയിൽ ദൈവവേല ചെയ്ത അപ്പൊസ്തലന്മാരെ ദൈവാത്മാവ് യൂറോപ്പിലേയ്ക്ക് ക്ഷണിക്കുകയാണ്. അപ്പൊസ്തലന്മാർ അത് അപ്പാടെ അനുസരിച്ചു. ദൈവാത്മാവ് പറയുന്നത് അനുസരിക്കുന്നത് ഒരു നല്ല ലക്ഷണമാണ്. ചില കാര്യങ്ങൾ ബുദ്ധിയിൽ മനസ്സിലായില്ലെങ്കിലും കണ്ണുമടച്ച് വിശ്വസിക്കുക. ഒരിക്കലും നഷ്ടം വരികയില്ല.

> *"അങ്ങനെ ഞങ്ങൾ ത്രോവാസിൽ നിന്നു കപ്പൽ നീക്കി നേരെ സമൊത്രാക്കെയിലേക്കും പിറ്റെന്നാൾ നവപൊലിക്കും അവിടെനിന്നു ഫിലിപ്പിയിലേക്കും ചെന്നു. ഇതു മക്കദോന്യയുടെ ആ ഭാഗത്തെ ഒരു പ്രധാനപട്ടണവും റോമാക്കാർ കുടിയേറിപ്പാർത്തതും ആകുന്നു. ആ പട്ടണത്തിൽ ഞങ്ങൾ ചില ദിവസം പാർത്തു. ശബ്ബത്തുനാളിൽ ഞങ്ങൾ ഗോപുരത്തിന്നു പുറത്തേയ്ക്കു പോയി അവിടെ പ്രാർത്ഥനാസ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ച് പുഴവക്കത്തിരുന്നു; അവിടെ കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു."*
>
> *അപ്പൊ. പ്രവൃത്തികൾ 16 : 11 – 13*

വ്യക്തിപരമായ സുവിശേഷം! Personal Evangelization ആണ് അറിയിച്ചത്. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലും അതാണ് ചെയ്യുന്നത്. സ്നാനത്തെക്കുറിച്ചോ, പള്ളിയെക്കുറിച്ചോ, സഭയെക്കുറിച്ചോ ഒന്നും പറയാറില്ല. പകരം, ഈ സുവിശേഷം കേട്ടതോടെ വ്യക്തിപരമായ ജീവിതത്തിൽ വന്ന രൂപാന്തരം, കുടുംബത്തിൽ വന്ന മാറ്റം അറിയിക്കുന്നു.

> *"തുയത്തൈര പട്ടണക്കാരത്തിയും രക്താംബരം വിൽക്കുന്നവളുമായി ലുദിയാ എന്നു പേരുള്ള ദൈവഭക്തയായോരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലോസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിന്നു*

*കർത്താവു അവളുടെ ഹൃദയം തുറന്നു.”*
*അപ്പൊ. പ്രവൃത്തികൾ 16 : 14*

ലുദിയ അവിടെ കച്ചവടത്തിന് വന്ന സ്ത്രീയാണ്. തുണി ച്ചായം ഉണ്ടാക്കി വിൽക്കുകയായിരുന്നു ജോലി. അന്ന് അവൾ ചന്തസ്ഥലത്ത് വില്പനയ്ക്ക് വന്നപ്പോൾ അവിടെ പൗലോസും ശീലാസും ഉണ്ടായിരുന്നു. ദൈവത്തിന്റെ മക്കൾ ഉള്ളിടത്ത് ചെല്ലാൻ കഴിയുന്നത് നല്ലതാണ്. പൗലോസും ശീലാസും അവിടെ കൂടിനിന്ന സ്ത്രീകളോട് സംസാരിക്കുന്നത് ഇവൾ വളരെ ശ്രദ്ധയോടുകൂടെ കേട്ടുകൊണ്ടിരുന്നു.

“പൗലോസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിന്നു കർത്താവു അവളുടെ ഹൃദയം തുറന്നു.” കർത്താവ് ലുദിയയുടെ ഹൃദയം തുറന്നു. യേശുക്രിസ്തു അവളുടെ പൂട്ടിവച്ചിരുന്ന ഹൃദയം തുറന്നതോടെ വചനം ഹൃദയത്തിലേക്ക് പ്രവേശിച്ചു. ഇങ്ങനെ കർത്താവ് യൂറോപ്പിലേക്കുള്ള വഴി തുറന്നു. ഒന്നാമത്, കടന്നു വന്ന് ഞങ്ങളെ സഹായിക്കുകയെന്നുള്ള ആഹ്വാനം. രണ്ടാമത്, ലുദിയ എന്ന സ്ത്രീയുടെ ഹൃദയം കർത്താവ് തുറന്നു.

ഇന്ന് നിങ്ങൾ ഈ വചനം വായിക്കുന്നത് കർത്താവ് വഴി തുറന്നുതരുവാൻ ഇടയായതുകൊണ്ടാണ്. യേശുക്രിസ്തുവിന്റെ സ്നേഹം വഴി തുറന്നതുകൊണ്ട് നാം വചനം കേൾക്കുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ എപ്പോഴും അനുഭവിക്കാൻ കഴിയണം. ജോലി ചെയ്യുമ്പോൾ, ഭക്ഷണം പാകം ചെയ്യുമ്പോൾ, എല്ലായ്പ്പോഴും യേശുക്രിസ്തു നിങ്ങളുടെ അരികത്തു നിൽക്കുന്നത് നിങ്ങൾക്കനുഭവിക്കാം. യേശു നിങ്ങളെ തഴുകുന്നത്, നിങ്ങളെ തലോടുന്നത്, കണ്ണുനീര് തുടയ്ക്കുന്നത് നിങ്ങൾക്കനുഭവിക്കാം. നിങ്ങളുടെ രോഗം മാറുന്നത്, നിങ്ങളുടെ വേദന മാറുന്നത് നിങ്ങൾ തന്നെ അനുഭവിക്കും. അങ്ങനെയെങ്കിൽ കർത്താവേ, ഈ അനുഭവം എനിക്കും തരണമേയെന്ന് പ്രാർത്ഥിക്കുക. ഭാരങ്ങളും ആകുലങ്ങളും മാറുന്നത് കാണാം. നിങ്ങളുടെ ഹൃദയത്തെ യേശുക്രിസ്തു വലയം ചെയ്യുന്നത് കാണാം; നിങ്ങളുടെ ഹൃദയം

തുറക്കും. കർത്താവു വഴി തുറന്നു, ഹൃദയം തുറന്നു.

*"അവളും കുടുംബവും സ്നാനം ഏറ്റശേഷം: നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ എന്നു അപേക്ഷിച്ചു ഞങ്ങളെ നിർബ്ബന്ധിച്ചു." അപ്പൊ. പ്രവൃത്തികൾ 16 : 15*

അവൾക്ക് ഒരാഗ്രഹം, ഈ ദൈവമക്കൾ വീട്ടിൽ വന്ന് താമസിക്കണം. വീട് അവിടെനിന്ന് ഒരല്പം ദൂരെയാണ്. തുയത്തൈര ഫിലിപ്പിയിലല്ല, അടുത്ത പട്ടണമാണ്.

ദൈവമക്കളെ ആദരിക്കുന്നതും സ്വീകരിക്കുന്നതും ഒരു വലിയ പദവിയാണ്. എന്റെ അമ്മയ്ക്കും എന്റെ പ്രിയപ്പെട്ട ഭാര്യ ആലീസിന്റെ വീട്ടിലും, വലമ്പൂർ പള്ളിയിൽ വരുന്ന സുവിശേഷകരെ വിളിച്ചുകൊണ്ടുപോയി സൽക്കരിക്കുന്ന ഒരു പതിവുണ്ടായിരുന്നു എന്ന് ഞാൻ അത്ഭുതത്തോടെ ഓർക്കുന്നു. സുവിശേഷകരെ മാനിക്കുക. ഒരിക്കലും ദൈവത്തിന്റെ വചനം പറയുന്നവരെ നിങ്ങൾ തുച്ഛീകരിക്കരുത്. ദൈവത്തിന്റെ വചനം പറയുന്നവരെ നിങ്ങൾ ചെറുതായി കാണരുത്.

ദൈവത്തിന്റെ വചനം പറയുന്നവരെ നിങ്ങൾ കളിയാക്കരുത്. അവരെ ഒരിക്കലും പരിഹസിക്കരുത്, അപഹസിക്കരുത്, കുറ്റം വിധിക്കരുത്. അവരെ കുറ്റം വിധിക്കുന്നത് ദൈവത്തിന് വിട്ടുകൊടുക്കുക. ദൈവം കുറ്റം വിധിക്കട്ടെ. അവരുടെ കുറ്റം ദൈവം നോക്കട്ടെ. ഒരിക്കലും സുവിശേഷകരെ മാത്രമല്ല, ആരെയും തരംതാഴ്ത്തി കാണരുത്. നമ്മുടെ സഭയിൽ ഉള്ളവരല്ലെങ്കിലും ദൈവവേല ചെയ്യുന്നവരാണെങ്കിൽ ഞാൻ അവരെ സൽക്കരിക്കാറുണ്ട്. എന്റെ ആത്മീയഗുരുവായ 'പപ്പ' എന്നെ പഠിപ്പിച്ചത് അങ്ങനെയാണ്. ദൈവത്തിന്റെ വചനം പറയുന്നവരെ അദ്ദേഹം സഭ നോക്കാതെ ആദരിച്ചു, സൽക്കരിച്ചു.

*"അവളും കുടുംബവും സ്നാനമേറ്റശേഷം*

*നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്ന് എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ എന്ന് അപേക്ഷിച്ചു ഞങ്ങളെ നിർബ്ബന്ധിച്ചു." അപ്പൊ. പ്രവൃത്തികൾ 16 : 15*

അവിടെനിന്ന് പ്രാർത്ഥനാസ്ഥലത്തേക്കാണ് പോകുന്നത്. വലിയ ഒരത്ഭുതം നടക്കാൻ പോകുകയാണ്. അപ്പൊസ്തലൻ ചെല്ലുന്ന സ്ഥലങ്ങളിലെല്ലം അത്ഭുതങ്ങളും അടയാളങ്ങളും നടക്കുകയാണ്. ദുരാത്മാക്കൾ വിട്ടുപോകുന്നു. കുടുംബ സമാധാനം ലഭിക്കുന്നു. കുടുംബമായി യേശുവിനെ സ്വീകരിക്കുന്നു. അനുഗ്രഹം പ്രാപിക്കുന്നു.

*"ഞങ്ങൾ പ്രാർത്ഥനാസ്ഥലത്തേക്കു ചെല്ലുമ്പോൾ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞ് യജമാനന്മാർക്ക് വളരെ ലാഭം വരുത്തുന്ന ഒരു ബാല്യക്കാരത്തി ഞങ്ങളെ എതിരേറ്റു. അവൾ പൗലോസിന്റെയും ഞങ്ങളുടെയും പിന്നാലെ വന്നു: ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ എന്നു വിളിച്ചു പറഞ്ഞു." അപ്പൊ. പ്രവൃത്തികൾ 16 : 16, 17*

അവൾ വെളിച്ചപ്പാടത്തിയാണ്; ലക്ഷണം പറയുന്നയാളാണ്. പിശാചിന്റെ ദുരാത്മാവാണ് അവളിൽ വ്യാപരിക്കുന്നത്. ദൈവത്തിന്റെ ആത്മാവ് അവളിലേക്ക് അടുക്കുകയില്ല. എങ്കിലും ലക്ഷണം പറയുന്നത് ഒത്തുവരുന്നു. അവളെ കൊണ്ടു നടക്കുന്നവർ അവളെക്കൊണ്ട് ജോലി ചെയ്യിച്ച് ലാഭമുണ്ടാക്കുന്നു. ഇങ്ങനെയുള്ള സ്ത്രീ, പൗലോസ് ശ്ലീഹായുടേയും ശീലാസിന്റേയും പിറകെ നടന്നുകൊണ്ട് വിളിച്ചു പറയുകയാണ്: "ഇവർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ."

സ്നേഹിതരേ, സുവിശേഷം പറയുന്നവരെല്ലാം സുവിശേഷകരല്ല. ദൈവത്തിന്റെ വചനമല്ലേ, വേദപുസ്തകത്തിലെ കാര്യമല്ലേ പറയുന്നത്. അതേ. പക്ഷേ, പിശാചിന്റെ ആത്മാ

വാണ്. ഞാൻ ടി.വി.യിൽ ചില പ്രസംഗങ്ങൾ കണ്ടിട്ടുണ്ട്. ചിലരെ ഊതി വീഴിക്കുന്നു, ചിലരെ തള്ളിവീഴിക്കുന്നു. അതെല്ലാം ദൈവാത്മാവ് പ്രവർത്തിക്കുന്നതാണ് എന്നാണ് പറയുന്നത്. പാവപ്പെട്ടവരെ കബളിപ്പിക്കുന്ന പല തന്ത്രങ്ങൾ. പല തരത്തിലുള്ള സൂത്രങ്ങൾ. ഇതിലൊന്നും മയങ്ങിപ്പോകരുത്. ഇതിലൊന്നും നാം വീണുപോകരുത്.

വെളിച്ചപ്പാടത്തിയായി ലക്ഷണം പറയുന്ന ആ സ്ത്രീ വിളിച്ചു പറഞ്ഞു: "ഇവർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ." പൗലോസിനെ ഉയർത്തുകയാണ്. എന്നാൽ പൗലോസിലുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് അത് വിവേചിച്ചു തിരിച്ചറിഞ്ഞു. അവളിലുള്ളത് ദൈവത്തിന്റെ ആത്മാവാണോ പിശാചിന്റെ ആത്മാവാണോ എന്ന് പൗലോസിലുള്ള ദൈവത്തിന്റെ ആത്മാവ് തിരിച്ചറിഞ്ഞു. വിളിച്ചു പറഞ്ഞത് സത്യമായ ഒരു കാര്യമാണെങ്കിലും പറഞ്ഞയാൾ പിശാചിന്റെ കൈയിലാണെന്ന് പൗലോസിലുള്ള ദൈവത്തിന്റെ ആത്മാവ് തിരിച്ചറിഞ്ഞു. അതിനാണ് വിവേചനം എന്ന് പറയുന്നത്.

പ്രാർത്ഥനകളുണ്ട്, മനോഹരമായ ഗീതങ്ങളുണ്ട്, സുറിയാനിയിലുള്ള പാട്ടുകളുണ്ട്, നല്ല മനോഹരമായ പ്രസംഗങ്ങളുണ്ട്. എല്ലാം നല്ലത്. പക്ഷേ, ദൈവത്തിന്റെ ആത്മാവ് ഉണ്ടോ ഇല്ലയോ, ദൈവത്തിന്റെ ആത്മാവ് അടുക്കുന്നുണ്ടോ ഇല്ലയോ എന്ന് അറിയണമെങ്കിൽ ആത്മാവിന്റെ വിവേചനം വേണം. ഇത് ദൈവത്തിന്റെ ആത്മാവോ ദുരാത്മാവോയെന്ന് തിരിച്ചറിയാനുള്ള ആത്മാക്കളുടെ വിവേചനം വേണം. Discerning of the Holy Spirit.

ദുരാത്മാവ് വ്യാപരിക്കുന്ന അനേകം ആളുകൾ ഈ വാക്കുകൾ വായിക്കുന്നുണ്ട്. പ്രിയരേ, സത്യത്തിന്റെ ആത്മാവിന്റെ മുമ്പിൽ വരുമ്പോൾ മാത്രമേ നിങ്ങളുടെ അവസ്ഥ മനസ്സിലാവുകയുള്ളു. ജീവന്റെ ആത്മാവിന്റെ മുമ്പിൽ വരുമ്പോഴേ നിങ്ങളുടെ ഉള്ളിൽ സത്യത്തിന്റെ ആത്മാവാണോ ദുരാത്മാവാണോ വ്യാപരിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാ

വുകയുള്ളൂ. അനേകരുടെ കണ്ണ് ഇന്ന് കുരുടായിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ കർത്താവിനോട് ഒറ്റയ്ക്കിരുന്നുകൊണ്ട് ചോദിക്കണം: കർത്താവേ, എന്റെ അവസ്ഥ എന്താണ്? നീ എന്നെ എങ്ങനെയാണ് കാണുന്നത്? ദുരാത്മാക്കൾ എന്റെ ഉള്ളിലുണ്ടോ? ദുഷ്ടാത്മാക്കൾക്ക് ഞാൻ ഇടം കൊടുത്തിട്ടുണ്ടോ? നിങ്ങൾക്ക് പ്രാർത്ഥിക്കാം: കർത്താവേ, ഞാൻ സ്വമനസ്സാലെ ദുഷ്ടാത്മാവിനോട് യാത്രപറയുന്നു. ഇത്രയുംകാലം ഞാൻ പിശാചിന്റെ അടിമയായി ജീവിച്ചു. ഇത്രയുംകാലം പാപം ചെയ്തു ജീവിച്ചു. സുബോധമില്ലാത്തവനെപ്പോലെ ജീവിച്ചു. നാനാവിധമായി ഞാൻ ജീവിച്ചു. എല്ലാം ചെലവഴിച്ചു. എല്ലാം നഷ്ടപ്പെടുത്തി.

എന്റെ സൽപ്പേരും സ്വഭാവശുദ്ധിയും സത്യസന്ധതയും പോയി. പണമിടപാടുകളിൽ കൃത്രിമം വന്നു. എന്റെ പെരുമാറ്റത്തിൽ അനേകം പാകപ്പിഴകൾ വന്നു. കർത്താവേ, ഞാൻ പിശാചിന് ഇടംകൊടുത്തുപോയി. എന്നാൽ ഇപ്പോൾ എനിക്ക് മനസ്സിലായി, സാത്താന്റെ ആത്മാവ് എന്നിലുണ്ടെന്ന്. പാപിയായ എന്നോട് കരുണതോന്നണമേ. ഇനിമുതൽ എന്റെ കർത്താവും യജമാനനും എന്റെ ഉടമസ്ഥനും യേശുവായിരിക്കും. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. മശിഹാതമ്പുരാനെ ഞാൻ സ്വീകരിക്കുന്നു.

# ആറ്

*"യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്ന് ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്ന് അവർ പറഞ്ഞു."*

*അപ്പൊ. പ്രവൃത്തികൾ 16: 30, 31*

അപ്പൊസ്തലനായ പൗലോസും കൂട്ടുവേലക്കാരനായ ശീലാസും ഫിലിപ്പിയിൽ താമസിച്ച് ദൈവവേല ചെയ്യാൻ തയ്യാറായി. അവർ പ്രാർത്ഥനാലയത്തിലേക്കു പോകുമ്പോൾ, ഒരു പെൺകുട്ടി - ലക്ഷണം പറഞ്ഞ് യജമാനന്മാർക്ക് ലാഭമുണ്ടാക്കുന്നതാണ് അവളുടെ തൊഴിൽ - പൗലോസിന്റേയും ശീലാസിന്റേയും പിന്നാലെ നടന്നു വിളിച്ചു പറയുകയാണ്: ഇവർ അത്യുന്നതന്റെ ദാസന്മാർ!

പക്ഷേ, അവൾ പറഞ്ഞത് ദുരാത്മാവിലായിരുന്നു എന്ന് പൗലോസ് തിരിച്ചറിഞ്ഞു, തിരിഞ്ഞുനോക്കി അവളിലുള്ള ദുരാത്മാവിനെ ശാസിച്ചു. അപ്പോൾ ഭൂതം അവളെ വിട്ടുപോയി. ലക്ഷണം പറയാൻ പറ്റുന്നില്ല. ലക്ഷണം പറയാനുള്ള അവളുടെ കഴിവ് നഷ്ടപ്പെട്ടതുമൂലം യജമാനന്മാർ തങ്ങളുടെ ആശ പോയ്പ്പോയതു കണ്ടിട്ട് പൗലോസിനെയും ശീലാസിനെയും പിടിച്ചു ചന്തസ്ഥലത്തു പ്രമാണികളുടെ അടുക്കലേക്കു വലിച്ചുകൊണ്ടുപോയി അധിപതികളുടെ മുമ്പിൽ നിർത്തി.

സ്വാർത്ഥലാഭം നഷ്ടപ്പെട്ടതുമൂലമുള്ള എതിരാണ് ദൈവവിശ്വാസികൾക്ക് നേരെ വന്നത്. ദ്രവ്യാഗ്രഹത്തിന്റെ എതിർപ്പ്. പൗലോസിനെയും ശീലാസിനെയും പ്രമാണിക

ളുടെ അടുക്കലേക്ക് വലിച്ചുകൊണ്ടുപോയി അധിപതികളുടെ മുമ്പിൽ നിർത്തിയിട്ട്: യഹൂദന്മാരായ ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കി, റോമാക്കാരായ നമുക്ക് അംഗീകരിപ്പാനും അനുസരിപ്പാനും ന്യായമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു എന്നു പറഞ്ഞു.

ഒന്നാം നൂറ്റാണ്ടിൽ നടന്നത് ഇന്നും നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നാം നൂറ്റാണ്ടിൽ വിശുദ്ധന്മാരായ ദൈവമക്കളുടെ വേലയെ എങ്ങനെ തകർക്കാൻ നോക്കിയോ അതുപോലെ തന്നെ ഇന്നും ദൈവത്തിന്റെ വേലയെ തകർക്കാനും അപമാനിക്കാനുമുള്ള പരിശ്രമമാണ് കാണുന്നത്. ഒരു ആചാരവും അവർ പ്രസംഗിച്ചില്ല. എന്നാൽ അവർ പറഞ്ഞു: കർത്താവായ യേശുവിൽ വിശ്വസിക്ക; ക്രിസ്തുവാണ് രക്ഷകൻ. യേശുക്രിസ്തുവിന്റെ രക്തത്താൽ പാപമോചനമുണ്ട്. യേശുക്രിസ്തുവിനെ സ്വീകരിച്ചാൽ നിങ്ങൾക്ക് സമാധാനം ലഭിക്കും, കടന്നുചെല്ലുമ്പോൾ നിത്യസ്വർഗ്ഗം ലഭിക്കും; ഇതുവരെയുള്ള പാപങ്ങളെല്ലാം ക്ഷമിച്ചു തരും. ഇതു മാത്രമേ അവർ പറഞ്ഞുള്ളൂ.

പുരുഷാരം അവരുടെ നേരെ ഇളകിയപ്പോൾ അധിപതികൾ അവരുടെ വസ്ത്രം പറിച്ചുരിഞ്ഞ് കോൽകൊണ്ട് അവരെ അടിപ്പാൻ കല്പിച്ചു. ഇങ്ങനെ അടിപ്പിച്ചശേഷം തടവിലാക്കി കാരാഗൃഹപ്രമാണിയോട് അവരെ സൂക്ഷ്മത്തോടെ കാപ്പാനായി കല്പിച്ചു. ഈ കല്പന കിട്ടുകയാൽ അവരെ അകത്തെ തടവിൽ ആക്കിയശേഷം കാൽ ആമത്തിൽ ഇട്ടുപൂട്ടി. പക്ഷേ, അർദ്ധരാത്രിക്ക് തടവുകാരെല്ലാം ഉറങ്ങിയപ്പോൾ പൗലോസും ശീലാസും പ്രാർത്ഥിച്ചു, പാടി, ദൈവത്തെ സ്തുതിച്ചു.

നാം ചിന്തിക്കണം, യാതനകൾ വരുമ്പോൾ സ്തുതിക്കാൻ സാധിക്കുമോ? വലിയ പ്രശ്നങ്ങളുടേയും പ്രതിസന്ധികളുടേയും ഇടയിൽ സ്തുതിക്കാൻ സാധിക്കുമോ? പ്രശ്നങ്ങളുടെ ചുഴിയിൽക്കൂടി കറങ്ങുമ്പോൾ സ്തുതിക്കാൻ സാധിക്കുമോ? എന്തു പറഞ്ഞു സ്തുതിക്കും? ഹൃദയത്തിൽ ദൈവസാന്നിദ്ധ്യം കിട്ടിയാൽ സ്തുതിക്കാൻ പറ്റും. അല്ലെങ്കിൽ

സ്തുതിക്കാൻ പറ്റുകയില്ല.

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങളുണ്ട്. താങ്ങാൻ വയ്യാത്ത വേദനാവിഷയങ്ങളുണ്ട്. മക്കളെക്കുറിച്ചുള്ള വേദനാവിഷയങ്ങൾ വല്ലാതെ നിങ്ങളെ അലട്ടുന്നുണ്ട്. കുടുംബത്തിൽ അലോഹ്യങ്ങളുണ്ട്. പരസ്പരം പോരുണ്ട്. പരസ്പരം കലഹമുണ്ട്. വാടിയ മുഖങ്ങളുണ്ട്. ഉള്ള് വാടിയിരിക്കുകയാണ്. എന്തുമാത്രം പ്രശ്നങ്ങൾ! ഒന്നല്ലെങ്കിൽ മറ്റൊന്ന്, പ്രശ്നത്തിൽപ്പെട്ട് വലയുന്നവരാണ് എല്ലാവരും. ഓരോരോ ആവശ്യങ്ങൾ, ആവലാതികൾ, സങ്കടങ്ങൾ, വീർപ്പുമുട്ടിക്കുന്ന പ്രശ്നങ്ങൾ, മനം മടുപ്പിക്കുന്ന വിഷയങ്ങൾ!

എന്നാൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം കിട്ടിയാൽ മതി നിങ്ങൾ സ്തുതിച്ചു പോകും. നിങ്ങൾ അവിടെയുള്ള ദുർഗന്ധം മറക്കും. അവിടെയുള്ള പ്രയാസങ്ങൾ, പ്രശ്നങ്ങൾ നിങ്ങൾ മറക്കും. ജീവിതത്തിൽ വന്ന ആവലാതികൾ മറക്കും. നിങ്ങൾ എപ്പോഴും ആഗ്രഹിക്കണം. യേശുവേ, നിന്റെ സാന്നിദ്ധ്യം എന്നിൽ നിന്ന് മാറരുതേ.

നിങ്ങളെക്കുറിച്ച് ഇല്ലാത്തത് പറഞ്ഞുവെന്ന് വരും. ആക്ഷേപിച്ചുവെന്ന് വരും. നിങ്ങളെ പരിഹസിച്ചുവെന്നുവരും. നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത കാര്യം നിങ്ങളുടെമേൽ ആരോപിച്ചുവെന്ന് വരും. നിങ്ങൾ ചിന്തിച്ചിട്ടില്ലാത്ത കാര്യങ്ങൾ തലമേൽ കെട്ടിവച്ചുവെന്ന് വരും. അപവാദശരങ്ങളേറ്റ് പിടയേണ്ടിവരും. എന്നാൽ അപ്പോഴെല്ലാം നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, എനിക്ക് വേറൊന്നും വേണ്ട. എനിക്ക് നിന്റെ സാന്നിദ്ധ്യം തന്നാൽ മതി. നീ എന്റെ അടുത്തുണ്ട് എന്നുള്ള സാന്നിദ്ധ്യത്തിന്റെ മാധുര്യം തന്നാൽ മതി. ആശ്വാസം തന്നാൽ മതി.

സ്നേഹിതരേ, നിങ്ങൾ ഇതനുഭവിക്കണം. അപ്പോൾ ആരും പറയാതെ നിങ്ങൾ സ്തുതിച്ചുപോകും. ആരും പറയാതെ നിങ്ങളുടെ ഹൃദയത്തിൽ സ്തുതി പൊങ്ങിപ്പോകും.

ആരും പറയാതെ നിങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറക ളിൽനിന്ന് സ്തുതി ഉയർന്നുവന്ന് നാവിൽക്കൂടി സ്തുതി നൃത്തം ചെയ്യാൻ തുടങ്ങും.

പ്രശ്നങ്ങളിലും ആകുലങ്ങളിലും പെട്ട് കലങ്ങുമ്പോൾ, വിഷമിച്ച് വേദനിച്ച് വിങ്ങുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കണം: ഗോഗുൽത്തായിൽ കുരിശിൽ രക്തം ചിന്തി മരിച്ച രക്ഷകാ, നിന്റെ സാന്നിദ്ധ്യം എനിക്ക് തരണമേയെന്ന്. നിന്റെ സാന്നിദ്ധ്യം എനിക്ക് തരാനല്ലേ നീ ഉയിർത്തെഴുന്നേറ്റത്. കർത്താവേ, ഞാൻ വിശ്വസിക്കുന്നു, ആവശ്യക്കാരുടെ അടുത്ത് വരാനാണല്ലോ നീ ഇന്ന് ജീവിക്കുന്നത്. കരയുന്നവ രുടെ കരച്ചിൽ മാറ്റാനാണല്ലോ യേശുവേ നീ ഇന്ന് ജീവിക്കുന്ന ത്. വിങ്ങിയിരിക്കുന്നവരുടെ മനസ്സുകൾക്ക് ആശ്വാസം പകരാ നാണല്ലോ നീ ഇന്ന് ജീവിക്കുന്നത്.

യേശുവേ, നീ ജീവിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കു ന്നു. എന്റെ സ്വത്തായ, എന്റെ സമ്പത്തായ യേശുവേ, എന്റെ ജീവന്റെ ജീവനായ യേശുവേ, നീ അരികത്ത് വന്നാൽ എനിക്കാശ്വാസമാകും. നീ അരികത്ത് വന്ന് എന്നോട് സംസാ രിച്ചാൽ എനിക്ക് സമാധാനമാകും. നീ എന്റെ അരികത്ത് വന്ന് നിന്നാൽ മതി, വേറെയാരും വേണ്ടെനിക്ക്. ആരും എന്നെ കാണുന്നില്ലെങ്കിലും ആരും എന്നെ മാനിച്ചില്ലെങ്കിലും ആരും എന്നെ പരിഗണിക്കുന്നില്ലെങ്കിലും എല്ലാവരും എന്നെ കൈവി ട്ടാലും യേശുവേ, നീ എന്റെ അരികത്ത്, എന്റെ സമീപത്ത് വന്നു നിന്നാൽ മതി.

കാരാഗൃഹത്തിനുള്ളിൽ അവർ പ്രാർത്ഥിച്ചു, ദൈവത്തെ പാടി സ്തുതിച്ചു. അന്ന് മുഴുവൻ പട്ടിണിയാണ്. പകലാണ് വലിച്ചിഴച്ച് കൊണ്ടുപോയത്. ഇപ്പോൾ അർദ്ധരാത്രിയായി. നല്ല ദാഹമുണ്ട്. ഇതൊന്നും പക്ഷേ, അവരെ അലട്ടുന്നില്ല. നീറ്റ ലുണ്ട്. ദേഹമാസകലം ചുട്ടുനീറുന്നതുപോലെയുള്ള വേദന യാണ്. കാല് ചങ്ങലയിൽ ഇട്ടിരിക്കുന്നതുകൊണ്ട് അനക്കാൻ വയ്യ. കൈ മാത്രം അനങ്ങും. അങ്ങനെ അവർ കാരാഗൃഹ

ത്തിൽ കിടന്നുകൊണ്ട് പ്രാർത്ഥിച്ചു, ദൈവത്തെ പാടി സ്തുതിച്ചു. അപ്പോൾ ഒരു കാര്യം സംഭവിച്ചു. ആത്മാവിന്റെ സ്തുതി മുഴങ്ങിയാൽ അത്ഭുതങ്ങൾ നടക്കും.

*"അർദ്ധരാത്രിക്ക് പൗലോസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു: തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു."*

*അപ്പൊ. പ്രവൃത്തികൾ 16 : 25*

പെട്ടെന്ന് വലിയോരു ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. വാതിൽ ഒക്കെയും തുറന്നുപോയി. എല്ലാവരുടേയും ചങ്ങല അഴിഞ്ഞു വീണു. ആമങ്ങൾ അഴിഞ്ഞു. പരിശുദ്ധാത്മാവിന്റെ സ്തുതി മുഴങ്ങുമ്പോൾ മനോരോഗം മാറും. ബന്ധനങ്ങൾ മാറും. ഭൂതാത്മാക്കൾ ഓടും. ശാപദോഷങ്ങൾ മാറിപ്പോകും. ജീവിതത്തിൽ വന്നുപോയ സകല പാപങ്ങളും തിരുരക്തത്താൽ അഴിയുന്ന മഹാഭാഗ്യം ലഭിക്കും.

പരിശുദ്ധാത്മാവിന്റെ സ്തുതി മുഴങ്ങുമ്പോൾ പാപമോചനം ലഭിക്കും; ഹൃദയത്തിൽ സാന്ത്വനം ലഭിക്കും. രണ്ടു പാവപ്പെട്ട ദൈവമക്കൾ കാരാഗൃഹത്തിൽ കിടക്കുമ്പോൾ യേശുവിന് മൗനമായിരിക്കാൻ വയ്യ. തന്റെ പ്രിയപ്പെട്ടവർ രണ്ടുപേർ ഒരു കാരണവുമില്ലാതെ പീഡിപ്പിക്കപ്പെടുമ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന് പ്രവർത്തിക്കാതിരിക്കാൻ വയ്യ. വേറെ ഉദ്ദേശത്തോടുകൂടിയല്ല അവർ യൂറോപ്പിൽ വന്നത്. ദൈവം വിളിച്ചു വന്നതാണ്.

ദൈവം പറഞ്ഞിട്ടാണ് വേല തുടങ്ങിയത്. വ്യക്തമായ നടത്തിപ്പോടുകൂടിയാണ് കാര്യങ്ങൾ മുന്നോട്ട് പോയത്. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് വിളിച്ച ദൈവമക്കൾ ജയിലിൽ കിടക്കുന്നു. ദൈവത്തിന് മൗനമായിരിപ്പാൻ സാധിക്കയില്ല. ഭൂമി ഇളകി. കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങി.

ദുരാത്മാക്കൾ വിട്ടുപോകുമ്പോൾ കുലുക്കമുണ്ടാകും.

നന്ദി വന്നാൽ കരയും. സ്നേഹം വന്നാൽ കരയും. സ്നേഹത്തിന്റെ കണ്ണുനീരിന് മാധുര്യമുണ്ട്. നന്ദിയുടെ കണ്ണുനീരാണ് ആരാധനയുടെ കണ്ണുനീര്. കാരാഗൃഹത്തിൽ വഴി തുറന്നു! ആദ്യം മക്കദോന്യയിലേക്കുള്ള വഴി തുറന്നു! പിന്നീട് ലുദിയായുടെ ഹൃദയം തുറന്നു! ഇപ്പോൾ കാരാഗൃഹത്തിന്റെ വാതിൽ തുറന്നു! യേശുക്രിസ്തുവിന്റെ ആത്മാവ് എവിടെയുണ്ടോ അവിടെ അടഞ്ഞ വാതിലുകൾ തുറക്കും!

നിങ്ങൾക്കു ചിന്തിക്കാം, എന്റെ ജീവിതത്തിൽ ചില വാതിലുകൾ അടഞ്ഞു കിടക്കുകയല്ലേ? മുന്നോട്ടൊരു ഗതി കിട്ടുന്നില്ല. ബിസിനസ്സ് നഷ്ടമായിക്കൊണ്ടിരിക്കുന്നു. പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നടക്കുന്നില്ല. എല്ലാ വാതിലുകളും അടഞ്ഞു. ഞാനങ്ങ് മരിച്ചാൽ എല്ലാം ശരിയാകും. അപ്പോൾ ഇതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യേണ്ടി വരില്ലല്ലോ. മോളുടെ കല്യാണക്കാര്യമോ, പ്രസവത്തിന്റെ കാര്യമോ നോക്കണ്ട. മകന്റെ വിദ്യാഭ്യാസവും നോക്കണ്ട. എല്ലാം വിറ്റാലും തീരാത്ത കടം എങ്ങനെ തീർക്കാൻ സാധിക്കും? മരിച്ചാൽ മതിയെന്ന് ചിന്തിക്കുന്നവർ! എന്നാൽ സഹോദരങ്ങളേ, അടഞ്ഞ വാതിലുകൾ തുറക്കാൻ ഒരാൾ ജീവിച്ചിരിക്കുന്നുണ്ട്! അത് കർത്താവായ യേശുക്രിസ്തുവാണ്.

നിന്റെ പ്രതീക്ഷകൾ അസ്തമിച്ചിരിക്കുകയല്ലേ? അസ്തമിച്ചിരിക്കുന്ന പ്രതീക്ഷകൾക്ക് നറുനാമ്പുകൾ വിരിയിക്കാൻ യേശുക്രിസ്തുവിന് കഴിയും. വിശ്വസിക്കൂ. നിങ്ങളുടെ അരികത്ത് നിൽക്കുന്ന യേശുവിനോട് പറയണം: കർത്താവേ, എന്റെ ജീവിതത്തിൽ ചില അടഞ്ഞ വാതിലുകൾ ഉണ്ടല്ലോ. അടഞ്ഞ വാതിലുകളിൽ നീയൊരത്ഭുതം പ്രവർത്തിക്കണമേ. അടഞ്ഞ വാതിലുകൾ തുറന്ന് മുന്നോട്ടൊരു ഗതി തരണമേ.

കുവൈറ്റിൽ ജോലി ചെയ്യുന്ന പ്രിൻസ് എന്ന ചെറുപ്പക്കാരന് ഒരു കുട്ടിയുണ്ടായി. എഴുന്നേൽക്കില്ല; ചിരിക്കില്ല; കിടത്തിയേടത്തു കിടക്കും. വായിൽ കോരിക്കൊടുത്താൽ

കുടിക്കും; ദയനീയസ്ഥിതി. ഡോക്ടർ പറഞ്ഞു: ഇനി നിങ്ങൾക്ക് ആശയ്ക്ക് വകയില്ല. ഇനിയൊരു കുട്ടി ഉണ്ടായാൽ ഇതുപോലെ തന്നെയായിരിക്കും. അതുകൊണ്ട് ഇനി കുട്ടികൾ ഉണ്ടാകരുത്. ആ മാതാപിതാക്കൾ തീർത്തും നിരാശരായി. Genetic ആയുള്ള വൈകല്യമാണ്, മാറുകയില്ല.

അവർ എന്റെ അടുത്ത് പ്രാർത്ഥിക്കാൻ വന്നപ്പോൾ ഈ കാര്യങ്ങൾ പറഞ്ഞു. ഞാൻ പറഞ്ഞു: നിങ്ങൾ പ്രാർത്ഥിക്കൂ, ഞാനും പ്രാർത്ഥിക്കാം. കർത്താവിന്റെ കരങ്ങളിൽ കൊടുക്കാം. ഏതു ജനിതകവൈകല്യവും മാറ്റാൻ കഴിവുള്ള കർത്താവുണ്ടല്ലോ നമുക്ക്. ദൈവം കൃപ ചെയ്തു. അവർക്ക് പൂർണ്ണ ആരോഗ്യമുള്ള രണ്ട് കുഞ്ഞുങ്ങളെ ദൈവം ദാനമായി നല്കി! മെഡിക്കൽ സയൻസ് പറഞ്ഞതിന് വിരുദ്ധമായി ഒരു കുഴപ്പവുമില്ലാത്ത കുഞ്ഞുങ്ങൾ! അടിസ്ഥാനങ്ങൾ കുലുങ്ങിയാൽ വാതിലുകൾ തുറക്കും! ബന്ധനങ്ങൾ അഴിയും!

നിങ്ങൾക്കും പ്രാർത്ഥിക്കാം: കർത്താവേ, ഇതെല്ലാം സത്യമാണെങ്കിൽ ഉള്ളു നീറിയാണ് ഞാൻ ഇരിക്കുന്നത്. ആവശ്യങ്ങളുടെമേൽ ഹൃദയം പൊള്ളിയാണിരിക്കുന്നത്. നാളെ എന്ത് എന്നുള്ള ആശങ്കകളും പ്രതീക്ഷകളും എന്നെ അലട്ടുന്നുണ്ട്. നാഥാ! എന്റെമേൽ കുറെ ചങ്ങലകളുണ്ട്. ഞാൻ അഴിക്കാൻ നോക്കിയാൽ അഴിയുകയില്ല. ചില ദുശ്ശീലങ്ങൾ, മദ്യപാനം, കഞ്ചാവ്, പൊടി വലിക്കുന്ന ശീലം, ചീട്ടുകളിയോടുള്ള കമ്പം, കൂട്ടുകെട്ട്, സിനിമയോടുള്ള ആഗ്രഹം, ഇന്റർനെറ്റിലെ അശുദ്ധ ചിത്രങ്ങൾ കാണാനുള്ള ആഗ്രഹം, ഇതെല്ലാം ഇപ്പോൾ എനിക്ക് അഴിഞ്ഞു കിട്ടണം.

എന്റെ ജീവിതത്തിൽ ഒരത്ഭുതം നടക്കണം. നീ എന്നെ സന്ദർശിച്ച് എന്റെ അടിസ്ഥാനങ്ങൾ കുലുക്കണം. അടിത്തറകൾ കുലുങ്ങി, എന്റെ ജീവിതത്തിൽ അടഞ്ഞുപോയ വാതിലുകൾ, അടഞ്ഞുപോയ അദ്ധ്യായങ്ങൾ തുറക്കണം. ഇന്ന് എന്റെ ബന്ധനങ്ങൾ അഴിയണം. ഞാൻ നിന്നോട് വാക്കു പറയുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തം ഇന്ന് എന്നെ കഴുകിയാൽ

യേശുവേ, ഇന്നുമുതൽ ഞാൻ പാപമില്ലാതെ ജീവിക്കുമെന്ന് വാക്കു തരുന്നു. കർത്താവേ, ഈ വാക്കു നീ സ്വീകരിച്ച്, എന്റെ പ്രതിജ്ഞ അംഗീകരിച്ച് എന്നെ നീ കൈക്കൊള്ളണമേ. എന്റെ ബന്ധനങ്ങളഴിക്കണമേ.

ഭൂമി കുലുങ്ങി കാരാഗൃഹത്തിന്റെ അടിസ്ഥാനം ഇളകിയപ്പോൾ ചങ്ങലകളെല്ലാം അഴിഞ്ഞു. ഈ സംഭവം നടന്നപ്പോൾ മറ്റുള്ള ജയിൽപുള്ളികളുടെ ചങ്ങലയുംകൂടി അഴിഞ്ഞു. അവരെല്ലാം അത്ഭുതപ്പെട്ടുപോയി. അർദ്ധരാത്രിക്ക് എല്ലാചങ്ങലയും അഴിഞ്ഞുപോയി! ഇതാരു വന്നഴിച്ചു?

ഒരു ദൈവപൈതലിന്റെ ബന്ധനമഴിഞ്ഞാൽ അനേകരുടെ ബന്ധനങ്ങൾ അഴിഞ്ഞ് കിട്ടും. വീട്ടിൽ ഒരാളുടെ ബന്ധനമഴിഞ്ഞാൽ മറ്റുള്ളവരുടെ ബന്ധനം അഴിഞ്ഞ് കിട്ടിക്കൊള്ളും. യേശുക്രിസ്തു വസിക്കുന്ന ദൈവദാസന്റെ വില അതാണ്. ഒരു ദൈവപൈതൽ ഒരു വാഹനത്തിലുണ്ടെങ്കിൽ ആ വാഹനം അപകടത്തിൽനിന്ന് രക്ഷ നേടും. അത്ഭുതങ്ങൾ നടക്കും. ഒരു ദൈവപൈതലായി നിൽക്കുക. ഒരു ശുദ്ധിമതിയായി നിൽക്കുക.

അവിടെ പൗലോസും ശീലാസും കാരാഗൃഹത്തിൽ വന്നതുകൊണ്ട് മറ്റു കവർച്ചക്കാരെല്ലാം കിടക്കുന്ന ജയിലറയിൽ അവരുടെ ചങ്ങലകളെല്ലാം അഴിഞ്ഞു. അവരൊന്നും പ്രാർത്ഥിച്ചിട്ടല്ല. അവർ സ്തുതിച്ചിട്ടല്ല. ദൈവമക്കളുടെ സ്തുതി മുഴങ്ങിയപ്പോൾ മറ്റുള്ളവരുടെ ബന്ധനം കൂടി അഴിഞ്ഞു.

കാരാഗൃഹപ്രമാണി എന്താണ് സംഭവിച്ചതെന്നറിയാതെ ഉറക്കമുണർന്നപ്പോൾ കാരാഗൃഹവാതിൽ തുറന്നു കിടക്കുന്നു. കാരാഗൃഹപ്രമാണിക്ക് പേടിയായി. തടവുകാരെല്ലാം രക്ഷപ്പെട്ടുകാണും! മറ്റുള്ളവർ തന്നെ കൊല്ലുന്നതിന് മുമ്പ് തന്നെത്താൻ കൊല്ലുവാൻ അവൻ ഭാവിച്ചു. അപ്പോൾ പൗലോസ്: "നിനക്ക് ഒരു ദോഷവും ചെയ്യരുത്. ഞങ്ങൾ എല്ലാ

വരും ഇവിടെ ഉണ്ടല്ലോ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു."

പരിശുദ്ധാത്മാവിന്റെ കൃപയുള്ളവർ ഇവിടെയുണ്ടല്ലോ. നിനക്ക് ഒരു ദോഷവും ചെയ്യരുത്. നീ ഏകനാണെന്ന് വിചാരിക്കരുത്. നീ ആരുമില്ലാത്തവനെന്ന് വിചാരിക്കരുത്. പ്രശ്നങ്ങളെല്ലാം തുറന്നു വയ്ക്കൂ. നിന്റെ ഭാണ്ഡങ്ങളെല്ലാം അഴിച്ചു വയ്ക്കൂ. കെട്ടുകളെല്ലാം തുറന്ന് വയ്ക്കൂ.

കാരാഗൃഹപ്രമാണി വെളിച്ചം ചോദിച്ചു അകത്തേക്ക് ചാടി വിറച്ചുംകൊണ്ട് പൗലോസിന്റേയും ശീലാസിന്റേയും മുമ്പിൽ വീണു. ആത്മാവിന്റെ നിറവിൽ സ്തുതിക്കുമ്പോൾ എതിരാളികൾ വന്ന് വിനയത്തോടെ, കൂപ്പുകൈയോടെ നിൽക്കും. കാരാഗൃഹപ്രമാണി: "യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം" എന്ന് ചോദിച്ചു. പൗലോസ് പറഞ്ഞു: രക്ഷ പ്രാപിപ്പാൻ നീ ഒന്നും ചെയ്യണ്ട. "കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." വിശ്വസിക്ക മാത്രം ചെയ്ക.

ഒരു ചെറുപ്പക്കാരൻ പള്ളിയിൽ പോകാൻ ഇറങ്ങിയതാണ്. വലിയ മൂടൽമഞ്ഞ്, ഒന്നും കാണാൻ പറ്റുന്നില്ല. അവൻ കുറേ ദൂരം നടന്നു. അപ്പോൾ പള്ളി മണി കേട്ടു. അടുത്തെവിടെയോ ഒരു ചാപ്പലുണ്ട്. അവിടെ കയറാമെന്ന് വിചാരിച്ചു. മൂടൽമഞ്ഞ് കാരണം അന്ന് ആ പള്ളിയിലെ പാസ്റ്റർ വന്നിട്ടില്ല. പള്ളിയിൽ വന്നിരുന്ന ഒരു ചെറുപ്പക്കാരൻ പാസ്റ്ററിനു പകരം വചനം പറയാൻ എഴുന്നേറ്റു. അവൻ പറഞ്ഞു: "സകല ഭൂസീമാവാസികളുമായുള്ളോരേ, എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ." "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല."

വീണ്ടും അവൻ പറഞ്ഞു. നിങ്ങൾ മറ്റൊന്നും ചെയ്യണ്ട, യേശുവിങ്കലേക്ക് നോക്കിയാൽ മതി. യേശുക്രിസ്തുവിലേക്ക് നോക്കിയാൽ നിങ്ങൾ രക്ഷ പ്രാപിക്കും. നിങ്ങളുടെ ലജ്ജ മാറും. നിങ്ങൾക്ക് സ്വർഗ്ഗരാജ്യത്തിന്റെ അവകാശം ലഭിക്കും.

നിങ്ങൾ തപസ്സനുഷ്ഠിക്കണ്ട. ദൈവവേല ചെയ്യണമെന്നില്ല. നിങ്ങൾ അവങ്കലേക്ക് നോക്കിയാൽ മതി, രക്ഷ കിട്ടും.

ഈ പ്രസംഗം കേട്ട ആ ചെറുപ്പക്കാരൻ അന്നു തീരുമാനിച്ചു, ഞാൻ യേശുക്രിസ്തുവിന്റെ മകനായി ജീവിക്കും. പ്രസംഗിക്കാൻ അറിയാൻ പാടില്ലാത്ത ആ യുവാവിന്റെ വാക്കു കേട്ട് ഹൃദയം മാറിയ ആ ചെറുപ്പക്കാരനാണ് പിൽക്കാലത്ത് പ്രസംഗികളുടെ പ്രഭുവായിത്തീർന്ന ചാൾസ് സ്പർജൻ (C.H. Spurgeon).

യേശുവിലേയ്ക്ക് നോക്കുക. കൂട്ടായ്മയിലേക്ക് നോക്കണ്ട, ദൈവദാസനിലേക്ക് നോക്കണ്ട, വചനം പറയുന്നവരിലേക്ക് നോക്കണ്ട. അവരെല്ലാം ചാഞ്ഞ മതിലും ആടുന്ന വേലിയുംപോലെ നാളെ നിലംപരിചായെന്ന് വരാം. ഇതാ ഒരുവൻ ഉയർത്തപ്പെട്ടിരിക്കുന്നു; ഗോഗുൽത്തായിലേക്ക് നോക്കുക. യേശുവിലേക്ക് നോക്കിയാൽ മാനവജാതിയുടെ പാപത്തിന്റെ ശിക്ഷ അവിടെ കാണാം.

നിന്റെ പാപം അവൻ ഏറ്റെടുത്തു. നിന്റെ കൊള്ളരുതായ്മകൾ, നിന്റെ മദ്യപാനം, നിന്റെ അശുദ്ധജീവിതം അവൻ ഏറ്റെടുത്തു. യൗവ്വനക്കാരാ, നിന്റെ അവിശ്വസ്തജീവിതം അവൻ ഏറ്റെടുത്തു. ഭാര്യയെ ഉപദ്രവിച്ചതും മക്കളെ ഉപദ്രവിച്ചതും മാതാപിതാക്കളെ അനുസരിക്കാത്തതും ജീവിതം ഉഴപ്പിയതും അനുസരണക്കേട് കാണിച്ചതും ഏറ്റെടുത്തു.

യേശുക്രിസ്തു ഇതെല്ലാം ഏറ്റെടുത്തുകൊണ്ടാണ് ക്രൂശിൽ പിടഞ്ഞ് മരിക്കുന്നത്. പാപത്തിന്റെ ശിക്ഷ അവൻ ഏൽക്കുകയാണ്. നീ ഏൽക്കേണ്ട ശിക്ഷ, നിന്റെ പാപം അവൻ ഏറ്റെടുത്തു. അതുകൊണ്ട് പാപത്തിൽനിന്നും അന്ധകാരത്തിൽനിന്നും ബന്ധനങ്ങളിൽനിന്നും പിശാചിന്റെ കെട്ടുകളിൽ നിന്നും ദുരാത്മാക്കളിൽനിന്നും സ്വാതന്ത്ര്യവും വിടുതലും യേശു നിനക്ക് തന്നിരിക്കുന്നു. നിന്റെ ബന്ധനം അഴിച്ചിരിക്കുന്നു.

അവങ്കലേക്ക് നോക്കുക. “യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു.” അവന്റെ തിരുരക്തം നിനക്കു മോചനം തരുന്നു. തിരുരക്തം നിനക്ക് സമാധാനം തരുന്നു. തിരുരക്തം നിന്നെ വീണ്ടെടുക്കുന്നു. തിരുരക്തം നിനക്ക് വിടുതൽ തരുന്നു.

ഈ രക്ഷ ആർക്കാണ് വേണ്ടത്? യേശുക്രിസ്തുവിലേക്ക് നോക്കുക. അവൻ രക്ഷകനാണ്. അവൻ രക്ഷ തരുന്നവനാണ്. അവൻ രക്ഷ തന്നെയാണ്. രക്ഷകനായ ക്രിസ്തുവിലേക്ക് നോക്കി രക്ഷ പ്രാപിപ്പിൻ. വിശ്വസിക്കുന്നവർക്ക് സകലവും അനുഭവമായിത്തീരും. “കർത്താവായ യേശുവിൽ നീ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.”

## ഏഴ്

*"യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്ന് അവർ പറഞ്ഞു."*

*അപ്പൊ. പ്രവൃത്തികൾ 16 : 30, 31*

പൗലോസിനും ശീലാസിനും യേശുക്രിസ്തു കൂടെയുണ്ടെന്നുള്ള ഉറപ്പുണ്ടായിരുന്നു. ശരീരത്തിന് ദണ്ഡനമേറ്റു. ശരീരത്തിൽ അടിയേറ്റു. ശരീരം പലയിടത്തും കീറി രക്തം ഒഴുകുന്നുണ്ട്. കാൽ ആമത്തിൽ ഇട്ട് പൂട്ടിയിരിക്കുന്നു. ജയിലറയ്ക്കുള്ളിൽ പൂട്ടപ്പെട്ടിരിക്കയാണ്. ഫിലിപ്പിയിലെ കാരാഗൃഹത്തിൽ പൗലോസും ശീലാസും കിടക്കുകയാണ്.

അർദ്ധരാത്രിയിൽ അടക്കിവച്ചിരുന്ന സ്തുതി പുറപ്പെട്ടു. അവർ പാട്ടുപാടി പ്രാർത്ഥിച്ച് ദൈവത്തെ ആരാധിച്ച് സ്തുതിച്ചു. അവർ പാടി സ്തുതിച്ചപ്പോൾ പെട്ടെന്ന് ഭൂകമ്പമുണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി. വാതിലെല്ലാം തുറന്നുപോയി. എല്ലാവരുടേയും ചങ്ങല അഴിഞ്ഞു വീണു. അങ്ങനെ എല്ലാവരും സ്വതന്ത്രരായിത്തീർന്നു.

അർദ്ധരാത്രിയിൽ ഫിലിപ്പിയിലെ കാരാഗൃഹത്തിൽ അത്ഭുതം! ബന്ധനങ്ങൾ അഴിഞ്ഞു! സാക്ഷാൽ പരിശുദ്ധാത്മാവിന്റെ സ്തുതി ഉയരുമ്പോൾ അടഞ്ഞ വാതിലുകൾ തുറക്കും!

ഹൃദയത്തിന്റെ അന്തരാളത്തിൽ നിന്നൊഴുകുന്ന

സ്തുതി! യേശുക്രിസ്തു എനിക്ക് എന്ത് ചെയ്തുതന്നു എന്ന് അറിഞ്ഞുകൊണ്ടുള്ള സ്തുതി! പാപാന്ധകാരത്തിൽ കിടന്ന എന്നെ സത്യവെളിച്ചത്തിലേക്ക് കൊണ്ടുവന്നല്ലോ എന്നുള്ള സ്തുതി! നരകക്കുഴിയിൽ കിടന്ന എന്നെ സ്വർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടല്ലോ എന്നുള്ള സ്തുതി! പാപത്തിന്റെ ചെളിക്കുഴിയിൽ കിടന്നയെന്നെ പാറമേൽ നിർത്തിയല്ലോ എന്നുള്ള സ്തുതി! ആരോടും ഇണങ്ങുകയില്ലാത്ത എന്നെ അനേകം സഹോദരീ സഹോദരന്മാരുള്ള കൂട്ടായ്മയിലാക്കിയല്ലോ എന്നുള്ള സ്തുതി!

പരുക്കൻ പ്രകൃതിയുള്ളയെന്നെ ആശ്വാസപുത്രനാക്കിയല്ലോ എന്നുള്ള സ്തുതി! എന്നും കോപിക്കുന്ന പ്രകൃതമുള്ളയെന്നെ ഭർത്താവിന്റെ മുമ്പിലും മക്കളുടെ മുമ്പിലും സ്നേഹത്തോടെ പെരുമാറുന്ന സ്ത്രീയാക്കി മാറ്റിയല്ലോ എന്നുള്ള സ്തുതി! ജീവിതത്തിൽ ഒരിക്കലും മാറുകയില്ലായെന്നു കരുതിയ കോപശീലം മാറ്റിത്തന്ന ദൈവത്തിന് സ്തുതി! ഒരിക്കലും അശുദ്ധവികാരങ്ങൾ എന്റെ ഹൃദയത്തിൽനിന്ന് മാറുകയില്ലായെന്ന് വിചാരിച്ച എനിക്ക് അശുദ്ധവിചാരങ്ങൾ മാറ്റിത്തന്നല്ലോ എന്നുള്ള സ്തുതി! ജീവിതത്തിൽ ഒരിക്കലും സാദ്ധ്യമാവുകയില്ലയെന്ന് വിചാരിച്ച വിശുദ്ധജീവിതം സാദ്ധ്യമാക്കിത്തന്നതോർത്തുള്ള സ്തുതി! നിഷ്ഠൂരസ്വഭാവമുള്ള എനിക്ക് സമാധാനവും ശാന്തിയും സ്വസ്ഥതതും ലാളിത്യവും പകർന്ന് തന്നല്ലോ എന്നുള്ള സ്തുതി!

ഇങ്ങനെ നന്ദിയുടെ സ്തുതി ഉയരണം. അപ്പോൾ പാപത്തിന്റേയും ശാപത്തിന്റേയും ബന്ധനങ്ങൾ അഴിയും. കാരാഗൃഹപ്രമാണി വാളൂരി തന്നെത്താൻ കൊല്ലുവാൻ തീരുമാനിച്ചു. ശത്രുവിന് നേരെ ആക്രമിക്കാൻ ദൈവം തന്ന ആയുധങ്ങളുണ്ട്. ദുഷ്ടശക്തിയെ എതിർക്കാൻ ദൈവം തരുന്ന ആയുധമാണ് സ്നേഹത്തിന്റെ ആയുധം, ക്ഷമയുടെ, ദീർഘക്ഷമയുടെ ആയുധം, വിശുദ്ധിയുടെ ആയുധം. ഈ വിലപ്പെട്ട

ആയുധങ്ങളെല്ലാം തന്നെത്താൻ നശിപ്പിക്കാൻ തുടങ്ങുകയാണ്. പൗലോസ് പറഞ്ഞു: ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ. നീ നിന്നെത്തന്നെ നശിപ്പിക്കണ്ട ആവശ്യമില്ല.

പ്രിയരേ, ഇത്രയുംകാലം നിങ്ങൾക്ക് തന്നെ നാശം വരുന്നത് നിങ്ങൾ അറിഞ്ഞില്ല. എന്നാൽ കർത്താവ് പറയുന്നു: നിന്നെത്തന്നെ നശിപ്പിക്കേണ്ട ആവശ്യമില്ല. ഇനിയും ആശ്വാസകാലമുണ്ട് മോളേ, നീ ഇനി ആത്മഹത്യയെപ്പറ്റി ചിന്തിക്കുക പോലും ചെയ്യണ്ട. ഇനി നീ നിരാശപ്പെട്ട് പോകേണ്ട കാര്യമില്ല. മോനേ, നിന്റെ രോഗത്തിന് സൗഖ്യമുണ്ട്; ബന്ധനങ്ങൾ അഴിയുന്നു; അടഞ്ഞ വാതിലുകൾ തുറക്കുന്നു. തന്നെത്താൻ കൊല്ലേണ്ട ആവശ്യമില്ല.

> *"കാരാഗൃഹപ്രമാണി ഉറക്കുണർന്നു കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ട് ചങ്ങലക്കാർ ഓടിപ്പോയ്ക്കളഞ്ഞു എന്ന് ഊഹിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ പൗലോസ്: നിനക്ക് ഒരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. അവൻ വെളിച്ചം ചോദിച്ച് അകത്തേക്ക് ചാടി വിറച്ചുംകൊണ്ടു പൗലോസിന്റേയും ശീലാസിന്റെയും മുമ്പിൽ വീണു."* *അപ്പൊ. പ്രവൃത്തികൾ 16 : 27 – 29*

പൗലോസ്, ഞങ്ങൾ എല്ലാവരും ഇവിടെയുണ്ടല്ലോ എന്ന് പറഞ്ഞപ്പോൾ കാരാഗൃഹപ്രമാണിയുടെ ഉള്ളിലേക്ക് ഏതോ പ്രകാശം കടന്നുചെന്നു. നിരാശ മാറി. വചനം വന്നപ്പോൾ, ദൈവത്തിന്റെ ആത്മാവിന്റെ ശബ്ദം വന്നപ്പോൾ തളർന്നിരിക്കുന്ന മനുഷ്യന്റെ ഉള്ളിൽ ഉണർവ്വുണ്ടാവുകയാണ്. തളർന്ന ജീവിതത്തിൽ മധുരം ലഭിക്കുകയാണ്.

നിങ്ങൾ പലരും വിങ്ങിയിരിക്കുന്നവരാണ്. ഉള്ളു നീറി, മനസ്സു നീറിയിരിക്കുന്നവരാണ്. ഓർത്താൽ മനസ്സു വേദനിച്ച്

ഉഷ്ണിച്ചിരിക്കുന്ന അനേകരുണ്ട്. ദൈവത്തിന്റെ വചനം നിങ്ങളുടെ ഹൃദയത്തിലേക്ക് കടക്കുമ്പോൾ ഏതോ ഒരാ ശ്വാസം നിങ്ങൾക്ക് ലഭിക്കും. എന്റെ കർത്താവ് എന്നെ സ്നേഹിക്കുന്നുവെന്ന് വിശ്വാസം ലഭിക്കും. യേശു എന്നെ സ്നേഹിക്കുന്നുവെന്ന വിശ്വാസത്തോടിരുന്നാൽ പ്രശ്നങ്ങൾ മാറിയില്ലെങ്കിലും, രോഗങ്ങൾ മാറിയില്ലെങ്കിലും, വിവാഹം നട ന്നില്ലെങ്കിലും, മോൾക്ക് കുഞ്ഞിനെ ലഭിച്ചില്ല എങ്കിലും നിന്റെ ഹൃദയത്തിലേക്ക് മധുരം ലഭിച്ചുകൊണ്ടിരിക്കും.

ദൈവത്തിന്റെ വചനം ഹൃദയത്തെ ഉണർത്തുന്നതാണ്. ഹൃദയത്തെ ഉജ്ജ്വലിപ്പിക്കുന്നതാണ്. കാരാഗൃഹപ്രമാണി ചോദിക്കുകയാണ്, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം? പൗലോസിനെയും ശീലാസിനെയും വലിച്ചിഴച്ചയാളാണ്. കാരാഗൃഹപ്രമാണി പൗലോസിന്റേയും ശീലാസിന്റേയും മുമ്പിൽ കവിണ്ണുവീണു. പൗലോസ് പറഞ്ഞു: നീ മാത്രമല്ല, നിന്റെ കുടുംബവും രക്ഷപ്പെടും. കർത്താവായ യേശുവിൽ നീ വിശ്വസിച്ചാൽ മാത്രം മതി. ക്രിസ്തു നിന്നെ സ്നേഹിക്കു ന്നുവെന്ന് വിശ്വസിക്കൂ. ക്രിസ്തു നിന്നെ അറിയുന്നുവെന്ന് വിശ്വസിക്കൂ. നീ ഉപദ്രവിക്കുമ്പോഴും ക്രിസ്തു നിന്നെ സ്നേഹിക്കുന്നുണ്ടായിരുന്നുവെന്ന് വിശ്വസിക്കൂ. കർത്താ വായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടും ബവും രക്ഷ പ്രാപിക്കും. എന്താണ് വിശ്വാസം?

> *"ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യ മായി നിറുത്തിയിരിക്കുന്നു." റോമർ 3 : 23 – 25*

വിശ്വസിക്കുന്നവർക്കാണ് രക്ഷ. അഗ്നിസർപ്പത്തിന്റെ

കടിയേറ്റ യിസ്രായേൽജനം. കൂട്ടത്തോടെയുള്ള മരണമാണ്. ഓരോ കൂടാരത്തിലും മരണത്തിന്റെ ഭീതി പടർന്നിരിക്കുന്നു. തീപോലെ പാഞ്ഞുവരുന്ന അഗ്നിസർപ്പങ്ങൾ! ജനം കൂട്ടക്കര ച്ചിലായി. മോശ കരഞ്ഞു: കർത്താവേ, ഈ ജനം അപകടത്തി ലായല്ലോ. ഈ മരുഭൂമിയിൽ നീ അവരെ നശിപ്പിക്കുന്നത് ഞാൻ എങ്ങനെ കണ്ടുനിൽക്കും? മോശയോടു കർത്താവ് പറ ഞ്ഞു: പിച്ചളകൊണ്ട് ഒരു പാമ്പിനെ ഉണ്ടാക്കി വലിയൊരു കൊടിമരം നാട്ടി അതിൽ തൂക്കുക.

ആ പിച്ചള കൊണ്ടുണ്ടാക്കിയ പാമ്പിലേക്ക് നോക്കാൻ പറഞ്ഞത് ദൈവത്തിന്റെ വചനമെന്ന് വിശ്വസിക്കുന്നവരിൽ നിന്ന് പാമ്പിന്റെ വിഷമിറങ്ങിപ്പോകും. മോശ ജനത്തോട് പറ ഞ്ഞു: പാമ്പിന്റെ കടിയോർത്ത് ആരും പേടിക്കണ്ട. വിഷമേറ്റ് തളർന്ന് കിടക്കുന്ന കിടപ്പിൽ കൊടിമരത്തിൽ തൂക്കിയിട്ടിരി ക്കുന്ന പിച്ചളസർപ്പത്തിലേക്ക് നോക്കിയാൽ മതി രക്ഷപ്പെടും. നോക്കിയവർ രക്ഷപ്പെട്ടു!

പാമ്പിനെ നാട്ടിയതിന്റെ പിന്നിൽ നിത്യനായ ദൈവ ത്തിന്റെ വചനത്തിന്റെ ശക്തിയുണ്ട്. വചനത്തിന്റെ ജീവനു ണ്ട്. പിച്ചള പാമ്പിലേക്ക് നോക്കുകയെന്ന് പറഞ്ഞത് ദൈവ ത്തിന്റെ വചനമാണ്. സ്വർഗ്ഗത്തിലെ ദൈവം അരുളിച്ചെയ്തത് അനുസരിച്ച് ചെയ്യുമ്പോഴാണ് വചനത്തിന്റെ ശക്തി വരുന്നത്. ജനം നോക്കി. പാമ്പിന്റെ വിഷത്തിൽ നിന്ന് ജനം രക്ഷ പ്രാപി ച്ചു.

യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോഴാണ് രക്ഷ. “കർത്താവായ യേശുവിൽ നീ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.” കർത്താവായ യേശു, ക്രൂശിൽ എന്റെ പാപം വഹിച്ച് മരിച്ചുവെന്ന് വിശ്വസിക്കുന്നു. സർപ്പത്തെ നാട്ടിയതുപോലെ യേശുക്രിസ്തുവിനെ കുരിശിൽ ക്രൂശിച്ചുവെന്നും ക്രൂശിന്മേൽ യേശു മൂന്നാണികളിൽ കിട ന്നുവെന്നും എന്റെ പാപം വഹിച്ചാണ് മരിച്ചതെന്നും വിശ്വസി

ക്കുമ്പോൾ പാപം മാറുകയാണ്.

“വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു.” ഇതാണ് രക്ഷ. ഞാൻ പാപം ചെയ്യാത്തപ്പോഴും പാപിയാണ്. ഞാൻ നല്ല പ്രവൃത്തി ചെയ്യുന്നതിന്റെ പിന്നിലൊരു പാപമുണ്ട്. ഞാൻ ഒരാൾക്ക് ഉപകാരം ചെയ്യുമ്പോഴും അയാൾക്ക് എന്നോട് നന്ദി വേണമെന്ന് ചിന്തിക്കുന്നുണ്ട്. ഒരു സാധുവിനെ സഹായിച്ചു. എന്നാൽ പിന്നീട് എന്നെ അയാൾ അവഗണിക്കുന്നതു കാണുമ്പോൾ ഒരു പ്രയാസം ഉണ്ടാകാറുണ്ട്. അതിന്റെയെല്ലാം പിന്നിൽ ഒരു സ്വയം ഉണ്ട്.

ഒരു നല്ല പ്രസംഗം ചെയ്തുവെന്ന് തോന്നിയാൽ അതിന്റെ പിന്നിലും സ്വയമുണ്ട്. എന്റെ സ്വന്തമായ മഹത്വം, വ്യക്തിത്വം എല്ലാം എന്റെ ആളത്വത്തിൽ ലയിച്ചു കിടക്കുന്നു. ഇതെല്ലാം മാറിക്കിട്ടാൻവേണ്ടി കർത്താവിൽ പോരാടണം. ഞാൻ എന്ന ആളത്വം ഇല്ലാതായിട്ട് യേശു എന്നിൽ നിറഞ്ഞു വരുന്ന അനുഭവം. അത് നമുക്ക് ലഭിക്കും. മുഴുവനായ രക്ഷ നമുക്ക് വേണം.

വ്യക്തിക്ക് രക്ഷ വേണം. വീടിന് രക്ഷവേണം. കുടുംബത്തിന് രക്ഷ വേണം. ചിന്തിക്കൂ. നാം രക്ഷ പ്രാപിച്ചിട്ടുണ്ടോ? കുടുംബമായി നാം സ്വർഗ്ഗീയ സംരക്ഷണത്തിൽ, സ്വർഗ്ഗീയമായ കാവലിലാണോ? കർത്താവായ യേശുക്രിസ്തുവിന്റെ സംരക്ഷണത്തിലാണോ നാം നില്ക്കുന്നത്? നമുക്ക് ചുറ്റും കർത്താവായ യേശു വേലി കെട്ടുന്നുണ്ട്. അപകടങ്ങൾ വരാതെ വേലി കെട്ടിത്തരുന്നുണ്ട്.

ദിനംപ്രതിയുള്ള പ്രാർത്ഥനയിൽ നിങ്ങളുടെ കുട്ടികളെ കർത്താവായ യേശുവിൽ ഭരമേല്പിക്കുക. ഭാര്യയേയും ഭർത്താവിനേയും മാതാപിതാക്കളേയും കർത്താവിന്റെ കരങ്ങളിലേക്ക് ഏല്പിച്ച് കൊടുത്തുകൊണ്ട് പ്രാർത്ഥിക്കൂ. സഹോദരീ സഹോദരന്മാരേയും കുടുംബക്കാരേയും ഓർത്ത്

പ്രാർത്ഥിക്കുക.

അപ്പൊസ്തലനായ പൗലോസിന് വലിയ വേദന ജീവിതത്തിലുണ്ടായിരുന്നു. തന്റെ ചാർച്ചക്കാർ, സ്വന്തക്കാർ ആരും താൻ അനുഭവിക്കുന്ന ഈ സന്തോഷം അനുഭവിച്ചില്ലല്ലോ എന്നോർത്ത് അപ്പൊസ്തലൻ ദുഃഖിക്കുകയാണ്:

> *"എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്ന് എന്റെ മനസ്സാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു. ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കുവേണ്ടി ഞാൻ തന്നേ ക്രിസ്തുവിനോടു വേറുവിട്ടു ശാപഗ്രസ്തവാനാവാൻ ഞാൻ ആഗ്രഹിക്കാമായിരു ന്നു."* *റോമർ 9 : 2, 3*

എന്റെ രക്തബന്ധത്തിലുള്ളവർ അപകടത്തിലാണല്ലോ. അവർ രക്ഷപ്രാപിച്ചില്ലല്ലോ. ഇന്ന് കടന്നുപോയാൽ അവർ ദൈവരാജ്യത്തിൽ എത്തുകയില്ലല്ലോ. എനിക്ക് ഈ ഭാഗ്യം കർത്താവ് തന്നു. എന്നെ ദമസ്ക്കൊസ് റോഡിൽ വച്ച് പരിശുദ്ധാത്മാവ് തടഞ്ഞു നിർത്തി, ഒരു മാനസാന്തരം തന്നു.

അനേകം പ്രതിസന്ധികൾ ഉണ്ടായെങ്കിലും രക്ഷപ്പെടാൻ ഇടയായി. പക്ഷേ, അപ്പൊസ്തലന്റെ ചാർച്ചക്കാർ യിസ്രായേല്യരാണ്. അവർ പ്രാർത്ഥനയുള്ളവരാണ്; നമസ്ക്കാരമുള്ളവരാണ്. ആത്മീയമായ കാര്യങ്ങളിൽ ശുഷ്ക്കാന്തിയുള്ളവരാണ്. പ്രകടമായി വേണ്ടാതീനത്തിനൊന്നും പോകുന്നവരല്ല. പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുണ്ട്. പക്ഷേ, അവർ സത്യം തിരിച്ചറിയാതെ നാശത്തിലേക്കു പോകുന്നു. തന്റെ ബന്ധുക്കളെല്ലാം നശിച്ചുപോകുന്നല്ലോ എന്ന ദുഃഖം.

നിങ്ങൾ ചിന്തിക്കണം. വചനം അനുസരിച്ച് നാം ജീവിതം ക്രിസ്തുവിനു സമർപ്പിച്ചു; കടന്നുപോകുമ്പോൾ

ദൈവരാജ്യത്തിൽ ചെന്ന് ദൈവരാജ്യത്തിലിരുന്നുകൊണ്ട് നോക്കുമ്പോൾ നിങ്ങളുടെ സ്വന്തം മക്കൾ, ഭർത്താവ്, പ്രിയപ്പെട്ട ഭാര്യ, സഹോദരങ്ങൾ, അവർ നരകത്തീയിൽ പിടയുന്നത് എങ്ങനെ കാണും?

നിങ്ങളുടെ മക്കൾ എരിതീയിൽ വെന്തെരിയുന്നത് എങ്ങനെ കാണും? ഒരിക്കലും തിരിച്ചു വരാത്ത നിത്യയാതനയിലേക്ക് പ്രിയപ്പെട്ടവർ പോയാൽ നിങ്ങൾ എങ്ങനെ സഹിക്കും? ഇന്ന് ഞാൻ ഓമനിക്കുന്ന കുഞ്ഞുങ്ങൾ, കൈ വളരുന്നോ കാൽ വളരുന്നോ എന്ന് നോക്കി നാം വളർത്തിക്കൊണ്ടുവരുന്ന കുഞ്ഞുങ്ങൾ നരകത്തീയിൽ പിടയുക എന്നത് എത്ര ഭയാനകമാണ്? നാം ഇതെല്ലാം ഗ്രഹിക്കുന്നുണ്ടെങ്കിലും രക്ഷ സ്വന്തമാക്കിയിട്ടുണ്ടോ?

ഞാൻ എന്ന വ്യക്തി വാസ്തവത്തിൽ വിശുദ്ധീകരണം പ്രാപിച്ചുവോ? സ്വർഗ്ഗരാജ്യത്തിൽ എത്തുവാൻ തക്കവണ്ണം വിശുദ്ധനായി തീർന്നുവോ? എന്റെ ജീവിതം രൂപാന്തരപ്പെട്ടുവോ? യേശുക്രിസ്തുവിലുള്ള വിശ്വാസം കിട്ടിയോ? സ്വർഗ്ഗരാജ്യാവകാശം കിട്ടുമെന്ന ഉറപ്പുണ്ടോ? എന്റെ പാപങ്ങളെല്ലാം ക്ഷമിച്ചു തന്നു എന്ന ഉറപ്പ് കിട്ടിയിട്ടുണ്ടോ?

ഇന്ന് നാം സമ്പാദിക്കുന്ന പൈസയിൽ കറയുണ്ടെങ്കിൽ കണക്ക് പറയേണ്ടി വരികയില്ലേ? കണക്കു തീർക്കുന്ന നാളിൽ എങ്ങനെ അവിടെ നിൽക്കും? വായിൽ മദ്യം പകർന്നു. ചുണ്ടിൽ സിഗരറ്റ് വച്ചു. ചുണ്ടിൽ കഞ്ചാവ് വച്ചു. ശരീരത്തിൽ മയക്കുമരുന്ന് കുത്തിവച്ചു. കണ്ണ് അശുദ്ധമായ ചിത്രങ്ങൾ കണ്ട് രസിച്ചു. ഏറ്റവും ഹീനമായ രംഗങ്ങളിൽ കടന്നുചെന്നു. ഇതെല്ലാം ക്ഷമിച്ച് കിട്ടിയില്ലെങ്കിൽ എവിടെ ചെല്ലും? ഈ പാപങ്ങൾ ക്ഷമിക്കാതെ കടന്നുപോയാൽ ആത്മാവ് എവിടെ ചെല്ലും? ഇത് നാം തിരിച്ചറിഞ്ഞ് വാസ്തവത്തിൽ ഇടവിടാത്ത നോവ് ഹൃദയത്തിൽ വരണം. നിറഞ്ഞ അനുതാപം വരണം.

ഒരിക്കലും സംഭവിക്കരുതാത്തത് എന്റെ ജീവിതത്തിൽ

സംഭവിച്ചുപോയി. ഈ ശരീരം മദ്യത്തിന് വിട്ടുകൊടുത്തു. കൂട്ടുകാരുടെ പ്രേരണയാൽ മോഷണങ്ങൾ വന്നുപോയി. ജോലിസ്ഥലങ്ങളിൽ കള്ളക്കണക്കെഴുതി പണം അപഹരിച്ചു പോയി. ഇതെല്ലാം തീർത്തില്ലെങ്കിൽ നാം എങ്ങോട്ടാണ് പോകുന്നത്? ഭൂമിയിൽവച്ച് എല്ലാം ശരിയാക്കിയിരിക്കണം.

പാപത്തിൽനിന്ന് കരേറാൻ അനേകർ വീടുകളിൽ പോയി പൈസ തിരികെ കൊടുത്തു ക്ഷമ ചോദിച്ച് രമ്യതയിലായി. അതുകൊണ്ട് അവർ ആത്മീയമായ രക്ഷ അനുഭവിച്ചു. നിങ്ങൾ അന്യായമായി വല്ലവരോടും ചെയ്തത് ഇന്നും ജീവിതത്തിലുണ്ടോ? ഇന്നും വൈരാഗ്യം പുലർത്തുന്നവരുണ്ടോ? ഉള്ളിൽ ഈർഷ്യയും വൈരാഗ്യവും മാറാതെ നില്ക്കുന്നുണ്ടോ? അതിവേഗം ദൈവത്തോട് നിരപ്പായി കൊള്ളണം.

ചെറുപ്പക്കാർ പ്രേമം എന്ന് പറഞ്ഞ് എന്തുമാത്രം വൃത്തികേടുകളാണ് കാട്ടിക്കൂട്ടുന്നത്? ആരെങ്കിലും ആത്മഹത്യ ചെയ്യാൻ നിങ്ങൾ കാരണക്കാരായിരുന്നിട്ടുണ്ടോ? ഗർഭഛിദ്രത്തിന് കൂട്ട് നിന്നിട്ടുണ്ടോ? കൊലപാതകമാണ് ചെയ്തത്. ഒരു കുഞ്ഞിനെയാണ് നശിപ്പിച്ചത്. വചനം കേൾക്കുമ്പോൾ വിറയ്ക്കണം. എന്റെ പാപം നീ ഓർക്കല്ലേ. എന്റെ അകൃത്യം ഒന്നും കണക്കിടല്ലേ. എല്ലാം മായിച്ചു തരണമേയെന്ന് ഹൃദയമുരുകി പ്രാർത്ഥിക്കണം.

ഹൃദയം തകർന്ന് കർത്താവിനോട് പറഞ്ഞാൽ നിങ്ങളുടെ പ്രാർത്ഥന കേൾക്കാൻ യേശു വന്നിട്ടുണ്ട്. ഉള്ള് തകർന്ന് യേശുവിനോട് പറയണം. തെറ്റുകൾ ഏറെ പറ്റിപ്പോയി. അബദ്ധങ്ങൾ സംഭവിച്ചുപോയി. ശരീരത്തിന്റെ പുളപ്പിൽ ചിലതെല്ലാം ചെയ്തുപോയി, പറഞ്ഞുപോയി. അഹങ്കാരത്തോടെ ചിലതെല്ലാം പ്രവർത്തിച്ചുപോയി. സ്വാർത്ഥ ഉദ്ദേശത്തോടെ ചിലതെല്ലാം പ്രവർത്തിച്ചുപോയി. ദ്രവ്യാഗ്രഹത്തോടെ എന്തെല്ലാമാണ് ചെയ്തുകൂട്ടിയത്? കണക്കുനോക്കുന്ന ദിവസം ഞാൻ എന്തു പറയും? പറയാൻ എനിക്ക്

ഒന്നും ഇല്ലല്ലോ.

എല്ലാം തകർന്നവളായിട്ടാണ് ഞാൻ തിരുമുമ്പാകെ വന്നിരിക്കുന്നത്. എന്റെ പാപം, എന്റെ അകൃത്യം എന്നോട് കണക്കിടല്ലേ. മാതാപിതാക്കളെ ധിക്കരിച്ചത്, മക്കളുടെ ഹൃദയ ത്തിൽ കോപം ഉളവാകത്തക്കവണ്ണം ഞാൻ പ്രവർത്തിച്ചത്, എന്റെ സംസാരംമൂലം മക്കൾക്ക് വേദന വന്നത്, എന്റെ മാതാ പിതാക്കൾക്ക് വേദന വന്നത്, സഹോദരീ സഹോദരന്മാർക്ക് വേദന വന്നത്, പണമിടപാടുകളിൽ അവിശ്വസ്തത വന്നത്, എല്ലാം കാണുന്ന ദൈവത്തിന്റെ മുമ്പിൽ ഞാൻ ഏറ്റുപറയേ ണ്ടിവരുമല്ലോ.

പുസ്തകം തുറക്കുന്ന ഒരു ദിവസമുണ്ട്. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറക്കും. പുസ്തക ങ്ങളിൽ എഴുതിയിരുന്നതിനൊത്തവണ്ണം അവരവർക്ക് ന്യായ വിധി ഉണ്ട്. പിന്നെ തിരുത്താനാവില്ല; അവസരങ്ങൾ ഉണ്ടാ വില്ല. ഇങ്ങനെ എല്ലാം എണ്ണിയെണ്ണിയോർത്ത് അനുതാപ ത്തോടെ നിങ്ങൾ തകർന്ന് കരയണം. യേശുവിനോട് പറയണം: ഹൃദയമറിയുന്ന രക്ഷകാ, എന്റെ പാപങ്ങൾ ക്ഷമിച്ച് തരണമേ. എന്റെ അകൃത്യങ്ങൾ പൊറുത്ത് തരണമേ.

പിതാക്കന്മാർ പാടി:

നോക്കണമെൻ ദുരിതം നാഥാ!
പലതര ദോഷം ഞാൻ ചെയ്തു
കോപിപ്പിച്ചു, ശരണമെനിക്കില്ല
വൈദ്യന്മാർ പക്കൽ ഞാൻ പോയി
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം
നൽവൈദ്യാ! നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു
നിങ്കൽ വരുന്നോൻ, സുഖമേൽക്കും നൂനം.

കർത്താവേ, ഞാൻ പാപം മൂലം വ്രണങ്ങൾ ബാധിച്ചവ

നെപ്പോലെയായിരിക്കുന്നു. ആത്മാവിൽ കുഷ്ഠരോഗം ബാധിച്ചിരിക്കുകയാണ്. കർത്താവേ, നിന്റെ അടുക്കൽ വരുമ്പോൾ, നിന്റെ തൃക്കരം നീട്ടി വ്രണങ്ങൾ സൗഖ്യമാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പരുക്കളെല്ലാം മാറ്റാൻ അവിടുത്തെ തിരുരക്തത്തിന് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ പാപം മൂലം ഞാൻ മനോരോഗം ബാധിച്ചവനെപ്പോലെയായിരിക്കുന്നു. എനിക്ക് ഓർമ്മ കിട്ടുന്നില്ല. മതഭ്രാന്ത് ഇളകുന്നു. കലിതുള്ളുന്നു. ഇതെല്ലാം ആത്മാവിന്റെ കുഷ്ഠമാണ്. നല്ല വൈദ്യനായ യേശുവേ, നീ വരണമേ. ഭൂമിയിലെ ഡോക്ടേഴ്സിന് സൗഖ്യം തരാൻ കഴിയുകയില്ല. സർവ്വശക്തനായ യേശുവേ, എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, ഈ സ്ഥിതിയിൽ ഞാൻ ജീവിച്ചാൽ പാപത്തിൽ മരിച്ച് നിത്യ അന്ധകാരത്തിൽ പോകേണ്ടിവരും.

ശീമോന്റെ വീട്ടിൽ വന്നു കരഞ്ഞ പാപിനിയായ സ്ത്രീയെപ്പോലെ രണ്ടുതുള്ളി കണ്ണുനീർ ഒഴുക്കിക്കൊണ്ട് ഞാൻ ഇതാ വരുന്നു. ആ പാപിനിയായ സ്ത്രീ യേശുവിന്റെ കാൽക്കൽ വീണ് കണ്ണുനീർ കൊണ്ടു കാൽ നനച്ചു. കണ്ണുനീർ കൊണ്ടു കഴുകി. ഇങ്ങനെ ആരും അറിയാതെ യേശുവിന്റെ പാദത്തിൽ ഇരുന്നുകൊണ്ട് ആ കാൽപ്പാദം നിങ്ങൾ കണ്ണുനീർകൊണ്ട് നനയ്ക്കണം. എന്റെ പാപം തിരുത്താനാവില്ലല്ലോ. എന്റെ പാപം ക്ഷമിച്ചുതരണമേ എന്ന് പ്രാർത്ഥിക്കണം.

എന്റെ പാപത്തിന്റെ ശിക്ഷ ഏല്ക്കാനാണ് നീ ക്രൂശിൽ മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. ആ തിരുരക്തത്താൽ എന്റെ പാപങ്ങളെല്ലാം കഴുകിത്തരണമേ. പട്ടണത്തിലേക്കും പാപിനിയായ ആ സ്ത്രീ അനുതാപത്തോടെ കണ്ണുനീർകൊണ്ട് യേശുവിന്റെ കാല്പാദം കഴുകിയപ്പോൾ കർത്താവ് പാപം ക്ഷമിച്ച് കൊടുത്തു. അനുതാപത്തോടെ കർത്താവിന്റെ കരുണയ്ക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ കർത്താവ് പാപം ക്ഷമിച്ച് തരും.

ഒരു സംഭവം ഇങ്ങനെ കേട്ടിട്ടുണ്ട്. ശത്രുസൈന്യം ഒരു രാജ്യം കീഴടക്കി. അവർ ഓരോ വീട്ടിലും ചെന്ന് ഓരോരുത്തരെയായി കൊന്നൊടുക്കി. ആ നാടിനെ മുഴുവൻ നശിപ്പിക്കാനാണ് അവർ വന്നിരിക്കുന്നത്. ശത്രുസൈന്യം രണ്ടുകൂട്ടമായി തിരിഞ്ഞാണ് ഭവനങ്ങളിൽ ചെല്ലുന്നത്. ഒരു കൂട്ടർ വീട്ടിൽ കയറി എന്നതിന് അടയാളമായി, വീട്ടിലുള്ളവരെ കൊന്നിട്ട് ആ ചോര കട്ടിളപ്പടിയിൽ പുരട്ടി വയ്ക്കും. മറ്റേ ഗ്രൂപ്പിലുള്ളവർ ആ വീട്ടിൽ കയറാതിരിക്കാൻ വേണ്ടിയാണ്.

ഇത് ഒരു കൊച്ചുകുട്ടി ഒളിച്ചുനിന്നു കണ്ടു. ഒരു വീട്ടിൽ ഏറെ പേരിരിക്കുകയാണ്. അവൻ അവരോട് ചെന്നു പറഞ്ഞു: ശത്രുസൈന്യം, ചോര കട്ടിളപ്പടിമേൽ പുരട്ടിയാണ് അവർ കയറിയ വീട് അടയാളപ്പെടുത്തുന്നത്. അതുകൊണ്ട് നാം ബുദ്ധിയോടെ പ്രവർത്തിക്കണം. ആ ബാലൻ പറഞ്ഞു: ഒരു ആടിനെ കൊന്നശേഷം വാതിലിൽ ചോര പുരട്ടി വയ്ക്കാം. അവർ അതുപോലെ ചെയ്തു. അങ്ങനെ ആ നാട്ടിലെ അനേകം ഭവനങ്ങളിലുള്ളവർ മരണത്തിൽനിന്ന് രക്ഷപ്പെട്ടു.

കുഞ്ഞാടിന്റെ രക്തം തളിച്ചാൽ സംഹാരകൻ കയറി വരികയില്ല. "പിശാച് തനിക്ക് അല്പകാലമേയുള്ളൂ എന്നറിഞ്ഞ് മഹാക്രോധത്തോടെ ഇറങ്ങി വന്നിരിക്കുന്നു." ഭയപ്പെടേണ്ട, ഹൃദയഭിത്തിയിൽ കുഞ്ഞാടിന്റെ രക്തം പുരട്ടിക്കൊള്ളുക. അടയാളമുള്ള ഒരുത്തനേയും തൊട്ടുപോകരുത്.

> *"അനന്തരം ഞാൻ കേൾക്കെ അവൻ അത്യുച്ചത്തിൽ വിളിച്ചു നഗരത്തിന്റെ സന്ദർശനങ്ങളെ അടുത്തു വരുമാറാക്കുവിൻ; ഓരോരുത്തനും നാശകരമായ ആയുധം കൈയിൽ എടുക്കട്ടെ എന്നു കല്പിച്ചു. അപ്പോൾ ആറു പുരുഷന്മാർ, ഓരോരുത്തനും വെണ്മഴു കൈയിൽ എടുത്തുകൊണ്ടു വടക്കോട്ടുള്ള മേലത്തെ പടിവാതിലിന്റെ വഴിയായി വന്നു; അവരുടെ നടുവിൽ ശണ*

*വസ്ത്രം ധരിച്ച് അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ഒരുത്തൻ ഉണ്ടായിരുന്നു; അവർ അകത്തു ചെന്നു താമ്രയാഗപീഠത്തിന്റെ അരികെ നിന്നു. യിസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം, അത് ഇരുന്നിരുന്ന കെരൂബിന്മേൽനിന്നു ആലയത്തിന്റെ ഉമ്മരപ്പടിക്കൽ വന്നിരുന്നു; പിന്നെ അവൻ, ശണവസ്ത്രം ധരിച്ചു അരയിൽ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി നിന്നിരുന്ന പുരുഷനെ വിളിച്ചു. അവനോടു യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരൂശലേമിന്റെ നടുവിൽകൂടി ചെന്നു, അതിൽ നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ അടയാളം ഇടുക എന്നു കല്പിച്ചു. മറ്റവരോടു ഞാൻ കേൾക്കെ അവൻ: നിങ്ങൾ അവന്റെ പിന്നാലെ നഗരത്തിൽകൂടി ചെന്നു വെട്ടുവിൻ! നിങ്ങളുടെ കണ്ണിന്ന് ആദരവു തോന്നരുത്; നിങ്ങൾ കരുണ കാണിക്കയുമരുത്. വൃദ്ധന്മാരെയും യൗവ്വനക്കാരെയും കന്യകമാരെയും പൈതങ്ങളെയും സ്ത്രീകളെയും കൊന്നുകളവിൻ! എന്നാൽ അടയാളമുള്ള ഒരുത്തനെയും തൊടരുത്; എന്റെ വിശുദ്ധമന്ദിരത്തിൽ തന്നേ തുടങ്ങുവിൻ എന്ന് കല്പിച്ചു; അങ്ങനെ അവർ ആലയത്തിന്റെ മുമ്പിൽ ഉണ്ടായിരുന്ന മൂപ്പന്മാരുടെ ഇടയിൽ തുടങ്ങി.” യെഹെസ്കേൽ 9 : 1– 6*

അടയാളമുള്ള ഒരുത്തനേയും തൊടരുത്. അടയാളം കിട്ടിയാൽ സംഹാരകൻ തൊടുകയില്ല. പരിശുദ്ധാത്മാവ് വചനം നല്കി അടയാളം ഇട്ടുകൊണ്ട് പോകുന്നു. പിന്നാലെ ഇതാ സംഹാരകൻ വരുന്നു. അടയാളം ലഭിപ്പാൻ നാം എന്തു ചെയ്യണം? ആലയത്തിൽ നടക്കുന്ന സകല മ്ലേച്ഛതകളും

നിമിത്തം നെടുവീർപ്പിട്ടു കരയുക.

അടയാളം പ്രാപിപ്പാൻ വേണ്ടി നെടുവീർപ്പിട്ടു കരയുക. കർത്താവിനോട് പറയാം: “യേശുവേ, യോഗ്യതയില്ല. പാരമ്പര്യമില്ല, തഴക്കവും പഴക്കവുമില്ല. ഇത്രയും കാലം ഈ ആലയത്തിൽ മ്ലേച്ഛത ഉണ്ടായിരുന്നു. അത് കഴുകി തരണമേ.” അടയാളം പ്രാപിക്കുക. വൈകരുത്. മുദ്ര പ്രാപിച്ചുകൊള്ളുക. രക്ഷകനെ വിളിക്കുക. സമാധാനം പ്രാപിക്കുക. രക്ഷിക്കപ്പെടുക, മാനസാന്തരപ്പെടുക. വിശ്വാസത്തോടെ യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കുക.

## എട്ട്

ശിമയോൻ എന്ന വ്യക്തി രക്ഷിക്കപ്പെട്ടു. സക്കായി എന്ന വ്യക്തി രക്ഷിക്കപ്പെട്ടപ്പോൾ അവന്റെ വീട് രക്ഷിക്കപ്പെട്ടു. കാരാഗൃഹപ്രമാണിയോട് പൗലോസും ശീലാസും പറഞ്ഞു: "നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും."

കുടുംബം രക്ഷിക്കപ്പെടുക. നമ്മുടെ കുടുംബത്തിലുള്ള എല്ലാവരും യേശുവിനെ കണ്ടെത്തണം. ഇന്ന് പല കുടുംബങ്ങളും അസ്വസ്ഥമാണ്. മക്കൾ നേർവഴിക്ക് വരുന്നില്ല. പ്രാർത്ഥിക്കുന്നില്ല. തിരുവചനം വായിക്കുന്നില്ല. വചനശുശ്രൂഷയ്ക്ക് ആഗ്രഹമുള്ളവരായിത്തീരുന്നില്ല. വചനത്തിന്റെ മാധുര്യം അവർക്ക് ലഭിക്കുന്നില്ല. പഠിത്തം ഉഴപ്പുന്നു. സ്വഭാവത്തിൽ മാറ്റം വരുന്നില്ല. ഏതെല്ലാമോ ചീത്ത കൂട്ടുകെട്ടുകളിൽപ്പെട്ടുപോകുന്നു. ഏതോ ചില അശുദ്ധബന്ധങ്ങളിലേയ്ക്ക് അവർ വഴുതി വീണു പോകുന്നു. ഇന്ന് കുടുംബങ്ങളിലുള്ള ഏറ്റവും വലിയ പ്രശ്നം വളർന്നുവരുന്ന മക്കളാണ്.

പല കുടുംബങ്ങളിലും മാതാപിതാക്കൾ പരസ്പരം ഐക്യമില്ലാത്തതുകൊണ്ട് മക്കൾക്ക് കേട് വരുന്നു. അപ്പനും അമ്മയും തമ്മിൽ സ്നേഹമില്ല. എന്നും ഇഷ്ടക്കുറവ്. അഭിപ്രായ വ്യത്യാസം, പരിഭവം. ഇതെല്ലാം കണ്ടും കേട്ടും മക്കൾ വളരുന്നു. ആ മക്കൾക്ക് ജീവിതത്തിൽ ലക്ഷ്യബോധം നഷ്ടപ്പെടുന്നു. ജീവിതമൂല്യങ്ങൾ നഷ്ടപ്പെടുന്നു. എന്തിന് ജീവിക്കണം?

ഒരു പെൺകുട്ടി എന്നോട് പറഞ്ഞു: എനിക്ക് വിവാഹം വേണ്ട. വിവാഹം കഴിച്ചാൽ ഇതല്ലേ സ്ഥിതി. എന്റെ അപ്പനും

അമ്മയും കലഹിക്കുന്നത് ഞാൻ എന്നും കാണുന്നു. ഞാൻ വിവാഹം കഴിക്കുന്ന മനുഷ്യൻ മദ്യപിച്ചുവന്ന് എന്റെ അമ്മ തല്ല് കൊള്ളുന്നതുപോലെ എന്നെ തല്ലിയാൽ ഞാൻ എന്തു ചെയ്യും? ഞാൻ പറഞ്ഞു: മോളേ, അങ്ങനെ ആകണമെന്നില്ല. ഒരു വീട്ടിൽ അങ്ങനെ വന്നു. പക്ഷേ, നിനക്കെന്തുകൊണ്ട് ഒരു സൗഭാഗ്യജീവിതം കിട്ടിക്കൂടാ? നീ ജീവിതം ദൈവസന്നിധി യിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുക. നിനക്ക് രക്ഷകിട്ടും. കുടുംബത്തിൽ അനുഗൃഹീതമായ ജീവിതം കിട്ടും.

ഇന്ന് കുടുംബബന്ധങ്ങൾ അയഞ്ഞ് പോകുന്നു. നല്ല സ്നേഹമുള്ള മാതാപിതാക്കളാണെങ്കിൽപോലും ചില മക്കൾ ദൈവബോധമില്ലാത്തവരായി ജീവിക്കുന്നു. ഒരു സമയത്ത് വേദപുസ്തകം വായിക്കും, പള്ളിയിൽ പോകും, പ്രാർത്ഥി ക്കും. നല്ല ആത്മീയ തീക്ഷ്ണതയുണ്ടായിരുന്നു. പക്ഷേ, ഇന്ന് തീക്ഷ്ണതയെല്ലാം പോയി. വല്ല പൂർവ്വികമായ ശാപവും വന്ന് കയറിയതാണോ? കാരണവന്മാരുടെ കാലം മുതലുള്ള ഏതെ ങ്കിലും ദുഷ്കൃത്യങ്ങൾ ചെയ്തതിന്റെ പരിണിതഫലമായിട്ടു ണ്ടാകുന്ന ശാപത്തിന്റെ തേരോട്ടങ്ങളാണോ? നമുക്കറിയില്ല. ജീവിതത്തിൽ ചില കേടുകളും കെടുതികളുമായി വലയുന്ന കുടുംബങ്ങൾ! കുടുംബങ്ങൾ തകർന്ന് കിടക്കുന്നു.

വിവാഹബന്ധം വേർപിരിയാൻ പോകുന്നു എന്നോർത്ത് മനസ്സ് കേണ് കഴിയുന്നവരില്ലേ? സ്നേഹമായിരുന്നു. പക്ഷേ, എന്തുകൊണ്ടോ അവൾക്കിന്ന് ഈ വിവാഹബന്ധം വേണ്ട. സ്നേഹമുള്ള ഭർത്താവിന്റെ ഹൃദയം വിതുമ്പുകയാണ്. ഭർത്താവ് വിളിക്കുവാൻ നോക്കുന്നുണ്ട്. പക്ഷേ, ഭാര്യ ഫോൺ എടുക്കുന്നില്ല. വേറെ ഫോണിൽനിന്നും വിളിച്ചാൽ അവന്റെ ശബ്ദം കേൾക്കുമ്പോൾ ഫോൺ കട്ട് ചെയ്യും. ഒന്ന് മിണ്ടാൻ പോലും ഒക്കുന്നില്ല. തകർന്ന് പോയ കുടുംബങ്ങൾ!

നിങ്ങൾ ചിന്തിക്കൂ. ഭാഗ്യവശാൽ, ദൈവകൃപയാൽ നിങ്ങൾ വചനം കേട്ടു, രക്ഷിക്കപ്പെട്ടു. നിങ്ങൾ കടന്ന് പോയി വിശുദ്ധന്മാരുടെ നിരയിൽ ഇരിക്കുന്നു. നിങ്ങളുടെ മക്കൾ

തീപ്പൊയ്കയിൽ കിടന്ന് എരിപൊരി കൊള്ളുന്നു. എങ്ങനെ കണ്ടുനില്ക്കും? അയ്യോ, എന്റെ മകൻ, എന്റെ മകൾ തീപ്പൊയ്കയിൽ കിടന്ന് പിടയുന്നല്ലോ! പുഴുക്കൾ കടിച്ചുപറിക്കുന്നല്ലോ! ചാകാത്ത പുഴുവും കെടാത്ത തീയും!

ജീവിക്കുന്ന കാലത്ത് ഇതെല്ലാം കേട്ടെങ്കിലും എന്റെ മക്കൾക്ക് മാനസാന്തരം കിട്ടിയില്ലല്ലോ. എന്റെ ഭാര്യ, ഒരുമിച്ച് ജീവിച്ചവളാണ്. എന്തൊരു സന്തോഷമായിരുന്നു! സ്നേഹമായിരുന്നു! എന്റെ കാര്യത്തിൽ എന്തൊരു ശ്രദ്ധയായിരുന്നു! എന്നാൽ അവളിതാ നരകാഗ്നിയിൽ കിടന്ന് പിടയുന്നു. എന്റെ ഭർത്താവ് എന്നെ സ്നേഹിച്ചിരുന്നു. എനിക്ക് വേണ്ടതെല്ലാം വാങ്ങിത്തന്നിരുന്നു. പക്ഷേ, അക്കരെ ചെന്നപ്പോൾ ഭർത്താവിന് ഞാൻ ചെന്ന സ്വർഗ്ഗസന്തോഷത്തിൽ എത്തുവാൻ പറ്റിയില്ല. ഒരിക്കലും എത്താൻ പറ്റാത്ത പിളർപ്പിന്റെ അപ്പുറം നില്ക്കുന്നു.

*"ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയോരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല"*

*ലൂക്കൊസ് 16 : 26*

ഈ ഭൂമിയിൽ ദുരിതമനുഭവിച്ച ലാസർ. ഇന്ന് അവന്റെ ശരീരത്തിൽ വ്രണമില്ല, യാതൊരു കേടുമില്ല, അസ്വസ്ഥതയുമില്ല. ഇന്ന് വിശുദ്ധന്മാരുടെ നിരയിൽ വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ മടിയിൽ ഇരിക്കുന്നു. എന്നാൽ പട്ടും ധൂമ്രവസ്ത്രവും ധരിച്ച് ദിനംപ്രതി ആഡംബരത്തോടെ സുഖിച്ച് പുളച്ചിരുന്ന ധനവാൻ മരണശേഷം പാതാളത്തിൽ യാതന അനുഭവിക്കുന്നു. ഒരിറ്റ് വെള്ളത്തിനുവേണ്ടി അവൻ കേഴുന്നു.

*"ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി*

*എന്റെ നാവിനെ തണുപ്പിക്കേണ്ടതിന്ന് അവനെ അയയ്ക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു.” ലൂക്കൊസ് 16 : 24*

ലാസറിന്റെ വിരലിന്റെ അറ്റംകൊണ്ട് വെള്ളം തൊടുക എന്നത് ചിന്തിക്കാൻ വയ്യാ. കാരണം കൈയിൽനിന്ന് ചോരയും ചലവും ഒഴുകുന്നത് ധനവാൻ കണ്ടിട്ടുണ്ട്. ആ ലാസറിന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി നാവിനെ തണുപ്പിക്കേണ്ടതിന് അയയ്ക്കേണമേ എന്ന് അപേക്ഷിക്കുകയാണ്. പക്ഷേ, സാദ്ധ്യമല്ല. “ഞങ്ങൾക്കും നിങ്ങൾക്കും മദ്ധ്യേ വലിയോരു പിളർപ്പുണ്ടാക്കിയിരിക്കുന്നു.”

കുടുംബത്തിൽ ഏതാനും വർഷങ്ങൾ ഒരുമിച്ച് ജീവിക്കുന്നു. അത് കഴിഞ്ഞ് പിരിയുകയാണ്. നെല്ലും പതിരും ഒരുമിച്ച് വളരുന്നതുപോലെ ഇവിടെ എല്ലാവരും ഒരുമിച്ച് കഴിയുന്നു; ഭക്ഷണം കഴിക്കുന്നു; അന്തിയുറങ്ങുന്നു. ഇവിടെ ഭൂമിയിൽ ജീവിക്കുമ്പോൾ എന്തൊരു സ്നേഹമാണ്! ഐക്യമാണ്! അപ്പുറം കടന്ന് ചെല്ലുമ്പോൾ സത്യം സത്യമായി വെളിപ്പെടുന്നു.

ഒരു ദിവസം മരണമെന്ന കർട്ടനപ്പുറത്തേയ്ക്ക് നാം പോകും. അന്ന് നാം കർത്താവിന്റെ സന്നിധിയിൽ കാണപ്പെടണം. ഞാൻ മാത്രമല്ല കർത്താവേ, എന്നോടുകൂടെയുള്ളവർ എല്ലാവരും.

നാം ചിന്തിക്കണം. ഞാൻ ദൈവരാജ്യത്തിൽ ചെല്ലുമോ? എന്റെ കൈയിൽ കറയുള്ള പണമില്ലേ? അവിശ്വസ്തതമൂലം നേടിയെടുത്ത പണമില്ലേ? ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും മോഷ്ടിച്ചെടുത്ത പണമില്ലേ? ജീവിതത്തിന്റെ കണക്ക് തീർക്കുന്ന ഒരു ദിവസമുണ്ട്.

*“വളരെ കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്കു തീർത്തു.” മത്തായി 25 : 19*

എല്ലാ അക്കൗണ്ടും നോക്കി കണക്ക് തീർക്കുന്ന ഒരു ദിവസമുണ്ട്. കണക്ക് തീർക്കുമ്പോൾ ഒരു മനുഷ്യനോട് പറയുന്നു: ദുഷ്ടദാസനേ, ഞാൻ നിനക്ക് താലന്ത് തന്നതല്ലേ? നീ എന്തുകൊണ്ട് താലന്ത് മറച്ചുവച്ചു? അത് വ്യാപാരം ചെയ്യാമായിരുന്നില്ലേ? അല്ലെങ്കിൽ അത് പൊൻവാണിഭക്കാരെ ഏല്പിക്കാമായിരുന്നില്ലേ? പലിശ കിട്ടുമായിരുന്നല്ലോ? അത്രയും കൂടെ നിനക്ക് കൊണ്ടുവരാമായിരുന്നല്ലോ?

നമ്മിൽ ചിലരോട് ചോദിക്കും: ദുഷ്ടദാസനേ, ഞാൻ തന്ന താലന്ത് എവിടെ കൊണ്ടുപോയി കളഞ്ഞു? മദ്യഷാപ്പിൽ കൊണ്ടുപോയി കളഞ്ഞില്ലേ? വേശ്യാലയത്തിൽ കൊണ്ടുപോയി കളഞ്ഞില്ലേ? നിനക്ക് ഞാൻ തന്ന ആരോഗ്യം, സൗന്ദര്യം, വിദ്യാഭ്യാസം, സ്വാധീനശക്തി, നീ എവിടെയെല്ലാം കൊണ്ടുപോയി കളഞ്ഞു? തന്നതൊന്നും നിന്റെ കൈയിൽ ഇല്ലല്ലോ.

ഏറിയും കുറഞ്ഞും ഓരോരുത്തർക്കും അവരവരുടെ പ്രാപ്തിപോലെ കൊടുത്തു. താലന്ത് മറച്ച് വച്ചവരുണ്ട്. താലന്ത് നഷ്ടപ്പെടുത്തിയവരുണ്ട്. കർത്താവ് തന്ന താലന്ത് നഷ്ടപ്പെടുത്തരുത്. ഒളിച്ച് വയ്ക്കരുത്. അയ്യോ, ആളുകൾ എന്തുപറയും? മെത്രാച്ചൻ എന്ത് പറയും? അച്ചനെന്ത് പറയും? പള്ളിക്കാർ എന്ത് പറയും? വെറുതെ മിണ്ടണ്ട. പ്രശ്നം ഉണ്ടാക്കണ്ട. അതുകൊണ്ട് ആത്മീയകാര്യങ്ങൾ ഒന്നും ഞാൻ പറഞ്ഞില്ല; ആരോടും കൂട്ടായ്മക്ക് വരാൻ പറഞ്ഞില്ല.

മോനേ, നീ കേട്ടോളൂ. ഇന്ന് പ്രശ്നം ഉണ്ടാക്കണ്ട എന്ന് വിചാരിച്ച് നീ ചെയ്യേണ്ടത് ചെയ്തില്ലെങ്കിൽ അന്ന് നിന്നോട് കണക്ക് തീർക്കുമ്പോൾ നീ എന്ത് പറയും? നിനക്ക് തന്ന വിഭവങ്ങൾ നീ ഒളിച്ചു വച്ചു. പറയാൻ നാണിച്ചു.

*"ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാ*

*രുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും."*
*ലൂക്കൊസ് 9 : 26*

*"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും."* *മത്തായി 10 : 32*

ഈ ഭൂമിയിലെ ജീവിതം കഴിഞ്ഞ് ഒരു ജീവിതമുണ്ട്. നിത്യതയുണ്ട്. നിത്യതയിലേക്ക് പ്രയാണം ചെയ്യുമ്പോൾ അറിഞ്ഞുകൊള്ളണം, ഇതെല്ലാം ചോദ്യം ചെയ്യുന്ന നാളുണ്ട്. ന്യായാധിപരുടെ ന്യായാധിപതിയായ കർത്താവായ യേശുക്രിസ്തു സിംഹാസനത്തിൽ ഇരിക്കുന്ന ഒരു ദിവസമുണ്ട്. ആബാലവൃദ്ധം എല്ലാവരും വന്നുകൂടും. ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടാകും.

*"മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും."* *മത്തായി 12 : 36*

ഇന്ന് അമ്മയെ വഴക്കുപറയാം. അപ്പനെ ചീത്തപറയാം. മോനെ ആവശ്യമില്ലാതെ ശകാരിക്കാം. ഇന്ന് അദ്ധ്യാപകരെ പരിഹസിച്ച് ചിരിക്കാം. എന്നാൽ കണക്ക് തീർക്കേണ്ട നാളുണ്ട്.

നമ്മുടെ കൈയിലെ പണത്തിൽ കറയുണ്ടോ? നാം വാങ്ങിച്ച സാധനങ്ങളിൽ കറയുണ്ടോ? ബസ്സിൽ പൈസ കൊടുക്കാതെ ഇറങ്ങിപ്പോയിട്ടുണ്ടോ? കടയിൽനിന്ന് സാധനം വാങ്ങിയിട്ട് പണം കൊടുക്കാതിരുന്നിട്ടുണ്ടോ? അവിശ്വസ്തത കാണിച്ചിട്ടുണ്ടോ? ചിന്തിക്കൂ. ഓരോന്നും പതുക്കെ എടുത്ത് നോക്കണം. ജീവിതപുസ്തകത്തിലേയ്ക്ക് നോക്കിയിട്ട് പുറകോട്ട് മറിക്കണം.

ജീവിതഗ്രന്ഥത്തിന്റെ താളുകൾ പുറകോട്ട് മറിച്ച് നോക്കുമ്പോൾ, അയ്യോ കർത്താവേ, തെറ്റുകൾ പറ്റിയല്ലോ, എന്തുവേണ്ടൂ? അവിശ്വസ്ഥത വന്നു പോയല്ലോ, ജോലിചെയ്ത

സ്ഥാപനത്തിൽ ചെയ്യേണ്ടത് പോലെ ജോലി ചെയ്തില്ലല്ലോ. ഞാൻ അലസനായി പോയല്ലോ. ഞാൻ മത്സരബുദ്ധിയോടെ ജോലി ചെയ്തല്ലോ. എന്റെ കർത്താവേ, തെറ്റ് പറ്റിപ്പോയല്ലോ എന്നു മനസ്സിലാകും.

ഇന്ന് ആര് ചോദിക്കാൻ? ആരറിയാൻ? ഇന്ന് സമ്പത്ത് വാരിക്കൂട്ടാം. എന്നാൽ എല്ലാം കാണുന്ന രണ്ട് കണ്ണുണ്ട്.

*"അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതു മായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്."* *എബ്രായർ 4 : 13*

*"യഹോവയോ ഹൃദയങ്ങളെ തൂക്കിനോക്കുന്നു."*
*സദൃശവാക്യങ്ങൾ 21 : 2*

ഉൾപൂവുകളെ ശോധന ചെയ്യുന്നവൻ! അന്തരിന്ദ്രിയ ങ്ങളെ ശോധന ചെയ്യുന്നവൻ! വിചാരങ്ങളെ തൂക്കി നോക്കു ന്നവൻ! നിരൂപണങ്ങളെ തൂക്കി നോക്കുന്നവൻ! എല്ലാം കാണുന്ന ഒരു ദൈവം!

കുടുംബം രക്ഷിക്കപ്പെടണം.

*"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും."*
*അപ്പൊ. പ്രവൃത്തികൾ 16 : 31*

1. വ്യക്തി രക്ഷിക്കപ്പെടണം
2. വീട് രക്ഷിക്കപ്പെടണം
3. കുടുംബം രക്ഷിക്കപ്പെടണം.

കാരാഗൃഹപ്രമാണി പൗലോസിന്റെയും ശീലാസി ന്റെയും മുമ്പിൽ മുട്ടുകുത്തുന്നു. അന്ന് പകൽ ആഞ്ഞാഞ്ഞടിച്ച് ചോര ചിന്തിയതാണ്. കാരാഗൃഹപ്രമാണിയുടെ അടികൊണ്ട് പൗലോസിന്റെയും ശീലാസിന്റെയും ദേഹം മുറിഞ്ഞ് പിടഞ്ഞ താണ്. ഇപ്പോൾ ആ കൈകൾ കൂപ്പിക്കൊണ്ട് സാഷ്ടാംഗം

പ്രണമിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ ആത്മാവിന്റെ ഇട പെടലുണ്ടായി! Holy intervention of Jesus Christ!

യേശുക്രിസ്തുവിന്റെ വിശുദ്ധമായ ഇടപെടലുണ്ടായി. കാരാഗൃഹപ്രമാണി പകൽ മുഴുവൻ തല്ലി, കൈ ചങ്ങലയിൽ ഇട്ടു. കാൽ ആമത്തിൽ ഇട്ടു, വാതിലടച്ചു. ഒന്നാം കാവൽ, രണ്ടാം കാവൽ, മൂന്നാം കാവൽ, നാലാം കാവൽ. ഒരു കാരണ വശാലും ഈ തടവുകാർ ചാടിപ്പോകരുത് എന്ന് കരുതി കാവ ലുകൾ പലതാക്കി.

അവർ മിണ്ടാതിരിക്കുകയായിരുന്നു. അടികൊണ്ടിടത്ത് നീറ്റലുണ്ട്, വേദനയുണ്ട്. വിശപ്പുമുണ്ട്. അന്ന് ഫിലിപ്പിയിലെ ജനബഹുലമായ വഴിയിൽക്കൂടി സുവിശേഷം പറഞ്ഞു കൊണ്ട് ദൈവമക്കൾ നടക്കുമ്പോൾ പിടിച്ചുകൊണ്ടുപോയി അവരെ അടിച്ച് മുറിവേൽപ്പിച്ചതാണ്. അകത്തെ തടങ്കലിൽ ഇട്ടിരിക്കുകയാണ്.

പ്രകൃതി ഗാഢനിദ്രയിലായപ്പോൾ കേൾക്കാം സ്തുതി. അവർ പ്രാർത്ഥിച്ചു. ദൈവത്തെ പാടിസ്തുതിച്ചു. അപ്പോൾ കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമികുലു ക്കത്തിന്റെ ബഹളത്തിൽ അടഞ്ഞവാതിലുകൾ തുറന്നുപോകു ന്നു. തടവ് പുള്ളികളുടെ കൈയിൽനിന്ന് ആമം വിട്ടുപോകു ന്നു. ചങ്ങല അഴിഞ്ഞ് പോകുന്നു. എന്തെല്ലാം അത്ഭുതങ്ങൾ! സ്തുതിച്ചപ്പോൾ ചങ്ങലകൾ അഴിഞ്ഞു. മാത്രമല്ല വിളക്കെല്ലാം കെട്ടുപോയി. കാരാഗൃഹപ്രമാണി വിചാരിച്ചു: "എല്ലാവരും ഓടി പ്പോയി. ഇനി ഞാൻ എന്തിന് ജീവിച്ചിരിക്കണം? സർക്കാർ നാളെ എന്നെ കൊല്ലും." അവൻ വാളൂരി തന്നത്താൻ കൊല്ലാൻ നോക്കി.

*"അപ്പോൾ പൗലോസ്: നിനക്ക് ഒരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു."*

*അപ്പൊ. പ്രവൃത്തികൾ 16 : 28*

കാരാഗൃഹപ്രമാണി അവരുടെ കാല്ക്കൽ വീണ് ഏങ്ങലടിച്ച് പറഞ്ഞു. യജമാനന്മാരേ, രക്ഷപ്രാപിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? ഉടനെ മറുപടി ലഭിച്ചു: കർത്താവായ യേശുക്രിസ്തുവിൽ നീ വിശ്വസിക്ക. ഞങ്ങൾക്ക് ക്ലേശങ്ങളുടെ മദ്ധ്യേ ശാന്തി തന്ന ഒരു യേശുവുണ്ട്. ദുരിതങ്ങളുടെ മദ്ധ്യേ പാടാൻ കൃപതരുന്ന ഒരു ദൈവമുണ്ട്. ശരീരം ചുട്ടുനീറുന്നതുപോലെ നീറിപ്പുകയുമ്പോൾ സമാധാനം ഉള്ളിൽതരുന്ന ഒരു ദൈവമുണ്ട്. കർത്താവായ യേശുവിൽ നീ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. കാരാഗൃഹപ്രമാണി അവരെ വീട്ടിലേക്ക് വിളിച്ച് കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി.

നിങ്ങൾ മുറിവുകളെ കഴുകുന്നവരാകുക. നിങ്ങൾ മുറിപ്പെടുത്തിയവരുടെ മുറിവുകൾ കഴുകുക. ആരുടെയെങ്കിലും ഹൃദയത്തെ നീ നൊമ്പരപ്പെടുത്തിയിട്ടുണ്ടോ? ഭർത്താവിന്റെ ഹൃദയം വ്രണപ്പെട്ടിട്ടുണ്ടാകും; ഭാര്യയുടെ ഹൃദയം മുറിപ്പെട്ടിട്ടുണ്ടാകും. മക്കളുടെ ഹൃദയം വ്രണപ്പെട്ടിട്ടുണ്ടാകും. മാതാപിതാക്കളുടെ ഹൃദയം വേദനിച്ചിട്ടുണ്ടാകും. ഇന്ന് മുറിവുകളെ കഴുകുന്ന ദിവസമാകട്ടെ.

> *“യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്ന് അവർ പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവൻ രാത്രിയിൽ, ആ നാഴികയിൽ തന്നേ, അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു. പിന്നെ അവരെ വീട്ടിൽ കൈക്കൊണ്ടു അവർക്കു ഭക്ഷണം കൊടുത്തു, ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം*

*ആനന്ദിച്ചു.”      അപ്പൊ. പ്രവൃത്തികൾ: 16 : 30 – 34*

സന്ധ്യക്ക് ആ വീട്ടിൽ യാതൊരു സ്വസ്ഥതയുമില്ല. അർദ്ധരാത്രിയിൽ വീട്ടിൽ ഐക്യമുണ്ടായി. വീടടക്കം ആനന്ദമുണ്ടായി.

നിങ്ങൾ ഇപ്പോൾ ചുമടുകളുമായിട്ടായിരിക്കാം ഇരിക്കുന്നത്. ചുമടുകളെല്ലാം മാറ്റാൻ യേശുക്രിസ്തു വന്നിരിക്കുന്നു. നിങ്ങളുടെ ആകുലങ്ങൾ, ചുമടുകൾ, സങ്കടങ്ങൾ എല്ലാം നിങ്ങൾ ബോധിപ്പിക്കുന്നതിന് മുമ്പ് യേശുതമ്പുരാനറിയാം. പരിശുദ്ധാത്മാവ് നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്.

നിങ്ങൾ ആർക്കെല്ലാം മുറിവ് വരുത്തിയിട്ടുണ്ട്? മരുമകൾക്ക് മുറിവ് വരുത്തിയിട്ടുണ്ടെങ്കിൽ നീ മുറിവ് കഴുകണം. അമ്മായിയമ്മയ്ക്ക് മുറിവ് വരുത്തിയിട്ടുണ്ടെങ്കിൽ ആ മുറിവ് കഴുകണം. അപ്പന് മുറിവ് വരുത്തിയിട്ടുണ്ടെങ്കിൽ കണ്ണുനീർ കൊണ്ട് മുറിവ് കഴുകിയിട്ട് അപ്പനോട് പറയണം: ക്ഷമിക്കണം, മാപ്പ് തരണം. അമ്മയ്ക്ക് മുറിവ് വരുത്തിയിട്ടുണ്ടെങ്കിൽ അമ്മയുടെ മുമ്പിൽ വീണു കിടന്ന് കരഞ്ഞ്, ക്ഷമിക്കണം എന്ന് പറയണം.

ഹൃദയം തകർന്നിട്ട് വേണം മുറിവുകളെ കഴുകാൻ. ഉള്ള് തകരണം. ഞാൻ എന്താണ് ചെയ്തത്? ആരോടാണ് പറഞ്ഞത്? ശരിയായ അനുതാപത്തോടെ നിങ്ങൾ തെറ്റ് ചെയ്തവരുടെ അടുക്കൽ ചെന്ന് മാപ്പ് ചോദിച്ചാൽ കർത്താവായ യേശുക്രിസ്തു ക്ഷമിച്ച് തരും.

ദൈവമക്കൾക്ക് വഴക്കില്ല. പൗലോസിനും ശീലാസിനും വഴക്കില്ല, ക്ഷമിക്കുന്നതാണ് പ്രമോദം. പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവമക്കൾക്ക് സ്നേഹമേയുള്ളൂ.

ക്ഷമിക്കാൻ മനസ്സില്ലാത്തവരുടെ അടുക്കൽപോലും നിങ്ങൾ പോയി മുറിവുകൾ കഴുകണം. ഒരാൾ എന്നോട് ചോദിച്ചു: “ഇന്ന ആളുമായിട്ട് നല്ല വഴക്കുണ്ട്. ഞാൻ മാപ്പ് ചോദിക്കട്ടെ?” “തീർച്ചയായിട്ടും വേണം.” “അയാൾ കോപി

ഷ്ഠനാണ്; ചിലപ്പോൾ എന്നോട് തട്ടിക്കയറും.” “സാരമില്ല. എന്ത് പറഞ്ഞാലും മൗനമായിരുന്നാൽ മതി.” അദ്ദേഹം പോയി മാപ്പു ചോദിച്ചപ്പോൾ മറ്റേയാൾ പറഞ്ഞു: “ഞാൻ അങ്ങനെ മാപ്പ് തരുവാനൊന്നും ഉദ്ദേശിക്കുന്നില്ല.”

അദ്ദേഹം സങ്കടത്തോടെ തിരികെ വന്ന് പറഞ്ഞു: “ഞാൻ ക്ഷമ ചോദിച്ചപ്പോൾ ഞാൻ അങ്ങനെ ക്ഷമിക്കുന്നില്ല എന്നാണ് അയാൾ പറഞ്ഞത്.” ഞാൻ പറഞ്ഞു: “സാരമില്ല. നമ്മുടെ കടം തീർന്നു. കർത്താവ് നമുക്ക് ക്ഷമിച്ച് തന്നു. ഭയപ്പെടേണ്ട.” എന്തൊരത്ഭുതം! പിന്നെ അയാളുടെ വീട്ടിൽ ഒരു ആവശ്യം വന്നപ്പോൾ ഈ ദൈവപൈതൽ അദ്ദേഹം വിളിക്കാതെ തന്നെ ചെന്ന് ആ വീട്ടിലെ കാര്യങ്ങൾ എല്ലാം നോക്കി. അപ്പോൾ പിന്നെ അവർ തമ്മിൽ സ്നേഹമായി.

നിങ്ങളുടെ ഹൃദയത്തിൽ ആരോടെങ്കിലും ഭിന്നതയുണ്ടോ? അവരുടെ മുറിവുകളെ കഴുകണം. ആരോടെങ്കിലും അകൽച്ചയുണ്ടോ? ആരുടെയെങ്കിലും ഉള്ളത്തെ നോവിച്ചിട്ടുണ്ടോ? ആരെയെങ്കിലും അധിക്ഷേപിച്ചിട്ടുണ്ടോ? ആരെക്കുറിച്ചെങ്കിലും നമുക്ക് നിശ്ചയമില്ലാത്ത കാര്യങ്ങൾ പറഞ്ഞുപരത്തിയിട്ടുണ്ടോ? അപവാദം പറഞ്ഞ് പരത്തിയിട്ടുണ്ടോ? എങ്കിൽ പറഞ്ഞ ആൾക്കാണ് നഷ്ടം. നിത്യതയിൽ ചെല്ലുമ്പോൾ ഇതിനെല്ലാം കണക്ക് പറയേണ്ടിവരും.

നിങ്ങൾക്ക് തീരുമാനിക്കാം. ആരുടെയെല്ലാം മുറിവുകളെയാണ് കഴുകാനുള്ളത്? ആരുടെയെല്ലാം ഹൃദയമാണ് വ്രണപ്പെട്ടുപോയത്? നിങ്ങളുടെ വാക്ക് മൂലം, പെരുമാറ്റം മൂലം, പ്രവൃത്തിമൂലം, ആരുടെയെല്ലാം ഉള്ളത്തിൽ ദുഃഖമുണ്ടായി? ആർക്കെല്ലാം വേദന വരുത്തി? അതെല്ലാം നിങ്ങളുടെമേൽ ശാപമായി കുന്നുകൂടുന്നതിന് മുമ്പ് അതിവേഗം ചെന്ന് നിരപ്പായിക്കൊള്ളുക. അതിവേഗം ശാപങ്ങൾ മാറ്റിക്കൊള്ളുക. “കർത്താവായ യേശുക്രിസ്തുവിൽ നീ വിശ്വസിച്ചാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.”

നമുക്ക് ഇന്ന് വീടടക്കം ആനന്ദിക്കണം. നമ്മുടെ കുടുംബം രക്ഷപ്രാപിക്കണം. മക്കൾ രക്ഷപ്രാപിക്കണം. ഭാര്യ ഭർത്താവ്, മാതാപിതാക്കൾ, എല്ലാവരും രക്ഷ പ്രാപിക്കണം. സഹോദരങ്ങൾ രക്ഷ പ്രാപിക്കണം. ആരോടും പകയില്ലാതിരിക്കണം. എല്ലാം കഴുകിക്കളയാം. കഴുകാൻ ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുരക്തമുണ്ട്. എന്തെല്ലാം തെറ്റുവന്നാലും നമുക്ക് വേണ്ടി മുറിവേറ്റവന്റെ തിരുരക്തം നമ്മുടെ മുറിവുകൾ കഴുകിത്തരും.

മുറിവുകളെ കഴുകാൻ യേശുക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിലേക്ക് നിങ്ങൾ വരണം. ക്രൂശിൽ പിടഞ്ഞവൻ ആണിപ്പാടുള്ള കരങ്ങൾ നീട്ടിക്കൊണ്ട് നിങ്ങളുടെ അരികത്ത് നില്ക്കുകയാണ്. കർത്താവേ, എന്റെ ഹൃദയത്തിലെ മുറിവുകൾ കഴുകിത്തന്ന് എന്നെ വിശുദ്ധീകരിക്കണമേ, ഞാൻ വിശുദ്ധന്മാരുടെ മുറിവുകളെ കഴുകുന്നു. എന്റെ കുടുംബത്തിന് രക്ഷ തരണമേ.

ഗോഗുൽത്തായിൽ ചിന്തിയ തിരുരക്തം ഒരു തുള്ളി എന്റെ മേൽ തളിച്ച് കർത്താവേ, എന്റെ മുറിവുകളെ പൊറുപ്പിക്കണമേ. വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിക്കുന്നത് മുഖാന്തരം കുടുംബമായി രക്ഷപ്പെടാൻ കൃപതരണമേ. ആരെയെല്ലാം വേദനിപ്പിച്ചുവോ അവരെയെല്ലാം സമീപിച്ച് അവരുടെ മുറിവുകളെ കഴുകുവാൻ ഞാനിതാ തീരുമാനിക്കുന്നു. കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ നീട്ടണമേ.

# ഒൻപത്

*"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും."      2 ദിനവൃത്താന്തം 7 : 14*

ദേശത്തിന് സൗഖ്യം ലഭിക്കും. നാടിന് സൗഖ്യം ലഭിക്കും. നാട്ടിൽ നിന്ന് ബാധകൾ മാറും. നാട്ടിൽ നിന്ന് ദൈവ കോപം മാറും. നമ്മുടെ വീടിന് രക്ഷ കിട്ടും. നമ്മുടെ കുടുംബ ത്തിന് രക്ഷ കിട്ടും. നമ്മുടെ വ്യക്തിജീവിതത്തിന് രക്ഷ കിട്ടും.

1. "നീ സകല ജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷ എന്റെ കണ്ണു കണ്ടുവല്ലോ." ശിമയോന് വ്യക്തിപരമായ രക്ഷ കിട്ടി. വ്യക്തിയ്ക്ക് രക്ഷ!

2. "ഇവൻ അബ്രാഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷവന്നു." സക്കായി യേശുവിനെ കൈക്കൊണ്ടു. സക്കായിയുടെ വീടിന് രക്ഷ വന്നു. സക്കായി പണക്കൊതിയനായിരുന്നു. ദ്രവ്യാഗ്രഹിയായിരുന്നു. ഹൃദയമില്ലാത്ത മനുഷ്യനായിരുന്നു. ആളുകളെ കുത്തിക്കവർന്ന് സമ്പാദിക്കുന്ന ആളായിരുന്നു. സർക്കാരിന്റെ ഒരു ലൈസൻസ് കൈയിലുണ്ടെന്നുള്ളതിന്റെ പേരിൽ ജനത്തെ പിഴിഞ്ഞ് ചുങ്കം വാങ്ങുന്ന ആളായിരുന്നു. അത്ര ദ്രവ്യാഗ്രഹിയായ, കണ്ണിൽ ചോരയില്ലാത്ത ഒരു മനുഷ്യനായിരുന്നു. എന്നാൽ സക്കായി യേശു

വിനെ വീട്ടിലേയ്ക്ക് കൈക്കൊണ്ടു. ഭാഗ്യം! "ഇവനും അബ്രാഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നു."

3. "കർത്താവായ യേശുവിൽ നീ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." കുടുംബത്തിന് രക്ഷ! നീ ഒരാൾ വിശ്വസിക്കൂ. കാണാം നിന്റെ മക്കൾ രക്ഷപ്പെടുന്നത്. നീ ഒരാൾ വിശ്വസിക്കൂ. നിന്റെ ഭാര്യ, നിന്റെ ഭർത്താവ് രക്ഷപ്പെടും. നീ ഒരാൾ കറ തീർന്ന ജീവിതം നയിക്കാൻ തീരുമാനിക്കൂ. യേശുവിനെ കൈക്കൊള്ളൂ. കാണാം കുടുംബത്തിലുള്ളവർ രക്ഷപ്പെടും. യേശു വന്നു ഈ പടകിലേയ്ക്ക് കയറി, കുടുംബത്തിന് രക്ഷ വന്നു!

4. നാലാമത്തെ കാര്യമാണ് ദേശത്തിന് രക്ഷ! "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ട് തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തി കൊടുക്കും." ജോൺ വെസ്ലി ഒരിക്കൽ പറഞ്ഞു. "I went to America to convert the people there." "ഞാൻ അമേരിക്കയിലേക്ക് പോയി അവിടെയുള്ള ആളുകളെ മാനസാന്തരപ്പെടുത്തുവാൻ." "But who can convert me." "പക്ഷേ, എന്നെ ആര് മാനസാന്തരപ്പെടുത്തും?"

"ഞാൻ മറ്റുള്ളവരെ മാനസാന്തരപ്പെടുത്താൻ പ്രസംഗിച്ചു നടക്കുകയാണ്. പക്ഷേ, എനിക്ക് മാനസാന്തരമില്ല." ഇന്ന് സുവിശേഷകന്മാർ നെടുവീർപ്പോടെ പറയണം: കർത്താവേ, ഞാൻ പ്രസംഗിച്ചു. ഞാൻ ഉപദേശിച്ചു. ഞാൻ ചിലരെ ശാസിച്ചു. ചിലരെ ശിക്ഷിക്കുകയും തർജ്ജനം ചെയ്യുകയും ചെയ്തു. പക്ഷേ, എന്റെ ജീവിതം അഴുക്കിലാണല്ലോ. ഒരു നാൾ ഞാൻ കടന്നു വരുമ്പോൾ, "പോകുവിൻ നിന്നെ ഞാൻ അറിയുന്നില്ല" എന്ന ശബ്ദം ഞാൻ കേൾക്കേണ്ടി വരുമല്ലോ.

ഞാൻ ഭയത്തോടെയാണ് കർത്താവിന്റെ വേല ചെയ്യു

ന്നത്. ഇടയ്ക്കെല്ലാം ഞാൻ കർത്താവിനോടു ചോദിക്കും, എവിടെയെങ്കിലും നീ ആഗ്രഹിക്കാത്ത, നിന്റേതല്ലാത്ത ഏതെങ്കിലും വ്യാപാരം എന്നിൽ വരുന്നുണ്ടോ? നിന്റേതല്ലാത്ത ആത്മവ്യാപാരം, ഭോഷ്ക്കിന്റെ വ്യാപാരം വരുന്നുണ്ടോ? യേശു തരാത്ത എന്തെങ്കിലും വരുന്നുണ്ടോ? നീ ആഗ്രഹിക്കാത്ത ഏതെങ്കിലും ഭാവം വരുന്നുണ്ടോ?

കർത്താവേ, ഞാനൊരുനാൾ തിരുമുമ്പിൽ വരുമ്പോൾ, കണക്കുതീർക്കുന്ന നാളിൽ ഞാൻ ലജ്ജിതനായി മാറിനിൽക്കേണ്ടി വരുമോ? നീ കണക്കുനോക്കുന്ന നാളിൽ, എന്റെ തനിനിറം വെളിപ്പെടുന്ന നാളിൽ കർത്താവേ, അന്ന് വികൃതമായ, വികലമായ ഒരു രൂപമാണോ അവിടെ നിൽക്കുന്നത്? നാഥാ! നീ എന്നെ തൊട്ടുകൊള്ളണമേ, പിടിച്ചുകൊള്ളണമേ.

ഇത് വെറുതെ പറയുന്ന വാക്കല്ല. ഏതുസമയത്തും ഈ ഭൂമിയിൽ നിന്ന് നാം കടന്നുപോകാം. പാപമോചനം കൂടാതെ കടന്നുപോയാൽ നിത്യാന്ധകാരത്തിലേയ്ക്ക് നാം പോകും. ഞാൻ വചനം പ്രസംഗിച്ചവനാണ്, ജനത്തെ ഉപദേശിച്ചവനാണ് എന്നെല്ലാം എനിക്കു പറയാം. ചിലർക്കെങ്കിലും ഞാൻ വചനം പറഞ്ഞതുമൂലം ഒരു മാനസാന്തരം കിട്ടിയെന്ന് എനിക്കു പറയാം. പക്ഷേ കർത്താവേ, ഞാൻ പുറത്തായിപോകുമോ? ഞാൻ വെളിയിൽ നിൽക്കേണ്ടി വരുമോ? ഞാൻ മാറി നിൽക്കേണ്ടി വരുമോ?

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

*"മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻതന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്. 1 കൊരിന്ത്യർ 9 : 27*

മറ്റുള്ളവരോട് ഞാൻ പ്രസംഗിച്ചു. പക്ഷേ, ഞാൻ തന്നെ

കൊള്ളരുതാത്തവനായിപ്പോയാൽ എന്തുചെയ്യും? എന്നിൽ ക്ഷമിക്കപ്പെടാത്ത പാപങ്ങൾ ഉണ്ടെങ്കിൽ എന്തുചെയ്യും? പാപ മോചനം കിട്ടാത്ത പാപങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടെ ങ്കിൽ ഞാൻ പുറത്തായി പോകുകയില്ലേ?

> *"കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചി ക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കു കയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തി കൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. അധർമ്മം പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നെ വിട്ടുപോ കുവിൻ; ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്ന് ഞാൻ അവരോട് തീർത്തു പറയും."*
>
> *മത്തായി 7 : 22, 23*

സണ്ടേസ്ക്കൂൾ പഠിപ്പിക്കാം; പ്രാർത്ഥനായോഗത്തിൽ പ്രസംഗിക്കാം; യോഗത്തിൽ സാക്ഷ്യം പറയാം; അതൊക്കെ എളുപ്പമാണ്. പക്ഷേ, ജീവിക്കാൻ പ്രയാസമാണ്. ഒരവസര ത്തിൽ കുടുംബസന്ദർശനം നടത്തി സാക്ഷ്യം പറഞ്ഞ ഒരാ ളോട് ഞാൻ പറഞ്ഞു: ഭവനസന്ദർശനം നടത്തി സാക്ഷ്യം പറ യാൻ സാധിക്കും. മനോഗുണ പ്രവൃത്തികൾ ചെയ്യാൻ സാധി ക്കും. പക്ഷേ, ജീവിക്കാൻ പ്രയാസമാണ് കേട്ടോ. ആത്മാവിൽ നിൽക്കാൻ പ്രയാസമാണ്.

അലസത ലേശം ബാധിക്കാതെ നിൽക്കണം. അലസത ബാധിച്ചാലോ അശുഭവഴിക്ക് വശംവദനായിപ്പോകും. ആത്മാവ് മരിച്ചുപോകും. എത്രപേർ ജീവിതത്തിലേയ്ക്ക് തിരി ഞ്ഞുനോക്കി അനുതപിക്കുന്നുണ്ട്? തന്നത്താൻ ആരുമറി യാതെ ഉപവാസം പ്രഖ്യാപിക്കുന്നുണ്ട്? കർത്താവേ, എന്നെ നീ കഴുകണമേ, ഇനിയും നീ എന്നെ ശുദ്ധീകരിക്കണമേ എന്ന് പറഞ്ഞ് ഉപവാസമെടുത്ത് പ്രാർത്ഥിക്കുന്നുണ്ട്?

കൂട്ടായ്മകൾ കെട്ടുപോകരുത്. കൂട്ടായ്മകൾ കരിക്കട്ട

കൾ ആയിപ്പോകരുത്. കൂട്ടായ്മകൾ കത്തിജ്ജ്വലിച്ചു കൊണ്ടിരിക്കണം. അതാതു ദേശത്ത് ശുശ്രൂഷയ്ക്ക് ചുമതലപ്പെട്ട ദൈവമക്കൾ പലരും ഇന്ന് അലസരാണ്. പലരും തങ്ങളെ തന്നെ ശുദ്ധീകരിക്കുന്നില്ല. പ്രാദേശിക കൂട്ടായ്മകളിലെല്ലാം പരസ്പരം ഉൾപ്പോരാണ്. ദൈവമക്കൾ അങ്ങോട്ടും ഇങ്ങോട്ടും പരസ്പരം കുത്തിത്തിരിപ്പാണ്.

ദൈവമക്കൾ തമ്മിൽത്തമ്മിൽ ചേർന്നിരുന്ന മതിലാണ്. സ്നേഹത്തിന്റെ പേസ്റ്റുകൊണ്ട്, സ്നേഹത്തിന്റെ ഓരായം കൊണ്ട് നല്ലതുപോലെ ചേർത്തുവച്ചിരുന്ന മതിലിൽ ചില ഭാഗങ്ങളിൽ ഇപ്പോൾ തുരങ്കം! ചില ഭാഗങ്ങളിൽ ദ്വാരം! ചില ഭാഗങ്ങളിൽ കിഴുത്ത വലുതായി വലുതായി വരുന്നു. ആ കല്ലുകൾ തമ്മിൽ ചേർത്തുവച്ചിരുന്ന പേസ്റ്റ് നഷ്ടമായിപ്പോയിരിക്കുന്നു. അതുകൊണ്ട് അവിടെ പിശാചിന് കയറാൻ വഴികിട്ടിയിരിക്കുന്നു.

സാത്താൻ ഇന്ന് കൂട്ടായ്മകളിൽ കയറിപ്പിടിച്ചിരിക്കുകയാണ്. നമുക്ക് എതിരാളികൾ സഭകളല്ല, സമുദായങ്ങളല്ല, രാഷ്ട്രീയപ്പാർട്ടികളുമല്ല. നമ്മുടെ എതിരാളികൾ കൂട്ടായ്മയ്ക്ക് അകത്തുള്ളവർ തന്നെയാണ്.

കൂട്ടായ്മയ്ക്ക് അകത്തുള്ളവർ കൂട്ടായ്മയുടെ അന്ത:സത്ത നിലനിർത്താതെയിരിക്കുന്നതാണ് ഏറ്റവും വലിയ അപകടം. കൂട്ടായ്മയ്ക്ക് ഒരു സംസ്ക്കാരമുണ്ട്. ഒരു ധാർമ്മികമായ മൂല്യമുണ്ട്. അത് ഇന്ന് കെട്ടുപോയിരിക്കുന്നു. സുവിശേഷകർ എന്നു പറയുന്നവരിൽ ഇന്ന് എത്ര പേർ ആത്മാർത്ഥതയുള്ളവരുണ്ട്? എത്രപേർ കർത്താവിന്റെ വേലയ്ക്കുവേണ്ടി ഉത്സാഹിക്കുന്നുണ്ട്?

ഇന്ന് കൂട്ടായ്മയ്ക്കകത്ത് കളവ് ചെയ്യുന്നവരുണ്ട്. നുണ പറയുന്നവരുണ്ട്. പണസംബന്ധമായി ക്രമക്കേടുകൾ ചെയ്യുന്നവരുണ്ട്. കടം വാങ്ങിച്ചാൽ തിരിച്ചുകൊടുക്കാത്തവരുണ്ട്. കൂട്ടായ്മയ്ക്കത്ത് അശുദ്ധജീവിതം ഉള്ളവരുണ്ട്. പാപം

മാറാതെ കല്ലിച്ചിരിക്കുന്നവരുണ്ട്. ഇതെല്ലാം മാറണ്ടേ?

*"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുന്നു എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും. "*

*2 ദിനവൃത്താന്തം 7 : 14*

പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. പത്തൊമ്പതു കൊല്ലം ഓടി നടന്നു വേല ചെയ്തു. മുപ്പത്തിയാറു വയസ്സുവരെ അനേകം പള്ളികളിൽ പോയി പ്രസംഗിച്ചു. അറിയപ്പെടുന്ന ഒരു കൺവൻഷൻ പ്രസംഗികനായിരുന്നു. സഭയിലെ തിരുമേനിമാർക്കെല്ലാം എന്നെ വലിയ കാര്യമായിരുന്നു. വളരെ താത്പര്യപൂർവ്വം എന്നെ വിളിച്ച് പ്രസംഗിപ്പിച്ചിട്ടുണ്ട്.

ആ പ്രസംഗത്തിൽ ഒരു പൊങ്ങച്ചമൊക്കെ ഉണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ ചില ആളുകൾക്കൊക്കെ ഒരു മാനസാന്തരം കിട്ടി. അന്നും ദൈവവേല ചെയ്യുന്നതിന് ഒരു ദുരുദ്ദേശവും ഉണ്ടായിരുന്നില്ല. പക്ഷേ, പാപം മാറിയിരുന്നില്ല. അകത്ത്, എന്നെ ആളുകൾ മാനിക്കണം, എന്നെ ആളുകൾ സ്നേഹിക്കണം എന്ന് ഒരു 'ഞാൻ' ഉണ്ടായിരുന്നു. അതൊരു പാപമായിട്ട് ഞാൻ കണ്ടേയില്ല.

എന്നാൽ 36-ാമത്തെ വയസ്സിൽ 1973 മെയ് മാസം പത്താം തീയതി വ്യാഴാഴ്ച രാത്രി വലമ്പൂർ പള്ളിയിലെ പ്രാർത്ഥനായോഗത്തിൽ പ്രസംഗിച്ചശേഷം വളരെ അസ്വസ്ഥനായിട്ടാണ് ഞാൻ വന്നത്. ഇങ്ങനെ പോയാൽ പോരല്ലോ. എന്റെ ജീവിതം തളർന്നിരിക്കുന്നല്ലോ. എനിക്ക് ഉണർവ്വ് നഷ്ടപ്പെട്ടല്ലോ. ആത്മാവിന്റെ തീയില്ലല്ലോ. എനിക്ക് എവിടെയോ തിരുത്താനുണ്ടല്ലോ. ഇങ്ങനെ പലതും ഞാൻ ചിന്തിക്കുവാൻ

തുടങ്ങി.

ഞാൻ ഭക്ഷണമെല്ലാം കഴിഞ്ഞ് ഉറങ്ങുന്നതിനുമുൻപ് കുറെനേരം എഴുന്നേറ്റിരുന്നു. പല പാപങ്ങളും കണ്ടുപിടിച്ചു. ചിലരോട് ഈർഷ്യയുണ്ട്, ഏറ്റുപറയണം. മാപ്പ് ചോദിക്കണം. ചിലതെല്ലാം കൊടുത്തു തീർക്കാനുണ്ട്. പുസ്തകം കൊടുത്തു തീർക്കാനുണ്ട്. രൂപ കൊടുത്ത് തീർക്കാനുണ്ട്. എല്ലാം തീർക്കണം, കടമായിട്ട് ഒന്നും കിടക്കരുത്. പാപമായിട്ട് ഒന്നും ബാക്കിയിരിക്കരുത്. ഞാൻ രാത്രി ഒത്തിരി നേരം ഇരുന്ന് എന്റെ പാപങ്ങളെയോർത്ത് കരഞ്ഞു.

ഭാഗ്യവശാൽ പുറമെ പാപങ്ങൾ ഒന്നും വന്നില്ല. സിനിമ കണ്ടില്ല. പുക വലിച്ചില്ല. മദ്യം തൊട്ടില്ല. അരുതാത്ത വഴിക്കൊന്നും പോയില്ല. നല്ല അച്ചടക്കമുള്ള ജീവിതം തന്നെയായിരുന്നു. പക്ഷേ, എന്റെ അകം ചീത്തയായിരുന്നു. അകത്ത് നീരസം, കയ്പ്, ഇഷ്ടക്കുറവ്, മുഷിച്ചിൽ, കോപം, പരിഭവം, നല്ല വാശി. ഇതൊന്നും പുറത്തു കാണിക്കുകയില്ല.

അന്ന് രാത്രി വളരെ വൈകി ഞാൻ കിടന്നു. ഞാൻ പറയട്ടെ, ജീവിതത്തിന്റെ വഴിത്തിരിവായിരുന്നു അത്. അതുവരെയുള്ള ജീവിതം അവിടെ ഫുൾസ്റ്റോപ്പിട്ടു. മാനസാന്തരപ്പെട്ട ജീവിതമായിരുന്നു പക്ഷേ, അവിടെ നിർത്തി. കർത്താവേ, എന്നെ ഒരു പൂർണ്ണ ആത്മീയനാക്കണമേ. എന്നെ നിന്റെ തീയാൽ കഴുകണമേ. ഇങ്ങനെ ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി.

ഞാൻ ദൈവത്തോട് അപേക്ഷിച്ചു. വേറാരോടും അഭിപ്രായം ചോദിച്ചിട്ടല്ല. അങ്ങനെ തീയാൽ കഴുകുന്ന അനുഭവമുണ്ടെന്ന് അറിഞ്ഞിട്ടുമല്ല, അതിനെക്കുറിച്ച് പഠിച്ചിട്ടുമല്ല. ഞാനിത്രയേ പറഞ്ഞുള്ളൂ, തീയാൽ എന്നെ കഴുകിയെടുക്കണമേ. പിറ്റേന്ന് വെള്ളിയാഴ്ച രാവിലെ ഒൻപത് മണിക്ക് തീയായി ഇറങ്ങി പരിശുദ്ധാത്മാവ് എന്നെ ചൂടു പിടിപ്പിച്ചു; എന്നെ തീയിൽ കത്തിച്ചു. എന്റെ പഴയ ആളത്വത്തെ കത്തിച്ചു. എന്റെ ശുശ്രൂഷയെ കത്തിച്ചു. എന്റെ ജീവിതത്തിൽ മാറ്റം

വന്നു.

എന്റെ ബഹുമാന്യസഹോദരങ്ങളേ, നിങ്ങൾക്ക് ഇന്ന് ഒരു തീരുമാനമെടുക്കാം. നിങ്ങൾമൂലം ദേശം ഉണരും. നിങ്ങൾമൂലം നിങ്ങളുടെ നാട് ഉണരും. നിങ്ങൾ മൂലം നിങ്ങളുടെ വീട് ഉണരും. നിങ്ങൾമൂലം നിങ്ങളുടെ സഭ ഉണരും. നിങ്ങൾക്ക് ഒറ്റയ്ക്കൊരാൾക്ക് ഒരു വിശുദ്ധനായി നിൽക്കാൻ തീരുമാനിക്കാമോ?

ഇപ്പോൾ നിങ്ങൾ യേശുവിനെ സ്വീകരിക്കുക. യേശുവിനെ എതിരേൽക്കുക. യേശുവിനെ ഹൃദയത്തിലേയ്ക്ക് കൈക്കൊള്ളുക. "യേശുവേ, ഇത്രയും കാലം നിന്നെ അറിയാതെയാണ് ഞാൻ ജീവിച്ചത്. ഇന്ന് ഞാൻ തകർന്ന ഹൃദയത്തോടെ ഇതാ വരുന്നു."

ഇന്ന് നിങ്ങൾ ഒരു കാര്യം തീരുമാനിക്കൂ. ഇനി ആരോടും എന്റെ ഉള്ളിൽ ഭിന്നത ഉണ്ടായിരിക്കുകയില്ല. ഞാൻ മോഷ്ടിച്ച വസ്തുക്കൾ ഞാൻ തിരിച്ചുകൊടുക്കും. ജോലിസ്ഥലത്ത് നിന്ന് അപഹരിച്ച വസ്തുക്കൾ ഞാൻ തിരിച്ചുകൊടുക്കും.

ഇന്ന് കൂട്ടായ്മകളിൽ അകൽച്ചയുള്ളവർ തമ്മിൽ അടുക്കാൻ തീരുമാനിക്കണം. ആരോടെല്ലാമാണ് എനിക്ക് അകൽച്ചയുള്ളത്? ആർക്കെല്ലാമാണ് എന്നോട് അകൽച്ചയുള്ളത്?

> *"നീ വഴിപാട് കഴിക്കാൻ വരുമ്പോൾ നിന്റെ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്നു തോന്നിയാൽ നിന്റെ വഴിപാട് അവിടെ വച്ചിട്ട് ആദ്യം ചെന്ന് നിന്റെ സഹോദരനോട് നിരന്നുകൊള്ളുക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്കുക."*
>
> *മത്തായി 5 : 23, 24*

എല്ലാം കണ്ടുപിടിക്കുക. ഞാൻ ആരോടെല്ലാമാണ്

ക്ഷമിക്കാനുള്ളത്? ആരോടാണ് എനിക്ക് ഹൃദയത്തിൽ പരുഷ തയുള്ളത്?

എന്റെ ഹൃദയത്തിൽ അവിടുന്ന് ദു:ഖിക്കുന്ന ഏതെല്ലാം പാപമാണ് ഇപ്പോൾ ഉള്ളത്? എന്റെ ഹൃദയത്തിൽ ചില ഒളി ഞ്ഞിരിക്കുന്ന പാപങ്ങൾ ഉണ്ടല്ലോ. പുറത്തുപറയാൻ കൊള്ളാത്ത ചില ആഗ്രഹങ്ങൾ, ചില ബന്ധങ്ങൾ ഉണ്ടല്ലോ. പുറത്താർക്കും അറിഞ്ഞുകൂടാ. എന്റെ ഭാര്യയ്ക്ക് അറിഞ്ഞു കൂടാ. ഭർത്താവിന് അറിഞ്ഞുകൂടാ, അമ്മയ്ക്ക് അറിഞ്ഞുകൂടാ. പക്ഷേ, സ്വർഗ്ഗത്തിലെ ദൈവമേ, നീ എല്ലാം അറിയുന്നു.

ചില രഹസ്യവേഴ്ചകൾ! ചില അരുതാത്ത ബന്ധങ്ങൾ! ചില പ്രേമബന്ധങ്ങൾ! ചില മൊബൈൽഫോൺ ചാറ്റിങ്ങ്സ്! കർത്താവേ, ഇതിലെല്ലാമുള്ള അപകടം ഞാൻ കാണുന്നു. നര കത്തിലേയ്ക്ക് പോകാൻ എന്നെ വിടല്ലേ. നിങ്ങൾ ദൈവ ത്തോടു പറയൂ. എല്ലാം ഉപേക്ഷിക്കാൻ തീരുമാനിക്കൂ.

ഇന്നത്തെ സ്ഥിതിയിൽ കടന്നു പോയാൽ കുഞ്ഞേ, നീ ദൈവരാജ്യം കാണുകയില്ല. കാരണം, നിന്നിൽ പാപമുണ്ട്. നീ ഇതു മനസ്സിലാക്കുന്നുണ്ടോ? നിന്റെ ജീവിതത്തിൽ വന്നു പോയ പാപങ്ങൾ എന്തെല്ലാമാണ്? മോനേ, നീ ചിന്തിക്കൂ. നീ അറിഞ്ഞുകൊണ്ട് മോഷണത്തിന് സഹായം ചെയ്തില്ലേ? കൊലപാതകത്തിന് കൂട്ടുകൂടിയില്ലേ? വ്യഭിചാരത്തിന് കൂട്ടുകൂ ടിയില്ലേ? ഓർത്തുനോക്കൂ. പ്രിയപ്പെട്ടവരേ, അനേകമനേകം തെറ്റുകൾ കുമ്പാരമായി നിന്റെമേൽ നിൽക്കുന്നു.

ദേശത്ത് ദൈവത്തിന്റെ കൃപ വരണമെങ്കിൽ നിങ്ങൾ തകരണം. നിങ്ങളുടെ നാട് ഉണരണമെങ്കിൽ നിങ്ങൾ തകര ണം. “എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങ ളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗ ത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശ ത്തിന് സൗഖ്യം വരുത്തിക്കൊടുക്കും.” എന്തു നല്ല വാഗ്ദാനം!

ദേശത്തിന് സൗഖ്യം തരാമെന്നാണ് പറയുന്നത്.

ഇപ്പോൾത്തന്നെ നിങ്ങൾക്ക് കർത്താവിനോടു തുറന്നുപറയാം. കർത്താവേ, ഇതാ ഇവിടെ ഒരു പാപി ഇരിക്കുന്നു. ഇത്രയുംനാൾ മനുഷ്യരുടെ മുൻപിൽ ഞാനൊരു നല്ല സാക്ഷ്യം പറയുന്നവനായിരുന്നു. ഇത്രയുംനാൾ ഞാൻ ആളുകളുടെ മുമ്പിൽ വിളങ്ങുന്നവനായിരുന്നു. എല്ലാവർക്കും എന്നെ വലിയ ബഹുമാനമായിരുന്നു. പക്ഷേ, നാഥാ! ഞാൻ നിന്റെ മുൻപിൽ വരുമ്പോൾ സാധു, ക്ഷീണൻ, കുരുടൻ.

ഞാൻ ഒന്നുമില്ലാത്തവനാണ്. നിന്റെ തിരുമുമ്പാകെ വരുമ്പോൾ ഞാനൊരു അധമപാപിയാണ്. എനിക്ക് പാപമേ ഉള്ളൂ. എനിക്ക് ചില കടുംപിടുത്തങ്ങളേയുള്ളൂ. എന്റെ മാതാപിതാക്കളെ ഞാൻ മാനിച്ചിട്ടില്ല. എന്റെ ഭാര്യയെ ഞാൻ സ്നേഹിച്ചിട്ടില്ല. ആ സാധുവിനെ ഞാൻ മർദ്ദിച്ചിട്ടുണ്ട്. എന്റെ വാക്കുകൊണ്ട് കുത്തിനോവിച്ചിട്ടുണ്ട്.

എന്റെ ഭർത്താവിനെ ഞാൻ വേദനിപ്പിച്ചിട്ടുണ്ട്. കൈകൊണ്ട് ചെയ്യാൻ കഴിയാത്തതുകൊണ്ട് എന്റെ വാക്കുകൾകൊണ്ട് കൂരമ്പ് തറയ്ക്കുന്നപോലെ അദ്ദേഹത്തിന്റെ ഹൃദയത്തെ ഞാൻ മുറിപ്പെടുത്തിയിട്ടുണ്ട്. ഞാൻ എന്റെ മരുമകളെ വളരെയധികം വേദനിപ്പിച്ചിട്ടുണ്ട്. കർത്താവേ, ഇതെല്ലാം ഒരു പാപമാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

മരുമകൾ പിടയുന്നതുകണ്ട് ഞാൻ രസിച്ചിട്ടുണ്ട്. അവൾക്ക് അവളുടെ ഭർത്താവിന്റെ സ്നേഹം കിട്ടാതിരിക്കാൻ ഞാനവനെ ഉപദ്രവിച്ച് അവനെ എന്റെ പക്ഷത്തേയ്ക്ക് മാറ്റി നിർത്തിയിട്ടുണ്ട്. എന്റെ മരുമകളെ ഞാൻ വേദനിപ്പിച്ചിട്ടുണ്ട്. എന്റെ അമ്മായിഅമ്മയെ ഞാൻ വേദനിപ്പിച്ചിട്ടുണ്ട്. എന്റെ ബിസിനസ്സ് പങ്കാളിയെ ഞാൻ ചതിച്ചിട്ടുണ്ട്.

ഞാൻ മറ്റുള്ളവരെ മാനിച്ചില്ല. മറ്റുള്ളവർക്ക് വില കൊടുത്തില്ല. കുടുംബജീവിതം വിവാഹമോചനത്തിന്റെ വക്കിലായി.

അതിന് കാരണം ഞാനാണ്. ഞാനൊരാൾ ക്ഷമിച്ചിരുന്നു എങ്കിൽ കാര്യങ്ങൾ വിവാഹമോചനത്തിലേക്ക് നീങ്ങുകയില്ലാ യിരുന്നു. കുറ്റവാളി ഞാനാണ്. ഞാനവളുടെ കുറ്റമാണ് പറ ഞ്ഞുകൊണ്ടിരുന്നത്. പക്ഷേ, ഇപ്പോൾ എനിക്കു മനസ്സിലായി ഞാനാണ് കുറ്റവാളി.

പ്രിയപ്പെട്ടവരേ, നിങ്ങളോരോരുത്തരും നിങ്ങളുടെ പാപ ങ്ങളെ കണ്ടുപിടിച്ച് ഇപ്പോൾ അനുതപിക്കൂ. ബിസിനസ്സിൽ നിങ്ങൾ വരുത്തിയ കഷ്ടങ്ങൾ, നഷ്ടങ്ങൾ അതെല്ലാം നിങ്ങൾ കണ്ടുപിടിക്കൂ. നിങ്ങളുടെ അലസതകൊണ്ടു വന്നു പോയ വീഴ്ചകൾ, നിങ്ങളുടെ പെരുമാറ്റത്തിൽ വന്നുപോയ പാകപ്പിഴകൾ, ഓരോന്നും കണ്ടുപിടിക്കൂ. ഹോസ്റ്റലിൽ നിങ്ങൾ പാവപ്പെട്ട വിദ്യാർത്ഥികളെ റാഗ് ചെയ്തത്. സുബോ ധമില്ലാത്തവനെപ്പോലെ എന്തെല്ലാം നിങ്ങൾ ചെയ്തുപോയി? ഓരോന്ന് ചിന്തിച്ചാൽ അറുതിയുണ്ടോ?

ഇപ്പോൾ നിങ്ങൾ കരയണം: കർത്താവേ, അനുതാപ ത്തോടെ ഞാൻ കരയുന്നു. നാഥാ! എന്റെ പാപത്തിൽ ഞാൻ ചാകാൻ ഇടവരരുത്. പാപം ക്ഷമിക്കാതെ മരിച്ചുപോയാൽ നിത്യാഗ്നിയിലേയ്ക്ക് ഞാൻ പോകും. തിരുമുമ്പാകെ കൊണ്ടു വരാൻ ഒന്നുമില്ല. എല്ലാം തകർത്തവളാണ് ഞാൻ. എല്ലാം തകർന്നവനാണ് ഞാൻ.

കർത്താവേ, എനിക്കൊരനുതാപം തരണമേ. എന്റെ ഹൃദയത്തെ നിന്റെ വചനമാകുന്ന അസ്ത്രംകൊണ്ട് മുറിപ്പെടു ത്തേണമേ; വചനമാകുന്ന ചുറ്റികകൊണ്ട് അടിച്ചു തകർക്ക ണമേ; വചനമാകുന്ന വാളുകൊണ്ട് വെട്ടിക്കീറണമേ. എന്റെ ഹൃദയത്തെ പിളർക്കണമേ.

നിനക്കുവേണ്ടി എന്തും ചെയ്യാൻ ഞാൻ തയ്യാറാണ്. ഇതുവരെ ഞാൻ പിശാചിന്റെ കൈയിലെ കളിപ്പന്തായിരുന്നു. സാത്താന്റെ കൈയിലെ പാവയായിരുന്നു. സാത്താൻ എന്നെ പാവ കളിപ്പിച്ചിരുന്നു. കോപിക്കാൻ പറയുമ്പോൾ കോപിച്ചു.

ഭാര്യയെ ഉപദ്രവിക്കാൻ പറയുമ്പോൾ ഉപദ്രവിച്ചു. ഇതുവരെ പാപത്തിന്റെ അടിമയായിരുന്നു.

എന്നാൽ ഇന്ന് നിനക്കുവേണ്ടി എന്റെ ആയുസ്സ് ഞാനിതാ വേർതിരിക്കുന്നു. നിനക്കുവേണ്ടി എന്തും ചെയ്യാൻ ഞാൻ തയ്യാറാണ്. കർത്താവേ, ഞാനിതാ വരുന്നു. ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ നിന്റെ കൈയിലേയ്ക്ക് തരുന്നു.

നിങ്ങളുടെ ഹൃദയം പൂർണ്ണമായിട്ടു കർത്താവിനു വേണ്ടി വേർതിരിച്ചാൽ പിന്നെ പാപങ്ങൾ ഒന്നും വരില്ല. യേശു വിനായിട്ട് മുഴുവനും വേർതിരിക്കുക. എനിക്ക് എന്റേതായിട്ട് ഒന്നുമില്ല. എന്റെ വിദ്യാഭ്യാസം ഞാൻ യേശുവിന് കൊടുത്തു. എന്റെ ഡിഗ്രി, ബാങ്കിലെ ബാലൻസ്, എന്റെ കുടുംബം എല്ലാം യേശുവിന് കൊടുത്തു.

കർത്താവായ യേശു വീണ്ടും വരും. ദേശംദേശമായി യേശു ഭരണം ചെയ്യും. ഈ ഭൂമിയിൽ ഒരു രാജാവ് നീതി യോടെ വാഴും. നീതിയുടെ രാജ്യം സ്ഥാപിക്കും. നാം അന്ന് അവന്റെ പ്രിയമണവാട്ടിയായി അവന്റെ രാജകൊട്ടാരത്തിൽ ആയിരിക്കും. സഭ അന്ന് ക്രിസ്തുവിനോടുകൂടെ ആയിരി ക്കും. ഇന്ന് "സഹിക്കുന്നു എങ്കിൽ അന്ന് കൂടെ വാഴും." ഇന്ന് ഇവിടെ പലതരം കുറവുകളുണ്ട്. മോശക്കാരാണ്. ആരുടെയും ഒപ്പം നിൽക്കാനുള്ള കെൽപ്പില്ല. മറ്റുള്ളവരുടെ അത്രയും വിദ്യാഭ്യാസമില്ല. മറ്റുള്ളവരുടെ അത്രയും പണമില്ല; കഴിവില്ല; മോശക്കാരാണ്. എന്നാൽ അന്ന് യേശുവിനോടുകൂടെ വസിക്കും.

കർത്താവേ, അന്ന് നിന്നോടുകൂടെ വാഴുന്ന ആ മഹാസു ദിനത്തിൽ, നീ എന്നെ നോക്കി പുഞ്ചിരിക്കുന്ന ആ സന്തോഷ സമയത്ത്, തിരുമുമ്പാകെ നിൽപ്പാൻ നീ എനിക്ക് കൃപയുടെ ദാനം തരുന്ന ആ വിശേഷ അവസരത്തിൽ, മാലാഖമാർ എന്നെക്കണ്ട് അത്ഭുതം കൂറുമ്പോൾ പാപിയായ ഞാൻ കണ്ണു പറിയ്ക്കാതെ നിന്റെ മുഖത്തേക്ക് തന്നെ നോക്കിക്കൊണ്ടിരി ക്കും.

എന്നെ സ്നേഹിച്ച സ്നേഹവാനായ യേശുവിന്റെ മുഖം ഞാൻ കണ്ടുകൊണ്ടിരിക്കും. ആ വാത്സല്യം ഞാൻ നുകരും. ആ മധുരശബ്ദം ഞാൻ കേട്ടുകൊണ്ടിരിക്കും. “എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെ തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും.”

# പത്ത്

വ്യക്തിക്ക് രക്ഷ, വീടിന് രക്ഷ, കുടുംബത്തിന് രക്ഷ, ദേശത്തിന് രക്ഷ. നാം രക്ഷ അനുഭവിക്കണം. എപ്പോൾ കട ന്നുപോയാലും ഞാൻ ദൈവരാജ്യത്തിൽ എത്തും എന്നുള്ള ഒരു ഉറപ്പ് പ്രാപിക്കണം. ഞാൻ സ്വർഗ്ഗത്തിൽ ചെന്നുചേരും എന്നുള്ള ധൈര്യമാണ് രക്ഷ.

> *"ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"*
>
> *എബ്രായർ 2 : 4*

പരിശുദ്ധാത്മാവിന്റെ വെളിച്ചം കിട്ടിയപ്പോൾ നമുക്ക് മന സ്സിലായി എന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ ഞാൻ കടന്ന് പോയാൽ പാപമുള്ളതുകൊണ്ട് ദൈവരാജ്യത്തിൽ ചെല്ലുക യില്ല എന്ന്.

> *"ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽക്കൂടി നഗര ത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്ര ക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തു തന്നേ." വെളിപ്പാട് 22 : 14,15*

വസ്ത്രം അലക്കണം. അല്ലെങ്കിൽ നാം പുറത്തായിപ്പോ കും. നിത്യജീവൻ അഥവാ നിത്യരക്ഷ കിട്ടുവാൻ ജീവിതമാ കുന്ന വസ്ത്രമലക്കണം. ജീവിതം വിശുദ്ധമാകണം. അല്ലെ

ങ്കിൽ പുറത്തു നിൽക്കേണ്ടിവരും.

ഇത് യാഥാർത്ഥ്യമാണ്. ഒരു പക്ഷേ തൊട്ടടുത്തായിരിക്കാം, അല്ലെങ്കിൽ അകലെയായിരിക്കാം ഒരു ദിവസം നാം കടന്ന് പോകും. എന്റെ ശരീരത്തിൽനിന്ന് പുറത്ത് വരുന്ന ആത്മാവ് നിത്യതയിൽ പ്രവേശിക്കും. അത് സ്വർഗ്ഗരാജ്യത്തിന് പുറത്താകുവാൻ ഇടവരരുത്.

1. പാപമുള്ള ഏവനും പുറത്താകും. നായ്ക്കൾ - തിന്നതിനുശേഷം അത് ഛർദ്ദിച്ചു, ഛർദ്ദിച്ചതിനുശേഷം പിന്നെയും അതുതന്നെ തിന്നുന്നു. ഇതുപോലെയല്ലേ പലരും? ഇനി കോപിക്കില്ല, വ്യക്തമായി തീരുമാനിച്ചു. പിന്നെയും കോപിച്ചില്ലേ? ഇനി മദ്യപിക്കയില്ല. വ്യക്തമായി തീരുമാനിച്ചിട്ടും മദ്യപിച്ചില്ലേ? ഒരു ദിവസം പോലും മുടങ്ങാതെ വേദപുസ്തകം വായിക്കും. പിന്നെയും തെറ്റിച്ചില്ലേ? ഇനി അഴുക്കായ ചിന്തകൾക്ക് ഇടം കൊടുക്കയില്ല എന്ന വ്യക്തമായ തീരുമാനം പിന്നെയും തെറ്റിച്ചില്ലേ? എന്റെ ശരീരത്തെ അശുദ്ധമാക്കുകയില്ല എന്നു തീരുമാനിച്ചു. പിന്നെയും അശുദ്ധമാക്കി. വേണ്ട എന്നു തീരുമാനിച്ചതെല്ലാം വീണ്ടും തിരിച്ചെടുത്തു.

2. ക്ഷുദ്രക്കാർ - മന്ത്രവാദം ചെയ്യുന്നവർ; ആഭിചാരം ചെയ്യുന്നവർ; ജാതകം നോക്കലും, ലക്ഷണം നോക്കലും, ശകുനം നോക്കലും, മഷിയിട്ട് നോക്കലും, മാസഫലം നോക്കലും, വാരഫലം നോക്കലും, ഇതെല്ലാം മന്ത്രവിദ്യകളാണ്. ക്ഷുദ്രപ്രയോഗം നടത്തരുത്.

> *"വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുത്. അവരാൽ അശുദ്ധരായ്ത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുത്."* *ലേവ്യാപുസ്തകം 19 : 31*

> *"തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി,*

*വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജന ക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇട യിൽ കാണരുത്." ആവർത്തനപുസ്തകം 18 : 10, 11*

അച്ചൻ കുരിശ് വാഴ്ത്തിത്തന്നു. ഇനി അത് നടക്കല്ലിന്റെ ചുവട്ടിൽ കുഴിച്ചിട്ടാൽ പിന്നെ അവിടെ യാതൊരു ശല്യവുമു ണ്ടാകില്ല! എന്തെല്ലാം അന്ധവിശ്വാസങ്ങളാണ്! കന്യകമറിയാ മിന്റെ ഇടക്കെട്ട് എത്രയെത്ര പള്ളികളിലാണുള്ളത്? എന്തൊരു അബദ്ധമാണിതെല്ലാം! കന്യകമറിയാമിന്റെ ഇടക്കെട്ട് ചുംബിച്ച ആളുകൾക്ക് രക്ഷ കിട്ടി! കുഞ്ഞിന് രോഗം മാറി! ഇതൊക്കെ സാധുക്കളായ, വലഞ്ഞ് വിഷമിച്ച് വരുന്നവരെ ഒന്ന് ആശ്വസി പ്പിക്കാൻ കൊള്ളാം.

3. ദുർന്നടപ്പുകാർ - പല ചെറുപ്പക്കാരും പ്രേമത്തിന് പോകുന്നു. പുറജാതികളുടെ കൂടെ ജീവിക്കാൻ പോകുന്നു. ഭാര്യയിരിക്കെ അന്യസ്ത്രീകളിലേക്ക് പോകുന്നു. ഭർത്താവി രിക്കെ അന്യപുരുഷന്മാരുടെ വലയിൽ കുടുങ്ങുന്നു.

4. കൊലപാതകന്മാർ - കൊലപാതകം ഇന്ന് തെറ്റായി ആരും കരുതുന്നില്ല. കോപിക്കുന്നത് കൊലപാതകമാണെന്ന് യേശുക്രിസ്തു, വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം ഇരുപത്തി ഒന്നാം വാക്യത്തിൽ പറഞ്ഞു.

5. ബിംബാരാധികൾ - വിഗ്രഹങ്ങളെ പലരും ആരാധി ക്കുന്നു. ചില പുണ്യവാന്മാരുടെ പടങ്ങൾ പൂജിക്കുന്നു. അവ രുടെ രൂപങ്ങളെ പൂജിക്കുന്നു.

6. ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കു കയും ചെയ്യുന്നവർ. പുറമെ നോക്കുമ്പോൾ നല്ല പെരുമാറ്റം. പക്ഷേ, അകത്തിരിപ്പ് മറ്റൊന്നാണ്. ദൈവമക്കൾക്കും വ്യാജമു ണ്ട്. ഇതെല്ലാം ചെയ്യുന്നവൻ ദൈവരാജ്യത്തിന് പുറത്തായിരി ക്കും.

പാപമുള്ളവൻ ഏവനും പുറത്താകും! ദൈവരാജ്യ ത്തിന് ഉള്ളിലാകുന്നതാണ് രക്ഷ. അതിന് ഇനി എന്തു ചെയ്യ

ണം? ഒരു പ്രവൃത്തിയും നീ ചെയ്യണ്ട. ഒരു പൈസയും നീ മുടക്കണ്ട. എല്ലാ ശാപവും പാപവും മാറ്റുന്ന ക്രൂശിൽ മരിച്ച ക്രിസ്തുവിനെ നോക്കുക. യേശുക്രിസ്തുവിൽ നീ വിശ്വസിക്കുക. നിനക്ക് വിശ്വാസമുണ്ടെങ്കിൽ നീ ആശ്രയിക്കും, അനുസരിക്കും. ക്രിസ്തുവിന്റെ ക്രൂശുമരണംമൂലം എന്റെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടു, കഴുകപ്പെട്ടു. ഇത് വിശ്വസിച്ച് അനുഭവിക്കുക.

എത്രയോ കുടുംബങ്ങളിലാണ് ശാപങ്ങൾ! കാരണവന്മാരുടെ കാലത്ത് നടന്ന ചില ദുർന്നടപ്പ്, വ്യഭിചാരം, മന്ത്രവാദം മുതലായവമൂലം ശാപങ്ങൾ തലമുറകളിലേയ്ക്ക് പകരുകയാണ്. മാറാത്ത ചില രോഗങ്ങൾ! തീരാവ്യാധികൾ! ആരും ഒന്നും ചിന്തിക്കുന്നില്ല. എന്തുകൊണ്ടാണ് ഒരു കരേറ്റം കിട്ടാത്തത്? നാൾതോറും ക്ഷയിച്ചു ക്ഷയിച്ച് വരുന്നത്? മനസ്സമാധാനം ഇല്ലാതെ പോകുന്നത്? കാരണമുണ്ട്. ഈ ഭൂമിയിൽ വച്ച് തന്നെ കർത്താവ് നമുക്ക് ചിന്തിക്കാൻ അവസരം തരികയാണ്. എല്ലാം നന്മയ്ക്കായി രൂപാന്തരപ്പെടുത്തിത്തരികയാണ്.

ചില വീടുകളിൽ അടിയ്ക്കടി മരണം സംഭവിക്കുന്നു. ചെറുപ്രായത്തിലുള്ളവർ തന്നെ മരിക്കുന്നു. ഒരു വീട്ടിൽ 40 വയസ്സ് കഴിഞ്ഞാൽ പിന്നെ പുരുഷപ്രജയൊന്നും ജീവിക്കുന്നില്ല എന്ന് കേൾക്കുകയുണ്ടായി. ചില വീട്ടിൽ കന്നുകാലി വാഴുന്നില്ല. കുഞ്ഞുങ്ങൾ അംഗഭംഗത്തോടെ ജനിക്കുന്നു. കുഞ്ഞുങ്ങൾ പിറക്കുന്നില്ല. ശാപങ്ങൾ ബാധിച്ചിരിക്കുന്നു. ശാപങ്ങൾ കണ്ടിട്ട് നാം ക്രൂശിലേക്ക് നോക്കി രക്ഷപ്പെടണം. യേശുക്രിസ്തുവിന്റെ ക്രൂശിൽ വിശ്വസിക്കണം. കർത്താവേ, എന്റെ ശാപങ്ങൾ എല്ലാം നീ വഹിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇതെല്ലാം എന്റെ തലമുറയിൽ നിന്നും മാറ്റിത്തരണമേ. പ്രാർത്ഥിച്ച് മോചനം കിട്ടണം. മോചനം കിട്ടിയാൽ നിത്യരക്ഷയിലേക്ക് നമുക്ക് കടന്നുചെല്ലാം.

നിത്യരക്ഷയ്ക്കു വേണ്ടിയാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

*“എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ച്, എന്റെ മുഖം അന്വേഷിച്ച്, തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും.”* *2 ദിനവൃത്താന്തം 7 : 14*

ഇന്ന് അനേകം ദേശങ്ങൾ ഇരുട്ടിൽപ്പെട്ട് കിടക്കുന്നു. സുവിശേഷം കടന്നു ചെല്ലുന്നില്ല. നിങ്ങളുടെ ഒരു കുടുംബം ദൈവത്തിന്റെ വചനം കടന്ന് ചെല്ലുന്ന കുടുംബമായി മാറാമോ? ദേശം രക്ഷിക്കപ്പെടും. വചനം പ്രസ്താവിക്കുന്ന കുടുംബം! വചനം വായിക്കുന്ന കുടുംബം! വചനത്തെ മാനിക്കുന്ന കുടുംബം! വചനം കേൾക്കാൻ ഓടുന്ന കുടുംബം! അപ്പോൾ നിങ്ങളുടെ കുടുംബം മൂലം ദേശത്തിന് വെളിച്ചം വരും. നിങ്ങളുടെ കുടുംബം മൂലം ദേശം അനുഗ്രഹിക്കപ്പെടും.

1. വ്യക്തിക്കു രക്ഷ.
2. വീടിനു രക്ഷ.
3. കുടുംബത്തിനു രക്ഷ.
4. ദേശത്തിനു രക്ഷ.

*“അനന്തരം അവൻ എനിക്കു മഹാപുരോഹിതനായ യോശുവ, യഹോവയുടെ ദൂതന്റെ മുമ്പിൽ നിൽക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തുവാൻ അവന്റെ വലത്തുഭാഗത്തു നിൽക്കുന്നതും കാണിച്ചു തന്നു. യഹോവ സാത്താനോട്: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യെരൂശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു. എന്നാൽ യോശുവ*

*മുഷിഞ്ഞ വസ്ത്രം ധരിച്ചു ദൂതന്റെ മുമ്പിൽ നിൽക്കയായിരുന്നു. അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോട്: മുഷിഞ്ഞ വസ്ത്രം അവ ങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു: പിന്നെ അവനോട്: ഞാൻ നിന്റെ അകൃത്യം നിന്നിൽ നിന്ന് പോക്കിയിരിക്കുന്നു; നിന്നെ ഉത്സ വവസ്ത്രം ധരിപ്പിക്കും എന്നു അരുളിച്ചെയ്തു. അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെക്കട്ടെ എന്നു അവൻ കല്പിച്ചു; അങ്ങനെ അവർ അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വച്ചു. അവനെ വസ്ത്രം ധരിപ്പിച്ചു. യഹോവയുടെ ദൂതനോ അടുക്കെ നില്ക്കയായിരുന്നു. യഹോവ യുടെ ദൂതൻ യോശുവയോടു സാക്ഷീകരിച്ചതെ ന്തെന്നാൽ: സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നീ എന്റെ വഴികളിൽ നട ക്കയും എന്റെ കാര്യം നോക്കുകയും ചെയ്താൽ നീ എന്റെ ആലയത്തെ പരിപാലിക്കയും എന്റെ പ്രാകാരങ്ങളെ സൂക്ഷിക്കയും ഞാൻ നിനക്ക് ഈ നില്ക്കുന്നവരുടെ ഇടയിൽ ആഗമനം അനുവദി ക്കയും ചെയ്യും. മഹാപുരോഹിതനായ യോശുവേ, നീയും നിന്റെ മുമ്പിൽ ഇരിക്കുന്ന നിന്റെ കൂട്ടു കാരും കേട്ടുകൊൾവിൻ! അവർ അത്ഭുത ലക്ഷണപുരുഷന്മാരല്ലോ; ഞാൻ എന്റെ ദാസനായ മുള എന്നവനെ വരുത്തും. ഞാൻ യോശുവയുടെ മുമ്പിൽ വച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ഒരേ കല്ലിന്മേൽ ഏഴു കണ്ണും ഉണ്ട്; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്ന് സൈന്യങ്ങളുടെ യഹോ വയുടെ അരുളപ്പാട്.” സെഖര്യാവ് 3 : 1 – 9*

ഒറ്റദിവസംകൊണ്ട് ദേശത്തിന്റെ അകൃത്യം പോക്കും. ചില ദേശങ്ങളിന്മേൽ അകൃത്യമുണ്ട്. നിങ്ങൾ ചിന്തിച്ചി

ട്ടുണ്ടോ? എന്തുകൊണ്ടാണ് ചില പെട്ടെന്നുള്ള അത്യാഹിതങ്ങൾ നടക്കുന്നത്? ആ അത്യാഹിതം നടക്കുന്ന സ്ഥലത്തിന് ശാപം ഉണ്ട്. കർത്താവിന്റെ രക്തത്തിന്റെ ശക്തിയിൽ ആശ്രയിച്ചു നിന്നില്ലെങ്കിൽ അവിടെ കേടുപറ്റും. അല്ലെങ്കിൽ ദേശം പൊതുവെ ഇരുണ്ടിരിക്കും. ആ പ്രദേശങ്ങൾ പൈശാചികന്റെ ആവാസമുള്ള സ്ഥലങ്ങളാണ്. ദുരാത്മാക്കൾ തമ്പടിച്ചുകൂടുന്ന ചില സ്ഥലങ്ങൾ! ദുരാത്മാക്കളുടെ താവളങ്ങൾ! ഇത് മനുഷ്യരാരും അറിയുന്നില്ല.

അവിടെ ഒന്നല്ലെങ്കിൽ ഒന്ന് എന്നും നഷ്ടമായിരിക്കും. എന്നും കഷ്ടതയായിരിക്കും. അവിടെയുള്ള ദുരാത്മാക്കളുടെ ആവാസം മാറാൻ അവിടെ യേശുക്രിസ്തുവിന്റെ രക്തം തളിക്കണം. അവിടെ യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബാ നാട്ടണം. അവിടെ യേശുക്രിസ്തുവിന്റെ പാദം സ്പർശിക്കണം.

ചില ദേശങ്ങൾക്ക് ശാപമുണ്ട്. ചില ദേശങ്ങൾക്ക് വലിയ നാശങ്ങളുണ്ട്. അതുകൊണ്ട് എപ്പോഴും നാം കർത്താവിന്റെ തിരുരക്തത്തിൽ മറഞ്ഞിരിക്കണം. നിങ്ങൾ ഒരു മരിച്ച വീട്ടിൽ പോകുന്നു എന്നിരിക്കട്ടെ. മരിച്ച വീട്ടിൽ പോകുമ്പോൾ നിങ്ങൾ കർത്താവിന്റെ തിരുരക്തത്തിൽ മറഞ്ഞുവേണം അവിടെ പോകാൻ.

കാരണം, മോശയുടെ ശരീരത്തെക്കുറിച്ചുപോലും തർക്കിക്കാൻ പിശാചുക്കൾ വന്നു. ഇവൻ ഞങ്ങൾക്കവകാശപ്പെട്ടതാണ് എന്നു പറഞ്ഞ് പിശാചുക്കൾ വന്നു. ഉടനെ കർത്താവ് നേരിട്ട് ഭർത്സിച്ച് പിശാചുക്കളെ അകറ്റിയിട്ടാണ് മോശയുടെ ആത്മാവിനെ സ്വീകരിക്കാൻ പറ്റിയത്. കർത്താവ് നേരിട്ട് ഭർത്സിക്കാൻ അവിടെ മീഖായേലിനെ പറഞ്ഞയച്ചു.

> *‘‘എന്നാൽ പ്രധാനദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ചു പിശാചിനോട് തർക്കിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭർത്സിക്കട്ടെ എന്നു പറഞ്ഞതേ ഉള്ളൂ.” യൂദാ : 9*

അവിടെ പിശാചുക്കൾ വന്നിരിക്കയാണ്. ഏതൊരു dead body യുടെ അരികത്തും ആ ആത്മാവിനെ കൂട്ടിക്കൊണ്ടുപോകാൻ പിശാചുക്കൾ വരുന്നുണ്ട്. അവിടെ നാം യാതൊരു ചിന്തയുമില്ലാതെ അശ്രദ്ധരായി പോയി നിൽക്കരുത്. നാം വല്ല നീരസമോ കയ്പോ ഭാവിച്ചുകൊണ്ട് നിൽക്കരുത്. നമ്മുടെ ഹൃദയത്തിൽ വല്ല വിദ്വേഷമോ പകയോ പിണക്കമോ വച്ചു കൊണ്ടു പോയി നിൽക്കരുത്. ആ ആളുടെ ആത്മാവിനെ കൊണ്ടുപോകാൻ ദൈവത്തിന്റെ ദൂതന്മാർ വരും, പിശാചിന്റെ ദൂതന്മാരും വരും. അവിടെ യുദ്ധം നടന്നുകൊണ്ടിരിക്കയാണ്. ആയാറിൽ യുദ്ധം നടക്കുകയാണ്. ഈ അന്തരീക്ഷത്തിൽ ദൈവത്തിന്റെ മാലാഖമാരും പിശാചിന്റെ ദൂതന്മാരും തമ്മിൽ യുദ്ധം നടക്കുകയാണ്. യുദ്ധം നടക്കുന്ന സമയത്ത് നാം അവിടെ ശ്രദ്ധയില്ലാതെ പോയി നിന്നാൽ നമുക്ക് വെട്ടേൽക്കും.

ഞാൻ എന്ന വ്യക്തി കർത്താവായ യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബായിൽ മറഞ്ഞ് കർത്താവിന്റെ രക്തത്താൽ പൊതിഞ്ഞു നിൽക്കണം. അപ്പോൾ നമുക്ക് കേടൊന്നും വരികയില്ല. അതായത് ഞാൻ എന്ന വ്യക്തി എപ്പോഴും കർത്താവിന്റെ രക്തത്താൽ covered ആയിരിക്കണം. അല്ലെങ്കിൽ നഷ്ടം എനിക്കാണ്.

പല ആത്മീയർക്കും തെറ്റുപറ്റാറുണ്ട്. ചില മുൻവിധിയോടെ, ചില നീരസത്തോടെ പോയി നിൽക്കും. അതെല്ലാം തെറ്റാണ്. യേശുവിന്റെ രക്തത്താൽ ആവരണം ചെയ്തു വേണം അവിടെ നിൽക്കുവാൻ.

അന്ധകാരശക്തി മനുഷ്യരെ വിഴുങ്ങുന്നു. അന്ധകാരശക്തി ദേശത്തെ വിഴുങ്ങുന്നു. അന്ധകാരശക്തി വ്യക്തികളെ വിഴുങ്ങുന്നു. പിശാചിന്റെ ഭീകരവ്യാപാരം അനേകരെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അനേകം കുടുംബങ്ങൾ നശിക്കുന്നു.

എന്തുകൊണ്ടാണ് കുടുംബത്തിൽ വഴക്ക്? വെളിച്ചം കടക്കാത്ത രീതിയിൽ പിശാച് കോട്ടകെട്ടിയ ചില പ്രദേശങ്ങളുണ്ട്. യേശുക്രിസ്തു വന്നാൽ ഈ കോട്ട പൊളിക്കും.

പിശാചിന്റെ കോട്ട തകരും. യെരീഹോക്കോട്ട പൊളിച്ചവന് പിശാചിന്റെ കോട്ട പൊളിക്കാൻ സാധിക്കില്ലേ? കർത്താവായ യേശുക്രിസ്തു പിശാചിന്റെ കോട്ട പൊളിക്കും. യേശു ക്രിസ്തു നാം താമസിക്കുന്ന സ്ഥലത്തുള്ള അന്ധകാരത്തിന്റെ കോട്ട തകർത്തുതരും.

നിങ്ങളുടെ ദേശത്തിനു സൗഖ്യം വേണമോ? യേശുക്രി സ്തുവിന്റെ രക്തം തളിക്കുക. യേശുക്രിസ്തുവിന്റെ രക്തം തളിച്ചാൽ ദേശത്തിനു സൗഖ്യം വരും. നിങ്ങളുടെ ജീവിത ത്തിൽ ക്രിസ്തുവിൻ രക്തത്താലുള്ള കഴുകൽ പ്രാപിക്കണം. ക്രിസ്തുവിനായി ജീവിതം സമർപ്പിക്കണം.

“ശുദ്ധിയ്ക്കായ് നീ യേശു സമീപെ പോയോ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ
തന്നിൽ വച്ചോ ശുദ്ധിയായോ നീ?

കുളിച്ചോ കുഞ്ഞാട്ടിൻ ആത്മശുദ്ധി നൽകും രക്തത്തിൽ?
ഹിമം പോൽ നിഷ്കളങ്കമോ നിൻ അങ്കി
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?”

ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം തളിക്കുകയല്ലാതെ ഈ ദുരാത്മബാധകൾ മാറാൻ വേറെ പോംവഴിയില്ല. സർവ്വ ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. ഈ ലോകം, ഈ ഭൂമി, സകലവും പിശാചിന്റെ കൈയിലാണ്. അന്ന് സ്വർഗ്ഗീയ രാജാധിരാജൻ ദുരാത്മാക്കളുടെ തലവനെ അവിടെനിന്ന് തള്ളി പുറത്തിട്ടപ്പോൾ, ദേവപർവ്വതത്തിൽ നിന്ന് അവനെ തള്ളിക്കളഞ്ഞപ്പോൾ അവൻ വന്നു വീണത് ഈ ആയാറിലാണ്; ഈ അന്തരീക്ഷത്തിലാണ്. അവനും അവന്റെ ദുരാത്മാക്കളും ഈ അന്തരീക്ഷത്തിൽ വിഹരിച്ചു നട ക്കുകയാണ്, മനുഷ്യൻ അറിയുന്നില്ല.

ദുരാത്മാക്കളുടെ ഭീകരസഞ്ചയം ദേശത്തിന്മേൽ ചുറ്റി ക്കൊണ്ടിരിക്കുകയാണ്. അവരാണ് അത്യാഹിതം ഉണ്ടാക്കു

ന്നത്. അവരാണ് രോഗമുണ്ടാക്കുന്നത്. ആ ഭീകരദുരാത്മാക്കളാണ് വഴക്കുണ്ടാക്കുന്നത്. ആ ഭീകരദുരാത്മാക്കളാണ് അമ്മായിയമ്മപ്പോരുണ്ടാക്കുന്നത്; ഭാര്യയേയും ഭർത്താവിനേയും ഭിന്നിപ്പിക്കുന്നത്. ഇവരാണ് കൊലപാതകം ഉണ്ടാക്കുന്നത്; മോഷണവും കവർച്ചയും ഉണ്ടാക്കുന്നത്. ഇവയെല്ലാം ദുരാത്മാക്കളുടെ കൂട്ടത്തിന്റെ ഉദ്യമങ്ങളാണ്.

എന്നാൽ ഇതെല്ലാം മാറും. യേശുക്രിസ്തുവിന്റെ തിരുരക്തം തളിക്കണം. അതിന് ഞാൻ എന്തുചെയ്യണം? യേശുവിനെ എന്റെ കർത്താവും എന്റെ രക്ഷിതാവുമായി ഞാൻ സ്വീകരിക്കണം. മേലിൽ പാപം ചെയ്യുകയില്ല എന്ന് ഞാൻ തീരുമാനിക്കണം. മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല എന്ന് ഒരു തീരുമാനം എന്റെ ഹൃദയത്തിൽ ഉണ്ടാകണം. അതെന്റെ ആവശ്യമാണെന്നറിയണം. എനിക്ക് പാപം വരരുത് എന്നത് എന്റെ ആവശ്യമാണ്, വേറെ ആരുടേയും ആവശ്യമല്ല. അവരവർക്ക് ബോധ്യം വരണം.

ഞാൻ നാനാവിധമായി പോകരുത്. ഞാൻ പിശാചിനെ ക്ഷണിച്ചു വരുത്തരുത്. ഒരിക്കലും ഞാൻ പിശാചിനിടം കൊടുക്കരുത്. അത് എന്റെ ആവശ്യമാണ്. അല്ലെങ്കിൽ ഈ ദുരാത്മാക്കൾ എല്ലാം കൂടി മരണസമയത്തുവന്ന് വലിയ അലർച്ചയും അട്ടഹാസവുമായി സന്തോഷത്തോടെ എന്നെ കൂട്ടിക്കൊണ്ടു പോകും. ഞാൻ പേടിച്ചു വിറയ്ക്കും. എനിക്കു രക്ഷപ്പെടാൻ സാധ്യമല്ല. മാലാഖമാർക്ക് ഒന്നും ചെയ്യാൻ സാധിക്കാതെ അമ്പരപ്പോടെ നിൽക്കും. കാരണം, ദുരാത്മാക്കൾക്ക് അവകാശമുണ്ട്. ദുരാത്മാക്കൾ കൂട്ടിക്കൊണ്ടുപോകും.

ഒരാത്മാവ് ദൈവരാജ്യത്തിൽ എത്തുക എന്നു പറഞ്ഞാൽ നിസ്സാരമല്ല. ഒരാത്മാവ് നരകത്തിന്റെ ഭയാനകമായ കൂരിരുട്ടിൽനിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിന്റെ നിത്യപ്രകാശത്തിലേക്ക് വരിക എന്നുള്ളത് എത്രയോ വലിയ അത്ഭുതമാണ്! ആ അത്ഭുതം നടക്കാനാണ് കർത്താവ് ക്രൂശിൽ മരിച്ചത്.

അനേകർ ദുരാത്മാക്കളുടെ പിടിയിൽപ്പെട്ട് ഞെരിയുക

യാണ്. ദുരാത്മാക്കൾ അവരെ ഞെരിക്കുകയാണ്. അനേകരെ പിശാച് മർദ്ദിച്ചുകൊണ്ടിരിക്കുകയാണ്. അനേകരുടെ രക്തം ഊറ്റിക്കുടിച്ചുകൊണ്ടിരിക്കുകയാണ്. പിശാചുക്കൾ ഇന്ന് അനേകരെ പിടികൂടിയിരിക്കുകയാണ്.

സ്നേഹിതാ, നീ ഇതൊന്നും അറിയാതെ, ചിന്തയില്ലാതെ, മാനസാന്തരമില്ലാതെ നിനക്കു തോന്നിയ വഴിയിൽക്കൂടി ജീവിക്കുന്നു. ഹൃദയം തകരുന്നില്ല. നിന്റെ ജീവിതത്തിന്റെ ഭയാനകത്വം നീ അറിയുന്നില്ല. പിശാചുക്കൾ നിന്നെ തട്ടിക്കൊണ്ടു പോകുന്നതു നീ അറിയുന്നില്ല.

'To Hell and Back', 'നരകത്തിലേക്ക് പോയിട്ട് തിരികെ വന്നു' എന്ന പുസ്തകത്തിൽ വലിയൊരു കൂട്ടം ദുരാത്മാക്കൾ മനുഷ്യരെ ഞെരിച്ചുകൊണ്ടിരിക്കുന്നതായി Dr. Maurice Rawlings എന്ന ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നു.

നമുക്ക് രക്ഷപ്പെടണ്ടേ? നമുക്ക് ദൈവരാജ്യത്തിൽ പോകണ്ടേ? ഈ ദുരാത്മാക്കളുടെ പിടിയിൽനിന്നു രക്ഷപ്പെടണ്ടേ? നമ്മുടെ കുഞ്ഞുങ്ങളെ ഞെരിക്കുന്ന ദുരാത്മാക്കളിൽനിന്ന് മോചനം വേണ്ടേ? മക്കളെ പിശാച് നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മക്കൾ കഞ്ചാവിന്റെ പിറകെ പോകുന്നു. മക്കൾ മദ്യത്തിന്റെ പിറകെ പോകുന്നു. മക്കൾ ദൈവബോധം ഇല്ലാത്തവരായിത്തീരുന്നു. മക്കൾ മുടിഞ്ഞുകൊണ്ടിരിക്കുന്നു. മക്കൾക്ക് പ്രാർത്ഥനയില്ല; തിരുവചനധ്യാനമില്ല. അവർക്ക് ദൈവബോധമില്ല. എന്തുചെയ്യും?

മോനേ, നീ ഒരാൾ തീയായി നിൽക്കൂ. നീ ഒരാൾ അഗ്നിഗോളമായി നിൽക്കൂ. നിന്റെ ജീവിതം ക്രിസ്തുവിനു കൊടുക്കൂ.

കർത്താവേ, ഇത്രയുംകാലം ഞാൻ നിന്നെ അറിഞ്ഞില്ല. ഇത്രയും കാലം ഞാൻ പാഴാക്കിക്കളഞ്ഞു. വചനം കേട്ടെങ്കിലും ഞാൻ വചനം വിശ്വസിച്ചില്ല. ഇത്രയും കാലം ഞാൻ ചിന്തയില്ലാത്തവനായി ജീവിച്ചുപോയി. കർത്താവേ, എന്നോടു ക്ഷമിക്കണമേ. ഇനി മുതൽ എനിക്കുവേണ്ടി കാൽവറി ക്രൂ

ശിൽ പിടഞ്ഞുമരിച്ച നാഥനെ ഓർത്തുകൊണ്ട്, എനിക്കു വേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയ നാഥനെ ഓർത്തുകൊണ്ട് ഞാൻ ജീവിക്കും.

എന്നെ വീണ്ടെടുത്ത എന്റെ യേശുവിനെ ഓർത്തു കൊണ്ട് ആ രക്തത്തിൽ ആശ്രയിച്ചുകൊണ്ട് ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. കർത്താവേ, ദുരാത്മാക്കൾക്ക് ഇടം കൊടുത്തുപോയി. ദുരാത്മാക്കളെ ഞാൻ ക്ഷണിച്ചിരുത്തിപ്പോയി. ദൈവമേ, എന്നോടു ക്ഷമിക്കണമേ.

ആഭിചാരത്തിന്റെ ബന്ധനങ്ങൾ, മന്ത്രവാദത്തിന്റെ ബന്ധനങ്ങൾ, സ്ഥാനം നോട്ടത്തിന്റെ ബന്ധനങ്ങൾ, ഇങ്ങനെ തെറ്റുകൾ ഏറെ സംഭവിച്ചുപോയി. ഇരുളിനു ഞാൻ അധികാരം കൊടുത്തുപോയി.

ഇപ്പോൾതന്നെ എന്റെ ജീവിതം ഞാൻ കർത്താവിനു തരുന്നു. എന്നെ കഴുകണമേ. വിശുദ്ധീകരിക്കണമേ. നിത്യതയ്ക്കുവേണ്ടി ഒരുക്കണമേ.

## പതിനൊന്ന്

1. വ്യക്തിക്കു രക്ഷ
2. വീടിനു രക്ഷ
3. കുടുംബത്തിനു രക്ഷ
4. ദേശത്തിനു രക്ഷ

ദേശത്തിനു രക്ഷവേണമെങ്കിൽ തങ്ങളുടെ പാപങ്ങളെ ജനം തിരിച്ചറിയണം. അവരുടെ പാപം വിട്ട് ജനം മനം തിരിയണം. പാപം വിട്ട് ദൈവത്തിങ്കലേക്ക് തിരിയണം. പാപത്തെയോർത്ത് അനുതപിക്കണം. തകർന്ന ഹൃദയത്തോടും നിലവിളിയോടും കൂടി ദൈവത്തിങ്കലേക്ക് തിരിയണം. അപ്പോൾ ദേശത്തിനു രക്ഷ വരും.

ആ ദേശത്തിലെ ജനങ്ങളുടെ പാപം ക്ഷമിക്കുമ്പോൾ ആ ദേശത്തിനു സൗഖ്യം ലഭിക്കും.

> *"ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്."* *സെഖര്യാവ് 3 : 9*

ഒറ്റദിവസംകൊണ്ട് ദേശത്തിനു രക്ഷവരും. ദേശത്തിന്മേൽ നിന്ന് ശാപം മാറും. ദേശത്തിന്മേൽ ശാപമുണ്ട്. ചില പ്രദേശങ്ങളിൽ കൂരിരുട്ടുണ്ട്. ചില സ്ഥലങ്ങളിൽ പൈശാചികന്റെ ആവാസമുണ്ട്. ആ സ്ഥലങ്ങൾ സാത്താന്റെ അധീനതയിൽ ആണ്. അതിനു പല കാരണങ്ങൾ കാണാം. ആ സ്ഥലത്ത് വല്ല അതിക്രമങ്ങളും നടന്നിട്ടുണ്ടാകാം. ദേശത്തു നടന്ന കൊലപാതകങ്ങൾ മൂലമാകാം. ആ ദേശത്തുവച്ച്

സ്ത്രീകളെ ബലാത്സംഗം ചെയ്തു നശിപ്പിച്ചതുമൂലമാകാം.

ക്രൂരകൃത്യങ്ങൾ മൂലമാകാം. ഘോരപാതകങ്ങൾ മൂലമാകാം. കൊള്ളകളും കവർച്ചകളും മൂലമാകാം. പാവപ്പെട്ട ജനങ്ങളെ പീഡിപ്പിച്ചതുമൂലമാകാം. ആഭിചാരദോഷങ്ങൾ മൂലമാകാം. എന്തെങ്കിലും കാരണങ്ങൾ കാണും. എന്നാൽ ദേശത്തിനു സൗഖ്യം ലഭിക്കും, ഒരു ദൈവദാസൻ ആ ദേശത്തിനുവേണ്ടി ഇടനില നിൽക്കണം. ദേശത്തിനുവേണ്ടി മദ്ധ്യസ്ഥം വഹിക്കണം. എങ്കിൽ മാത്രമേ ദേശത്തിനു സൗഖ്യം ലഭിക്കുകയുള്ളൂ.

സെഖര്യാപ്രവചനം 3-ാം അദ്ധ്യായത്തിൽ ദേശത്തിനുവേണ്ടി ഇടിവിൽ നിൽക്കേണ്ട ആൾ യോശുവ എന്ന മഹാപുരോഹിതനാണ് എന്ന് കാണുന്നു. ആ നാട്ടിൽ ആത്മീയ നേതൃത്വം കൊടുക്കുന്ന ബിഷപ്പായിരുന്നു യോശുവ. 3-ാം അദ്ധ്യായത്തിൽ യോശുവയ്ക്ക് ദൈവികമായ ചില ശാസനകളും ശിക്ഷണങ്ങളും കൊടുക്കേണ്ടിവന്നു. ദൈവം യോശുവയെ ശാസിച്ചു. ദൈവം യോശുവയ്ക്ക് ശിക്ഷണം കൊടുത്തു.

യോശുവയുടെ കാര്യത്തിൽ പിശാച് അവകാശം പറഞ്ഞുനിന്നു. ദേശത്തിൽ ദൈവം നിർത്തിയിരിക്കുന്ന ദൈവപുരുഷന്റെമേൽ പിശാചിനവകാശം വന്നാൽ ആ ദേശത്തിനു നാശം വരും. ഭവനങ്ങൾക്കും അങ്ങനെ തന്നെയാണ്. വീട്ടിൽ ഗൃഹനാഥനുണ്ട്. അല്ലെങ്കിൽ ദൈവപക്ഷത്തു നിൽക്കുന്ന ദൈവദാസനുണ്ട്. ദൈവപക്ഷത്തു സമർപ്പിച്ച ദൈവദാസിയുണ്ട്.

ആ വീട്ടിൽ ദൈവസന്നിധിയിൽ സമർപ്പണം എടുത്ത ആൾ ഏതെങ്കിലും കാര്യത്തിൽ പിശാചിന് ഇടം കൊടുത്തുപോയാൽ ആ ഭവനത്തിന്മേൽനിന്ന് ദൈവത്തിന്റെ കൃപ മാറിപ്പോകും. വീട്ടിൽ ദൈവത്തിന്റെ സംരക്ഷണം മാറിപ്പോകും. വീടിനു ദൈവം കൊടുത്തിരിക്കുന്ന വേലിക്കെട്ടു പൊളിഞ്ഞുപോകും. ദൈവം ഓരോ ഭവനത്തിനും വേലികെട്ടിയിട്ടുണ്ട്.

ഓരോ വ്യക്തിക്കും വേലി കെട്ടിയിട്ടുണ്ട് – സംരക്ഷണത്തിന്റെ വേലി.

ദൈവികമായ സംരക്ഷണത്തിന്റെ മതിൽ തകർന്നുപോകാതെ നോക്കേണ്ടത് ആ ഭവനത്തിന്റെ ഗൃഹനായകനാണ്. ആ വീടിന്റെ ചുമതലയുള്ള ആളാണ്. ഒരു പക്ഷേ ഗൃഹനായകൻ ആ ചുമതല എടുത്തില്ലെങ്കിൽ ഗൃഹനായിക ആ ചുമതല എടുക്കണം. അതും ഇല്ലെങ്കിൽ മക്കൾ ആ കാര്യം ഏറ്റെടുക്കണം.

നിങ്ങൾ നിങ്ങളുടെ വീടിന്റെ സംരക്ഷണത്തിനുവേണ്ടി വിശ്വസ്തതയോടെ നിന്നിട്ടുണ്ടോ? വീട്ടിലുള്ളവരെ തിരുരക്തത്താൽ മതിൽ കെട്ടുന്നതിനുവേണ്ടി ദൈവസന്നിധിയിൽ നിങ്ങൾ ഇടിവിൽ നിന്നിട്ടുണ്ടോ? നിങ്ങളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ അവർക്കുവേണ്ടി നിങ്ങൾ മദ്ധ്യസ്ഥത നിന്നിട്ടുണ്ടോ? അവർക്ക് ദൈവത്തിന്റെ സംരക്ഷണം കിട്ടത്തക്കവണ്ണം നിങ്ങൾ ഒരാൾ ഇടിവിൽ നിന്നിട്ടുണ്ടോ? "യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ" എന്ന് തിരുവചനം പറയുന്നു. സങ്കീർത്തനം 50 : 5

> *"ദൈവം, യഹോവയായ ദൈവം അരുളിച്ചെയ്തു, സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ ഭൂമിയെ വിളിക്കുന്നു. സൗന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽനിന്നു ദൈവം പ്രകാശിക്കുന്നു. നമ്മുടെ ദൈവം വരുന്നു; മൗനമായിരിക്കുകയില്ല; അവന്റെ മുമ്പിൽ തീ ദഹിപ്പിക്കുന്നു; അവന്റെ ചുറ്റും വലിയോരു കൊടുങ്കാറ്റടിക്കുന്നു. തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിന്ന് അവൻ മേലിൽനിന്ന് ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു. യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."*
>
> *സങ്കീർത്തനങ്ങൾ 50 : 1 – 5*

ദൈവസന്നിധിയിലേക്ക് പ്രാഗത്ഭ്യത്തോടെ കടന്നു ചെല്ലാൻ എല്ലാവർക്കും സാദ്ധ്യമല്ല. യാഗംകഴിച്ച് നിയമം ചെയ്തവർക്കേ കടന്നുചെല്ലാൻ പറ്റൂ. ദൈവത്തിനു തങ്ങളെ ത്തന്നെ അർപ്പണം ചെയ്ത് ഞാൻ എന്ന വ്യക്തി ദഹിച്ചു തീർന്ന്, ഞാൻ എന്ന വ്യക്തി അസ്തമിച്ച്, അവസാനിച്ച്, യാഗ മായി അർപ്പിക്കപ്പെട്ട്, എന്റെ സ്വയവും ജഡവും ലോക സ്നേഹവും അർപ്പിക്കപ്പെട്ട്, എന്റെ ജഡികമായ താത്പര്യ ങ്ങൾ അർപ്പിക്കപ്പെട്ട് എല്ലാം ദൈവഹിതത്തിനു വിധേയമാക്കി ക്കൊടുത്ത്, എനിക്ക് യേശുവിനെ പ്രസാദിപ്പിക്കണം എന്ന ഏക ലക്ഷ്യമേ ഉള്ളൂ എന്ന് ഉറപ്പുവരുത്തി, അങ്ങനെ നിൽക്കുന്ന അഭിഷിക്തന്മാരെ ആണ് ദൈവം വിളിച്ചു കൂട്ടുന്നത്.

യാഗംകഴിച്ച് ദൈവത്തോട് പ്രതിജ്ഞ ചെയ്യുന്നു: “മരണ ത്തോളം ദൈവമേ ഞാൻ നിന്റെ വക. മൂക്കിലെ ശ്വാസം അറ്റു പോകുവോളം ഞാൻ നിന്റെ വക,” എന്ന് ദൈവത്തോട് നിയമം ചെയ്യണം.

നിങ്ങളുടെ മക്കൾ വഴിതെറ്റിപ്പോകുന്നു എങ്കിൽ മക്കളെ യല്ല പറയേണ്ടത് നിങ്ങളെയാണ്. അവർ അന്യജാതിയിൽപ്പെട്ട ആളുകളിലേക്ക് പ്രേമബന്ധത്തിൽ പോകുന്നെങ്കിൽ മക്കളെയല്ല പറയേണ്ടത് മാതാപിതാക്കളെയാണ്.

ചൈനയിൽ ഒരു സംഭവം നടന്നു എന്ന് ഞാൻ വായിച്ചു. കോടതിയിൽ ഒരു കേസ് വന്നു. നാട്ടുകാർ കൂടി കേസ് കൊടു ത്തു. ആ നാട്ടിലെ ഒരു വീട്ടിൽ എന്നും വഴക്ക്. എന്നും ബഹളം, വലിയ ഒച്ചപ്പാട്, അടിപിടി, കലഹം. സ്വൈര്യമില്ല എന്നുപ റഞ്ഞ് നാട്ടുകാർ കേസുകൊടുത്തു. വീട്ടിലെ മക്കളാണ് കുഴപ്പ ക്കാർ. ജഡ്ജി കുറ്റവാളികളായ മക്കളെ വെറുതെ വിട്ടു. അപ്പ നേയും അമ്മയേയും തടവിലാക്കി. അപ്പനും അമ്മയും മക്കളെ നല്ലരീതിയിൽ വളർത്തിയില്ല. അതുകൊണ്ട് ജഡ്ജി അപ്പനേയും അമ്മയേയും തടവുശിക്ഷക്കു വിധിച്ചു.

നാം നമ്മുടെ വീടിന്റെ കാവൽക്കാരാണ്. നാം നമ്മുടെ

വീടിനെക്കുറിച്ച് ഉത്തരവാദിത്വമുള്ളവരാണ്. നമ്മുടെ വീട്ടിൽ ആരെങ്കിലും നശിച്ചുപോകുന്നെങ്കിൽ നാമാണ് ഉത്തരവാദികൾ.

നാം ദൈവസന്നിധിയിൽ നിയമം ചെയ്ത് പ്രതിജ്ഞയെടുത്തു നിൽക്കേണ്ടവരാണ്. നാം അതുപോലെ നിന്നില്ലെങ്കിൽ ദൈവം നമ്മോടു ചോദിക്കും.

ദേശത്ത് ദൈവം നിയമിച്ചിരിക്കുന്ന ദൈവത്തിന്റെ വ്രതസ്ഥൻ അന്ന് യോശുവ എന്ന ബിഷപ്പ് ആയിരുന്നു. ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിൽക്കേണ്ട ബിഷപ്പ്. അദ്ദേഹത്തിന്റെ പേരിൽ കുറ്റം വന്നു. വലിയ അനർത്ഥമായിപ്പോയി. യോശുവ ദൈവവേലയ്ക്കായി സമ്പൂർണ്ണമായി സമർപ്പിച്ച ആളാണ്. മനസ്സറിഞ്ഞ് അരുതാത്ത വഴിക്കൊന്നും പോകുന്ന ആളല്ല. പാപവഴികളിലേക്ക് പോയില്ല.

ബിഷപ്പായ യോശുവയും അന്നത്തെ ഗവർണ്ണറായ സെരുബ്ബാബേലും, അവർ രണ്ടുപേരുമാണ് ദൈവത്തിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ചവർ. അവർ രണ്ടുപേരും സമർപ്പിച്ചപ്പോൾ അന്നത്തെ പുരോഹിതന്മാരിൽ ഒരാളായ എസ്രാ ശാസ്ത്രിയും ഭക്ഷ്യമന്ത്രിയായിരുന്ന നെഹമ്യാവും അവർക്കു പിന്തുണ കൊടുത്തുകൊണ്ട് രംഗത്തുവന്നു. എല്ലാവരുടേയും ലക്ഷ്യം ദൈവവേല.

എന്നാൽ, ഇന്ന് അധികാരസ്ഥാനത്തിരിക്കുന്നവർ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി ചുമൽ കൊടുക്കുന്നില്ല എന്നു മാത്രമല്ല ദൈവവേലയെ തടുക്കുന്നു. ദൈവവേലയിലേയ്ക്ക് പോകുന്നവരെ തടുക്കുന്നു. അവരെ ശിക്ഷിക്കുന്നു.

നാട് മുടിയുന്നു. കുഞ്ഞാടുകളെ തീറ്റകൊടുത്തു വളർത്തുന്നില്ല. കുഞ്ഞാടുകളെ പിടിച്ചു കൊന്നുതിന്നുന്നു. കുഞ്ഞാടിനെ പിടിച്ചുകൊന്ന് അതിഥിയെ സൽക്കരിക്കുന്നു.

പണ്ടൊരിക്കൽ 40 വയസ്സുള്ള ഒരു മുടന്തനു മുടന്തുമാറി. ഇതുവരെ നടന്നിട്ടില്ലാത്ത. ഒരു പാവം ഭിക്ഷക്കാരൻ!

പത്രോസും യോഹന്നാനും നടന്നു പോയപ്പോൾ വല്ലതും കിട്ടും എന്നുകരുതി അവൻ കൈനീട്ടി. പത്രോസ് പറഞ്ഞു: “ഞങ്ങളെ നോക്കൂ, വെള്ളിയും പൊന്നും ഞങ്ങൾക്കില്ല. ഞങ്ങൾക്കുള്ളത് നിനക്കു തരുന്നു. കർത്താവായ യേശു വിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക” എന്നു പറഞ്ഞു. അവൻ ചാടി എഴുന്നേറ്റു. അവൻ നടന്നും തുള്ളിയുംകൊണ്ട് അവ രുടെ കൂടെ ദൈവാലയത്തിലേക്ക് പോയി.

അവൻ ദൈവാലയത്തിൽ ചെന്നപ്പോൾ ആളുകൾക്ക് സംഭ്രമം. ആളുകൾ പറഞ്ഞ് കാര്യം മഹാപുരോഹിതന്മാരുടെ ചെവിയിലെത്തി. പെട്ടെന്ന് ഒരു സിന്നഡ് കൂടി. മഹാപുരോഹിത വംശത്തിലുള്ളവർ ഒക്കെയും വന്നു. സിന്നഡിന്റെ പ്രധാന വിഷയം, ‘ഇതെങ്ങനെ സംഭവിച്ചു?’ ഇവരെ വെറുതെ വിട്ടാൽ പറ്റില്ല. മുടന്തനായിരുന്നവനെ വിളിച്ചു. അവനെ ചോദ്യം ചെയ്തു. നിന്റെ പേരെന്ത്? വീട് ഏത്? മാതാപിതാക്കൾ ആരെ ല്ലാം? നീ മുടന്തൻ ആയിരുന്നോ? നീ ഇപ്പോൾ എങ്ങനെയാണ് നടക്കുന്നത്?

അവൻ പറഞ്ഞു: “യേശുവിന്റെ നാമത്തിൽ പത്രോസും യോഹന്നാനും എന്നോട് എഴുന്നേറ്റു നടക്കാൻ പറഞ്ഞു. ഞാൻ എഴുന്നേറ്റു നടന്നു.” “യേശുവിന്റെ നാമമോ? യേശു ദൈവാലയത്തിന് എതിരല്ലേ? അതുകൊണ്ടല്ലേ ഞങ്ങൾ അവനെ ക്രൂശിച്ചത്?”

“അതൊന്നും എനിക്കറിയാൻ വയ്യാ. ഞാൻ നടക്കുന്നു. യേശുവിന്റെ നാമത്തിൽ പത്രോസ് എന്റെ വലങ്കൈക്കു പിടി ച്ചു. ഞാൻ ചാടി എഴുന്നേറ്റു നടന്നു.” അവർ പത്രോസിനേയും യോഹന്നാനേയും വരുത്തി ചോദ്യം ചെയ്തു.

ഇന്നു വാസ്തവത്തിൽ ദൈവമക്കൾ ചെയ്യേണ്ട വേല ജനത്തിനുവേണ്ടി ഇടിവിൽ നിൽക്കുകയാണ്. നടക്കാൻ വയ്യാ ത്തവർ, സാധുക്കൾ, കർത്താവിന്റെ കൂടെ നടന്നിട്ടില്ലാത്തവർ, അഗതികൾ, വിശന്നുപൊരിയുന്ന ജനം! ആ പാവപ്പെട്ട ജന

ത്തിനുവേണ്ടി ഇടിവിൽ നില്ക്കേണ്ട മഹാപുരോഹിതന്മാർ ഉണ്ടാകേണ്ട കാലമാണിത്. കാലം അതിന്റെ അവസാനഘട്ട ത്തിലേക്ക് വന്നിരിക്കുന്നു. ഈ കാലം ദൈവത്തിന്റെ വേല ശുഷ്ക്കാന്തിയോടെ ചെയ്യേണ്ട കാലമാണ്. ആരിൽനിന്നും പിന്തുണ കിട്ടും എന്നു വിചാരിക്കണ്ട.

ഒന്നാം നൂറ്റാണ്ടുമുതൽ സഭയുടെ ചരിത്രത്തിൽ ആര് ദൈവത്തിന്റെ വേലക്ക് പിൻബലം തന്നിട്ടുണ്ട്? എന്നും കഠിന മായ പീഡയാണ് ജനം ഏറ്റുകൊണ്ടിരുന്നത്. പത്രോസ്ശ്ലീഹായെ തലകീഴായി ക്രൂശിച്ചു. സുവിശേഷകനായ മർക്കോസിനെ കുതിരവണ്ടിയുടെ പിറകിൽ കെട്ടിയിട്ട് കുതിരവണ്ടി ശീഘ്ര ത്തിൽ ഓടിച്ചു. കുതിരവണ്ടി മർക്കോസിനെ ഇഴച്ചുകൊണ്ട് ഓടി.

മത്തായിശ്ലീഹായെ തോലിനകത്ത് പൊതിഞ്ഞിട്ട് തോല് വെയിലത്തിട്ടു. വെയിലുകൊണ്ട് തോല് ചുരുങ്ങിച്ചുരുങ്ങി വന്നപ്പോൾ അസ്ഥിയെല്ലാം പൊട്ടുന്ന ശബ്ദം കേൾക്കാം. അങ്ങനെ തോലിനകത്തുകിടന്ന് ഞെരിഞ്ഞു ഞെരിഞ്ഞു മരി ച്ചു. ഒന്നാം നൂറ്റാണ്ടു മുതൽ ശ്ലീഹന്മാർ വേദനയോടെ കർത്താ വിനുവേണ്ടി ത്യാഗം സഹിച്ചു. സ്വാഭാവികമരണം വരിച്ചത് യോഹന്നാൻ ശ്ലീഹ മാത്രമായിരുന്നു.

അതും അത്ഭുതം! തിളയ്ക്കുന്ന എണ്ണയിലേയ്ക്കിട്ട പ്പോൾ ഒരു കേടും വരുന്നില്ല! ഇനി ഈ മനുഷ്യനെ എങ്ങനെ കൊല്ലും? പിന്നീടാണ് പത്മോസിലേക്ക് നാടുകടത്തിയത്. അപ്പോൾ ശ്ലീഹായ്ക്ക് ദിവ്യദർശനങ്ങൾ കിട്ടി, വെളിപ്പാടു പുസ്തകം!

ഒന്നാമത്തെ പാത്രിയർക്കീസ് പത്രോസ് ശ്ലീഹാ. രണ്ടാ മത്തെ പാത്രിയർക്കീസ് ആയ ഇഗ്നാത്തിയോസ് നൂറോനോ. ഇഗ്നാത്തിയോസ് നൂറോനോയെ സിംഹങ്ങൾക്ക് കൊടുത്തു; കടിച്ചുകീറി. കാലങ്ങൾ മുന്നോട്ടു പോയി. ഹിറ്റ്ലറുടെ കാലത്ത് ഡീട്രിച്ച് ബോൺഹോഫർ എന്നുപറയുന്ന ഒരു

പുരോഹിതനെ അവർ പിടികൂടി കൊല്ലാൻ കൊണ്ടുപോകുകയാണ്. ബോൺഹോഫറിന് ഒരു പ്രയാസവുമില്ല, ഒരു ദുഃഖവുമില്ല. എന്താണ് അങ്ങേയ്ക്ക് ദുഃഖമില്ലാത്തത് എന്നു പടയാളികൾ ചോദിച്ചു. "നിങ്ങൾ നോക്കുമ്പോൾ ഇത് അന്ത്യം. എനിക്കോ ഇത് മഹത്തായ ഒരു ആരംഭം." ഡീട്രിച്ച് ബോൺഹോഫർ സന്തോഷത്തോടെ മരണത്തിനു വിധേയനായി.

ഇങ്ങനെ പീഡകൾ സഹിച്ച്, ഞെരിഞ്ഞ് കത്തിയമർന്ന ചിതയിൽ നിന്നെഴുന്നേറ്റ ഒരു കൂട്ടം ജനമാണ് ഇന്ന് അവിടവിടെയുള്ള വിശ്വാസികൾ. യേശുക്രിസ്തുവിനുവേണ്ടി നിങ്ങൾ എന്തെങ്കിലും ത്യാഗം സഹിച്ചുവോ? യേശുക്രിസ്തുവിനുവേണ്ടി നിങ്ങൾ നിന്ദ ഏറ്റുവോ? യേശുക്രിസ്തുവിന്റെ നാമത്തിൽ എന്തെങ്കിലും പരിഹാസം ഏറ്റുവോ?

കടന്നുചെല്ലുമ്പോൾ പ്രതിഫലമുണ്ട്. ഇവിടെയുള്ളത് അല്പകാലം. അതുകഴിയുമ്പോൾ നിത്യനിത്യയുഗം യേശുവിനോടുകൂടെ വാഴാം. ഇന്ന് സഹിക്കുന്നു എങ്കിൽ കൂടെ വാഴാം.

ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിൽക്കേണ്ട ദൈവപുരുഷന് ക്ഷീണം പറ്റിപ്പോയി. മഹാപുരോഹിതനായ യോശുവയ്ക്ക് ക്ഷീണം പറ്റി. യോശുവായുടെ വസ്ത്രം മുഷിഞ്ഞുപോയി. എന്നും വസ്ത്രം അലക്കേണ്ടതായിരുന്നു.

നിങ്ങളുടെ വീട്ടിൽ ഒരു അതിഥി വന്നു. അതിഥിക്ക് നല്ല പ്ലേറ്റിൽ വിശിഷ്ടമായ ആഹാരം കൊടുത്തു. പിറ്റെ ദിവസവും നല്ല ആഹാരം, പ്ലേറ്റും അതുതന്നെ. തലേദിവസത്തെ പ്ലേറ്റ് കഴുകിയില്ല, അതിൽത്തന്നെ പിറ്റേദിവസവും വിളമ്പി. മൂന്നാമത്തെ ദിവസവും പാത്രം കഴുകിയില്ല, നല്ല ആഹാരം വിളമ്പി. ദുർഗന്ധം; കഴിച്ചെന്നുവരുത്തി അതിഥി എഴുന്നേറ്റുപോയി. നാലാമത്തെ ദിവസവും പാത്രം കഴുകിയില്ല, നല്ല ആഹാരം വിളമ്പി. പക്ഷേ, കഴിക്കാൻ സാധിച്ചില്ല.

അനേകം സുവിശേഷകന്മാർ പാത്രം കഴുകാതെയാണ്

വിളമ്പുന്നത്. വിളമ്പിക്കൊടുത്തതിനുശേഷം എന്നും പാത്രം കഴുകിക്കൊള്ളണം. കർത്തൃസന്നിധിയിലിരുന്ന് കർത്താവേ, ഇന്നു ഞാൻ നിനക്കുവേണ്ടി സംസാരിച്ചപ്പോൾ വല്ലതെറ്റും പറ്റിയോ? എനിക്കു വല്ല മുൻവിധിയും വന്നോ? ആരെയെങ്കിലും മുറിപ്പെടുത്തുന്ന രീതിയിൽ ഞാൻ വല്ലതും സംസാരിച്ചോ? കർത്താവേ, എന്റെ നാവിൽക്കൂടി നീ ആഗ്രഹിക്കാത്ത ഏതെങ്കിലും വാക്കുകൾ വന്നോ? എന്റെ മനോഭാവത്തിൽ എന്തെങ്കിലും തെറ്റുപറ്റിയോ? കർത്താവേ, തിരുരക്തത്താൽ കഴുകണമേ. പാത്രം കഴുകിത്തരണമേ എന്ന് എപ്പോഴും പ്രാർത്ഥിച്ചുകൊള്ളണം.

യോശുവയുടെ വസ്ത്രം മുഷിഞ്ഞുപോയി. മഹാപുരോഹിതനായ യോശുവയ്ക്കു കേടുപറ്റി. ദേശത്തിന്മേൽ നാശം വന്നു. നിങ്ങളുടെ വസ്ത്രം അലക്കി കിട്ടേണമോ?

> *"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിക്കുവാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ." വെളിപ്പാട് 16 : 15*

ഉടുപ്പ് അലക്കണം. ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും നിൽക്കണം.

> *"മൂപ്പന്മാരിൽ ഒരുത്തൻ എന്നോട്: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആർ? എവിടെ നിന്നു വന്നു എന്നു ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞതിന്ന് അവൻ എന്നോടു പറഞ്ഞത്: ഇവർ മഹാ കഷ്ടത്തിൽനിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കിവെളുപ്പിച്ചിരിക്കുന്നു." വെളിപ്പാട് 7 : 13, 14*

കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചു. രക്തം ചുവപ്പാണ്. എന്നാൽ അങ്കി അലക്കി വെളുപ്പിച്ചു. കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കിക്കൊണ്ടു പോകു

വാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ജീവിതവസ്ത്രത്തിൽ പറ്റിയ കറകൾ കഴുകിക്കിട്ടുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?

ജീവിതത്തിൽ തെറ്റുകൾ പറ്റിയിട്ടില്ലേ? നിങ്ങൾക്കുവന്ന കേടുകൾ, നിങ്ങൾക്കു വന്ന ലജ്ജാകരമായ ചില കാര്യങ്ങൾ, ജീവിതത്തിൽ വന്ന മോഷണങ്ങൾ, ചില ഹീനമായ ബന്ധങ്ങൾ, ഹീനമായ വേഴ്ചകൾ, മദ്യപാനത്തിൽ രസിച്ച സന്ദർഭങ്ങൾ, പുകവലിച്ച് കൂത്താടിയ സമയങ്ങൾ, ദ്വയാർത്ഥം വച്ചു പറഞ്ഞ വാക്കുകൾ, കണ്ണുമായി നിയമം ചെയ്തിട്ട് നിയമം തെറ്റിച്ചവർ, അവയവങ്ങളുമായി നിയമം ചെയ്തിട്ട് നിയമം തെറ്റിച്ചവർ, ഭാര്യയെ മർദ്ദിച്ചത്, ഭാര്യയെ തെറ്റിദ്ധരിച്ചത്, അവളെ സംശയിച്ചത്, എല്ലാം ഓർത്ത് അനുതപിക്കൂ.

വസ്ത്രം കഴുകേണ്ടിയിരിക്കുന്നു. ജീവിതവസ്ത്രം അലക്കേണ്ടിയിരിക്കുന്നു. എല്ലാം അരികത്തു നിൽക്കുന്ന യേശുവിനോടു പറയുക. എന്റെ കർത്താവേ, ജീവിതവസ്ത്രം അലക്കിത്തരണമേ.

“യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.” “നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു.”

ബാധകൾ മാറ്റണമേ. അവിടുത്തെ വേലക്കാരായി മാറ്റണമേ.

## പന്ത്രണ്ട്

*"ഞാൻ യോശുവയുടെ മുമ്പിൽ വച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ഒരേ കല്ലിന്മേൽ എഴു കണ്ണും ഉണ്ട്; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്." സെഖര്യാവ് 3 : 9*

ഒറ്റ ദിവസംകൊണ്ട് ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്. ചില ദേശങ്ങളിൽ ശാപമുണ്ട്. ചില സ്ഥലങ്ങളിൽ ശാപമുണ്ട്. ചില പ്രദേശങ്ങൾ മുഴുവൻ ഇരുളടഞ്ഞതാണ്. വചനം കടന്നു ചെന്നാൽ മാത്രമേ അവിടെ പ്രകാശം വരൂ. വചനം കടന്നു ചെല്ലാത്ത സ്ഥലങ്ങളുണ്ട്.

പള്ളിഭക്തി കാണും. മതഭക്തി കാണും. പല ആചാരങ്ങളുണ്ട്. പല അനുഷ്ഠാനങ്ങളുണ്ട്. വെളിച്ചം കടന്നു വരുമ്പോൾ അന്ധവിശ്വാസങ്ങളും അബദ്ധാചാരങ്ങളും പോകും. സത്യവെളിച്ചം കടന്നുവരണം. ജീവന്റെ വെളിച്ചം! യേശുക്രിസ്തു ഒരു പ്രദേശത്തു വരണം.

ആത്മാവിന്റെ സ്തുതി ഒരു വീട്ടിൽ ഇറങ്ങിയാൽ വെളിച്ചം വരും. പരിശുദ്ധാത്മാവ് വന്നാൽ എല്ലാ അന്ധകാരവും മാറും. ക്രിസ്തു വന്നാൽ അന്ധകാരം മാറും. അവിടെയുള്ളവർ ആന്തരികമായി ക്രിസ്തുവിനെ കൈക്കൊള്ളുമ്പോൾ, ക്രിസ്തുവിനെ കൈക്കൊള്ളുന്നവർ ക്രിസ്തുവിനെ വഹിച്ചുകൊണ്ടു നിൽക്കുമ്പോൾ ആ വീട്ടിലെ അന്ധകാരം

മാറും.

യോശുവ ഒരു മഹാപുരോഹിതനാണ്. സെരുബ്ബാബേൽ ഗവർണ്ണറാണ്. ഗവർണ്ണറായ സെരുബ്ബാബേലും മഹാപുരോഹിതനായ യോശുവയും ഒരുമിച്ചാണ് ദൈവവേല ചെയ്യുന്നത്. ഇവിടെ യോശുവയ്ക്ക് വലിയ ഒരു കേടുപറ്റി. യോശുവയുടെ വസ്ത്രം മുഷിഞ്ഞുപോയി. കറ പറ്റിയില്ല, ചെളിപറ്റിയില്ല, വസ്ത്രം മുഷിഞ്ഞുപോയി.

നമ്മുടെ പലരുടേയും ജീവിതത്തിൽ ചെറിയ പൊടി പറ്റും. പുറമെ അഴുക്കായിട്ട് ഒന്നും കാണുകയില്ല. പുറമെ കറ ഇല്ല. എന്നാൽ ആകമാനം ഒരു മുഷിച്ചിൽ. ദൈവദാസന്റെ, ദൈവത്തിന്റെ വേലക്കാരന്റെ വസ്ത്രം മുഷിയരുത്.

യോശുവ, തിരക്കേറിയ ശുശ്രൂഷയുടെ മദ്ധ്യത്തിൽ വസ്ത്രം മുഷിഞ്ഞുപോയതിന് ഗൗരവം കൊടുത്തില്ല. വളരെ ബദ്ധപ്പെട്ടുള്ള ശുശ്രൂഷയായിരുന്നു. ബാബിലോണിയായിൽനിന്ന് യെരൂശലേമിലേക്കു പോകുന്ന ജനങ്ങൾ. അവരെ യെരൂശലേമിൽ എത്തിക്കാനുള്ള ബദ്ധപ്പാട്. അവിടെ എത്തിക്കഴിയുമ്പോൾ അവിടെ ആലയം പണിയാനുള്ള തിടുക്കം. അവിടെ ആരാധന പുനഃസ്ഥാപിക്കാനുള്ള ബദ്ധപ്പാട്. എല്ലാം ദൈവവേലയോടുള്ള ബന്ധത്തിലാണ്.

ദൈവവേലയ്ക്കുള്ള തിരക്കിൽ അല്പം സ്വാർത്ഥത വരുന്നത് അറിയാതെ പോകുന്നു. അല്പം അഹങ്കാരം വരുന്നതറിയാതെ പോകുന്നു. അല്പം ഒരു പ്രശംസ വരുന്നതറിയാതെ പോകുന്നു. ദൈവവേലയോടുള്ള കൂട്ടത്തിൽ തന്നെ അല്പം അശുദ്ധി കലരുന്നതറിയാതെ പോകുന്നു. അശുദ്ധമായ, വേണ്ടാത്ത കാര്യങ്ങളിലേക്ക് പോയില്ല. എന്നാൽ ചില അശുദ്ധമായ വികാരങ്ങൾ കൊള്ളിയാൻ പായുന്നതുപോലെ മനസ്സിൽക്കൂടി പോകുന്നു. ചില അഴുക്കായ ചിന്തകൾ പോകുന്നു. നാവിൽ അരുതാത്ത ചില വാക്കുകൾ വന്നുപോകുന്നു. വേണ്ട വേണ്ട എന്നു വിചാരിച്ചാലും അങ്ങനെയുള്ള വാക്കു

കൾ പൊന്തിവരുന്നു. ഇതെല്ലാം വസ്ത്രം മുഷിയുന്ന അനുഭവമാണ്.

വസ്ത്രം മുഷിഞ്ഞുകാണരുത്. അതായത് നമ്മുടെ ജീവിതത്തിൽ അല്പം പോലും അശുദ്ധി പറ്റാൻ ദൈവം ആഗ്രഹിക്കുന്നില്ല. അല്പം പോലും മുഷിച്ചിൽ വരാൻ ദൈവം ആഗ്രഹിക്കുന്നില്ല. മുഷിച്ചിൽ വന്നാൽ പിന്നെ നാം ദൈവവേല ചെയ്യാൻ പാടില്ല. ദൈവവേലക്കാർ ഒരു ചെറിയ പാപം പോലും ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഒന്നിലും പ്രശംസ എടുക്കാൻ പാടില്ല. എന്തഭിമാനിക്കാൻ!

ഒരിക്കലും ഒരു മനുഷ്യന് ഒരാളെ രക്ഷിക്കാൻ സാധിക്കുകയില്ല. ഒരു കോഴി കൂകിയാൽ പത്രോസ് മാനസാന്തരപ്പെടും. ഒരു അത്തിമരത്തിൽ കയറിയാൽ സക്കായി മാനസാന്തരപ്പെടും. ഇതെല്ലാം മുഖാന്തരങ്ങളാണ്. വചനം പറയുന്നയാൾ ഒരു പൈപ്പുപോലെയാണ്. ടാങ്കിൽ വെള്ളമുള്ളതുകൊണ്ട് പൈപ്പിൽക്കൂടി വെള്ളം വരുന്നു. പൈപ്പിൽക്കൂടി വെള്ളം വന്നതുകൊണ്ട് പൈപ്പിനഭിമാനിക്കാൻ ഒന്നുമില്ല. ടാങ്കിൽ വെള്ളം ഉള്ളതുകൊണ്ടാണ് പൈപ്പിൽക്കൂടി വെള്ളം ഒഴുകുന്നത്.

ദൈവത്തിന്റെ വേല ചെയ്യുന്നവരാരും ഒന്നിലും പ്രശംസിക്കരുത്. നമ്മുടെ വസ്ത്രം മുഷിയാൻ ഇടവരരുത്. വസ്ത്രം മുഷിഞ്ഞാൽ നമ്മെ വേലയിൽനിന്ന് മാറ്റും. വസ്ത്രം മുഷിഞ്ഞാൽ വേലയിൽ നിർത്തുകയില്ല. ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. ദൈവം കരുണയുള്ളവനാകകൊണ്ട് വസ്ത്രം മുഷിഞ്ഞു എന്ന് ചൂണ്ടിക്കാണിച്ചുതരും. അപ്പോൾ വിനയപ്പെട്ടാൽ മതി. പരിശുദ്ധാത്മാവ് ഒരു കാര്യം വെളിപ്പെടുത്തിത്തന്നാൽ അവിടെ എതിർപ്പുവരരുത്. ചോദ്യം വരരുത്. എനിക്കു മനസ്സിലാകുന്നില്ല. എന്റെ ചെറിയ ബുദ്ധിയിൽ ഇതൊന്നും ഒതുങ്ങുന്നില്ല. പക്ഷേ, ദൈവത്തിന്റെ ആത്മാവ് തരുന്നോ അതു മുഴുവൻ സത്യം.

വിശ്വാസം ഒരു സ്വത്താണ്. ഒരിക്കലും സംശയിക്കാതെ വിശ്വസിക്കാൻ സാധിക്കുന്നുണ്ടോ? അതൊരു മഹാഭാഗ്യമാണ്. നിങ്ങൾ മറ്റൊന്നും ചിന്തിക്കണ്ട. കർത്താവേ, ഞാൻ പാപിയാണ്. എന്റെ വസ്ത്രം കറപുരണ്ടതാണ്. എന്റെ ജീവിത വസ്ത്രം ചെളിയുള്ളതാണ്. എന്റെ ജീവിതത്തിൽ മുഷിച്ചിൽ പറ്റിയിട്ടുണ്ട്.

എവിടെ വച്ചാണ് മുഷിച്ചിൽ പറ്റിയതെന്ന് എനിക്കറിയാൻ പാടില്ല. കറ പറ്റി എന്നെനിക്കു മനസ്സിലായി. കർത്താവേ, ഞാൻ വിചാരിച്ചാൽ ഇത് കഴുകാൻ സാധ്യമല്ല. ഈ ഭൂമിയിൽ ആർക്കും കഴുകാവുന്നതല്ല ഈ പാപത്തിന്റെ കറ. ഇത് കഴുകിക്കളയാൻ നിന്റെ പുണ്യനിണം മാത്രം. നിന്റെ തിരുരക്തം മാത്രം. ആ രക്തം കൊണ്ടല്ലാതെ എന്റെ ജീവിതവസ്ത്രം കഴുകി എടുക്കാൻ പറ്റുകയില്ല.

“ഇവർ മഹാ കഷ്ടത്തിൽനിന്നു വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു.” അങ്കി അലക്കി വെളുപ്പിക്കണം. ദിവസംപ്രതി കഴുകണം. വൈകുന്നേരം ഉറങ്ങാൻ പോകുന്നതിനുമുമ്പ് നിങ്ങൾ അങ്കി അലക്കണം. നിങ്ങൾ ശുദ്ധീകരണം പ്രാപിച്ചിരിക്കണം. കാരണം, രാത്രി ഉറങ്ങുമ്പോഴാണോ ആത്മാവു കടന്നു പോകുന്നത്? മരണം വരുന്നത് എപ്പോഴാണെന്ന് ആരറിയുന്നു? അതുകൊണ്ട് ഞാൻ ഉറങ്ങുന്നതിനുമുമ്പ് നിന്റെ രക്തത്താൽ എന്നെ കഴുകണമേ എന്നു പ്രാർത്ഥിച്ച് നമ്മെത്തന്നെ ഏല്പിക്കണം.

> *“അനന്തരം അവൻ എനിക്ക് മഹാപുരോഹിതനായ യോശുവ, യഹോവയുടെ ദൂതന്റെ മുമ്പിൽ നില്ക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തുവാൻ അവന്റെ വലത്തുഭാഗത്തു നില്ക്കുന്നതും കാണിച്ചുതന്നു.”* *സെഖര്യാവ് 3 : 1*

സാത്താൻ യോശുവയെ കുററം ചുമത്തിക്കൊണ്ടു നിൽക്കുന്നു. മഹാപുരോഹിതനായ യോശുവ ഒന്നും മിണ്ടാ

നാകാതെ പിടിക്കപ്പെട്ടവനായി നിൽക്കുന്നു.

യോശുവയ്ക്ക് - തേജസ്സേറിയ ശുശ്രൂഷ ചെയ്യുന്ന ഒരാൾക്ക് - ഒരഭിമാനം. ഇത്രയും ജനത്തെ വിടുവിക്കാൻ കർത്താവ് എന്നെയാണല്ലോ ഉപയോഗിച്ചത്. ജനത്തെ പ്രവാസദേശത്തുനിന്നു വിടുവിച്ചുകൊണ്ടു പോകുവാൻ, അങ്ങ് ബാബിലോണിയയിൽനിന്ന് വിടുവിച്ച് യെരൂശലേമിലേക്ക് കൊണ്ടുപോകുവാൻ എന്നെയാണല്ലോ നിയോഗിച്ചത്. യോശുവയ്ക്ക് ഒരഭിമാനമുണ്ട്.

ഒരു ദൈവപൈതൽ വിശുദ്ധിയോടെ നില്ക്കാൻ തീരുമാനിച്ചാൽ അവന്റെമേൽ പിശാച് ദൃഷ്ടിവയ്ക്കുമെന്ന് ദൈവത്തിനറിയാം. എന്തെങ്കിലും ഒരു പോയിന്റ് ഉണ്ടോ എന്നു പിശാച് നോക്കിക്കൊണ്ടിരിക്കും. അല്ലാത്തവരുടെ കാര്യം പിശാചിനു വിഷയമല്ല. കാരണം, അവർ പിശാചിന്റെ പോക്കറ്റിൽ തന്നെ ആണ്. പിശാചിന്റെ പോക്കറ്റിൽനിന്ന് രക്ഷപ്പെട്ട ഒരു ദൈവപൈതലിന്റെ കാര്യത്തിലേ പിശാചിന് ചിന്തയുള്ളൂ. നമ്മുടെ ജീവിതത്തിൽ ഒരു തെററുകണ്ടാൽ പിശാചവകാശം പറഞ്ഞുകൊണ്ട് ദൈവസന്നിധിയിലേക്ക് ഓടിച്ചെല്ലും.

നിങ്ങളുടെ ജീവിതത്തിൽ പിശാചിനവകാശമുള്ളത് എന്തെല്ലാമാണ്? ഇന്ന് നിങ്ങൾക്കിത് മനസ്സിലാകുന്നില്ലെങ്കിലും ഒരുനാൾ ആത്മാവ് ശരീരം വിട്ട് പറന്നുപോയിക്കഴിയുമ്പോൾ, അക്കരെ ദേശത്തുചെല്ലുമ്പോൾ മനസ്സിലാകും സാത്താൻ അവകാശം പറയുന്നത് എന്താണ് എന്ന്.

കർത്താവേ, എന്റെ ജീവിതത്തിൽ സാത്താൻ എന്തെല്ലാം കാര്യങ്ങളിലാണ് അവകാശം പറയുന്നത്? ഭർത്താവിനോടുള്ള എന്റെ പെരുമാറ്റം എങ്ങനെയാണ്? പിശാചവകാശം പറയുന്നുണ്ടോ? മക്കളോടുള്ള എന്റെ പെരുമാറ്റത്തിൽ പിശാച് അവകാശം പറയുന്നുണ്ടോ? എന്റെ ഭാര്യയോടുള്ള പെരുമാറ്റത്തിൽ പിശാചവകാശം പറയുന്നുണ്ടോ? എന്റെ മാതാപിതാക്കളെ മാനിക്കേണ്ട വിഷയത്തിൽ പിശാചവകാശം പറയു

ന്നുണ്ടോ?

എന്റെ രാവും പകലും പിശാചവകാശം പറയുന്നത് എന്തെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ കർത്താവേ, നീ എനിക്കതു കാണിച്ചു തരണം. കർത്താവേ, അതെല്ലാം എന്റെ ജീവിതവസ്ത്രത്തിലെ കറകളാണ്. ആ കറയെല്ലാം കഴുകാൻ നിന്റെ പുണ്യരക്തം നീ ചിന്തിയിട്ടുണ്ട്. നീ ഗോഗുൽത്തായിൽ ചിന്തിയ ആ രക്തം അതിനു മതിയായതാണ്. എന്റെമേൽ പിശാചവകാശം പറയുന്ന കറകളെല്ലാം മായിച്ചു തരുവാനാ ണല്ലോ നീ തിരുരക്തം ചിന്തിയത്? ഞാൻ അത് വിശ്വസിക്കു ന്നു. കർത്താവേ, ഞാൻ ഇന്നു നിന്നോട് യാചിക്കുകയാണ്. എന്റെ മേൽ പിശാചവകാശം പറയുന്നതെല്ലാം ഒന്നു മാറ്റിത്ത രണമേ.

എന്റെ സ്വഭാവത്തിൽ, എന്റെ പെരുമാറ്റത്തിൽ, എന്റെ മനോഭാവത്തിൽ, എന്റെ ഹൃദയത്തിലെ വികാരങ്ങളിൽ എവി ടെയെല്ലാം പിശാചവകാശം പറയുന്നുണ്ട്. കർത്താവേ, അതെല്ലാം നിന്റെ തിരുരക്തത്താൽ ഒന്നു പൊതിഞ്ഞുതരണ മേ.

ജനത്തെ നടത്തുന്നവനാണ് യോശുവ. ജനത്തെ നയി ക്കാനുള്ളവനാണ് യോശുവ. അടിമത്വത്തിൽ ആണ്ടുപോയ ജനത്തെ ബാബേൽ പ്രവാസത്തിൽനിന്നു തിരികെ കൊണ്ടു വന്ന് അവർക്ക് ദൈവാലയം പണിയാൻ പ്രോത്സാഹനം കൊടുത്തവനാണ് യോശുവ. തകർന്നുപോയ ജനത്തിന് ആരാധന പുന:സ്ഥാപിച്ചുകൊടുക്കുവാൻ അദ്ധ്വാനിച്ചവ നാണ് യോശുവ.

വലിയ വേലയാണ് യോശുവ ചെയ്തത്. ഇത്രയും വലിയ വേല ചെയ്ത യോശുവയുടെ ജീവിതത്തിൽ പിശാച് അവകാശം പറഞ്ഞു. യോശുവ വിഷണ്ണനായി നിൽക്കുകയാ ണ്. പിശാച് കുറ്റാരോപണം ചെയ്തപ്പോൾ യോശുവയ്ക്ക് മറുപടി ഒന്നുമില്ല. ഒരു ദൈവപൈതലിൽ കുറ്റം കണ്ടാൽ

പിശാചിന് ദൈവസന്നിധിയിൽ ചെല്ലാം. യോശുവയിൽ കുറ്റം കണ്ടു. പിശാച് കുറ്റവുംകൊണ്ട് ദൈവസന്നിധിയിലേക്ക് ഓടി ച്ചെന്നു. യോശുവ വിഷമിച്ചുനിൽക്കുമ്പോൾ സെഖര്യാവ് അത് ദർശനത്തിൽ കാണുകയാണ്.

> *"അനന്തരം അവൻ എനിക്കു മഹാപുരോഹിത നായ യോശുവ, യഹോവയുടെ ദൂതന്റെ മുമ്പിൽ നിൽക്കുന്നതും സാത്താൻ അവനെ കുറ്റം ചുമ ത്തുവാൻ അവന്റെ വലത്തുഭാഗത്തു നിൽക്കു ന്നതും കാണിച്ചു തന്നു. യഹോവ സാത്താനോട്: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യരൂ ശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പി ച്ചു. എന്നാൽ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ച് ദൂതന്റെ മുമ്പിൽ നില്ക്കയായിരുന്നു."*
>
> *സെഖര്യാവ് 3 : 1 – 3*

ദൈവത്തിന്റെ മഹാപുരോഹിതൻ! ദൈവത്തിന്റെ വേല ക്കാരൻ! ജനത്തിനുവേണ്ടി മദ്ധ്യസ്ഥത വഹിക്കേണ്ട യോശു വ! അവന്റെ വസ്ത്രം മുഷിയാൻ പാടില്ല. വസ്ത്രം മുഷിഞ്ഞു നിന്നാൽ അത് ഗൗരവതരമായ കുറ്റമാണ്.

യോശുവ ഒന്നും പറയാൻ സാധിക്കാതെ നിൽക്കുന്നു. കർത്താവ് യോശുവയുടെ മുഖം കണ്ടു. കർത്താവിനു വാത്സല്യം തോന്നി. തന്റെ പ്രിയ ഭൃത്യൻ, തന്റെ വിശ്വാസി യായ ദൈവദാസൻ മനസ്സു വിഷമിച്ചു നിൽക്കുന്നത് ദൈവ ത്തിനു സഹിക്കാൻ വയ്യ. സ്വർഗ്ഗത്തിലെ ദൈവം അതു കണ്ട പ്പോൾ പറഞ്ഞു: "സാത്താനേ, യഹോവ നിന്നെ ഭർത്സിക്കു ന്നു." ദൈവത്തിന്റെ അധികാരം ഉപയോഗിച്ച് ശത്രുവിനെ ഭർത്സിച്ചു മാറ്റി. ശത്രുവിനെ ശാസിച്ചു മാറ്റി. ദൈവത്തിന് അധി കാരമുണ്ട്. ദൈവത്തിന് അത്ഭുതകരമായ അവകാശമുണ്ട്. അതുകൊണ്ട് ദൈവം ശത്രുവിനെ ശാസിച്ചു.

നിങ്ങൾക്ക് ഒന്നും പറയാനില്ലാതെ നിങ്ങളുടെ പാപത്തെ ഓർത്ത് ഉള്ള് നൊന്ത് നിങ്ങൾ ദൈവസന്നിധിയിൽ ഇരിക്കുമ്പോൾ കർത്താവ് വന്ന് ശത്രുവിനെ ഭർത്സിച്ചകറ്റും. നിങ്ങൾക്ക് ഒന്നും പറയാൻ ഉണ്ടാകില്ല. തെറ്റുപറ്റിപ്പോയി, എന്തുചെയ്യും? കോപിച്ചുപോയി. ഒരു ഇഷ്ടക്കുറവു വന്നുപോയി. എന്തുചെയ്യും? ദൈവസന്നിധിയിൽ ഒന്നും പറയാനില്ലാതെ വിനയപൂർവ്വം ചെന്നു നിന്നാൽ തീർച്ചയായും നിങ്ങൾക്കു വിശ്വസിക്കാം, ദൈവം ശത്രുവിനെ ഭർത്സിച്ചു മാറ്റും. കർത്താവിന്റെ കൃപ നിങ്ങളുടെമേൽ വരും. നിങ്ങൾക്ക് കർത്താവ് വിടുതൽ തരും.

നിങ്ങളുടെ ജീവിതത്തിൽ എന്തെല്ലാമാണ് പിശാച് അവകാശം പറയുന്ന കാര്യങ്ങൾ? ദിവസേന തന്നെത്തന്നെ ശോധന ചെയ്യണം. മനസ്സിലാകുന്ന കാര്യങ്ങളെല്ലാം ദൈവസന്നിധിയിൽ വച്ച് വിനയത്തോടെ മാറി നിൽക്കണം. കർത്താവേ, തിരുമുമ്പാകെ വരാൻ എനിക്കു യോഗ്യതയില്ല. നീ എന്നെ സ്നേഹിച്ചു. നീ എന്നെ കരുതി. നീ എന്നെ വാത്സല്ലിച്ചു. എന്റെ ജീവിതത്തിൽ തെറ്റുവന്നുപോയി. കർത്താവേ, ഞാൻ വിനയത്തോടെ വരുന്നു. നിങ്ങൾക്ക് നിങ്ങളുടെ അപ്പന്റെ അടുക്കൽ ചെല്ലുന്നതുപോലെ, അക്ഷരികമായി ഒരാളെ കണ്ടുകൊണ്ട് സംസാരിക്കുന്നതുപോലെ യേശുവിനോട് സംസാരിക്കാം.

അങ്ങനെ നേരിട്ട് കർത്താവിനോട് സംസാരിക്കുമ്പോഴാണ് നിങ്ങൾക്ക് വിടുതൽ ലഭിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിൽ ഒരു ആശ്വാസം കിട്ടും. നിങ്ങളുടെ ബന്ധനം അഴിഞ്ഞു എന്ന് നിങ്ങൾക്കുതന്നെ മനസ്സിലാകും.

പുതിയ ചിന്താഗതി വരും. പുതിയ കാഴ്ചപ്പാട് വരും. നമ്മുടെ കുടുംബങ്ങളെല്ലാം സ്വർഗ്ഗീയകുടുംബങ്ങൾ ആയിത്തീരണം. കുടുംബങ്ങളിൽ സ്വർഗ്ഗീയ സ്നേഹം ഉണ്ടാകണം. നമ്മുടെ കുടുംബങ്ങളിൽ സ്വർഗ്ഗീയശാന്തി ഉണ്ടാകണം. നമ്മുടെ കുടുംബങ്ങളിൽ ഐക്യം ഉണ്ടാകണം. ഒരു മനസ്സായിരിക്കണം. എന്തുണ്ടെങ്കിലും ഉള്ളുതുറന്നു പറയാൻ പറ്റണം.

അങ്ങനെ ഭവനം സ്വർഗ്ഗമായിത്തീരണം. ഭവനം സ്വർഗ്ഗമായിത്തീരുമ്പോൾ നിങ്ങളുടെ ഹൃദയം ദൈവസന്നിധിയിലേക്ക് പറക്കും. പ്രാർത്ഥനാസമയങ്ങൾ അനുഗൃഹീതമായിത്തീരും. നിങ്ങൾ വേദപുസ്തകം വായിക്കുന്ന സമയം അനുഗൃഹീതമായിത്തീരും. ജീവിതം ആകെ അനുഗൃഹീതമായിത്തീരും. സന്തോഷംനിറഞ്ഞ ജീവിതം!

കർത്താവിനോടു സമ്മതിക്കുക. കർത്താവേ, ഞാൻ പാപി. വസ്ത്രം മുഷിഞ്ഞിട്ടുണ്ട്. എന്റെ അഹങ്കാരം മൂലം എന്റെ വസ്ത്രം മുഷിഞ്ഞുപോയിട്ടുണ്ട്. എന്റെ സ്വന്തം മേന്മകളെക്കുറിച്ചുള്ള മതിപ്പുകൊണ്ട് എന്റെ വസ്ത്രം മുഷിഞ്ഞുപോയിട്ടുണ്ട്. എന്റെ സ്വന്തം കഴിവുകളെക്കുറിച്ചുള്ള അഭിമാനം കൊണ്ട് എന്റെ വസ്ത്രം മുഷിഞ്ഞു പോയിട്ടുണ്ട്. എന്റെ കുടുംബമഹിമയെക്കുറിച്ചുള്ള മതിപ്പുകൊണ്ട് എന്റെ വസ്ത്രം മുഷിഞ്ഞുപോയിട്ടുണ്ട്. ജീവിതവസ്ത്രം മുഷിഞ്ഞിരിക്കുന്നു. ഈർഷ്യയും മുഷിച്ചിലും ഇഷ്ടക്കുറവും മനസ്സിൽ കലുഷതയും അസംതൃപ്തിയുംകൊണ്ട് വസ്ത്രം മുഷിഞ്ഞുപോയി.

ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ അതൃപ്തി എല്ലാം മാറും. തന്നത്താനുള്ള അപകർഷതാബോധം നിങ്ങളിൽനിന്നു മാറും. ഇങ്ങനെ നിങ്ങൾ ദൈവത്തിന്റെ മക്കളായിത്തീരുമ്പോൾ ദൈവം നിങ്ങളിൽ പ്രസാദിക്കും.

കർത്താവു പറഞ്ഞു: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു.

> *"യഹോവ സാത്താനോട്: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യരൂശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു."* *സെഖര്യാവ് 3 : 2*

യരൂശലേമിനെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. എന്റെ ജനത്തിന്റെ ആരാധനാസ്ഥലമായി ഞാൻ കണ്ടിരിക്കുന്ന സ്ഥലമാണ് യരൂശലേം. അവിടെ ആരാധന നടക്കേണ്ടതാണ്.

അവിടെ ജനം വന്ന് ആരാധിക്കേണ്ടതാണ്. അവർ അവിടെ ആലയം പണിയേണ്ടതാണ്. ഇടിഞ്ഞുപോയ യാഗപീഠം പണിയേണ്ടതാണ്. ആരാധന പുന:സ്ഥാപിച്ചു കിട്ടേണ്ടതാണ്. ഞാൻ യെരൂശലേമിനെ തിരഞ്ഞെടുത്തിരിക്കുന്നു. യരൂശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു.

*"ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു."          സെഖര്യാവ് 3 : 2*

തീ എരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒട്ടേറെ വിറകുകൊള്ളികൾ ആ തീയിൽ കിടക്കുന്നുണ്ട്. കത്തിത്തുടങ്ങിയ ഒരു വിറകുകൊള്ളി പുറത്തേക്കെടുത്തിട്ടു. കത്തിത്തീർന്നേനെ. പക്ഷേ, തീയിൽനിന്നു വലിച്ചെടുത്തു.

നാം ഓരോരുത്തരും തീയിൽനിന്നു വലിച്ചെടുക്കപ്പെട്ടവരാണ്. നരകത്തീയിലേക്ക് പോകുമായിരുന്നു. എനിക്കു നല്ലതുപോലെ അറിയാം. പ്രകടമായ പാപം ഒന്നും ചെയ്തില്ലെങ്കിലും എന്റെ ഹൃദയം നിറയെ അശുദ്ധിയായിരുന്നു. എന്റെ ഹൃദയം നിറയെ അഴുക്കായിരുന്നു. ഹൃദയം നിറയെ വൈരാഗ്യമായിരുന്നു. ഹൃദയം നിറയെ പരിഭവമായിരുന്നു. അപകർഷതാബോധത്താൽ എന്റെ തല കുമ്പിട്ടുപോയിരുന്നു. നരകത്തീയിൽ ഞാൻ എരിഞ്ഞെരിഞ്ഞു തീരുകയായിരുന്നു.

നരകത്തിന്റെ തീയിൽ ഞാൻ വെന്തു തുടങ്ങിയിരുന്നു. ഒരിക്കലും സമാധാനമുണ്ടായിരുന്നില്ല. നിരാശ മുറ്റിയ ജീവിതം. തകർന്നുപോയ ജീവിതം. നിരാശയുടെ തീയിൽനിന്ന്, അസൂയയുടെ തീയിൽനിന്ന്, വൈരാഗ്യത്തിന്റെ തീയിൽനിന്ന്, കോപത്തിന്റെ തീയിൽനിന്ന്, അശുദ്ധിയുടെ തീയിൽനിന്ന് കർത്താവായ ദൈവം എന്നെ വലിച്ചെടുത്തു. "ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ!"

ഞാൻ തീയിൽ അല്ലായിരുന്നു എന്നു പറയാൻ പറ്റുന്ന ആരെങ്കിലുമുണ്ടോ? ഇന്നും തീ തിന്നുന്നവരില്ലേ? സ്വസ്ഥതയില്ലാതെ മനസ്സു വിഷമിച്ചിരിക്കുന്നവരില്ലേ? ഒരു മുന്നേറ്റവുമി

ല്ലാതെ ഉള്ളുപതറി ഇരിക്കുന്നവർ; പരിഭ്രാന്തരായിട്ടിരിക്കുന്നവർ; നിങ്ങളുടെ ആ നരകത്തീ മാറ്റാൻ യേശുക്രിസ്തുവിനുമാത്രം കഴിയും. എനിക്കു കഴിയുകയില്ല. ഞാൻ നിങ്ങളെപ്പോലെ ആവശ്യക്കാരനായ ഒരു മനുഷ്യൻ.

യേശുക്രിസ്തുവിനു കഴിയും. അതെനിക്കു വിശ്വാസമുണ്ട്. അവൻ എന്നെ തീയിൽനിന്ന് വലിച്ചെടുത്തു. എന്റെ നിരാശ മാറ്റി. എന്റെ ജീവിതത്തിൽ സമാധാനം തന്നു, സന്തോഷം തന്നു, എന്റെ കുനിഞ്ഞ ശിരസ്സ് അവൻ ഉയർത്തിത്തന്നു. ഇന്നു ഞാൻ തിരിഞ്ഞു നോക്കുമ്പോൾ അത്ഭുതങ്ങൾ! അത്ഭുതങ്ങൾ!

ഒരു കാരണവശാലും മാനസാന്തരത്തിലേക്ക് വരേണ്ട ആളല്ല ഞാൻ. കാരണം, ഞാൻ നീതിമാനായിരുന്നു, പരീശനായിരുന്നു. ദൈവസന്നിധിയിൽ ഞാൻ ചെല്ലും എന്ന് ധരിച്ചിരുന്നു. കാരണം, പ്രകടമായ പാപങ്ങൾ ഒന്നുമില്ല. നമസ്ക്കാരവും പ്രാർത്ഥനയും നോമ്പും എല്ലാം ഉണ്ട്.

ഇന്ന് നിങ്ങളിൽ ചിലരെങ്കിലും സ്വയംതൃപ്തിയിൽ കഴിയുന്നവരുണ്ട്. നിങ്ങൾക്കുള്ള സ്വയതൃപ്തി അപകടമാണ്. അത് ഭോഷ്ക്കാണ്. ഇന്നത്തെ സ്ഥിതിയിൽ നിങ്ങൾ നിങ്ങളെത്തന്നെ ഒന്നു കാണണം. ശരിക്കും കണ്ടാൽ നിങ്ങൾ തല നിവർത്തുകയില്ല. ഹൃദയം എപ്പോഴും താണിരിക്കും. അയ്യോ! ഞാൻ എത്രയോ അരിഷ്ടനായ മനുഷ്യൻ! എത്രയോ മ്ലേച്ഛനായ മനുഷ്യൻ! നിങ്ങൾക്ക് ദൈവസന്നിധിയിൽ എളിമപ്പെടാനേ ഉണ്ടാവുകയുള്ളൂ.

കർത്താവേ, നിന്റെ വചനം പറയാൻ ഞാൻ യോഗ്യനല്ലല്ലോ. നിന്റെ നാമം ഉച്ഛരിപ്പാൻ എനിക്കു യോഗ്യതയില്ലല്ലോ. യേശുവേ, അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനായ ദൈവത്തെ ദൈവമേ, എന്നുവിളിക്കാൻ എനിക്കർഹതയില്ലല്ലോ. അപ്പാ, എന്നു വിളിക്കാൻ, സ്വർഗ്ഗസ്ഥനായ പിതാവേ, എന്നു വിളിക്കാൻ എനിക്കു യോഗ്യതയില്ലല്ലോ. നിങ്ങൾ

തിരിച്ചറിയും, ഞാൻ ആരാണെന്നറിയുമ്പോൾ. അതാണ് ആത്മീയമായ എളിമ. പുറമെ കാണിക്കുന്നതല്ല.

ആന്തരികമായ ഒരു എളിമ, ആന്തരികമായ ഒരു സുബോധം നമുക്ക് കിട്ടും. അപ്പോൾ അഹങ്കാരമെല്ലാം പോകും. ദുരഭിമാനങ്ങളെല്ലാം പോകും.

ഇന്ന് നിങ്ങൾക്ക് കർത്താവിനോടു പറയാം. യേശുവേ, എനിക്കഭിമാനിക്കാൻ ഒന്നുമില്ല. ഞാൻ മുഷിഞ്ഞ വസ്ത്രം ധരിച്ചു നിൽക്കുന്നു. എന്നാൽ നീ പിശാചിനെ ഭർത്സിച്ചു മാറ്റി എനിക്കു മോചനം തന്നു. നീ കൊടുത്ത വില വലുതാണ്. യേശുവേ, നീ കൊടുത്ത വില നിന്റെ സ്വന്തം രക്തമാണ്. നിന്റെ ചങ്കിലെ ചോര ഊറ്റിയാണ് നീ എന്നെ വീണ്ടെടുത്തത്. തിരുരക്തം കൊടുത്താണ് നീ എന്നെ വാങ്ങിയത്. എന്റെ കടങ്ങളെല്ലാം നീ ഏറ്റെടുത്തു. നിന്റെ സ്വത്തെല്ലാം നീ എനിക്കു തന്നു.

സ്വർഗ്ഗത്തിലെ നിത്യനായ ക്രിസ്തുവിന്റെ സ്വത്ത് നിങ്ങൾക്ക് തന്നിട്ട് നിങ്ങളുടെ കടങ്ങളെല്ലാം കർത്താവേറ്റെടുത്തു. നിങ്ങളുടെ പാപവും ശാപവും ഏറ്റെടുത്തു. നിങ്ങളുടെ ജീവിതത്തിലെ ബന്ധനങ്ങൾ കർത്താവേറ്റെടുത്തു. നിങ്ങളുടെ ജീവിതത്തിലെ എല്ലാ കേടുകളും കെടുതികളും കർത്താവേറ്റെടുത്തു. നിങ്ങൾക്ക് മോചനം തരുവാൻ കർത്താവ് പീഡയേറ്റു. കുരിശിൽകിടന്ന് പിടയുന്ന സ്നേഹം!

കുരിശിലെ സ്നേഹം! ഗോഗുൽത്തായിലെ സ്നേഹം! യേശുക്രിസ്തുവിന്റെ സ്നേഹം! നിത്യോജ്ജ്വല സ്നേഹം! ഈ സ്നേഹം കണ്ടാൽ നിങ്ങൾ താഴും. നിങ്ങൾ കർത്താവിനോടപേക്ഷിക്കും: കർത്താവേ, ഞാൻ പാപിയായൊരു മനുഷ്യൻ. ഒന്നും പറയാൻ വകയില്ലാത്ത ഹീനപാപി.

അപ്പോഴാണ് ദൈവം പറയുന്നത്: ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ? സാത്താനോട്: “സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു.”

നിങ്ങൾ മഹാപാപിയാണ് എന്നു കർത്താവിനോട് ഏറ്റു പറയുക. നന്മയുടെ ഒരംശം പോലും എന്നിലില്ല. കർത്താവേ, ഞാൻ പാപിയായൊരു മനുഷ്യൻ. നാഥാ, നീ ശത്രുവിനെ ഭർത്സിച്ചു മാറ്റണമേ. എനിക്കു മോചനം തരണമേ. ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. ഇനിമേൽ ശത്രുവിന് എന്റെമേൽ അവകാശം ഉണ്ടാവുകയില്ല.

യേശുവിന്റെ തിരുരക്തം നിങ്ങളുടെമേൽ തളിക്കട്ടെ. ആ തിരുരക്തത്താൽ നിങ്ങളെ പൊതിയട്ടെ. ലംഘനം ക്ഷമിച്ചുതരട്ടെ. പാപം മറച്ചുതരട്ടെ. കഴിഞ്ഞകാല പാപമെല്ലാം കഴുകി മാറ്റി ഒരു പുതിയ ജീവിതം നിങ്ങൾക്കു നൽകട്ടെ.

നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനും മഹാപരിശുദ്ധനുമായ ദൈവമേ, അവിടുത്തെ പരിശുദ്ധമായ സാന്നിദ്ധ്യം ഞങ്ങൾക്കു തന്നതിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്കു വേണ്ടി ക്രൂശിൽ രക്തം ചൊരിഞ്ഞ രക്ഷകാ, അവിടുത്തെ രക്തത്താൽ ഞങ്ങളെ കഴുകിയതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വേദനിക്കുന്നവരുടെ വേദനയെ അകറ്റണമേ. ദുശ്ശീലങ്ങളിൽ മുഴുകിക്കഴിയുന്നവർക്ക് ദുശ്ശീലം മാറ്റിക്കൊടുക്കണമേ. എല്ലാവരേയും രക്ഷിക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേട്ട് ഉത്തരമരുളണമേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. Caleb - A brave hero of faith

# Prof. M.Y. യോഹന്നാൻ

സുവിശേഷസന്ദേശം നൽകുന്നു

എല്ലാ ദിവസവും, രാത്രി 8 : 30
പവർവിഷൻ TV

വെള്ളി രാത്രി 9 : 30
ആത്മീയയാത്ര TV

ശനി രാവിലെ 6 : 30
സൂര്യ TV

ഞായർ രാവിലെ 6 : 30
ജീവൻ TV

തിങ്കൾ രാവിലെ 6 : 30
ജയ്ഹിന്ദ് TV

ചൊവ്വ രാവിലെ 6 : 30
ജയ്ഹിന്ദ് TV

ചൊവ്വ ഉച്ചയ്ക്ക് 2 : 00
ആത്മീയയാത്ര TV

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും
www.crfgospel.org


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള | |
| രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.00pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.00pm - 9.00pm |